മാനേജ്മെന്റ് ക്രിസ്ത്യാനികളുടെ വളർച്ചയും തളർച്ചയും ?

ഡോ. ക്ലാസിഡ് പൊടിപാറ C.M.I.

RKS
ORE
2
COLLEGE

J62/P75

Bro George Karingalichira C.M

മാത്തോമ്മാക്രിസ്ത്യാനികളുടെ വളർച്ചയും തളർച്ചയും?



DHARMARAM COLLEGE LIBRARY
Ac. No 7096
Call No. J62/P15

മാത്തോമ്മാക്രിസ്ത്യാനികളുടെ വളർച്ചയും തളർച്ചയും?

ഡോ. പ്ലാസിഡ് ജെ. പൊടിപാറ
സി. എം. ഐ.

വിവർത്തകൻ
പ്രൊഫസ്സർ കെ. വി. ജോസഫ്

MARTHOMMACHRISTIANIKALUDE
VALARCHAYUM THALARCHAYUM
(Malayalam)

Author: Dr. Placid J. Podipara C. M. I.

Translated by: Prof. K. V. Joseph

Copyright: Reserved

Printed at: The Ashram Press, Manganam

Published: By the author

ഉള്ളടക്കം

ആമുഖം

അദ്ധ്യായം 1: ഉയർച്ച—ഒററപ്പെട്ട ഒരു ഘടകമല്ല—9

ഒന്നാം ഭാഗം. പ്രാഥമിക വിവരങ്ങൾ—11

ഇന്ത്യയിൽ ഏററവും പ്രാചീനം—11. മാർത്തോമ്മാക്രിസ്ത്യാനികൾ—11. 'തോമ്മാസഭ'കളിൽ ഒന്ന്—12. വാണിജ്യ സാംസ്കാരിക ബന്ധങ്ങൾ—12. അറമായ/സുറിയാനി (കൽദായി)—13. കൽദായ ആരാധനക്രമം—15, സുമേറിയൻ കൽദായ ദ്രാവിഡ ബന്ധം—17.

രണ്ടാം ഭാഗം. ഭരണസംവിധാനം സുവിശേഷ പദവി—20

സഹോദരസഭകളുടെ നേതൃത്വം—20. മെത്രാസനങ്ങളുടെ ക്രമീകരണം—21. പേർഷ്യൻ സാമ്രാജ്യത്തിൽ—22. ഭാരതസഭ പേർഷ്യൻ സഭാനേതൃത്വം സ്വീകരിക്കുന്നു—23. കേരളസഭയുടെ സവിശേഷ പദവി—24. കുറിപ്പ്. കൽദായ സഭ—27.

മൂന്നാം ഭാഗം. ഏററവും ഉന്നതമായ സ്ഥിതിയിൽ എത്തുന്നു—28

ഇന്ത്യ മുഴുവനേറയും കവാടം—28. കേരളത്തിലേക്ക് കേന്ദ്രീകരിച്ചു—29. ഭരണവും ക്രിസ്തീയ ജീവിതവും—32. കുറിപ്പ്—സാമൂഹ്യ രാഷ്ട്രീയ പദവി—39.

അദ്ധ്യായം 2: ബാഹ്യകാരണങ്ങൾ മൂലമുള്ള അധ:പതനം—43

പോർട്ടുഗീസ് പദ്രുവാദോ ജയിക്കുന്നു—43. പദ്രുവാദോയുടെ കീഴിൽ എതിർപ്പ്?—48. പ്രൊപ്പഗാന്താ പ്രവേശിക്കുന്നു—കർമ്മലീത്തർ—51. നസ്രാണികൾ പ്രൊപ്പഗാന്തയ്ക്ക് കീഴിൽ—പദ്രുവാദോ—ശീശു—52. പ്രൊപ്പഗാന്താ—കർമ്മലീത്തേതരും കർമ്മലീത്തരും—53. പദ്രുവാദോ മുമ്പോട്ടുവരുന്നു—54. പ്രൊപ്പഗാന്താ കാർമ്മലൈറ്റ്—മാർ സൈമൺ പദ്രുവാദോ—മാർ ഗബ്രിയേൽ—55. പദ്രുവാദോ കർമ്മലീത്തക്ക് കീഴിലെ ദുരിതങ്ങൾ—56. തോമ്മാക്രിസ്ത്യാനികൾ പദ്രുവാദോയുടെ കീഴിൽ—58. പദ്രുവാദോയും പ്രൊപ്പഗാന്തായും—പ്രൊപ്പഗാന്താ തനിയെ—സി. എം. ഐക്കാർ— റോക്കോസ്—61. പദ്രുവാദോയും പ്രൊപ്പഗാന്തായും—63. മേലൂസ്—നെസ്തോറിയന്മാർ—63. അപേക്ഷകളും സന്ദർശകരും—64. ഒടുവിലത്തെ പ്രൊപ്പഗാന്താ കർമ്മലീത്തർ—സഭയുടെ സ്ഥിതി—65. പ്രൊപ്പഗാന്താ തനിയെ—രണ്ടു കർമ്മലീത്തേതരർ—67. പ്രൊപ്പഗാന്താ തനിയെ—അവരുടെ സ്വന്തം—69. വൈദിക പരിശീലനം—69. ഉപസംഹാരം-70. കുറിപ്പ്: അകത്തോലിക്കരായ തോമ്മാക്രിസ്ത്യാനികൾ—73.

അദ്ധ്യായം 3: ഉയർച്ച—യഥാർത്ഥമോ?—75

ഉയർച്ച-75. യഥാർത്ഥമായ ഉന്നതിയാണോ?-77. ലത്തീൻ മനോഭാവം—78. വൈദിക പരിശീലനം—79. ആരാധനാക്രമം—83. നോയ്മ്പും ഉപവാസവും—88. ഇരുറീത്തു സമ്പ്രദായം-90. ലത്തീൻ റീത്തിലേക്കു നിഷ്ക്രമണം-91. കൂടിയേറക്കാർ—95. റീത്തുപ്രശ്നം പൊതുസംരംഭങ്ങളിൽ—99. സാമൂഹ്യവും മതപരവുമായ ആചാരങ്ങൾ-100. മിഷൻരൂപതാ ആരാധനാക്രമം-100. ഉയർച്ച—മങ്ങിയ പ്രതീക്ഷയോ?-101.

മുഖവുര

മാർത്തോമ്മാക്രിസ്ത്യാനികളുടെ ഭാരതീയസഭ കേരളത്തിലേക്കു കേന്ദ്രീകരിക്കുന്ന പ്രവണതയോടുകൂടിയതായിരുന്നു. വിശ്വാസത്തിലും ആചാരക്രമങ്ങളിലും അതു് ഒന്നായിരുന്നതാണും. പതിനാറാം ശതകത്തിനു മുമ്പായി അതു് അതിന്റെ അത്യുച്ചാവസ്ഥയിലെത്തി. പിന്നീടു ബാഹ്യമായ ഇടപെടലുകളും കാരണം അതു അധഃപതിക്കാൻ തുടങ്ങി. തത്ഫലമായി അതു നിരവധി സഭകളായി വിഭജിക്കപ്പെട്ടു. വിവിധ റീത്തുകളിൽപ്പെട്ട കത്തോലിക്കരും അകത്തോലിക്കരും ഈ സഭകളിലുണ്ടു്. ഇവയിൽ കൽദായ മലബാർ (അഥവാ സീറോ മലബാർ) റീത്തിൽപ്പെട്ട കത്തോലിക്കാ വിഭാഗമാണു മാർത്തോമ്മാക്രിസ്ത്യാനികളുടേതായ പ്രാചീന ഭാരതീയസഭയുടെ പരമ്പരാവകാശി. അതിനാൽ 16–ാം നൂറ്റാണ്ടിനുശേഷമുള്ള കാര്യങ്ങളും പ്രതിപാദിക്കുന്ന ഘട്ടത്തിൽ ഇപ്പുസ്തകത്തിൽ പ്രസ്തുത സഭയിലേക്കാണു ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളതു്. ഈ സഭയിൽ യഥാർത്ഥത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപജയത്തെക്കുറിച്ചുള്ള ഒരു വിവരണമാകുന്നു അവസാനത്തെ അദ്ധ്യായം. പ്രസ്തുത സഭയിൽ അവശേഷിച്ചിട്ടുള്ള അൽപ്പം പുളിച്ച മാവു മുഴുവൻ മാവിനെയും പുളിപ്പിക്കുകയില്ലെങ്കിൽ ആ സഭയുടെ ഒരു ഹാസ്യചിത്രമല്ലാതെ മറ്റൊന്നും അവശേഷിക്കുകയില്ല. ഒരു ഹാസ്യചിത്രത്തിനു മഹത്വപൂർണമായ ഒരു ഭൂതകാലത്തിന്റെ ഉത്തരാധികാരിയായിരിക്കാൻ ഒരവകാശവുമില്ല.

കേരളത്തിലെ ഈ അപ്പസ്തോലികസഭ അതിന്റെ പ്രാചീനപാരമ്പര്യത്തിനു് അനുയോജ്യമായ വിധത്തിലും ക്രിസ്തുമതത്തിന്റെ കൽദായമലബാർ പ്രകടനവിധത്തോടുകൂടിയും നവീകൃതമാവുകയാണെങ്കിൽ അതു കത്തോലിക്കാസഭയ്ക്കു ഒരു മുതൽക്കൂട്ടും ഇന്നത്തെ ഇന്ത്യയിൽ ക്രിസ്തുമതത്തിനു ഒരു നീതീകരണവും ആയിരിക്കും. ഹ്രസ്വമായ ഈ പ്രബന്ധം അങ്ങനെയൊരു നവീകരണത്തിനു ഏതെങ്കിലും വിധത്തിൽ സഹായകമാവുകയാണെങ്കിൽ ഈ ലേഖകനു സന്തോഷിക്കാൻ വകയുണ്ടു്. അത്തരമൊരു പുനരുജ്ജീവനം വിവിധ റീത്തുകളിൽപ്പെട്ട അകത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളുടെമേൽ സൃഷ്ടിക്കുന്ന പ്രതികരണം വളരെ വലുതായിരിക്കും. പൗരസ്ത്യറീത്തുകളിൽപ്പെട്ട മറ്റു് അകത്തോലിക്കാ ക്രൈസ്തവരുടെ കാര്യവും പറയേണ്ടതില്ല.

ഈ പുസ്തകത്തിൽ പരാമൃഷ്ടങ്ങളും ഉദ്ധൃതങ്ങളുമായിട്ടുള്ള അനേകം രേഖകളും റോമിലെ വിവിധ രേഖാശേഖരങ്ങളിൽനിന്നു എനിക്കുവേണ്ടി പകർത്തിയും ഫോട്ടോ എടുത്തും തന്നിട്ടുള്ള സുഹൃത്തുക്കളോട് ഈ ലേഖകനു വളരെ കടപ്പാടുണ്ട്. ഈ ഗ്രന്ഥം മലയാളത്തിലേയ്ക്കു ഭംഗിയായി വിവർത്തനം ചെയ്ത പ്രൊഫസ്സർ കെ. വി. ജോസഫിനു ഞാൻ പ്രത്യേകം നന്ദി പറയുന്നു. ഇതിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത സുഹൃത്തുക്കൾക്കും ഹൃദയം നിറഞ്ഞ കൃതജ്ഞത.

ഗ്രന്ഥകർത്താവ്

അധ്യായം ഒന്നു്

ഉയർച്ച—ഒറ്റപ്പെട്ട ഒരു ഘടകമല്ല

ഒന്നാം ഭാഗം

പ്രാഥമിക വിവരങ്ങൾ

1. ഇന്ത്യയിൽ ഏറ്റവും പ്രാചീനം

മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭയാണു് ഇന്ത്യയിൽ ഏറ്റവും പ്രാചീനമായ ഒക്രൈസ്തവ സഭ. ഒരു കാലത്തു അതു സിന്ധുനദി മുതൽ കന്യാകുമാരി വരെ വ്യാപിച്ചിരുന്നു.[1] അതിനു് ഇന്ത്യയ്ക്കു പുറത്തുപോലും അധികാരപരിധി ഉണ്ടായിരുന്നു.[2] വിശ്വാസത്തിലും രീത്തിലും അതു ഏകവുമായിരുന്നു. വി. തോമ്മാശ്ലീഹായിൽനിന്നാണു് അവർ ആ പേരു് (തോമ്മാക്രിസ്ത്യാനികൾ എന്നതു്) സ്വീകരിക്കുന്നതു്. പ്രാചീനകാലത്തു ഇന്ത്യയുടെ പല ഭാഗങ്ങളിലും തോമ്മാക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. എന്നാൽ കേരളത്തിലെ സഭ മാത്രമേ ആധുനികകാലംവരെ നിലനിന്നിട്ടുള്ളു. അതു് ഇന്നു് ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലേയ്ക്കും, ചിലപ്പോൾ ഇന്ത്യയ്ക്കു പുറത്തേക്കും വ്യാപിക്കുന്നുമുണ്ടു്.

2. മാർത്തോമ്മാക്രിസ്ത്യാനികൾ

മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ, പ്രത്യേകിച്ചും കേരള

---

1. Jesuit Archives, Rome, Goa 65, f. 45 (Statement of Roz, SJ, 17th. c.)
2. ഈ സഭയുടെ മെത്രാപ്പോലീത്താക്കു് സൊക്കോത്രായിലും വലിയ ചൈനയിലും സാമന്തന്മാർ ഉണ്ടായിരുന്നു.

ത്തിൽ സുവിശേഷപ്രഘോഷണം നടത്തിയെന്നും ഇന്ത്യയുടെ തെക്കുകിഴക്കൻ തീരത്തുവച്ചു രക്തസാക്ഷിത്വം വരിച്ചു എന്നുമാണു പാരമ്പര്യവിശ്വാസം. പ്രസ്തുത സ്ഥലം ഇന്നും മാർത്തോമ്മാശ്ലീഹായുടെ കബറിടമായി ആദരിക്കപ്പെടുന്നുണ്ട്. കേരളം മുമ്പെന്നപോലെ ഇന്നും മാർത്തോമ്മാക്രിസ്ത്യാനികളുടെ ശക്തികേന്ദ്രമാണു്. എന്നാൽ മാർത്തോമ്മാക്രിസ്ത്യാനികളും ഇന്നു പല സഭകളിലായി, പല റീത്തുകളിലായി വേർപെട്ടു നിൽക്കുന്നു.

3. 'തോമ്മാസഭ'കളിൽ ഒന്നു്

പൗരസ്ത്യദേശത്തെ നാലു വലിയ 'തോമ്മാ സഭ'കളിൽ ഒന്നു മാത്രമാണു് ഇന്ത്യയിലുണ്ടായിരുന്ന സഭ. എദേസ്സൻ, കാൽഡിയൻ, പേർഷ്യൻ എന്നിവയായിരുന്ന മറ്റു മൂന്നു സഭകളും. മെസപ്പൊട്ടേമിയാ അഥവാ 'ഇറാക്കി'ലുണ്ടായിരുന്നതാണു കാൽഡിയൻ. ഈ നാലു സഭകളും വി. തോമ്മാശ്ലീഹായെ അവരുടെ അപ്പസ്തോലനായി കരുതിയിരുന്നതുകൊണ്ടു് അവ 'തോമ്മാസഭകളും' എന്നു വിളിക്കപ്പെട്ടിരുന്നു.

തോമ്മാശ്ലീഹായുടെ സ്മാരകാവശിഷ്ടങ്ങളിൽ ഭൂരിപക്ഷവും ഇന്ത്യയിൽനിന്നു കൊണ്ടുപോയി സൂക്ഷിച്ചിരുന്നതു എദേസ്സൻ സഭയാണു്. തങ്ങളുടെ സഭ സ്വന്തം ശിഷ്യനായ 'അദ്ദായി' വഴി തോമ്മാശ്ലീഹാ സ്ഥാപിച്ചു എന്നു് അവർ വിശ്വസിച്ചിരുന്നു. അദ്ദായിയുടെ ശിഷ്യനായ 'മാറി' പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന സെലൂഷ്യാസ്റ്റെസിഫോണിൽ സുവിശേഷം പ്രസംഗിച്ചതായി വിശ്വസിക്കപ്പെടുന്നു. ഒമ്പതാം നൂറ്റാണ്ടിനു മുമ്പു കൽദായസഭയുടെ തലസ്ഥാനവും സെലൂഷ്യാ സ്റ്റെസിഫോൺ ആയിരുന്നു. തങ്ങളുടെ പ്രഥമ അപ്പസ്തോലൻ മാർതോമ്മാ ആണെന്നു പേർഷ്യൻ സഭ അവകാശപ്പെട്ടിരുന്നു. ഇന്ത്യയിലെ സഭ അതിലെ, പ്രത്യേകിച്ചും കേരളത്തിലെ, തോമ്മാക്രിസ്ത്യാനികളോടും മൈലാപ്പൂരിലുള്ള ശ്ലീഹായുടെ ശവകുടീരത്തോടുംകൂടി, അതിനു മാത്തോമ്മാശ്ലീഹായിൽ നിന്നു നേരിട്ടു സുവിശേഷവെളിച്ചം കിട്ടി എന്നു വിശ്വാസത്തിൽ എന്നും ഉറച്ചു നിന്നിരുന്നു.

4. വാണിജ്യസാംസ്കാരിക ബന്ധങ്ങൾ

മുകളിൽപ്പറഞ്ഞ നാലു സഭകളും തോമ്മാശ്ലീഹാവഴി പരസ്പരം ആദ്ധ്യാത്മികബന്ധം ഉള്ളവയായിരുന്നല്ലോ. വാണിജ്യപരവും തന്മൂലം സാംസ്കാരികവുമായ ബന്ധങ്ങളും അവയെ തമ്മിൽ അടുപ്പിച്ചു. എദേസ്സാ, മെസപ്പൊട്ടേമിയാ, പേർഷ്യാ

എന്നീ സമീപരാജ്യങ്ങളുടെ പരസ്പരബന്ധത്തെക്കുറിച്ചു ഇവിടെ വിസ്തരിക്കുന്നതു അനാവശ്യമായിരിക്കും. പ്രസ്തുത രാജ്യങ്ങളും ഇന്ത്യയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ഡോ. എച്ച്. സി. ഇ. സക്കറിയാസ് പറയുന്നു:

'മലബാറും കൽദായദേശവും തമ്മിലുള്ള വാണിജ്യബന്ധങ്ങൾ കുറഞ്ഞതു ബി. സി. എട്ടാം നൂറ്റാണ്ടുവരെ പിറകോട്ടുപോകുന്നു. കൽദായദേശത്തുള്ള ഊർ എന്ന സ്ഥലത്തെ നഗരാവശിഷ്ടങ്ങളിൽനിന്നു കിട്ടിയ തേക്കുതടികൊണ്ടുള്ള ഉരുപ്പടികൾ ഇക്കാര്യം വ്യക്തമാക്കുന്നു. ഈ സമ്പർക്കം നൂറ്റാണ്ടുകളിലൂടെ നിലനിന്നു. ഏ. ഡി. 90—നടുത്തു് എഴുതപ്പെട്ട 'പെരിപ്ലസ്' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടു്. 'യൂഫ്രട്ടീസ് നദീമുഖത്തു അപ്പോളോഗസ് എന്നൊരു തുറമുഖമുണ്ടായിരുന്നു. ബാറിഗാസാ (ബ്രോച്ചു്) എന്ന സ്ഥലത്തുനിന്നു ചന്ദനത്തടി, തേക്കു്, എബണി എന്നിവ അവിടേയ്ക്കു ഇറക്കുമതി ചെയ്യപ്പെട്ടിരുന്നു.' (Rawlinson-ന്റെ Intercourse between India and the Western World എന്ന പുസ്തകം കാണുക. Cambridge 1916, P. 133).[3]

5. അറമായ/സുറിയാനി (കൽദായ)

ഇസ്ലാമിന്റെ ഉദയംവരെ ഇന്ത്യ ഉൾപ്പെടെ പൗരസ്ത്യദേശം മുഴുവനിലും വാണിജ്യത്തിന്റെ ഭാഷ അറമായിക്കു്(സുറിയാനി) ആയിരുന്നു. ഈ ഭാഷ സംസാരിച്ചിരുന്ന യൂദന്മാർ ഇന്ത്യയിൽ വളരെ പ്രബലന്മാർ ആയിരുന്നു.[4] പാരമ്പര്യം അനുസരിച്ചു ഏ. ഡി. ഒന്നാം ശതകത്തിൽത്തന്നെ യഹൂദന്മാർ കേരളത്തിൽ സ്വാധീനം സ്ഥാപിച്ചിരുന്നു. തോമ്മാശ്ലീഹാ വഴി ഭാരത സഭയ്ക്കു ആദ്ധ്യാത്മിക ബന്ധമുണ്ടായിരുന്ന മറ്റു സഭകളിലെയും സുവിശേഷപ്രവർത്തനങ്ങളുടെ മാദ്ധ്യമം അറമായിക്കു് ആയിരുന്നു.

---

3. H. C. E. Zacharias, Article, The Church of Saints Thomas and Bartholomew in Malabar, 'Pax', Spring, 1928, Caldey, p. 19.

4. Marshall, Guide to Taxilla, Delhi, 1936, pp. 78, 79, and XXXIII (a); Burnet, Aramaic Inscriptions from Taxilla, 'Journal of Asiatic History', 1915, pp. 340, 342; Couley, First Aramaic Inscriptions from Taxilla, Ibid. pp. 342–347; Herezfeld, New Asokan Inscriptions from Taxilla, 'Epigraphia Indiana' XIX, pp. 251–253; Miller Innes, J. The Spice Trade of the Roman Empire, Oxford, 1969, pp. 90, 91.

Lion Handbook to the Bible എന്ന പുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു: 'അറമായ ഭാഷ ഹീബ്രുവിനോടു് അടുത്ത ബന്ധമുള്ളതാണു്. സെനാക്കെരിബിന്റെ കാലം (ബി. സി. 750 മുതൽ 681 വരെ) മുതൽ രാഷ്ട്രതന്ത്രപരമായ ആവശ്യങ്ങൾക്കുപയോഗിച്ചിരുന്ന ഈ ഭാഷ ഏകദേശം ബി. സി. 550 മുതൽ പേർഷ്യൻ സാമ്രാജ്യത്തിന്റെ ഔദ്യോഗികഭാഷയായിത്തീർന്നു. ദാനിയേലിന്റെ പുസ്തകത്തിൽ കുറെ ഭാഗങ്ങൾ അറമായ ഭാഷയിലാണു്. പുതിയനിയമകാലത്തു പലസ്തീനായിൽ ഹീബ്രുവിനെക്കാൾ അധികമായി ഉപയോഗിച്ചിരുന്നതു പ്രസ്തുത ഭാഷയാകുന്നു. സിറിയയിലെ മല്ലൗലാ പ്രദേശത്തുള്ള ഗ്രാമീണർ ഇന്നും ഈ ഭാഷ സംസാരിക്കുന്നു.'[5]

വീണ്ടും ഡോ. എച്ചു്. സി. ഇ. സഖറിയാസിനെ ഉദ്ധരിച്ചാൽ. 'സൈറസു് (558–530 ബി.സി.) സ്ഥാപിച്ച പേർഷ്യൻ സാമ്രാജ്യം ഈജിയൻ കടൽ മുതൽ സിന്ധുനദിവരെയുള്ള പ്രദേശങ്ങളിൽ വ്യാപിച്ചു കിടന്നിരുന്നു.' 'ആ സാമ്രാജ്യത്തിലെ വാണിജ്യഭാഷ അറമായിക്കു് ആയിരുന്നു. അതു പെഷവാറിലുള്ള ഇടനിലക്കാരനെ അന്ത്യോക്യായിലുള്ള വണിക്കു് പ്രഭുവുമായി ബന്ധിപ്പിച്ചു.'[6]

അറമായഭാഷ പിൽക്കാലത്തു സിറിയക്കു് (സുറിയാനി) എന്നു് അറിയപ്പെടാൻ തുടങ്ങി. (മെസപ്പൊട്ടേമിയാ ഭരിച്ചിരുന്ന സൈറസിന്റെ പേരിൽനിന്നാണു ഈ പേരുണ്ടായതെന്നു ചിലർ കരുതുന്നു).[7] അറമായ ഭാഷ അഥവാ സിറിയക്കിന്റെ രൂപഭേദങ്ങളിൽ ഒന്നിലാണു നമ്മുടെ കർത്താവു സംസാരിക്കുകയും തന്റെ വെളിപ്പാടു നിർവഹിക്കുകയും ചെയ്തതു്. അറമായഭാഷയുടെ പ്രാമാണികരൂപം ഉരുത്തിരിഞ്ഞതു് എദേസ്സായിലത്രേ. പിൽക്കാലത്തു്. അഞ്ചാം ശതകത്തിനുശേഷം ഈ പ്രാമാണികഭാഷ രണ്ടുതരം ലിപികളിൽ എഴുതപ്പെട്ടു തുടങ്ങി. ഉച്ചാരണവും രണ്ടു തരത്തിൽ രൂപപ്പെട്ടു. ഇങ്ങനെ പാശ്ചാത്യ സുറിയാനിയും പൗരസ്ത്യസുറിയാനിയും രൂപംകൊണ്ടു. പൗരസ്ത്യ സുറിയാനി ഭാഷയെ കൽദായ എന്നും സീറോ കൽദായ എന്നും പറയും.

---

5. The 'Lion Handbook tothe Bible· p· 87 of 1916 Reprint-Lion Publishing 121 High St. Berkhamsted, Herts, England. മല്ലൂലായിലെഅറമായിക്കു് ഠരക്ഷിഷ്ട്അറബി ഭാഷകളുടെ സമ്പർക്കംകൊണ്ടു് വളരെ മാറ്റത്തിനു വിധേയമായിട്ടുണ്ടു്. ആ ഗ്രാമത്തിലെ ഒരു പുരോഹിതനിൽനിന്നു് ഇക്കാര്യം എനിക്കു നേരിട്ടു മനസ്സിലാക്കാൻ സാധിച്ചു.
6. H· C· E· Zacharias, I. c. p. 12
7. Pyne Smith, Thesaurus Syriacus, 2 Vols. Oxonii, 1879–1901, Vol· I p· 389·

ക്രിസ്തുവിന്റെ കാലത്തുണ്ടായിരുന്ന പ്രാചീന ഉച്ചാരണ സമ്പ്രദായങ്ങളെ ഈ വിഭാഗമാണു നിലനിറുത്തിയിട്ടുള്ളതു്. തലീത്താക്കൂമി, റാക്കാ, ഏലി ഏലി ലാമാ സബക്ത്താനി, ഹക്കേൽദാമാ, ആബ്ബാ, മാറൻ അത്താ എന്നു തുടങ്ങി ബൈബിളിൽ കാണുന്ന പ്രയോഗങ്ങളും ഇക്കാര്യം വ്യക്തമാക്കുന്നു. യഹൂദന്മാർ വിദേശങ്ങളിൽ അടിമകളായിരുന്നപ്പോഴും പഠിച്ചതും പലസ്തീനായിലേക്കു കൊണ്ടുവന്നതുമായ അറമായ ഭാഷയായിരുന്നു ക്രിസ്തുവിന്റെ ഭാഷ. അതു ഹീബ്രു എന്നു വിളിക്കപ്പെടാൻ മാത്രം യഹൂദരുടേതായിത്തീർന്നു. യഥാർത്ഥ ഹീബ്രുഭാഷ എഴുതുന്നതിനു് അതിന്റെ ലിപികളും യഹൂദർ ഉപയോഗിച്ചുതുടങ്ങി. ചിലർ അതിനെ കൽദായിക്കു് (കാൽഡിയൻ അഥവാ കാൽഡീ) എന്നും സീറോ കൽദായിക്കു് എന്നു പോലും വിളിക്കുന്നു. അറമായിക്കിന്റെ പേരെ ചില ഭേദങ്ങളെ സൂചിപ്പിക്കുന്നതിനും സീറോ എന്ന വിശേഷണം ഉപയോഗിക്കാറുണ്ടു്.

അറമായ ഭാഷയെ സിറിയക്കു് എന്നു വിളിച്ചിരുന്നു എന്നു മുകളിൽപ്പറഞ്ഞല്ലോ. 1952—ലെ പോക്കറ്റ് ഓക്സ്ഫോർഡ് ഡിക്ഷണറിയിൽ കാൽഡീ എന്നാൽ 'ബൈബിളിലെ സിറിയക്കു് അഥവാ അറമായ ഭാഷ' ആണു്. Chaldee എന്നതു യഹൂദരുടെ അറമായ ഭാഷയാണെന്നു നമുക്കു പറയാം. അതേ സമയം ഏദേസ്സായിൽ ഉരുത്തിരിഞ്ഞ അറമായയുടെ പ്രാമാണികരൂപം 'ക്രിസ്തീയ അറമായ'യും ആണു്. ഇതു സാധാരണയായി സിറിയക്കു് (West and East or Chaldean) പാശ്ചാത്യവും പൗരസ്ത്യവും (കൽദായ) എന്നു വിളിക്കപ്പെടുന്നു. അതിനാൽ ഒരു സഭയെ സംബന്ധിച്ചിടത്തോളം (സീറോ) കൽദായ അതിന്റെ ആരാധനക്രമ ഭാഷ ആയിരിക്കുന്നതും ആ ഭാഷയെ അടിസ്ഥാനമാക്കി കൽദായ സഭ എന്ന വിളിക്കപ്പെടുന്നതും ന്യായമായ അഭിമാനത്തിനു വക നൽകുന്ന കാര്യങ്ങളാണു്.

6. കൽദായ ആരാധനക്രമം

ഇനി നാം കൽദായ ആരാധനക്രമത്തിലേക്കാണു വരുന്നതു്. അതായതു് അറമായിക്കു് പൗരസ്ത്യ സിറിയക്കു് ഭാഷയിലുള്ള ആരാധനക്രമത്തിലേക്കു്. അതു് ഉദ്ഭവത്തിൽ യഹൂദക്രൈസ്തവമാകുന്നു. മുകളിൽ പറഞ്ഞ എല്ലാ സഭകളും അതു ഉപയോഗിച്ചിരുന്നു. കേരളത്തിലെ സഭയും ആരംഭകാലം മുതൽ ആ ഭാഷതന്നെ ഉപയോഗിച്ചിരിക്കാനാണു സാദ്ധ്യത. ആദ്ധ്യാത്മികവും വാണിജ്യപരവും സാംസ്കാരികവുമായ കാര്യങ്ങളിൽ മുകളിൽ പറഞ്ഞ രാജ്യങ്ങളുമായി നമ്മുടെ സഭയ്ക്കുണ്ടായിരുന്ന ബന്ധത്തെയും അന്നു കേരളത്തിലുണ്ടായിരുന്ന യഹൂദരുടെ സാന്നിദ്ധ്യത്തെയും

ആധാരമാക്കിയാണ് ഇതു പറയുന്നതു്.[8] പ്രസ്തുത യഹൂദരിൽ നിന്നു കുറെപ്പേരെ തോമ്മാശ്ലീഹാ ക്രിസ്തുമതത്തിൽ ചേർത്തു എന്നും പാരമ്പര്യം പറയുന്നുണ്ടു്. യഹൂദരുടെ ഭാഷ അറമായ ആയിരുന്നു എന്നു നാം ഓർക്കണം; അന്നു പൗരസ്ത്യദേശങ്ങളിലെ യെല്ലാംവാണിജ്യത്തിന്റെ ബന്ധഭാഷയും അതായിരുന്നു എന്നും കേരളത്തിലെ പാരമ്പര്യവിശ്വാസമനുസരിച്ചു തോമ്മാശ്ലീഹാ പള്ളികളോ ക്രിസ്തീയ സമൂഹങ്ങളോ സ്ഥാപിച്ചു ഏഴു സ്ഥലങ്ങളിലും യഹൂദർക്കു സ്വാധീനമുണ്ടായിരുന്നു.[9] ഇന്ത്യയിൽ എവിടെയെങ്കിലും ഏതെങ്കിലും ഇന്ത്യൻഭാഷയിൽ ഒരു ആരാധനക്രമം രൂപപ്പെട്ടതായി തെളിവിന്റെ തരിമ്പുപോലുമില്ല.

കേരളത്തിലെ തോമ്മാക്രിസ്ത്യാനികൾ കൽദായ ആരാധനക്രമത്തെ വളരെയധികം സ്നേഹിച്ചിരുന്നു. തോമ്മാശ്ലീഹാ തന്നെ പരസ്യസുറിയാനി അഥവാ കൽദായ ഭാഷയിൽ തങ്ങൾക്കു വേണ്ട പ്രാർത്ഥനകൾ പഠിപ്പിച്ചു തന്നു എന്നു് അവർ വിശ്വസിക്കയും ചെയ്തിരുന്നു. 1578–ൽ അവരുടെ മുന്നു അൽമായ പ്രതിനിധികൾ മാർപ്പാപ്പായ്ക്കു ഇങ്ങനെ എഴുതി: 'ഞങ്ങളുടെ പ്രാർത്ഥനകൾ സുറിയാനി അഥവാ കൽദായ ഭാഷയിലാണു്. ഞങ്ങളുടെ പിതാവായ വി. തോമ്മാശ്ലീഹായാണു അതു ഞങ്ങളെ പഠിപ്പിച്ചതു്. ഞങ്ങളുടെ പൂർവികന്മാരും ഞങ്ങളും ഈ ഭാഷ അഭ്യസിച്ചു. പ്രാർത്ഥനകൾ എന്നതുകൊണ്ടു് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതു ആരാധനക്രമമോ ആരാധനക്രമപരമായ പ്രാർത്ഥനകളോ ആണു് എന്നതിനു സംശയമില്ല.

ജോസഫ് ആന്ദ്രേയുങ്മാൻ പറയുന്നു: 'കുരിശിലെ ലിഖിതത്തിൽ ഉപയോഗിച്ചിരുന്ന മൂന്നു ഭാഷകൾക്കു (ഹീബ്രു—സുറിയാനി, ഗ്രീക്കു്, ലത്തീൻ എന്നിവയ്ക്കു്) ക്രിസ്തുമതത്തിന്റെ ആദ്യകാലത്തു വലിയ പ്രാധാന്യമുണ്ടായിരുന്നു. അന്നത്തെ ലോകത്തിന്റെ ഏതു ഭാഗത്തും ഒരാൾക്കു പ്രസ്തുത ഭാഷകൾകൊണ്ടു സ്വന്തം ആശയം വെളിപ്പെടുത്തുവാൻ കഴിയുമായിരുന്നു.'[11]

---

8. ബെർനാർഡ് T. O. C. D. യുടെ 'മാർതോമ്മാ ക്രിസ്ത്യാനികൾ' ഒന്നാം വാല്യം. (പാലാ 1923) അതിൽ റമ്പാൻപാട്ടിനെക്കുറിച്ചുള്ള ഭാഗം.

9. Puthiakunnel T, Jewish Colonies in India paved the way for St. Thomas in 'Orientalia Christiana', N. 186, Romae, 1970, pp. 187 sq.

10. Giamil S. Genuinae Relationes Inter Sedem Apostolicam et Assyriorum Orientalium seu Chaldaeorum Ecclesiam, Romae, 1902, Document XXII.

11. Jungmann, J. A. Article, Liturgy in 'Encyclopedia of Theology', Burns and Oates, London. 1975, p. 855.

യുങ്മാൻതന്നെയാണു ഹീബ്രു എന്ന വാക്കിനുശേഷം സുറിയാനി എന്ന വാക്കു ബ്രാക്കറ്റിൽ ഇട്ടതു്. ഗ്രീക്കു് റോമിലെ സംഭാഷണഭാഷ അല്ലാതിരുന്നതുപോലെ കേരളത്തിലെ സംഭാഷണഭാഷ സുറിയാനിയും ആയിരുന്നില്ല. എങ്കിലും നാലാം നൂറ്റാണ്ടുവരെ റോമിലെ ആരാധനക്രമഭാഷ ഗ്രീക്കു് ആയിരുന്നു. അതുപോലെ ഒരു സംഭവം കേരളത്തിലും ഉണ്ടായിക്കാണാൻ ഇടയില്ലേ? കൽദായ ആരാധനക്രമത്തെയും കേരളത്തിലെ അക്കൈ സ്മവരുടേതായിരുന്ന സാമൂഹ്യവും മതപരവുമായ ആചാരക്രമങ്ങളുടെ ക്രൈസ്തവീകരിച്ച രൂപത്തെയും ചേർത്തു കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ 'തോമ്മായുടെ നിയമം' എന്നു വിളിച്ചുവന്നു.[12]

മുകളിൽ പറഞ്ഞ കാര്യങ്ങളുടെയെല്ലാം വെളിച്ചത്തിൽ ഒരു കാര്യം നമുക്കു പറയാൻ കഴിയും: കേരളത്തിലെ അപ്പസ്തോലികസഭയ്ക്കു് അതിന്റെ തനതായ വ്യക്തിത്വം നൽകിയ ക്രിസ്തുമതത്തിന്റെ കൽദായ കേരളീയഭാവം ഏതെങ്കിലും തരത്തിൽ വെളിയിൽനിന്നു അടിച്ചേൽപ്പിക്കപ്പെട്ടതായിരുന്നില്ല.

സുമേറിയൻ കൽദായ ദ്രാവിഡ ബന്ധം

സുമേറിയന്മാരും (കൽദായരും) കേരളത്തിലെ തോമ്മാക്രിസ്ത്യാനികളും തമ്മിൽ ഉണ്ടായിരിക്കാൻ ഇടയുള്ള നരവംശശാസ്ത്രപരമായ ബന്ധത്തെക്കുറിച്ചു ഇവിടെ അല്പം പറയുന്നതു് ഉപകാരപ്രദമായിരിക്കും. മുകളിൽ ഉദ്ധരിക്കപ്പെട്ട ഡോ. എച്ചു്. സി. ഇ, സഖറിയാസു് ഇ. ബി. ഹാവെലിന്റെ അഭിപ്രായത്തെ ആശ്രയിച്ചുകൊണ്ടു ഇങ്ങനെ പറയുന്നു: 'ബാബിലോണിന്റെ സംസ്ഥാപകരായ സുമേറിയന്മാർ ദ്രാവിഡവർഗത്തിൽപെട്ടവരായിരിക്കാൻ വളരെ സാദ്ധ്യതയുണ്ടു്. (Vide E. B. Havell, History of Aryan Rule in Indid,London 1918, P.129.)[13]

12. പെൻറയാഡോ (1516/17) താഴെ പറയുംവിധം പോർട്ടുഗീസു് രാജാവിനു് എഴുതി:
'മാർത്തോമ്മാക്രിസ്ത്യാനികളെ പോർട്ടുഗീസുകാരുമായി കൂടിക്കലരാൻ ഇഷ്ടപ്പെടുന്നില്ല. അവർ നമ്മെപ്പോലെ ക്രിസ്ത്യാനികളായിരിക്കുന്നതിൽ സന്തുഷ്ടരല്ലാത്തതുകൊണ്ടല്ല. ഇംഗ്ലീഷുകാരും ജർമ്മൻകാരും നമ്മുടെയിടയിൽ എങ്ങനെയാണോ, അവരുടെയിടയിൽ നാം അങ്ങിനെയായിരിക്കുന്നതുകൊണ്ടാണു്. അവരുടെ ദേശീയാചാരങ്ങളെക്കുറിച്ചു പറഞ്ഞാൽ, അവരുടെ മനസ്സകളും അവരുടെ വൈദികരാൽ ദുഷിപ്പിക്കപ്പെട്ടിരിക്കയാണു്. അവർ പറയുന്നു 'കർത്താവിനു് പന്ത്രണ്ടു ശ്ലീഹന്മാരുണ്ടായിരുന്നതുപോലെ നമുക്കു് പന്ത്രണ്ടു് ആചാരങ്ങളും ഉണ്ടു്. Mundadan A. M. Article 'The Eastern Church 16th & 17th Centuries. In 'Christianity in India' Alleppcy, 1972 pp 86, 87.

13. H. C. E. Zacharias, I. c. p.19.

സിന്ധുനദീതട സംസ്കാരം ക്രി. മു. മൂന്നാം സഹസ്രാബ്ദം ഉത്തരാർദ്ധം വരെ പിറകോട്ട പോകുന്നതാണല്ലോ; മോഹൻജദാരോ, ഹാരപ്പാ, ഛംബു എന്നിവിടങ്ങളിൽനിന്നു ലഭിച്ച ചിത്രലിഖിതങ്ങളിൽനിന്നു വ്യക്തമാകുന്നതുപോലെ അതു മിക്കവാറും ഒരു ദ്രാവിഡ സംസ്കാരം ആയിരുന്നു. അതിനാൽ അകന്ന വിധത്തിലെങ്കിലും അതു സുമേറിയനും ആയിരുന്നു. അടുത്ത കാലത്തു നടന്ന ഉത്ഖനനങ്ങളും കാണിക്കുന്നതുപോലെ, ഈ സംസ്കാരം ദക്ഷിണഭാരതത്തിലേക്കും വ്യാപിച്ചിരുന്നു.14

ബൈബിളും സംബന്ധമായ പുരാവസ്തുശാസ്ത്രത്തിൽ നിഷ്ണാതനായ വില്യം ഫോക്സ്വെൽ ആൾബ്രൈറ്റ് സിന്ധുനദീതടസംസ്കാരത്തെക്കുറിച്ചു ഇങ്ങനെ പറയുന്നു:

'സിന്ധുനദീതടത്തിൽ ഒരു പ്രാചീന സംസ്കാരം നിലനിന്നിരുന്നുവെന്നു 1921–ൽ കണ്ടുപിടിക്കപ്പെട്ടു. തുടർന്നു്, ഹാരപ്പാ, മോഹൻജദാരോ, ഛംബു എന്നിവിടങ്ങളിൽ നടന്ന ഭൂഖനനങ്ങളും വളരെയധികം വസ്തുതകളും വെളിച്ചത്തു കൊണ്ടുവന്നിട്ടുണ്ടു്. സർ ജോൺ മാർഷൽ, ഏണസ്റ്റ് മക്കേ എന്നിവരുടെ നേതൃത്വത്തിലാണു ഉത്ഖനനങ്ങളും നടന്നതു്. ക്രി. മു. മൂന്നാം സഹസ്രാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ പ്രസ്തുത സംസ്കാരം ഉച്ചകോടിയിൽ എത്തിയെന്നും അതേ സഹസ്രാബ്ദത്തിന്റെ അന്ത്യത്തിൽ അതു് അപ്രത്യക്ഷമായി എന്നും വ്യക്തമാക്കുന്ന കാലക്രമപരമായ ഒരു ചിത്രവും തെളിഞ്ഞുവന്നിട്ടുണ്ടു്. സൂക്ഷ്മമായി പറഞ്ഞാൽ ഭാരതത്തിലെ ഈ പ്രാചീനസംസ്കാരം പിൽക്കാലത്തു രൂപംകൊണ്ട ആര്യൻ സംസ്കാരംപോലെതന്നെ പാശ്ചാത്യലോകത്തെ ആശ്രയിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ പ്രസ്തുത സംസ്കാരത്തിനും അതേ കാലത്തു മെസപ്പൊട്ടേമിയായിലും സൂസിയാനായിലും ഉണ്ടായിരുന്ന സംസ്കാരത്തിനും തമ്മിൽ പല കാര്യങ്ങളിലും സാമ്യമുണ്ടു്.15

വെർണർ കെല്ലർ പറയുന്നു: അവ്യക്തമായ ഭൂതകാലത്തിൽ നിന്നു ഊർ സുമേറിയന്മാരുടെ തലസ്ഥാനനഗരമെന്ന നിലയിൽ മുമ്പോട്ടു വന്നു. മെസപ്പൊട്ടേമിയായിൽ രൂപംകൊണ്ട ഏറ്റവും പ്രാചീനമായ സംസ്കാരങ്ങളിൽ ഒന്നാണു സുമേറി

---

14. K. M. Panikar, Article History of India in 'Fodor's 1975 Guide to india', Hodder and Stoughton, p. 114.

15. William Foxwell Albright. From the Stone Age to Christianity, Doubleday Anchor Books, Double Day & Company Inc., Garden City, NewYork, 2nd ed. 1957, p. 30

യൻ സംസ്കാരം. സുമേറിയന്മാർ യഹൂദരെപ്പോലെ സെമിറിക്കു വർത്തിൽപ്പെട്ടവരല്ല എന്നു നമുക്കറിയാമല്ലോ.'[16]

തോമ്മാനസ്രാണികളും ഉടലെടുത്ത കേരളത്തിലെ നിവാസികളും പൊതുവേ അടിസ്ഥാനപരമായി ദ്രാവിഡവർഗത്തിൽപ്പെട്ടവരാണു്. ഇക്കാര്യം അവരുടെ ശരീരഘടനയിലും ഭാഷയിലും നിന്നു വ്യക്തമാകുന്നുണ്ടു്. അതിനാൽ അവർ സുമേറിയൻ (കൽദായർ)മാരോടു് വർഗബന്ധമുള്ളവരാണെന്നു കരുതാം. ഡോ. എച്ചു്. സി.ഇ. സക്കറിയാസും വേർണർകെല്ലറും മുകളിൽ പറഞ്ഞ ഊർ നഗരത്തെത്തന്നെ ഇതിനു ഉദാഹരണം ആയി നമുക്കു സ്വീകരിക്കാം. അവയുടെ പ്രാഫ്യസ്ഥാനം കേരളമാണെന്ന സങ്കല്പത്തിൽ കൽദായ നഗരമായ 'ഊറി'ലെ തേക്കു് ഉരുപ്പടികളെക്കുറിച്ചു മുകളിൽപ്പറഞ്ഞിട്ടുണ്ടല്ലോ. പൂർവപിതാവായ അബ്രാഹത്തിന്റെ ജന്മസ്ഥലമായ ബൈബിളിലെ 'ഊർ'നെക്കുറിച്ചു നമുക്കറിയാം (ഉല്പത്തി 11: 27). ഊർ എന്ന വാക്കിനു് പട്ടണം, ഗ്രാമം, സ്ഥലം, വാസസ്ഥലം എന്നൊക്കെ അർത്ഥം പറയാം. ഇറാനിലുള്ള ഒരു സ്ഥലത്തിന്റെ പേരായ 'ഊർമിയാ' എന്ന വാക്കിനർത്ഥം വെള്ളമുള്ള സ്ഥലം എന്നാണു്. തമിഴു്, മലയാളം എന്നീ ദ്രാവിഡ ഭാഷകളിലും ഊർ എന്ന വാക്കിനു മുകളിൽപ്പറഞ്ഞ അർത്ഥങ്ങളും ഉണ്ടു്. ഊർ എന്നവസാനിക്കുന്ന പേരുള്ള അനേകം സ്ഥലങ്ങളും മലബാറിൽ ഉണ്ടു്. സ്ഥലത്തെ ഹിന്ദുക്ഷേത്രങ്ങളുടെ അധികാരികളുടെ ഭരണത്തിനധീനമായ ഗ്രാമങ്ങളും കേരളത്തിൽ ഉണ്ടായിരുന്നു. ക്ഷേത്രഭരണപ്രദേശങ്ങളും എന്നു ചില ചരിത്രകാരന്മാർ അവയെ വിളിക്കുന്നു. ഇത്തരം ഭരണത്തിനു് ഊരാൺമ എന്നാണു പറഞ്ഞിരുന്നതു്. ആ വാക്കിന്റെ അർത്ഥം ഊരിന്റെ–ഗ്രാമത്തിന്റെ–ഭരണം എന്നാകുന്നു. പ്രസ്തുത ഭരണം നടത്തിയിരുന്നവരെ ഊരാൺമക്കാർ എന്നു വിളിച്ചിരുന്നു–അതായതു ഗ്രാമഭരണക്കാർ എന്നു്.[17]

---

16. Werner Keller, The Bible History translated by William Neil D. D., Hodder and Stoughton, London, Sydney, Aukland, Toronto, 1914 edition, ISBN 0340, 190450, p. 43, 44.

17. കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളും അടിസ്ഥാനപരമായി ദ്രാവിഡവർഗ്ഗത്തിൽപ്പെട്ടവരാണു്. പ്രാചീന ദ്രാവിഡ സംസ്ക്കാരത്തിന്റെ അനന്തരാവകാശികളുമാണു്. അവരുടെ മാതൃഭാഷയായ മലയാളം ഒരു ദ്രാവിഡഭാഷയാകുന്നു. ഇതു് മറെറാരു ദ്രാവിഡഭാഷയായ തമിഴിന്റെ മകളാണെന്നു ചിലരും സഹോദരിയാണെന്നു വേറെ ചിലരും അഭിപ്രായപ്പെടുന്നു. ഇന്ത്യയിലെ ദ്രാവിഡസംസ്ക്കാരം ആര്യസംസ്ക്കാരത്തേക്കാളും പ്രാചീനമാണു്. എന്നാൽ ദ്രാവിഡവർഗത്തിൽപ്പെട്ടവർപോലും ആര്യസംസ്ക്കാരത്തിന്റെ ഫലങ്ങളാൽ ആകൃഷ്ടരായിരിക്കുന്നു ഇതിന്റെ ഫലമായി സമ്പന്നമായ സ്വന്തം പൈതൃകത്തെത്തന്നെ അവർ വിസ്മരിച്ചു കളയുന്നു. തമിഴിലെ പ്രാചീന

അതിനാൽ കേരളത്തിലെ തോമ്മാക്രിസ്ത്യാനികളുടെ സഭയും പശ്ചിമേഷ്യയിലെ, മുകളിൽപ്പറഞ്ഞ തോമാക്രിസ്ത്യൻ സഭകളും തമ്മിലുള്ള ആദ്ധ്യാത്മിക ബന്ധത്തെക്കുറിച്ചു ചിന്തിയ്ക്കുമ്പോഴും അവർ തമ്മിൽ ഉണ്ടായിരിക്കാൻ സാദ്ധ്യതയുള്ള വർഗപരമായ ബന്ധത്തെയും അവഗണിക്കാവതല്ല. കൽദായ ആരാധനക്രമത്തെയും ഈ ആധ്യാത്മിക ബന്ധത്തിന്റെ ഭാഗമായി കരുതാവുന്നതല്ലേ? എന്തായാലും നാം മുകളിൽ കണ്ടതുപോലെ, കേരളത്തിലെ തോമാക്രിസ്ത്യാനികളും കൽദായ ആരാധനക്രമത്തെ തോമ്മാശ്ലീഹായോടു ബന്ധപ്പെടുത്തിയിരുന്നു.

കുറിപ്പു്: ഈ ഭാഗത്തിൽ നാം കേരളത്തിനും കേരളത്തിലെ തോമ്മാക്രിസ്ത്യാനികൾക്കും പ്രാധാന്യം കൊടുത്തു. അതിനു കാരണം, ഇനി നാം കാണാൻപോകുന്നതുപോലെ തോമാക്രിസ്ത്യാനികളുടെ ഭാരതീയസഭ കേരളത്തിലേക്കു കേന്ദ്രീകൃതമായി എന്നതാണു്.

രണ്ടാം ഭാഗം

സഭാഭരണ സംവിധാനം[1]—സവിശേഷ പദവി

1. സഹോദരസഭകളുടെ നേതൃത്വം

കേരളത്തിലെ തോമാക്രിസ്ത്യാനികളുടെ സഭ കാലാന്തരത്തിൽ മറ്റു ചില തോമ്മാസഭകളുടെ ആധ്യാത്മിക ഭരണത്തിനു കീഴിലായി. ആദ്യമായി അധീനപ്പെട്ടതു പേർഷ്യൻ സഭയ്ക്കാണു്. പിന്നീടു കൽദായ സഭയ്ക്കു കീഴ്പ്പെട്ടു. ഒമ്പതാം നൂറ്റാണ്ടിനു മുമ്പായി സെലൂഷ്യ—സ്റ്റെസിഫോൺ അതിന്റെ ഭരണ

കൃതികളിൽ തോമാക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങൾ പലതും ലഭ്യമാണു്. ഇന്നത്തെക്കാലത്തു് ഭാരതീയ സംസ്ക്കാരമെന്നാൽ ആര്യസംസ്ക്കാരമെന്നാണു മനസ്സിലാക്കപ്പെടുന്നതു് എന്നാൽ ദ്രാവിഡസംസ്ക്കാരവും ഭാരതീയമാണു്. ഭാരതത്തിൽ മാത്രമെങ്കിലും അതു കൂടുതൽ പ്രാചീനവുമാകുന്നു.

1. ഇവിടെ സംഘടന എന്നു പറഞ്ഞിട്ടുള്ളതു് ദിവ്യമായിട്ടുള്ളതല്ല. ലൗകികപരമായിട്ടുള്ളതാണു്. ക്രിസ്തു സ്ഥാപിച്ചതുകൊണ്ടു് ക്രിസ്തുവിന്റെ സഭ ദിവ്യമായിട്ടുള്ളതാകുന്നു. പത്രോസിന്റെ (റോമാമാർപ്പാപ്പായുടെ) നേതൃത്വത്തിൽ ശ്ലീഹന്മാർ (മെത്രാന്മാർ) അതിനെ നയിക്കുന്നു.

ണകേന്ദ്രമായിത്തീർന്നു. അന്നേയ്ക്കു പ്രസ്തുത നഗരം പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. കൽദായസഭയ്ക്കു കേരളസഭയുടെ മേലുണ്ടായിരുന്ന ഈ ആധിപത്യം 16—ാം നൂറ്റാണ്ടുവരെ നിലനിന്നു.

ഈ ആധിപത്യത്തെക്കുറിച്ചു പറയുമ്പോൾ കേരളസഭയും പ്രസ്തുത പശ്ചിമേഷ്യൻ സഭകളും തമ്മിലുണ്ടായിരുന്ന ആദ്ധ്യാത്മിക, സാംസ്കാരിക, വാണിജ്യബന്ധങ്ങൾ നമ്മുടെ ഓർമയിലുണ്ടായിരിക്കേണ്ടതാണ്. അതോടൊപ്പം കേരളത്തിൽ യഹൂദർക്കും അറമായ ഭാഷയ്ക്കും ഉണ്ടായിരുന്ന സ്വാധീനവും ഓർക്കണം.

2. മെത്രാസനങ്ങളുടെ ക്രമീകരണം

സഭാഭരണപരമായ സംവിധാനം, അതായത് ശ്ലൂപതകളെ മെത്രാപ്പോലീത്താമാരുടെയോ അതിലുമുപരിയായ സ്ഥാനമുള്ള വൈദികാധികരികളുടെയോ കീഴിൽ പ്രോവിൻസുകളായി സംഘടിപ്പിക്കുന്ന സമ്പ്രദായം റോമൻ സാമ്രാജ്യത്തിൽ ആരംഭിച്ചതാണ്. സഭാഭരണപരമായ പ്രോവിൻസുകളുടെയും രാജ്യഭരണപരമായ പ്രോവിൻസുകളുടെയും അതിർത്തികൾ സാധാരണ ഒന്നുതന്നെ ആയിരുന്നതുകൊണ്ട് രണ്ടുതരം പ്രോവിൻസുകളുടെയും തലസ്ഥാനനഗരങ്ങൾ മിക്കവാറും ഒന്നുതന്നെയായിരിക്കും. ആ പ്രോവിൻസിലുള്ള മെത്രാന്മാർ ആ നഗരത്തിലുള്ള മെത്രാപ്പോലീത്തായ്ക്കു കീഴിലുമായിരിക്കും, വൻനഗരങ്ങളിലെ മെത്രാപ്പോലീത്താമാർ ഇങ്ങനെ സഭയിൽ വളരെ പ്രാമാണ്യമുള്ളവരായി. ഇങ്ങനെ വന്നപ്പോൾ സഭാഭരണസംബന്ധമായി നേരത്തെ പ്രാധാന്യം കൂടുതലുണ്ടായിരുന്ന മേഖലകൾ നേരത്തെ പ്രാധാന്യം കുറവുണ്ടായിരുന്ന മേഖലകളുടെ കീഴിലായി. ജറുസലേമിലെ സഭ ഇതിനുദാഹരണമാണ്. ആ സഭ ആദ്ധ്യാത്മിക ഭരണപരമായി വളരെ പ്രാധാന്യമുള്ളതായിരുന്നു. എന്നാൽ പില്ക്കാലത്ത് അതു കേസറിയായിലെ പ്രാധാന്യം കുറഞ്ഞ സഭയ്ക്ക് അധീനമാക്കപ്പെട്ടു. അതിനാൽ ജെറൂസലത്തെ സഭയെ ബഹുമാനിക്കുന്നതിനുവേണ്ടി എ. ഡി. 325ലെ നിഖ്യാസൂനഹദോസ് ജെറൂസലേം മെത്രാപ്പോലീത്തായ്ക്കു കേസറിയാ മെത്രാപ്പോലീത്തായെക്കാൾ കൂടുതലായ സ്ഥാനം നല്കി. എന്നാൽ മുകളിൽപ്പറഞ്ഞ അധീനസ്ഥിതി നീക്കിയതുമില്ല. ജെറൂസലേം അനധീനസ്ഥിതിക്കുവേണ്ടി സമരം ചെയ്യുകയും കുറെ വർഷങ്ങൾക്കുശേഷം അതു നേടിയെടുക്കുകയും ചെയ്തു.

3. പേർഷ്യൻ സാമ്രാജ്യത്തിൽ

ഇന്നത്തെ ഇറാനും ഇറാക്കും ഉൾപ്പെട്ട പഴയ പേർഷ്യാസാമ്രാജ്യത്തിന്റെ തലസ്ഥാനം സെലൂഷ്യാ സ്റ്റെസിഫോൺ ആയിരുന്നു. നാലാം നൂറ്റാണ്ടിൽ സെലൂഷ്യ–സ്റ്റെസിഫോണിലെ മെത്രാനായിരുന്ന 'പാപ്പാ' പേർഷ്യൻ സാമ്രാജ്യത്തിലെ സഭയെ റോമൻ സാമ്രാജ്യത്തിലെ സഭയുടെ മാതൃകയിൽ സംഘടിപ്പിക്കാൻ ശ്രമിച്ചു. അദ്ദേഹം സാമ്രാജ്യത്തിലെ സഭയുടെ മുഴുവൻ മേലധികാരി ആയിരിക്കാൻ ആഗ്രഹിച്ചു; താൻ സാമ്രാജ്യത്തിന്റെ തലസ്ഥാനനഗരത്തിലെ മെത്രാനാണല്ലോ. ഈ നീക്കത്തിനു ശക്തിയായ എതിർപ്പുണ്ടായി; പ്രത്യേകിച്ചും പേർഷ്യൻ ഭാഗത്തെ മെത്രാന്മാരിൽനിന്നും. തോമ്മാശ്ലീഹാ നേരിട്ടു സ്ഥാപിച്ച തങ്ങളുടെ സഭയ്ക്കു സെലൂഷ്യാ–സ്റ്റെസിഫോണിലെ സഭയുടെ കീഴിലായിരിക്കാൻ സാധ്യമല്ലെന്നു അവർ വാദിച്ചു. തോമ്മാശ്ലീഹായുടെ ശിഷ്യനായ അദ്ദായിയുടെ ശിഷ്യനായ 'മാറി' സ്ഥാപിച്ചതാണല്ലോ സെലൂഷ്യാ–സ്റ്റെസിഫോണിലെ സഭ [2]. എന്നാൽ 410–ൽ നടന്ന സെലൂഷ്യാ–സ്റ്റെസിഫോൺ സൂനഹദോസിൽ പേർഷ്യൻഭാഗത്തെ മെത്രാന്മാർക്കു അവരുടെ നിലപാടിൽനിന്നു പിന്മാറേണ്ടിവന്നു. സെലൂഷ്യാ–സ്റ്റെസിഫോണിലെ മെത്രാൻ പേർഷ്യൻ സാമ്രാജ്യത്തിലെ സഭയുടെ മുഴുവൻ മേലധികാരിയായി അംഗീകരിക്കപ്പെട്ടു. അദ്ദേഹം പിൽക്കാലത്തു 'വലിയ മെത്രാപ്പോലീത്താ' 'കാതോലിക്കോസു്' 'കാതോലിക്കോസു് പാത്രീയർക്കീസു്' 'കിഴക്കിന്റെ പാത്രിയർക്കീസു്' 'ബാബിലോൺ പാത്രിയർക്കീസു്' 'കൽദായ പാത്രീയർക്കീസു്' എന്നെല്ലാം വിളിക്കപ്പെട്ടു. 424 ആയപ്പോഴേക്കും എദേസ്സായിലും അന്ത്യോക്യയിലുമുള്ള 'പാശ്ചാത്യപിതാക്കന്മാരോടു'ള്ള വിധേയത്വം അദ്ദേഹം അവസാനിപ്പിച്ചു.

പേർഷ്യയിലെ സഭ, അതിന്റെ ശ്രൈഹികമായ ഉത്ഭവത്തിന്റെ അടിസ്ഥാനത്തിലുള്ള മാഹാത്മ്യത്തിൽ ഉറച്ചുനിന്നു വാദിച്ചിട്ടും ആദ്ധ്യാത്മികമായി പ്രധാന്യം കുറഞ്ഞ മറ്റൊരു സഭാഘടകത്തിനു് അധീനപ്പെട്ടതു നാം കാണുന്നു. സംഘടനാപരമായ കാര്യങ്ങളും മാത്രമാണു് അതിനടിസ്ഥാനമായതു്.

പേർഷ്യയിലെ സഭ സെലൂഷ്യാ–സ്റ്റെസിഫോണിലെ കൽദായ പാത്രിയർക്കീസിനോടുള്ള അതിന്റെ എതിർപ്പു തുടർന്നു

---

2. Mingana, A. The Early Spread of Christianity in India, 'Bulletin of John Reynald's Library, Manchester, July 1926, p. 33.

കൊണ്ടിരുന്നു, എന്നാൽ ഒടുവിൽ സംഘർഷസ്ഥിതി ഒഴിവാക്കി സമാധാനം സ്ഥാപിക്കപ്പെട്ടു. ഒരു ഒത്തുതീർപ്പിന്റെ ഫലമായി പേർഷ്യയിലെ സഭയ്ക്കു സ്വന്തം മെത്രാപ്പോലീത്തായുടെ കീഴിൽ സ്വയംഭരണാധികാരം കൈവന്നു.

4. ഭാരതസഭ പേർഷ്യൻ സഭാനേതൃത്വം സ്വീകരിക്കുന്നു

റോമൻ, പേർഷ്യൻ സാമ്രാജ്യങ്ങളിൽ മുകളിൽപ്പറഞ്ഞ വിധത്തിലുള്ള സഭാഭരണക്രമീകരണം ഏതാണ്ടു സുസ്ഥാപിതമായ നിലയിലെത്തി.[3] ഭാരതസഭ അത്തരം ഏതെങ്കിലും ക്രമീകരണത്തിനു പുറപ്പെട്ടതായി തോന്നുന്നില്ല.[4]

പേർഷ്യയിലെ മെത്രാപ്പോലീത്തായുടെ മേലധികാരത്തെ അംഗീകരിക്കുകയാണു ഭാരതസഭ ചെയ്തതു്. ഇതിനു പല കാരണങ്ങളും കാണും. ഒന്നു്, ഭാരതവും പശ്ചിമേഷ്യൻ രാജ്യങ്ങളും തമ്മിൽ നിലവിലിരുന്ന മുകളിൽപ്പറഞ്ഞ ബന്ധങ്ങളും. രണ്ടു്, പേർഷ്യൻസഭ ഏററവും അടുത്തുള്ള സഭയാണെന്നതു്. മൂന്നു്, പേർഷ്യൻസഭയുടെ സ്ഥാപകൻ വി. തോമ്മാശ്ലീഹാ തന്നെയാണു് എന്ന വിശ്വാസം. എന്നാൽ ഈ ആധിപത്യാംഗീകാരം നടന്നതു് എന്നാണെന്നു പറയാൻ നമുക്കു സാധ്യമല്ല. എന്നാൽ ഏഴാം നൂറാണ്ടിൽ അതു നിലനിന്നിരുന്നു എന്നു നമുക്കുകാണാം. 650 മുതൽ 660 വരെ സെലൂഷ്യാ സ്റ്റെസിഫോണിലെ കൽദായ പാത്രീയർക്കീസായിരുന്ന ഈശോയാഹ്ബു് തന്റെ അധികാരത്തെ എതിർത്തിരുന്ന പേർഷ്യൻ മെത്രാപ്പോലീത്തായ്ക്കു് ഇങ്ങനെയെഴുതി: 'അങ്ങയുടെ എതിർപ്പു കാരണം പേർഷ്യൻ പ്രദേശത്തു മാത്രമല്ല, പേർഷ്യയുടെ അതിർത്തി മുതൽ ഖാലാ എന്നരാജ്യംവരെ 1200 പാരസാങ് അകലത്തിൽ വ്യാപിച്ചുകിടക്കുന്ന ഇന്ത്യയിലും വൈദികാധ്യക്ഷന്മാരെ നിയമിക്കുന്നതു തടസ്സപ്പെട്ടിരിക്കുന്നു.[5]'

---

3. ഈജിപ്തിൽ മെത്രാപ്പോലീത്തൻ പ്രോവിൻസുകളും ഉണ്ടായിരുന്നില്ല. അവിടെ പാത്രീയർക്കീസും അദ്ദേഹത്തിന്റെ കീഴിൽ മെത്രാന്മാരും സ്ഥാനികമെത്രാപ്പോലീത്താമാരും) ആണുണ്ടായിരുന്നതു്. മററു ചില രാജ്യങ്ങളിലെയും ക്രമീകരണം ഇതുപോലെതന്നെ ആയിരുന്നു.

4. പീറർഡുജാറിക് എസ്സ്. ജെ. യുടെ പ്രസ്താവനയിലെ സത്യാവസ്ഥയെക്കുറിച്ചു സംശയിക്കേണ്ടിയിരിക്കുന്നു. പൗരസ്ത്യദേശത്തു് എട്ടു് ആറ്റു് എപ്പിസ്കോപ്പൽ രൂപതകളും തോമാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടിരുന്നു എന്നാണു് അദ്ദേഹം പ്രസ്താവിക്കുന്നതു്. അവയിൽ ഒന്നു് കേരളത്തിലായിരുന്നുവെന്നും—Thesaurus Rerum Indicarum 1a ed. Colonia, Tom, 3, Pars 2, p. 339, Cited by Mackenzie G. T., in Christianity in Travancore, Trivandrum 1904 p. 4.

5. Giamil S, op. cit., 579–581.

ഖാലാ എന്ന സ്ഥലം ഏതാണെന്നു നിശ്ചയിക്കാൻ പ്രയാസമുണ്ടെങ്കിലും 1200 പാരസാങ്ങ് (ഏകദേശം 4000 മൈൽ)എന്ന അകലം കണക്കാക്കുമ്പോഴും നിർദ്ദിഷ്ട സ്ഥലം കേരളവും ഉൾപ്പെട്ടതാണെന്നു നമുക്കു കാണാം.

പേർഷ്യായിലെ മെത്രാപ്പോലീത്താവഴി കേരളസഭ പരോക്ഷമായി കൽദായ പാത്രീയക്കീസിനു കീഴ്പ്പെട്ടിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

5. കേരളസഭയുടെ സവിശേഷപദവി

പേർഷ്യൻസഭയുടെ എതിർപ്പു കാരണം ഭാരതസഭയ്ക്കു ചില നേട്ടങ്ങൾ ഉണ്ടായതായിട്ടാണു കാണുന്നതു്. മുകളിൽപ്പറഞ്ഞ കൽദായ പാത്രീയക്കീസ് ഈശോയാഹ്ബോ എട്ടാം നൂറ്റാണ്ടിൽ വാണിരുന്ന സ്ളീബാസക്കാ എന്ന മറ്റൊരു കൽദായ പാത്രിയർക്കീസോ ഭാരതസഭയെ മെത്രാപ്പോലീത്തൻ പദവിയിലേക്കുയർത്തി[6]. ഒമ്പതാം നൂറ്റാണ്ടു് ആരംഭത്തിൽ കൽദായ പാത്രീയർക്കീസായിരുന്ന തിമോത്തി ഒന്നാമൻ ഭാരതസഭയെ പേർഷ്യൻസഭയുടെ അധീനതയിൽനിന്നു വിടർത്തി നേരിട്ടു തന്റെ കീഴിലാക്കി[7]. ഇങ്ങനെ നേരിട്ടു ശ്ലൈഹികാരംഭമുള്ള കേരളസഭ ആദ്യം പരോക്ഷമായും പിന്നീടു നേരിട്ടും പരോക്ഷമായിമാത്രം ശ്ലൈഹികാരംഭമുള്ള കൽദായ സഭയുടെയും പാത്രീയർക്കീസിന്റെയും കീഴിലായി. ജെറുസലേം കേസറിയാസ്സും പേർഷ്യ സെലൂഷ്യ–സ്റ്റെസിഫോണിനും എതിരായി നടത്തിയ ചെറുത്തുനില്പു് ഭാരതസഭ നടത്തിയതായി തോന്നുന്നില്ല. എന്തുകൊണ്ടു്? ഭാരതസഭ പരോക്ഷമായിട്ടെങ്കിലും നേരത്തെതന്നെ കൽദായ സഭയ്ക്കു് അധീനമായിരുന്നതാകാം ഒരു കാരണം. അല്ലെങ്കിൽ കേരളസഭയെ മെത്രാപ്പോലീത്തൻ പദവിയിലേക്കു് ഉയർത്തിയതാകാം. ആരാധനക്രമം. ദൈവശാസ്ത്രം, സഭാനിയമമീമാംസ തുടങ്ങിയ കാര്യങ്ങളിൽ കൽദായ സഭയ്ക്കു ഗണ്യമായ പുരോഗതി കൈവന്നിരുന്നു. മുകളിൽപ്പറഞ്ഞിട്ടുള്ള വിധത്തിൽ പശ്ചിമേഷ്യൻ രാജ്യങ്ങളുമായി നിരന്തര സമ്പർക്കത്തിലിരുന്ന ഭാരതസഭയ്ക്കു് അക്കാര്യങ്ങളിൽ മനസ്സിലാവുകയും പ്രസ്തുത രംഗങ്ങളിൽ കൽദായ സഭയോടു തുല്യത വഹിക്കുവാൻ സാധ്യമല്ലെന്നു ബോധ്യം വരുകയും ചെയ്തതു് എതിർപ്പുണ്ടാകാതിരിക്കാൻ മറ്റൊരു കാരണമായിരിക്കാം. ഇതിനെല്ലാം പുറമെ രണ്ടു സഭകളുടെയും പ്രത്യേക മദ്ധ്യസ്ഥൻ

---

6. Assemani J. S, Bibliotheca Orientalis, III, 346
7. Idem, Ibid.,II 433

മാർത്തോമ്മാശ്ലീഹയാണെതാന്നും.852 മുതൽ 858 വരെ കൽദയാ പാത്രിയർക്കീസായിരുന്ന തെയോഡേഷ്യസ് ഭാരതസഭയ്ക്കു നല്കിയ ഒരു ഡിക്രിയിൽ ഭാരതസഭ 60 കൊല്ലത്തിൽ ഒരിക്കൽ വീതം കൽദായസഭയ്ക്കു വിധേയത്വപ്രഖ്യാപനവും Cathedraticum–ഉം അയച്ചാൽ മതിയെന്നു പറഞ്ഞിരിക്കുന്നു. അടിയന്തിരപരിഹാരം ആവശ്യപ്പെടുന്ന പ്രശ്നങ്ങളും അതോടൊപ്പം ശ്രദ്ധയിൽപ്പെടുത്തണം.[8]

ഇന്ത്യയിലെ മെത്രാപ്പോലീത്തായ്ക്ക് 'ഇന്ത്യ മുഴുവന്റെയും കവാടവും മെത്രാപ്പോലീത്തായും' എന്ന സ്ഥാനം ഉണ്ടായിരുന്നു (The Metropolitan and the Gate of all India).[9] സൊക്കോട്രാ, ചൈന എന്നിവിടങ്ങളിൽ അദ്ദേഹത്തിനു സാമന്ത മെത്രാന്മാർ ഉണ്ടായിരുന്നു .[10]

തിമോത്തി ഒന്നാമന്റെ കാലത്തു (9–ാം ശതകം ആദ്യം) ഇന്ത്യയിലെ മെത്രാപ്പോലീത്തായും ഇന്ത്യയിലുള്ള അദ്ദേഹത്തിന്റെ സഹമെത്രാന്മാരും ഇന്ത്യക്കാർ തന്നെ ആയിരുന്നു എന്നാണു തോന്നുന്നതു്. ഇന്ത്യയിലെ ക്രിസ്ത്യാനികൾക്കു് അദ്ദേഹം അയച്ച കത്തിൽ ഇങ്ങനെ പറയുന്നുണ്ടു്. 'മെത്രാപ്പോലീത്തായുടെ തെരഞ്ഞെടുപ്പിൽ (സാമന്തമെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ ജനങ്ങളാണു തെരഞ്ഞെടുപ്പു നടത്തേണ്ടതു്) ജനങ്ങൾ പാത്രിയക്കീസിന്റെ ഉപദേശം സ്വീകരിക്കണം.എന്നാൽ രാജാവിന്റെ ഉപദേശം സ്വീകരിക്കേണ്ട. തെരഞ്ഞെടുപ്പിനശേഷം പാത്രിയക്കീസിന്റെ അംഗീകാരം നേടുകയും വേണം.' ഈ കത്തു് ഇബൻ അത്തിബ് എന്ന ഗ്രന്ഥകാരൻ Law of Christians'[11]എന്ന തന്റെ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. തിമോത്തി ഒന്നാമന്റെ കാലം വരെ ഇന്ത്യയിലെ മെത്രാന്മാർ ചേർന്നു്, പാത്രിയക്കീസിന്റെ എഴുത്തു തെരഞ്ഞെടുക്കപ്പെട്ടയാളിന്റെ തലയിൽ വച്ചു് അദ്ദേഹത്തെ മെത്രാപ്പോലീത്തായായി വാഴിക്കുകയായിരുന്നുപതിവു്.[12]

---

8. Mackenzie G. T. op cit., pp. 5, 6.
9. Paulinus a S. Bartholomaeo, OCD., India Orientalis Christiana, Romae, 1794, p 88
10. Raulin J. F. Historia Ecclesiae Malabaricae cum Synodo Diamperitana, Romae, 1795, p. 10
11. Corpus Scriptorum Christianorum Orientalium, Textus 167 pp. 119, 118, Versio 168, pp 121,120.
12. ഒരു ഗൊൺസാൽവസ് 1648-നുമുമ്പു് പ്രസിദ്ധീകൃതമായ 'La Triple Courenne dela Bienheurouse Vierge Mere de Dieu' എന്ന പുസ്തകത്തിൽ ഇങ്ങനെ പറയുന്നു: 'ചൈനയിൽ ക്രിസ്തുമതം പ്രസം

'ഇന്ത്യയുടെ കവാട' മായ ഇന്ത്യയിലെ മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ ഇന്ത്യയിലെ സാമന്ത മെത്രാന്മാരും ഭാരതീയർ തന്നെ ആയിരുന്നുവെന്നാണ്. ഇതിൽനിന്നെല്ലാം അനുമാനിക്കേണ്ടതു്. എന്നാൽ നമുക്കു പ്രത്യേകം താൽപര്യം തോന്നേണ്ട വിഷയം 'ഇന്ത്യ ഒക്കെയുടെയും മെത്രാപ്പോലീത്തായും കവാടവും' എന്ന സ്ഥാനമാണു്. റോമാസാമ്രാജ്യത്തിനു വെളിയിൽ സഭാഭരണ സംവിധാനത്തിൽ രൂപം കൊണ്ടിരുന്ന പ്രവണതകളുടെ ഫലമായി ഭാരതത്തിലെ തോമ്മാക്രിസ്ത്യാനികളുടെ സഭയ്ക്കു ലഭിച്ച ഉന്നതമായ പദവിയെ ഈ സ്ഥാനം സൂചിപ്പിക്കുന്നു എന്നു പറയാം. നാം മുകളിൽപ്പറഞ്ഞ സഭകൾക്കു ആരാധനക്രമപരമായ പൊതുവായ ഒരു പൈതൃകസമ്പത്തുണ്ടായിരുന്നു. വി. തോമ്മാശ്ലീഹായിൽ അവർക്കു് എല്ലാവർക്കും ഒരു ആത്മീയ പിതാവും ഉണ്ടായിരുന്നു. ആരാധനക്രമപരമായ പൈതൃകത്തെ അദ്ദേഹത്തോടാണു് അവർ ബന്ധിച്ചതു്.

മുകളിൽപ്പറഞ്ഞ പദവിയുടെ താരതമ്യേന കൂടുതൽ വികാസം പ്രാപിച്ച സ്ഥിതിയെക്കുറിച്ചാണു് അടുത്ത വിഭാഗത്തിൽ പറയാൻ പോകുന്നതു്. അടുത്ത വിഭാഗവും തുടർന്നുള്ള അധ്യായങ്ങളും മിക്കവാറും കേരളത്തിലെ കാര്യങ്ങൾ തന്നെയായിരിക്കും പ്രതിപാദിക്കുന്നതു്. കാരണം, മുകളിൽ പറഞ്ഞിട്ടുള്ളതുപോലെ ഭാരതത്തിലെ തോമ്മാക്രിസ്ത്യാനികളുടെ സഭ കേരളത്തിലേക്കു കേന്ദ്രീകരിക്കപ്പെട്ടുകയാണല്ലോ ചെയ്തതു്. എന്നുമാത്രമല്ല, കേരളത്തിനു പുറത്തുള്ള തോമ്മാക്രിസ്ത്യാനികളുടെ ചരിത്രത്തെക്കുറിച്ചു നമുക്കു കാര്യമായി ഒന്നും അറിയാൻ പാടില്ലെന്നും പറയണം. എന്നാൽ ഇന്ത്യയുടെ തെക്കുകിഴക്കൻ തീരത്തുള്ള മൈലാപ്പൂരിൽ വി. തോമ്മാശ്ലീഹായുടെ ശവകുടീരം എന്നും വന്ദിക്കപ്പെട്ടിരുന്നു എന്നും അവിടെ ഒരു മെത്രാനും [13] സന്യാസികളുടെ ആശ്രമവും ഉണ്ടായിരുന്നുവെന്നും നമുക്കറിയാം.

ഗിക്കുന്നതിനുവേണ്ടി ആയിരം വർഷങ്ങൾക്കുമുമ്പു് മൈലാപ്പൂരിൽനിന്നു് മതപ്രസംഗകർ അയയ്ക്കപ്പെട്ടിരുന്നു എന്നു് മൈലാപ്പൂരിലെ റിക്കാഡുകളിൽ കണ്ടിട്ടുണ്ടെന്നു് ജപ്പാനിലെ മെത്രാൻ ഉറപ്പിച്ചു പറയുന്നു. തോമ്മാശ്ലീഹായുടെ കാലം മുതൽ ചൈനയിൽ പള്ളികളും സ്ഥാപിക്കപ്പെട്ടിരുന്നുവെന്നു് വിശ്വസിക്കാവുന്ന സാക്ഷികളിൽനിന്നു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്. 'Tercentenary of the diocese of Mylapore' എന്ന പ്രസിദ്ധീകരണത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതു്. (Price Current Press, Madras, 1906. p. 1.)

13. പ്രസ്തുത സന്യാസാശ്രമത്തെ സംബന്ധിച്ചു് Giamil S. op. cit. p. 529. നോക്കുക. 1533-നടുത്ത കാലത്തു് മൈലാപ്പൂരിൽ ഒരു കൽഭായ മെത്രാനുണ്ടായിരുന്നു. പോർട്ടുഗീസുകാർ അദ്ദേഹത്തെ 'അബുനാ' എന്നാണു വിളിച്ചിരുന്നതു്. Mundadan A. M., Traditions of the St. Thomas Christians, Dharmaram College, Bangalore, 1970 pp. 106, 107, 90, 91.

കുറിപ്പു്:

കൽദായസഭ. 431–ലെ എഫേസൂസ് സൂനഹദോസിനുശേഷം കുറെക്കഴിഞ്ഞു, തെററായ ധാരണകളുടെ ഫലമായി, കൽദായസഭ പ്രസ്തുതസൂനഹദോസിനെയും അലക്സ്ണ്ട്രിയായിലെ വി. സിറിലിനെയും ശപിക്കുകയും നെസ്റോറിയസ്, മൊപ്സ്വെസ്റ്റിയായിലെ തിയോഡോർ, താർസൂസിലെ ഡിയോഡോർ എന്നിവരെ വന്ദിക്കുകയും ചെയ്തു. ഇതുമൂലം ഈ സഭ നെസ്റോറിയൻ എന്ന വിളിക്കപ്പെടാൻ ഇടയായി. എന്നാൽ ക്രിസ്തുവിജ്ഞാനീയത്തെയും സഭാവിജ്ഞാനീയത്തെയും സംബന്ധിച്ച ഈ സഭയ്ക്കുള്ള നിലപാടു നമ്മുടെ സവിശേഷശ്രദ്ധ അർഹിക്കുന്നു.

അവരുടെ വീക്ഷണത്തിൽ ദൈവത്തിന്റെ നിത്യസുതനായ ദൈവവചനവുമായി ഐക്യപ്പെട്ട മനുഷ്യനായ ഈശോയാണു ക്രിസ്തു. ക്രിസ്തുവിനു ഒരു മാനുഷികപിതാവുണ്ടായിരുന്നില്ല. ദൈവം മാത്രമായിരുന്ന അപ്പിടത്തെ പിതാവു്. അതിനാൽ ക്രിസ്തു ഏകനാണു്. ഏകദൈവപുത്രനാണു്. അദ്ദേഹം രണ്ടു പ്രാവശ്യം ജനിച്ചു. പിതാവായ ദൈവത്തിൽനിന്നു നിത്യമായും നിത്യകന്യകയായ മറിയത്തിൽനിന്നു കാലത്തിനടുത്തവിധവും. അതിനാൽ മറിയം പുത്രനായ ദൈവത്തിന്റെ അമ്മയാണു്. 'ദൈവമാതാവു്' എന്ന പദപ്രയോഗം അവർ വർജ്ജിച്ചിരുന്നു. വിശേഷണം കൂടാതെ 'ദൈവം' എന്നു പറഞ്ഞാൽ അതു ത്രിത്വത്തെയോ എല്ലാ ആളുകളെയുമോ സൂചിപ്പിക്കും എന്നതാണു അതിനു കാരണം. കൂടാതെ, നിത്യസുതനോടു ഐക്യപ്പെട്ടല്ലാതെ ഈശോയ്ക്കു് ഒരിക്കലും അസ്തിത്വമില്ലായിരുന്നു. ഈശോ സൃഷ്ടാവാണു്; അനാദിയായ ജനനത്തോടുകൂടിയവനാണു്.[14]

മുകളിൽപ്പറഞ്ഞ സഭയ്ക്കു കുരിശുയുദ്ധങ്ങളുടെ കാലംവരെ റോമായുമായി സമ്പർക്കം പുലർത്താൻ സാധിച്ചിരുന്നില്ലെങ്കിലും അതു റോമിൽ കേന്ദ്രീകൃതമായ പത്രോസിന്റെ ദിവ്യമായ പരമാധികാരത്തെ സംശയലേശംകൂടാതെ വിശ്വസിക്കുകയും ആ വിശ്വാസത്തെ പരസ്യമായും ഔദ്യോഗികമായും പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.[15]

---

14. See 'Nestorian' Divine Office, passim, specially the Office for Christmas. Cf. also Scipioni L, Ricerca Sulla Cristologia del 'Libro di Eraclide di Nestorio', Friburgo (Sivz), 1956; Idem, Nestorio e il Concilio di Efeso, Milano. 1974

15. Khayyath E, Syri Orientales seu Chaldaei Nestorianei et Romanorum Pontificum Primatus, Romae, 1870.

കൽദായസഭയിലെ പാത്രിയക്കീസ്സ്ഥാനം കുടുംബപാരമ്പര്യം അനുസരിച്ചു വരാതിരിക്കുന്നതിനുവേണ്ടി, ആ സഭയിൽപെട്ട കുറെ ആളുകൾ സുലാക്കാ എന്നു പേരുള്ള ഒരാളെ പാത്രിയക്കീസായി തെരഞ്ഞെടുക്കുകയും റോമിൽവച്ചു അദ്ദേഹത്തെ അഭിഷേകം ചെയ്യിക്കുകയും മാർപ്പാപ്പായെക്കൊണ്ടു അദ്ദേഹത്തെ കൽദായ പാത്രിയക്കീസായി അവരോധിക്കുകയും ചെയ്തു. പാരമ്പര്യവഴിക്കുള്ള പാത്രിയക്കീസുമാർ മാർപ്പാപ്പായുടെ പരമാധികാരത്തെ ചോദ്യം ചെയ്തില്ലെങ്കിലും [16] സുലാക്കായെയും പിൻഗാമികളെയും ചെറുത്തിരുന്നു. സുലാക്കായുടെ പിൻഗാമികളെ മാർപ്പാപ്പാ അംഗീകരിച്ചു സ്ഥിരപ്പെടുത്തിവന്നു. പതിനാറാം നൂറാണ്ടിനുശേഷം ഈ പരമ്പരയിലെ പാത്രിയക്കീസുമാരും റോമാബന്ധം അവസാനിപ്പിച്ചു. നെസ്റ്റോറിയൻ സഭയായിത്തീർന്നു. പിന്നീടു ആ സഭ രണ്ടായി പിളർന്നു. മറേറ പരമ്പരയിലുള്ള പാത്രിയക്കീസുമാർ റോമായുമായി സമ്പർക്കത്തിലേർപ്പെടുകയും ഇന്നത്തെ കൽദായ കത്തോലിക്കാസഭ രൂപം കൊള്ളുകയും ചെയ്തു. അതിന്റെ ആസ്ഥാനം ബാബിലോൺ ആണു്.

നെസ്റ്റോറിയൻ എന്ന വാക്കു ദേശസ്വഭാവത്തെ കുറിക്കുന്നതിനാണു മിക്കപ്പോഴും ഉപയോഗിച്ചിരുന്നതു്. പാഷണ്ഡതയെ കുറിക്കാനല്ല.

മൂന്നാം ഭാഗം

ഏറ്റവും ഉന്നതമായ സ്ഥിതിയിൽ എത്തുന്നു

1. ഇന്ത്യ മുഴുവന്റെയും കവാടം

'ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്തായും കവാടവും' എന്ന സ്ഥാനം നമുക്കു വളരെ താൽപര്യമുള്ള ഒന്നാണെന്നു മുകളിൽ പറഞ്ഞല്ലോ. 'കവാടം' എന്ന വാക്കിനു പരമാധികാരത്തെ സൂചിപ്പിക്കുന്ന അർത്ഥമാണു പൗരസ്ത്യരുടെ ഇടയിൽ ഉള്ളതു്. ഇവിടെ 'കവാടം' ഭാരതത്തിന്റെ മുഴുവൻ ആണു്. അതിനാൽ പരാമൃഷ്ടനായ മെത്രാപ്പോലീത്തായുടെ സ്ഥാനം വളരെ അസാധാരണമെന്നു വ്യക്തം.

---

16. See the letters they sent to Rome, Giamil S, op. cit.

കൽദായ പാത്രിയർക്കീസായ തിമോത്തി ഒന്നാമന്റെ കാലത്തിനുശേഷം ഇന്ത്യയിലെ നാട്ടുകാരായ മെത്രാന്മാരുടെ (അവരെക്കുറിച്ചു മുൻ ഭാഗത്തു പറഞ്ഞിട്ടുണ്ട്) സ്ഥാനത്തു കൽദായക്കാരായ മെത്രാന്മാർ വന്നു തുടങ്ങി. അവരെ നാട്ടുകാർ കൊണ്ടുവരുകയോ കൽദായ പാത്രിയർക്കാമാർ അയയ്ക്കുകയോ ആണു ചെയ്തിരുന്നതു്. 14—ാം നൂറ്റാണ്ടിനു മുമ്പു അന്ത്യോക്യായിലെ ഗ്രീക്കു് മെൽക്കൈറ്റ് പാത്രിയർക്കീസോ അദ്ദേഹത്തിനു കീഴിലുള്ള കാതോലിക്കോസോ ഇന്ത്യയിലേക്കു മെത്രാന്മാരെയും മെത്രാപ്പോലീത്താമാരെയും അയച്ചിരുന്നുവെന്നതിനും സൂചനകളുണ്ടു്.[1]

കൽദായക്കാരായ പ്രസ്തുത മെത്രാപ്പോലീത്താമാർ (കൽദായ സഭയ്ക്കു പുറമേയുള്ള സ്ഥലത്തു വാഴുന്നവരാകയാൽ) കൽദായ പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുന്ന സിനഡിൽ പങ്കെടുക്കാൻ അവകാശമുള്ളവരായിരുന്നില്ല.[2] പ്രസ്തുത മെത്രാപ്പോലീത്താമാർ ഏതെങ്കിലും സൂനഹദോസിൽ തെരഞ്ഞെക്കപ്പെട്ടിട്ടു് ഇന്ത്യയിലേയ്ക്കു് അയയ്ക്കപ്പെട്ടിരുന്നുവെന്നും തോന്നുന്നില്ല. ഇന്ത്യയിലുണ്ടായിരുന്ന കൽദായ മെത്രാന്മാരെക്കുറിച്ചും ഇതുതന്നെ പറയണം. ഇന്ത്യാക്കാരുടെ അഭ്യർത്ഥന അനുസരിച്ചാണു മിക്കപ്പോഴും അവർ അയയ്ക്കപ്പെട്ടിരുന്നതു്. ഭാരതസഭയ്ക്കു് ഒരുതരം സ്വയംഭരണാധികാരം ഉണ്ടായിരുന്നുവെന്നതിന്റെ സൂചനയല്ലേ ഇതു്? എന്നാൽ കൽദായ കാനോനിസ്റ്റായ അബ്ദീശോ സോബെൻസിസ് ഇന്ത്യയെക്കുറിച്ചു കൽദായസഭയുടെ ഒരു 'പ്രോവിൻസ്' എന്നു പറയുന്നുണ്ടു്.[3]

2. കേരളത്തിലേക്കു് കേന്ദ്രീകരിച്ചു

തോമ്മാക്രിസ്ത്യാനികളുടെ സഭ കേരളത്തിലേയ്ക്കു കേന്ദ്രീകരിച്ചു എന്നു മുകളിൽപ്പറഞ്ഞു. തുടർന്നു പറയുന്ന കാര്യങ്ങൾകൊണ്ടു് അതു വ്യക്തമാകും.

(a) വത്തിക്കാനിലെ പ്രാചീന രേഖാശേഖരത്തിൽ സൂറിയാനി കോഡക്സ് 22 ആയി ചേർത്തിരിക്കുന്നതും 1301—ൽ

---

1. Le Quien M. Oriens Christianus in quatuor Partiarchatus digestus....Paris, 1740, 3 Vols. II, 1086—1088.

2. Dauvillier J. Les Provinces Chaldeennes de l Exterient, 'Melanges F. Cavelera', Toulouse, 1948, pp.270—272.

3. Ebedjesus (Abdiso) Sobensis , (Collectio Canonum Synodicorum (ed. Mai, 'Scriptorum Veterum Nova Collectio E Vaticanis Codicibus Edita', Romae, 1823), Tract VIII, cap 15.

കേരളത്തിലുള്ള കൊടുങ്ങല്ലൂർ[4] വച്ചു എഴുതപ്പെട്ടതുമായ ഒരു രേഖയുണ്ട്. അന്നു കേരളത്തിലെ മതാദ്ധ്യക്ഷനായിരുന്ന മാർ യാക്കോബിന്റെ ശിഷ്യനായ ഒരു സഖറിയാസ് ഡീക്കൻ എഴുതിയതാണതു്, ആ രേഖയിൽ ഒരിടത്തു് ഇങ്ങനെ പറയുന്നു:

'മാർ യാക്കോബ് മെത്രാപ്പോലീത്താ മാർത്തോമ്മാ ശ്ലീഹായുടെ സഭയുടെ അദ്ധ്യക്ഷനും ഭരണാധികാരിയുമാകുന്നു. അതായതു് അദ്ദേഹം ഞങ്ങളുടെയും ഇന്ത്യയിലെ സകല ക്രിസ്ത്യാനികളുടെയും ഭരണാധികാരി ആകുന്നു.'

'വി. തോമ്മാശ്ലീഹായുടെ സഭ' എന്ന പ്രയോഗം നാം ഇവിടെ കാണുന്നു. ഈ പ്രയോഗം വളരെ പ്രധാനമാണു്. കാരണം കൽദായ പാത്രിയർക്കീസിന്റെ സഭ വി. തോമ്മാശ്ലീഹായുടെ സഭ ആയിരുന്നില്ല. ജെറുസലത്തെ സഭയും അതു കേസറിയായിലെ സഭയ്ക്കു് അധീനമായതും പോലുള്ള എന്തോ ഒന്നു ഇവിടെ സൂചിപ്പിക്കപ്പെടുന്നതായിത്തോന്നുന്നു.

വീണ്ടും, 'ഇന്ത്യയിലെ എല്ലാ ക്രിസ്ത്യാനികളുടെയും ഭരണാധികാരി' എന്ന പ്രയോഗം അതിന്റെ സാരാർത്ഥത്തിൽ 'മുഴുവൻ ഇന്ത്യയുടെയും കവാടം' എന്നതിനോടു് യോജിക്കുന്നു.

'ഞങ്ങളുടെ ഭരണാധികാരി' എന്ന പ്രയോഗം, മാർ യാക്കോബു് കൊടുങ്ങല്ലൂർ താമസിച്ചിരുന്നു എന്നു വ്യക്തമാക്കുന്നതായി കരുതണം. കാരണം കൊടുങ്ങല്ലൂർവച്ചു മാർ യാക്കോബിന്റെ ഒരു ശിഷ്യൻ എഴുതിയതാണല്ലോ ആ രേഖ. യവനരും റോമാക്കാരും കൊടുങ്ങല്ലൂരിനെ അറിഞ്ഞിരുന്നതു 'മുസിരിസ്' എന്ന പേരിലാണു്. അതു് ഒരു തുറമുഖവും രാജകീയ നഗരവും ആയിരുന്നു. തോമ്മാശ്ലീഹാ അവിടെ കപ്പലിറങ്ങി സുവിശേഷപ്രസംഗം തുടങ്ങി എന്നാണു കേരളത്തിലെ പാരമ്പര്യ വിശ്വാസം.

(b) പതിനേഴാം ശതകത്തിൽ കേരളത്തിലുണ്ടായിരുന്ന കാസ്പോറി എസ്സ്. ജെ. ഇങ്ങനെ രേഖപ്പെടുത്തുന്നു:

'പല ഗ്രന്ഥങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള അറിവിന്റെയും ശരിക്കും അറിയപ്പെട്ട വസ്തുതകളുടെയും അടിസ്ഥാനത്തിൽ കേരളത്തിലെ ക്രിസ്തീയസഭാദ്ധ്യക്ഷൻ ഒരു മെത്രാപ്പോലീത്താ ആയിരുന്നുവെന്നും പ്രസ്തുത മെത്രാസനം ഇന്ത്യയിൽ ഏറ്റവും പ്രാചീനമായതാണെന്നും കാണാം. ഈ സഭാദ്ധ്യക്ഷന്മാർ ഇന്ത്യ മുഴുവ

---

4. സേൻഗല എന്നതു് കൊടുങ്ങല്ലൂരിന്റെ മറ്റൊരു പേരായിരുന്നു. ഇന്നും കൊടുങ്ങല്ലൂർ അഴിക്കു് പെങ്ങൽ അഴി എന്നു പറയും.

ന്റെയും സമീപപ്രദേശങ്ങളുടെയും 'ആർച്ച് ബിഷപ്പ്' മെട്രോപ്പോലീറ്റൻ' എന്ന വിളിക്കപ്പെട്ടിരുന്നു.'[5]

ഈ പ്രസ്താവത്തിൽ താഴെ പറയുന്ന പോയിന്റുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. (1) കേരളത്തിലെ മെത്രാപ്പോലീത്താ ഭദ്രാസനം ഇന്ത്യയിലെ ഏറ്റവും പ്രാചീനമായതാണ്. (2) ആ മെത്രാപ്പോലീത്താ ഇന്ത്യ മുഴുവന്റെയും സമീപപ്രദേശങ്ങളുടെയും 'ആർച്ച് ബിഷപ്പ്' മെട്രോപ്പോലീറ്റൻ' എന്ന വിളിക്കപ്പെട്ടിരുന്നു. (3) ഇപ്പറഞ്ഞതെല്ലാം വിവിധ ഗ്രന്ഥങ്ങളെയും സുവിജ്ഞാതങ്ങളായ വസ്തുതകളെയും അടിസ്ഥാനമാക്കി പറയുന്നതാണ്.

ഇവിടെ പരാമൃഷ്ടമായ ഇന്ത്യയുടെ വിസ്തൃതിയെക്കുറിച്ചു കാമ്പോറിയുടെ സമകാലികനും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആദ്യത്തെ ലത്തീൻ മെത്രാനുമായ റോസ് എസ്. ജെ. 'നൂറാണ്ടുകൾ മുമ്പു ജീവിച്ചിരുന്ന ഒരു ഗ്രന്ഥകാരന്റെ പ്രസ്താവത്തെ അടിസ്ഥാനമാക്കി' ഇങ്ങനെ പറയുന്നു: 'ഇന്നത്തെ ഇന്ത്യ എന്നു തന്നെ അർത്ഥമായ 'ഹെന്ദോ' എന്ന വാക്കുകൊണ്ടു അർത്ഥമാക്കിയിരുന്നതു സിന്ധുനദി മുതൽ കന്യാകുമാരി മുനമ്പു വരെ വ്യാപിച്ചു കിടന്നിരുന്ന പ്രദേശത്തെയാണ്.[6]'

സമീപപ്രദേശങ്ങൾ എന്നതുകൊണ്ട് കാമ്പോറി ഉദ്ദേശിക്കുന്നതു സൊക്കോത്രായിലും വലിയ ചൈനയിലുമുള്ള മെത്രാസനങ്ങളായിരിക്കും.

മുകളിൽ നാം പറഞ്ഞ കാര്യങ്ങളെല്ലാം വ്യക്തമാക്കുന്നതു ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭ കേരളത്തിലേക്കു കേന്ദ്രീകരിച്ചുകൊണ്ടിരുന്നു എന്നതാണ്. 'തോമ്മാശ്ലീഹായുടെ വിശുദ്ധ സഭ'എന്നറിയപ്പെട്ടിരുന്ന കേരളത്തിലെ സഭയുടെ മെത്രാപ്പോലീത്താ എത്ര വിശാലവും ഉന്നതവുമായ അധികാര പരിധി ഉള്ളയാളായിരുന്നു എന്നും നമുക്കു മനസ്സിലാക്കാം.[7]

---

5. Jesuit Archivcs, Rome, Goa 65, f.4. The Portuguese called Malabar Serra.
6. Ibid. f. 43
7. ഇന്ത്യാക്കാരനായ ജോസഫ് എന്നറിയപ്പെട്ട കേരളീയനായ ഒരു മാർത്തോമ്മാ നസ്രാണി 16—ാം ശതകത്തിന്റെ ആരംഭത്തിൽ റോമിലും വെനീസിലും ഉണ്ടായിരുന്നു. അദ്ദേഹം തന്റെ നാട്ടിലെയും 'കതയ' നാട്ടിലെയും വൈദിക മേലധ്യക്ഷന്മാരെക്കുറിച്ച് 'പാത്രിയർക്കീസുമാർ' എന്നാണു പറഞ്ഞിട്ടുള്ളതു. തീർച്ചയായും ആ പ്രയോഗം വിശാലമായ ഒരർത്ഥത്തിലുള്ളതായിരിക്കും:—
Schurhammer. G. "The Malabar Church and Rome during the early portuguese period and before", Trichinopoly. 1934 p.8.

മുകളിൽപ്പറഞ്ഞ രീതിയിലുള്ള അവസാനത്തെ മെത്രാപ്പോലീത്തായും 'ഇന്ത്യ ഒക്കെയുടെയും കവാടവും' ആയിരുന്നതു മാർ അബ്രാഹം (+1597) ആണു്. കൽദായ പാത്രീയർക്കീസായിരുന്ന അബ്ദീശോ1567-ൽ 'ഇന്ത്യയിലുള്ള സുറിയാനിക്കാരായ നമ്മുടെ അജഗണങ്ങളെ വിജ്ഞാപിച്ചു്' അവരെ മാർ അബ്രാഹം, മാർ യൗസേപ്പു് എന്നിവരെ ഭരമേൽപ്പിക്കുകയും മാർ അബ്രാഹത്തിനെ 'മറ്റെല്ലാ മെത്രാന്മാർക്കും മെത്രാപ്പോലീത്താമാർക്കും മേൽപ്പെട്ടവനായി' നിയമിക്കുകയും ചെയ്തു.[8]

കേരളത്തിലുള്ള അങ്കമാലിയായിരുന്നു മാർ അബ്രാഹത്തിന്റെ ആസ്ഥാനം. അദ്ദേഹം ഭരിച്ചിരുന്ന രൂപതയുടെ പേരും അങ്കമാലി എന്നതായിരുന്നു. മാർ അബ്രാഹം 'മറ്റു മെത്രാന്മാർക്കും മെത്രാപ്പോലീത്താമാർക്കും മേലെപ്പെട്ടയാൾ' എന്ന നിലയിൽ ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്തായും 'കവാട'വും ആയിരുന്നു. യഥാർത്ഥത്തിൽ തന്റെ പാത്രിയർക്കീസിനുള്ള കത്തുകളിലെല്ലാം 'അഖിലേന്ത്യാ' എന്ന സ്ഥാനം അദ്ദേഹം ഉപയോഗിച്ചിരുന്നു.[9]

അദ്ദേഹവും അദ്ദേഹത്തിന്റെ പാത്രിയർക്കീസും പോർത്തുഗീസുകാരെ പേടിച്ചിട്ടു് 'ഇന്ത്യയുടെ കവാടം' എന്ന സ്ഥാനം ഉപയോഗിച്ചിരുന്നില്ല എന്നാണു തോന്നുന്നതു്. ഗോവായിലുള്ള തങ്ങളുടെ മെത്രാപ്പോലീത്തായാണു ഭാരതസഭയുടെ മേലദ്ധ്യക്ഷൻ എന്നായിരുന്നല്ലോ പോർത്തുഗീസുകാരുടെ നിലപാടു്.

3. ഭരണവും ക്രിസ്തീയ ജീവിതവും

ഭാരതത്തിലെ തോമ്മാക്രിസ്ത്യാനികളുടെ ഭരണത്തെയും ക്രൈസ്തവജീവിതത്തെയും കുറിച്ചു് ഇനി നമുക്കു ചിന്തിക്കാം.

(a) 'ഇന്ത്യയുടെ കവാടവും മെത്രാപ്പോലീത്തായും' ആയിരുന്ന ആളിനു് വൈദികനായ ആർച്ചുഡീക്കൻ ഉണ്ടായിരുന്നു. മുമ്പു നാം ഉദ്ധരിച്ച കാസ്പോറി എസ്സു്. ജെ. പറയുന്നു:

ഈ ആർച്ചു് ഡീക്കന്മാർ എപ്പോഴും 'ഇന്ത്യ മുഴുവന്റെയും സമീപസ്ഥലങ്ങളുടെയും ആർച്ചുഡീക്കൻ' എന്നാണു വിളിക്കപ്പെട്ടിരുന്നതു്.[10]

---

8. Jesuit Archives, Rome, Gall 95 I 197 (decree in the original Chaldean): Beltrami G, La Chiesa caldea nel secolo dell 'Unionec, Roma, 1933, P.96 (Italian translation of the decree).
9. Jesuit Archives, Rome. Goa 65, f.5
10. Ibid.
11. I.C. തിമോത്തി ഒന്നാമൻ പറയുന്നു, ''റോമാ പാത്രിയർക്കീസിനെ എല്ലാവരും അനുസരിക്കണം. എന്തുകൊണ്ടെന്നാൽ അദ്ദേഹം

കൽദായസഭയിൽ ഓരോ മെത്രാനും അഥവാ മെത്രാപ്പോലീത്തായ്ക്കും തന്റെ രൂപതാഭരണത്തിൽ സഹായിക്കാൻ ഓരോ ആർച്ചുഡീക്കൻ ഉണ്ടായിരുന്നു. എന്നാൽ ഇവിടത്തെ ആർച്ചുഡീക്കൻ 'ഇന്ത്യ മുഴുവന്റെയും സമീപസ്ഥലങ്ങളുടെയും' ആർച്ചുഡീക്കൻ ആയിരുന്നുവെന്നാണ് നാം കാണുന്നത്. അതിനാൽ പ്രസ്തുത ആർച്ചുഡീക്കൻ പ്രസ്തുത മെത്രാപ്പോലീത്തായെ 'ഇന്ത്യ മുഴുവന്റെയും സമീപസ്ഥലങ്ങളുടെയും സഭാദ്ധ്യക്ഷൻ' എന്ന നിലയിൽ സഹായിച്ചിരുന്നയാളാണ്.

ഇവിടെ പറയുന്ന ആർച്ചുഡീക്കൻ സ്ഥാനംഎന്നാണ് ആരംഭിച്ചതു്എന്നു നമുക്കു് അറിഞ്ഞുകൂടാ. കൽദായപാത്രിയക്കീസായ തിമോത്തി ഒന്നാമൻ ഇന്ത്യയിലെ ക്രിസ്ത്യാനികൾക്കു് അയച്ച കത്തിൽ (ഈ കത്തു് ഇബൻ അത്തിബു് ഉദ്ധരിച്ചിട്ടുണ്ടു്)[11] ഇന്ത്യയിലെ ആർക്കൻ (അർക്കദിയാക്കോൻ)നെ 'ഇന്ത്യയിലെ വിശ്വാസികളുടെ തലവൻ' എന്നു പരാമർശിച്ചിട്ടുണ്ടു്.

യഥാർത്ഥത്തിൽ ഇവിടത്തെ സഭയുടെ ഭരണം അർക്കദിയാക്കോന്റെ കൈകളിലായിരുന്നു. 1599—ൽ കർത്തിനാം ഗെസ്വാംഡു്, മുകളിൽപ്പറഞ്ഞ മാർ അബ്രാഹത്തിന്റെ നിര്യാണശേഷമുള്ള അങ്കമാലി രൂപതയുടെ സ്ഥിതിയെക്കുറിച്ചു പറയുന്ന സന്ദർഭത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു.

'മുകളിൽപ്പറഞ്ഞ അങ്കമാലി നഗരം ആസ്ഥാനമാക്കി ഒരു അതിരൂപതയുണ്ടു്. അവിടെ ഒരു അർക്കദിയാക്കോൻ ഉണ്ടു്. മെത്രാപ്പോലീത്തായുടെ അധികാരങ്ങളും പ്രസ്തുത അർക്കദിയാക്കോൻ പ്രയോഗിക്കുമായിരുന്നു.[12]

ചരിത്രത്തിൽ നമുക്കു് അറിയാവുന്ന പ്രസ്തുത അർക്കദിയാക്കോൻമാരെല്ലാം കേരളത്തിൽനിന്നുള്ളവരായിരുന്നു. ഒരേ കുടുംബത്തിൽനിന്നു് ഉള്ളവരും ആയിരുന്നു. പ്രസ്തുത കുടുംബം തോമ്മാശ്ലീഹായിൽനിന്നുതന്നെ ജ്ഞാനസ്നാനം സ്വീകരിച്ചതാണെന്നാണ് വിശ്വസിക്കപ്പെടുന്നതു്.[13]

മെത്രാപ്പോലീത്താ വൈദികാദ്ധ്യക്ഷനടത്തുന്ന ചുമതലകളും നിർവഹിച്ചുകൊണ്ടു് യതിതുല്യമായ ഒരു ജീവിതം നയിച്ചുവന്ന

ശെമയോൻ കേപ്പായുടെ സ്ഥാനമാണ് വഹിക്കുന്നതു്''. ഈ തിമോത്തി ഒന്നാമൻ കൽദായ സഭയുടെ പാത്രീയക്കീസായ ആസ്ഥാനം സെല്യൂഷ്യ—സ്റ്റെസീഫോണിൽ നിന്നു് ബാഗ്ദാദിലേയ്ക്കു മാറ്റി. പിന്നീടു് പ്രസ്തുത ആസ്ഥാനം തുടർച്ചയായി പല സ്ഥലങ്ങളിലേക്കും മാറ്റപ്പെട്ടു.

12. Beltrami G, op. cit., p.246

13. ഇന്ത്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭ കേരളത്തിലേയ്ക്കു് കേന്ദ്രീകരിക്കുകയായിരുന്നു എന്നതിന്റെ ഒരു സൂചനയാണിതു്.

പ്പോഴും, വിവിധ രാജ്യങ്ങളിലായി ചിതറി താമസിക്കുകയും പല രാജാക്കളാൽ ഭരിക്കപ്പെടുകയും ചെയ്തിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളെയെല്ലാം അർക്കദിയാക്കോൻ ഭരിച്ചിരുന്നു. 1657 മുതൽ 1662 വരെ കേരളത്തിലെ അപ്പസ്തോലിക്കു കമ്മിസറിയായിരുന്ന ജോസഫ് സെബസ്ത്യാനി ഒ. സി. ഡി. പറയുന്നതുപോലെ അദ്ദേഹം, 'തോമ്മാക്രിസ്ത്യാനികളുടെ രാജാവും തലവനുമായിരുന്നു.[14] അദ്ദേഹം രാജോചിതമായ പ്രത്യേക ആനുകൂല്യങ്ങളും അനുഭവിച്ചിരുന്നു.'[15]

ഇടവകകളിൽ 'ഇടവകയോഗങ്ങൾ' ഉണ്ടായിരുന്നു. പള്ളിയിലെ വൈദികരും ഇടവകയിലെ പ്രായപൂർത്തിയായ പുരുഷന്മാരും ഉൾപ്പെട്ടതായിരുന്നു യോഗങ്ങൾ. പള്ളിയോട് ബന്ധപ്പെട്ട എല്ലാ ആളുകളുടെയും ക്ഷേമം ഈ യോഗങ്ങളുടെ ചുമതലയിലായിരുന്നു. പരസ്യകുറ്റവാളികളെ സമുദായത്തിൽനിന്നു ബഹിഷ്കരിക്കാനും അവരെ സമുദായത്തിലേക്കു തിരികെ സ്വീകരിക്കാനും ഈ യോഗങ്ങൾക്കു അധികാരമുണ്ടായിരുന്നു.[16]

ഇടവകവൈദികർക്കു ഓരോ പ്രത്യേക ഇടവകപ്പള്ളികൾക്കുവേണ്ടിയാണു പട്ടം കൊടുത്തിരുന്നതു് എന്ന കാര്യവും ആനുഷംഗികമായി ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഓരോ ഇടവകയോഗവും വൈദികാർത്ഥികളെ വൈദികാദ്ധ്യക്ഷന്മാരുടെ പക്കൽ പട്ടം കൊടുക്കുന്നതിനായി ഹാജരാക്കിയിരുന്നു. പ്രസ്തുത വൈദികരെ തങ്ങൾ സംരക്ഷിച്ചുകൊള്ളാമെന്നു യോഗക്കാർ ഉറപ്പുകൊടുക്കുകയും ചെയ്തിരുന്നു[17]. മല്പാന്മാർ എന്നു വിളിക്കപ്പെട്ടിരുന്ന പണ്ഡിതവൈദികരായിരുന്നു വൈദികാർത്ഥികളെ അഭ്യസിപ്പിച്ചിരുന്നതു്. അവർ വൈദികാർത്ഥികളെ സഭയുടെ പാരമ്പര്യങ്ങളിൽ സനിഷ്കർഷം പരിശീലിപ്പിച്ചുവന്നു

ഒരു പ്രദേശത്തുള്ള ഒന്നിലധികം പള്ളികളെ സംബന്ധിക്കുന്ന കാര്യങ്ങൾ ആ പ്രദേശത്തെ പള്ളിയോഗങ്ങളുടെ പ്രതിനിധികൾ ഒരുമിച്ചു ചേർന്നു് ആലോചിച്ചു തീരുമാനിച്ചിരുന്നു. കേരള ക്രിസ്തീയ സമുദായത്തെ മുഴുവൻ ബാധിക്കുന്ന (സാമൂഹ്യ, രാഷ്ട്രീയ, മതപര) കാര്യങ്ങൾ എല്ലാം പള്ളികളുടെയും പ്രതിനിധി

---

14. Propagandæ Archives, Rome, Scritture rifer. Congr. Gener. Vol. 233, f.111.
15. Ibid. Scritture rifer. Congr. Part. dell'Indiae Cina, Vol. 56,ff. 429,430.
16. Paulinus a S. Bartholomaeo. OCD.' Viaggio Alle Indie Orientali, Roma, 1796' P. 80
17. ഈ പതിവു് അകത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളുടെയിടയിൽ ഇന്നും നിലനില്ക്കുന്നുണ്ടു്.

കയം ഒരുമിച്ചുചേർന്നുള്ള പൊതുയോഗമാണു് ആലോചിച്ചു തീരുമാനിച്ചിരുന്നതു്.[18] ഇത്തരം പൊതുയോഗങ്ങളിൽ അർക്കദിയാക്കോൻ തന്റെ സവിശേഷമായ പങ്കുവഹിച്ചിരുന്നു. ഈ വക കാര്യങ്ങളും പരിഗണിച്ചാണു പൗളിനൂസു് ഓഫു് സെന്റു് ബർത്തലോമിയസു് ഒ. സി. ഡി, 18–ാം ശതകത്തിന്റെ അന്ത്യത്തിൽ, കേരളത്തിൽ നിലനിലുക്കുന്നതു്. ഒരു 'ക്രിസ്ത്യൻ റിപ്പബ്ലിക്കു്' ആണു് എന്നു രേഖപ്പെടുത്തിയിട്ടുള്ളതു്.[19]

തോമ്മാക്രിസ്ത്യാനികളുടെ ക്രൈസ്തവജീവിതത്തെക്കുറിച്ചു് ഇനി നമുക്കു ചിന്തിക്കാം, ആണ്ടുവട്ടത്തിലെ എല്ലാ ബുധനാഴ്ചകളിലും വെള്ളിയാഴ്ചകളിലും ആണ്ടിന്റെ പകുതിയോളംവരുന്ന വിശുദ്ധ കാലങ്ങളിലും അവർ നോയ്മ്പു് ആചരിച്ചിരുന്നു. വിശുദ്ധ കാലങ്ങളിലെ നോയ്മ്പു് ഉപവാസവുംകൂടെ ചേർന്നതായിരുന്നു. നോയ്മ്പു്, വിശേഷിച്ചും ഉപവാസദിവസങ്ങളിലേതു്, സസ്യേതരഭോജ്യങ്ങളും എല്ലാം വർജിച്ചുകൊണ്ടുള്ളതായിരുന്നു. മദ്യപാനം, വെറിലമുറുക്കു്, ലൈംഗികബന്ധം എന്നിവയും ആ ദിവസങ്ങളിൽ വർജിച്ചിരുന്നു. ഉപവാസദിവസങ്ങളിൽ ഒരുനേരംമാത്രം പൂർണാഹാരം കഴിച്ചിരുന്നു; അതു് സൂര്യാസ്തമനത്തിനു മുമ്പായിട്ടു്. ഉപവാസദിനങ്ങളും പ്രത്യേക പ്രാർത്ഥനകളുടെയും ദാനധർമ്മങ്ങളുടെയും ദിവസങ്ങളും ആയിരുന്നു. തോമ്മാക്രിസ്ത്യാനികളും ശരിക്കും ക്രൈസ്തവജീവിതം നയിക്കുന്നവരായിരുന്നു എന്നാണു് ഇതെല്ലാം കാണിക്കുന്നതു്. പതിനാറാം നൂറ്റാണ്ടിൽ കേരളത്തിലുണ്ടായിരുന്ന പോർട്ടുഗീസുകാർക്കു് ഇക്കാര്യങ്ങളിലെല്ലാം നമ്മുടെ ജനങ്ങളെ അഭിനന്ദിക്കാനല്ലാതെ അനുകരിക്കാൻ കഴിഞ്ഞിരുന്നില്ല.[20] മുകളിൽപ്പറഞ്ഞ നോയ്മ്പും ഉപവാസവും അനുഷ്ഠിക്കാനുള്ള കടമ ലത്തീൻ റീത്തിലെപ്പോലെ ചാവുദോഷത്തിന്റെ കീഴിലുള്ള ഒരു ബാദ്ധ്യതയായിരുന്നില്ല എന്നതും ശ്രദ്ധിക്കേണ്ടതാണു്. മുകളിൽ പറഞ്ഞവയ്ക്കു പുറമെ ഐച്ഛികമായ 70 ഉപവാസദിനങ്ങളും ഉണ്ടായിരുന്നു, പലരും ആ ദിനങ്ങളിലും ഉപവസിച്ചിരുന്നു.

ഈ ഐച്ഛിക ഉപവാസങ്ങളിലൊന്നു് 'എട്ടു നോയ്മ്പു്' ആയിരുന്നു. അതു് ഇന്നും ആചരിക്കപ്പെടുന്നുണ്ടു്. സെപ്റ്റം

18. Istoria della Missione di Malabar, (c. 1750) Propaganda Archives. Rome, Congr. Part. Vol. 109, f. 90.
19. Paulinus a S. Bartholomaeo, OCD., Viaggio.... (op cit.) p. 137.
20. Letter of Fr. Jerome, SJ., Rector, College, Cochin, Malabar, 1590, Jesuit Archives, Rome, Goa–Mal. 14, ff. 1,2.

ബർ മാസത്തിൽ മാതാവിന്റെ പിറവിനാളിനുമുമ്പായിട്ടാണ് ഇതു് ആചരിക്കുന്നതു്. ഇതു കേരളക്രിസ്ത്യാനികളുടെ പ്രത്യേകതയായ ഒരു നോയ്മ്പു് ആണു്. ഈ നോയ്മ്പു് ആചരിക്കുന്നവർ രാവിലെ പള്ളിയിൽപ്പോവുകയും ഉച്ചവരെ പള്ളിയിൽ പ്രാർത്ഥിച്ചുകൊണ്ടു കഴിച്ചുകൂട്ടുകയും ചെയ്യും. ചില സ്ഥലങ്ങളിൽ പള്ളിക്കു സമീപം താമസിക്കുന്നവർ ഭക്ഷണസാധനങ്ങളും (സസ്യാഹാരങ്ങളുംമാത്രം) കൊണ്ടുവന്നു പള്ളിയുടെ വാതിൽക്കൽ വച്ചിട്ടുപോകും. പള്ളിയിൽ നോയ്മ്പരിക്കുന്നവർക്കു് ഇതു പങ്കിട്ടെടുക്കാം. അവർ അതു വീട്ടിൽകൊണ്ടുപോയി പ്രധാന ഭക്ഷണത്തിന്റെ കൂടെ കഴിക്കുകയാണു പതിവു്. ഒരു വീട്ടിൽ ഈ നോയ്മ്പു് ആചരിക്കുന്ന ഒരാളുണ്ടെങ്കിൽ അയാൾക്കു് ഉച്ചഭക്ഷണം കൊടുത്തിട്ടേ ബാക്കിയുള്ളവർ ഉച്ചഭക്ഷണം കഴിച്ചിരുന്നുള്ള. പഴയ കാലങ്ങളിൽ മുകളിൽപ്പറഞ്ഞ രീതിയിൽ നേർച്ചയായി പള്ളിയിൽ കിട്ടുന്ന ഭക്ഷണസാധനങ്ങളും പാകംചെയ്തു് സ്നേഹസദ്യയായി നോയ്മ്പുകാർ ഭക്ഷിച്ചിരുന്നു. ഈ നോയ്മ്പു് സ്ത്രീകളുടെ ഒരു ഭക്തകൃത്യമായിട്ടാണു സാധാരണ കരുതപ്പെടുന്നതെങ്കിലും ചില സ്ഥലങ്ങളിൽ പുരുഷന്മാരും ഇതു് ആചരിക്കുന്നുണ്ടു്. ചില സ്ഥലങ്ങളിൽ അക്രൈസ്തവർപോലും ഇന്നും ഈ നോയ്മ്പു് ആചരിക്കുന്നുണ്ടു്. അക്രൈസ്തവർ പള്ളിക്കു പുറത്തിരുന്നാണു പ്രാർത്ഥിക്കാറു്.

യാക്കോബായക്കാരായ തോമ്മാക്രിസ്ത്യാനികളും മിക്കവരും ഇന്നും മുകളിൽപ്പറഞ്ഞതുപോലുള്ള നോയ്മ്പുകളും ഉപവാസങ്ങളും അനുഷ്ഠിക്കുന്നുണ്ടു്. വലിയ ആഴ്ചയിലും ഞായറാഴ്ചകളിലും അവർ നിവൃത്തിയുള്ളിടത്തോളം യാത്രകളും ചെയ്യാറില്ല. ആ ദിവസങ്ങളിൽ അവർ കുളിക്കുകയോ ബൈബിളും മറ്റു് ആധ്യാത്മിക ഗ്രന്ഥങ്ങളുമല്ലാതെ ഒന്നും വായിക്കുകയോ ചെയ്യാറില്ല. അവരുടെ വൈദികർ കുർബാന ചൊല്ലുന്ന ദിവസങ്ങളിൽ കുർബാന ചൊല്ലുന്നതിനു മുമ്പായി അക്രൈസ്തവരോടു സംസാരിക്കാറില്ല (പഴയ രീതിയനുസരിച്ചാണു് ഇതു്). ലത്തീൻ സമ്പ്രദായത്തിലുള്ള ഭരണക്രമം കത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളുടെയിടയിൽനിന്നു് ഇതെല്ലാം അപ്രത്യക്ഷമാകാൻ കാരണമായി. മുകളിൽപ്പറഞ്ഞതെല്ലാം പഴയനിയമ സമ്പ്രദായത്തിലുള്ള ഭക്തിയോ അന്ധവിശ്വാസംപോലുമോ ആണെന്നു് അഭിപ്രായമുള്ളവരെയും ഈ ലേഖകൻ കണ്ടിട്ടുണ്ടു്.

തോമ്മാക്രിസ്ത്യാനികളുടെയിടയിൽ സന്യാസികളും ഉണ്ടായിരുന്നു. പൗളിനുസ് ഓഫ് സെൻറ് ബർത്തെലൂമെയൂസ് ഒ. സി. ഡി. പതിനെട്ടാം നൂറ്റാണ്ടു് അന്ത്യത്തിൽ അങ്കമാലി, മൈലക്കൊമ്പു്, ഇടപ്പള്ളി എന്നീ സ്ഥലങ്ങളിൽ സന്യാസാ

ശ്രമങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടു.[21] കേരളനസ്രാണികളുടെ ഇടയിൽ രണ്ടുതരം വൈദികരാണ് ഉണ്ടായിരുന്നതു്. ഒരു വിഭാഗക്കാർ ഭൗതിക താത്പര്യങ്ങളിൽനിന്നെല്ലാം പൂർണ്ണമായി അകന്ന ഒരു ജീവിതം നയിച്ചിരുന്നു. അവർ മാംസം ഭക്ഷിക്കുകയോ വീഞ്ഞു കുടിക്കുകയോ ചെയ്യാതെ ഇന്ദ്രിയനിഗ്രഹപൂർവ്വമുള്ള ജീവിതം നയിച്ചിരുന്നു .[22] അൽമായർ വാർധക്യകാലത്തു പ്രാർത്ഥനയിലും പ്രായശ്ചിത്തകൃത്യങ്ങളിലും മുഴുകി ഒരുതരം ഏകാന്തജീവിതം നയിച്ചിരുന്നു. അകത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളുടെയിടയിൽ ഈ സമ്പ്രദായത്തിന്റെ അവശേഷങ്ങൾ ഇപ്പോഴും കാണാം.

വലിയ സംഖ്യയിലല്ലെങ്കിലും തങ്ങളുടെ അക്രൈസ്തവ സഹോദരങ്ങളുടെയിടയിൽനിന്നു് അവർ ക്രിസ്തുമതത്തിലേക്കു മതപരിവർത്തനങ്ങൾ നടത്തിയിരുന്നു. 1606—ലെ കേരളത്തെക്കുറിച്ചു് എഴുതപ്പെട്ട ഒരു റിപ്പോർട്ടിൽ കോട്ടൂർ, കടവിൽ, ഓണന്തുരുത്തു്, നരിമറ്റം എന്നീ കുടുംബങ്ങളെക്കുറിച്ചുള്ള പ്രസ്താവം ഉണ്ടു്. ക്നായിത്തൊമ്മൻ കേരളത്തിൽ എത്തുന്നതിനു് (നാലാം ശതകമോ ഒമ്പതാം ശതകമോ) മുമ്പു് അവർ നൂറ്റാണ്ടുകളിലൂടെ സഭയിലെ നവാഗതരെ സഹായിച്ചുപോന്നു എന്നാണു പ്രസ്താവം.[23] റിപ്പോർട്ടു് എഴുതപ്പെട്ട കാലത്തും ആ കുടുംബ

---

21. Paulinus a S. Bartholomaeo, OCD., Viaggio...(op.cit) p.80
22. Vicenzo Maria di S. Caterina di Sienna, OCD., Viaggio Alle Indie Orientali, Roma, 1672;II, c. v.
23. British Museum, 'London, Add. MS. 9853.
ഉയർന്ന ജാതിക്കാരായ ആളുകളെ മാത്രമേ പണ്ടു് കേരളത്തിലെ തോമ്മാ ക്രിസ്ത്യാനികൾ ക്രിസ്തുമതത്തിലേക്കു് സ്വീകരിച്ചിരുന്നുള്ളു എന്നൊരാരോപണം ഇക്കാലത്തു പറഞ്ഞു കേൾക്കാറുണ്ടു്. ഉയർന്ന ജാതിക്കാരെ മാനസാന്തരപ്പെടുത്തുന്നതിനുള്ള താത്പര്യം മറ്റു ജാതിക്കാരുടെ കാര്യത്തിൽ അവർ പ്രകടിപ്പിച്ചിരുന്നില്ല എന്നതു ശരിയാണു്. എന്നാൽ ഈ വിഷയത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അന്നത്തെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങൾ നമ്മൾ കണക്കിലെടുക്കേണ്ടതുണ്ടു്. സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ അവർക്കുണ്ടായിരുന്ന ഉയർന്ന പദവിയാണു് ഉയർന്നജാതിക്കാരെ മാനസാന്തരപ്പെടുത്താൻ അവർക്കു സഹായമായിരുന്നതു്. താഴ്ന്ന ജാതിക്കാരുടെ നേരെയും അതേപോലെ ശ്രദ്ധ തിരിച്ചിരുന്നെങ്കിൽ അക്കാലത്തു് സമൂഹത്തിലുണ്ടായിരുന്ന ഉന്നതപദവി ക്രിസ്ത്യാനികൾക്കു് നഷ്ടപ്പെടുമായിരുന്നു. ഉയർന്ന ജാതിക്കാരെ സമീപിക്കാനും, മാനസാന്തരപ്പെടുത്താനും സാധിക്കാതെ വരുമായിരുന്നു. അന്നത്തെക്കാലത്തു് മേൽജാതിക്കാരെ മാനസാന്തരപ്പെടുത്തുന്നതു് സഭയ്ക്കു കൂടുതൽ ഗുണകരമായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികൾ ജാതിപ്രധാനമായ ഒരു സമൂഹമായിത്തീർന്നു എന്നതു നിഷേധിക്കാവതല്ല. എന്നാൽ നാം ഭൂതകാലത്തെ വർത്തമാനകാലത്തിന്റെ മാനദണ്ഡങ്ങൾ വച്ചു് അളക്കരുതല്ലോ. ഇക്കാലത്തു് താഴ്ന്ന ജാതിക്കാരെ മാനസാന്തരപ്പെട്ട

ങ്ങളും നിലനിന്നിരുന്നു. എല്ലാത്തിനേയും ആഗിരണം ചെയ്യുന്ന ഹിന്ദുമതത്തിന്റെ നടുവിൽ അവർ ക്രിസ്തുവിനു സാക്ഷ്യം വഹിച്ചിരുന്നു എന്നതുതന്നെയാണു അവരുടെ ഏറ്റവും വലിയ സുവിശേഷപ്രവർത്തനം.

(a) മുകളിൽപ്പറഞ്ഞ കാര്യങ്ങളിൽനിന്നു താഴെ പറയുന്ന കാര്യങ്ങളും വ്യക്തമാകുമെന്നു കരുതുന്നു:

1. ഭാരതത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭ കേരളത്തിലേക്കു കേന്ദ്രീകരിച്ചുകൊണ്ടിരുന്നു.

2. 'ഇന്ത്യ ഒക്കെയുടെയും മെത്രാപ്പോലീത്തായും കവാടവു'മായ വൈദികാദ്ധ്യക്ഷനോടും അർക്കദിയാക്കോനോടും കൂടി അതു ഒരു പ്രത്യേക തരത്തിലുള്ള ഘടകം ആയിരുന്നു, പൂർണ സ്വതന്ത്രമായ യൂണിറ്റ് ആയിരുന്നില്ല. അതായതു് താരതമ്യേന സ്വയം ഭരണസ്വഭാവമുള്ള ഒരു സഭ ആയിരുന്നു.

3. ഒരു പാത്രിയർക്കായുടെയോ, പ്രധാനപ്പെട്ട ആർക്കിഎപ്പിസ്കോപ്പായുടെയോ, കാതോലിക്കായുടെയോ നേരിട്ടുള്ള ഭരണത്തിൽപ്പെട്ടതല്ലായിരുന്നുവെങ്കിലും ആ സഭ ഏതാണ്ടു് ആ സ്ഥാനമൊക്കെ ഉള്ളതായിരുന്നു. മെത്രാന്മാരെയും മെത്രാപ്പോലീത്താമാരെയും ലഭിക്കുന്നതിനു കൽദായ പാത്രിയർക്കീസിനെ ആശ്രയിക്കേണ്ടിയിരുന്നു എന്നതു മാത്രമാണു് ഒരു കുറവു്. എന്നാൽ പ്രസ്തുത മെത്രാന്മാരും മെത്രാപ്പോലീത്താമാരും കേരളത്തിൽ എത്തിയാൽ അവർക്കു കൽദായ പാത്രീയർക്കായോടുള്ള ആശ്രയഭാവം നാമമാത്രമായിരുന്നു.[24]

ത്തുന്നതിൽ ബുദ്ധിമുട്ടുകളില്ല, അങ്ങനെ ചെയ്യുന്നുമുണ്ടു്. എന്തിനെയും ഉള്ളിലാക്കുന്ന ഹിന്ദുമതത്തിന്റെ നടുക്കു് സ്വന്തം വിശ്വാസം നിലനിർത്തിക്കൊണ്ടു പോരാൻ ജാതിയടിസ്ഥാനത്തിലുള്ള സംവിധാനം ഒരുവിധത്തിൽ ക്രിസ്ത്യാനികളെ സഹായിച്ചിട്ടുണ്ടെന്നു പറയാം.

24. ഇതുകൊണ്ടാണു് തോമ്മാക്രിസ്ത്യാനികളുടെ അവസാന മെത്രാപ്പോലീത്തായും ''ഇന്ത്യമുഴുവന്റെയും കവാട'' വുമായിരുന്ന മാർ അബ്രഹാം തന്റെ ആർച്ചു് ഡീക്കനായിരുന്ന 'ക്രിസ്തുവിന്റെ ജോർജ്ജിനെ' പാലൂർ മെത്രാനും തന്റെ സാമന്തനുമായി തെരഞ്ഞെടുക്കാൻ പാത്രിയർക്കാ സൂനഹദോസിനെ പ്രേരിപ്പിച്ചതു്. (Beltrami G. op. cit pp. 196, 197). പിന്നീടു് പാത്രിയർക്കീസിന്റെ അനുമതിയോടുകൂടി പ്രസ്തുത ആർക്കദിയാക്കോനെത്തന്നെ തന്റെ കോ—അഡ്ജൂത്തോരും പിൻഗാമിയുമായി നിയമിക്കണമെന്നു് അദ്ദേഹം മാർപ്പാപ്പായോടു് അപേക്ഷിച്ചു. (Giamil s. op. cit. P.100) എന്നാൽ ഈ അർക്കദിയാക്കോൻ ജോർജ് മെത്രാനായി അഭിഷിക്തനായില്ല. അടുത്ത അർക്കദിയാക്കോൻ 'കുരിശിന്റെ ജോർജ്ജ്'' ആയിരുന്നു. പാത്രിയർക്കീസിന്റെ അനുമതിയോടുകൂടി ഇദ്ദേഹത്തെയും തന്റെ പിൻഗാമിയാക്കാൻ മാർ അബ്രഹാം മാർപ്പാപ്പായോടു് അപേക്ഷിച്ചു. ആ അപേക്ഷയ്ക്കു മറുപടിയൊന്നും ലഭിച്ചില്ല. (Thaliath. TOCD The Synod of Diamper, Rome, 1958. p.77.

ഇങ്ങനെ പ്രസ്തുത സഭ 16—ാം നൂറ്റാണ്ടോടുകൂടി അതിന്റെ ഔന്നത്യത്തിന്റെ അങ്ങേയറ്റത്തു് എത്തി. വൈദികാദ്ധ്യക്ഷന്മാരും, വൈദികരും, സന്യാസികളും വിശ്വാസത്തെ തീക്ഷ്ണതാപൂർവം പ്രായോഗികജീവിതത്തിൽ പകർത്തിയിരുന്ന വിശ്വാസികളുടെ സമൂഹവും അതിനു് ഉണ്ടായിരുന്നു. പ്രസ്തുത സഭയ്ക്കു തെറ്റുകളോ കുറ്റങ്ങളോ അന്ധവിശ്വാസങ്ങളോ തെറ്റായ പ്രവർത്തനങ്ങളോ ഇല്ലായിരുന്നുവെന്നു ഇപ്പറഞ്ഞതിനു അർത്ഥമില്ല.

(b) ഭാരത(കേരള)ത്തിലെ തോമ്മാക്രിസ്ത്യാനികളുടെ സഭ അതിനു വളരെ ഉന്നതമായ ഒരു സ്ഥിതിയിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടും കൽദായ പാത്രിയർക്കീസിനോടുള്ള ബന്ധം വിടർത്താൻ ഒരിക്കലും ശ്രമിച്ചിട്ടില്ല എന്നതു ശ്രദ്ധേയമാണു്. കൽദായസഭയ്ക്കു് പല രാഷ്ട്രീയ ശക്തികളുടെ കീഴിൽ കഴിയേണ്ടിവന്നിട്ടുണ്ടു്. എന്നാൽ അവയൊന്നും പ്രസ്തുത സഭയും കേരളസഭയും തമ്മിലുള്ള ബന്ധത്തിൽ യാതൊരു പ്രേരണയും ചെലുത്തിയിട്ടില്ല. ഇതു പ്രത്യേകം പരിഗണിക്കേണ്ട ഒരു പോയിൻറാണു്. കാരണം നമ്മുടെ സഭയുടെ റീത്തു് (ആരാധനക്രമം മാത്രമല്ല, അതിനോടു ക്രൈസ്തവ ജീവിതത്തിന്റെ മറ്റു ഘടകങ്ങളും ചേർന്നതാണു റീത്തു്). കൽദായസഭയുടേതിൽനിന്നു ഭിന്നമായിരുന്നു, നമ്മുടെ സഭ അപ്പസ്തോലിക ഉൽഭവമുള്ളതായിരുന്നുവെന്നും ഓർക്കണം. ഈ കാരണങ്ങളാൽ അടിസ്ഥാനമാക്കി നമ്മുടെ ജനങ്ങളും സ്വതന്ത്രമായ നിലയോ സ്വന്തം മെത്രാന്മാരോ വേണമെന്നു് ആവശ്യപ്പെടുകയും അതു കൽദായ അധികാരികളും നിരസിക്കുകയും ചെയ്തിരുന്നെങ്കിൽ ഈ രണ്ടു സഭകളും തമ്മിലുള്ള ബന്ധം ഇത്ര സൗഹാർദ്ദപൂർണമാവുകയില്ലായിരുന്നല്ലോ. കൽദായ സഭയുടെ മേലധികാരം കേവലം നാമമാത്രമായിരുന്നുവെന്നും അതിനു പ്രധാന കാരണം അർക്കദിയാക്കോന്റെ ഉപസ്ഥിതി ആയിരുന്നുവെന്നും നാം മുമ്പു കണ്ടതാണു്. അർക്കദിയാക്കോന്റെ സ്ഥാനം, അക്കാലത്തെ സാമൂഹ്യ—രാഷ്ട്രീയ സ്ഥിതിഗതികളും, തോമ്മാക്രിസ്ത്യാനികളുടെ സാമൂഹ്യ—രാഷ്ട്രീയ പദവി തുടങ്ങിയതെല്ലാം പ്രസ്തുത സ്ഥിതിവിശേഷത്തിനു വിശദീകരണം നൽകും.

കുറിപ്പു്:

സാമൂഹ്യ രാഷ്ട്രീയ പദവി

കേരളത്തിലെ തോമ്മാക്രിസ്ത്യാനികൾ സവിശേഷമായ പല ആനുകൂല്യങ്ങളും അനുഭവിച്ചിരുന്നു. പ്രസ്തുത ആനുകൂല്യങ്ങൾ നാട്ടിലെ രാജാക്കന്മാർ അവർക്കു അനുവദിച്ചു കൊടുത്തതോ അംഗീക

രിച്ചു കൊടുത്തതോ ആണ്. കേരളത്തിലെ ഉയർന്ന ജാതിക്കാരുടെയിടയിലുണ്ടായിരുന്ന ആചാരങ്ങളിൽ ക്രൈസ്തവീകരിക്കാവുന്നവയെല്ലാം അവർ ക്രൈസ്തവീകരിച്ചു. താഴ്ന്നജാതിക്കാർ തീണ്ടിയതുമൂലം അശുദ്ധമായിത്തീർന്ന വസ്തുക്കളും സ്ഥലങ്ങളും നസ്രാണികളുടെ സ്പർശനംമൂലം ശുദ്ധമായിത്തീരുമെന്നു കേരളത്തിലെ മേൽജാതിക്കാരും രാജാക്കന്മാരും കരുതിയിരുന്നു.[25] ക്രിസ്തീയ ദേവാലയങ്ങളിലും ക്രൈസ്തവരുടെ സാമൂഹ്യാഘോഷങ്ങളിലും മുത്തുക്കുടകളും, തഴകളും, ചാമരങ്ങളും തുടങ്ങിയവ ഉപയോഗിക്കാമായിരുന്നു. പ്രസ്തുത അലങ്കാരങ്ങളും ഹിന്ദുക്ഷേത്രങ്ങളിലും രാജാക്കന്മാരുടെ എഴുന്നള്ളത്തിനും മാത്രം ഉള്ള അനുസാരികളായിരുന്നു. പതിനേഴ ജാതിക്കാരെ നസ്രാണികളുടെ സംരക്ഷണയിൽ ഏൽപിച്ചിരുന്നു. ആ ജാതികളിൽപ്പെട്ടവർ തങ്ങളുടെ സംരക്ഷകരുടെയും അവരുടെ പള്ളികളുടെയും അവകാശങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി മരണം വരിക്കാൻപോലും തയാറാകുമായിരുന്നു. അവർ മറെറല്ലാക്കാര്യങ്ങളിലും ക്രിസ്ത്യാനികളെ അനുസരിക്കും. എന്നാൽ ക്രിസ്തുമതത്തിൽ ചേരുകയില്ല.[26] തങ്ങളുംക്കു പൊതുനിരത്തുകളിൽ സഞ്ചരിക്കുന്നതിനുള്ള അവകാശം ആരെങ്കിലും തടഞ്ഞാൽ അവരെ കൊല്ലുന്നതിനും നസ്രാണികൾക്കു് അനുവാദമുണ്ടായിരുന്നു.[27]

നസ്രാണികളായ പുരുഷന്മാർക്കെല്ലാം ആയോധനപരിശീലനം നൽകപ്പെട്ടിരുന്നു. പുറത്തിറങ്ങി സഞ്ചരിക്കുമ്പോഴും അവർ ആയുധങ്ങളും ധരിച്ചിരുന്നു. പള്ളിയുടെ മുഖമണ്ഡപത്തിൽ ആയുധങ്ങളും വച്ചിട്ടാണു തിരുക്കർമ്മങ്ങളിൽ സംബന്ധിക്കാൻ അവർ പള്ളിയകത്തു കയറിയിരുന്നതു്. മുപ്പതിനായിരം ഭടന്മാരോളം വരുന്ന ഒരു സൈന്യത്തെ ചുരുങ്ങിയ സമയത്തിനുള്ളിൽ സംഘടിപ്പിക്കാൻ നസ്രാണിസമുദായത്തിനു കഴിയുമായിരുന്നു. പ്രസ്തുത സൈന്യം രാജാവിന്റെ നേരിട്ടുള്ള ആജ്ഞയിൻ കീഴിലായിരുന്നു.[28] അവരുടെ സിവിൽ കേസുകളെല്ലാം വൈദികാധികാരികളാണു തീരുമാനിച്ചിരുന്നതു്, (വൈദികാധികാരികളും ക്രിമിനൽ കേസുകളും തീരുമാനിക്കുന്ന ഒരു കാലവും ഉണ്ടായിരുന്നു) ഈ വിധത്തിൽ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെ വധിക്കുന്നതിനു കൊട്ടങ്ങല്ലൂരിൽ ഒരു പറമ്പു തന്നെ ഉണ്ടായിരുന്നു. 1523–ൽ ഇതു് അന്യർ കൈവശപ്പെട്ട

---

25. അക്രൈസ്തവ സഹോദരങ്ങൾക്കു് ഈ സേവനം ചെയ്തുകൊടുത്തിട്ടുള്ള ചിലരെ ഈ ലേഖകൻ പെരുപ്പത്തിൽ നേരിട്ടു കണ്ടിട്ടുണ്ടു്.
26. Vincenzo Maria di S. Canterina di Sienna, OCD., op.cit 1.c
27. Idem, Ibid.
28. Idem, Ibid.

ത്തിയപ്പോഴേക്കും അന്നത്തെ വൈദികാദ്ധ്യക്ഷനായ മാർ യാക്കോബു അതു തിരികെ കൈവശപ്പെടുത്തുവാൻ നടപടികളും സ്വീകരിക്കുകയുണ്ടായി.[29] നസ്രാണികൾക്കു സ്വന്തം നാണയം അടിക്കാൻ അധികാരമുണ്ടായിരുന്നു. അവരുടെ പ്രത്യേക സംരക്ഷകനായി ഒരു രാജാവുണ്ടായിരുന്നു (അദ്ദേഹം ക്രിസ്ത്യാനിയായിരുന്നു എന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്). ഈ രാജാവിന്റെ രാജ്യം കൊച്ചിരാജ്യത്തോടു ചേർക്കപ്പെട്ടപ്പോഴും കൊച്ചിരാജാവു് അവരുടെ സംരക്ഷകനായി.[30] അർക്കദിയാക്കോന്റെ ഉന്നത പദവിയെയും രാജകീയാനുകൂല്യങ്ങളെയുംകുറിച്ചു നാം നേരത്തെ പറഞ്ഞല്ലോ. ഔദ്യോഗികനിലയിൽ സഞ്ചരിക്കുമ്പോഴും പട്ടാളം അദ്ദേഹത്തിനു അകമ്പടി സേവിച്ചിരുന്നു.

കൃഷിയും കച്ചവടവുമായിരുന്നു തോമ്മാനസ്രാണികളുടെ മുഖ്യ തൊഴിലുകളും. മാർപ്പാപ്പാ ചൈനീസു് ചക്രവർത്തിയുടെ പക്കലേക്കു് അയച്ച പ്രതിനിധികളിൽ ഒരാളായ ജോൺ മരിഞ്ഞോളി 1348—ൽ കൊല്ലത്തു വന്നു. ലാറിന്റെ സമൂഹത്തിന്റെ വകയായ സെന്റു് ജോർജു് പള്ളിയിൽ അദ്ദേഹം 16 മാസക്കാലം താമസിച്ചു. മാർത്തോമ്മാക്രിസ്ത്യാനികളും രാജാവിന്റെ കരുമുളകു വകുപ്പിന്റെ ചുമതലക്കാരും വിദേശക്കയറ്റുമതിയുടെ പ്രധാന അധികാരികളും ആയിരുന്നു എന്നു് അദ്ദേഹം രേഖപ്പെടുത്തുന്നു. മാർപ്പാപ്പായുടെ പ്രതിനിധിയെന്ന നിലയിൽ തന്റെ ജീവിതച്ചെലവിനായി മാസംതോറും നൂറു തങ്കപ്പണവും കേരളത്തിൽനിന്നു യാത്രയായപ്പോൾ Valedicentibus fratribus ആയി ആയിരം തങ്കപ്പണവും അവർ തനിക്കു തന്നു എന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്.[31]

---

29. Schurhammer G, SJ., op. cit., p.14.

30. Report of Peter Paul, OCD., Propaganda Archive, Rome, Scritture rifer. Congr. Part. dell, Indiae Cina, 496 f. 115.

31. Colubovich G. OFM. Bibliografica della Terra Santa IV Quarachis 1923 p. 274.
'മൊതിലിയാൻ' എന്നു വിളിക്കപ്പെട്ടിരുന്ന ക്രിസ്ത്യൻ പ്രമാണിമാരായിരുന്ന കരുമുളകു സംബന്ധിച്ച ചുമതലക്കാർ എന്നുമരിഞ്ഞോളി രേഖപ്പെടുത്തുന്നു. പ്രസ്തുത ആളുകളുടെ പിൻഗാമികളും ഇപ്പോഴും കൊല്ലത്തിനു സമീപം ഉണ്ടു്.
മരിഞ്ഞോളിയുടെ ആഗമനത്തിനു് ഏകദേശം ഇരുപതു വർഷം മുമ്പു് (1328—ൽ) ജോൺ 22—ാമൻ മാർപ്പാപ്പാ കൊല്ലത്തെ നസ്രാണിപ്രധാനിയുമായുള്ള അദ്ദേഹത്തിന്റെ കീഴിലുള്ള ക്രിസ്ത്യാനികളുടെ ഒരു കത്തയച്ചു. മാമോദീസാ മുങ്ങിയവർ വിശ്വാസത്തിൽ ഐക്യം പുലർത്തേണ്ടതിന്റെ ആവശ്യം അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു.

നസ്രാണികളുടെ അവകാശങ്ങൾ പലതും ചെപ്പേടുകളിൽ എഴുതികൊടുക്കപ്പെട്ടതാണു്. ഈ ചെപ്പേടുകളിൽ ചിലതു ഇന്നു നമുക്കു ലഭിച്ചിട്ടുണ്ടു്. അവ ഇന്നു അകത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളുടെ കൈവശത്തിലാണു്.[32]

മാർത്തോമ്മാക്രിസ്ത്യാനികൾക്കു പണ്ടു രാഷ്ട്രീയമായും സാമൂഹ്യമായും ഉണ്ടായിരുന്ന ഉന്നത നിലയെക്കുറിച്ചു് ഒരു ഏകദേശജ്ഞാനം നൽകുന്നതിനു മുകളിൽ കൊടുത്ത സംക്ഷിപ്ത വിവരണം സഹായകമാകുമെന്നു കരുതട്ടെ.

("quorumlibet schismatum pulsis erroribus.") Mackenzie G.T. op. cit. p.8) കൊല്ലത്തെ മെത്രാനായി നിയമിക്കപ്പെട്ട ജോർഡാൻ കാറ്റലീനിവശമാണു് മാർപ്പാപ്പാ പ്രസ്തുത കത്തു് അയച്ചതു്. ഈ എഴുത്തുമായി കാറ്റലീനി കൊല്ലത്തു് എത്തിച്ചേർന്നതായി തോന്നുന്നില്ല. മെത്രാനായി നിയമിക്കപ്പെടുന്നതിനു മുമ്പു് അദ്ദേഹം കൊല്ലം സന്ദർശിക്കുകയും ഏതാനും പേർക്കു് മാമോദീസാ നൽകുകയും ചെയ്തിരുന്നു. പിന്നീടു മാർപ്പാപ്പായെ സന്ദർശിച്ച കാറ്റലീനി നൽകിയ വിവരങ്ങൾ വച്ചുകൊണ്ടാണു് മാപ്പാപ്പാ പ്രസ്തുത കത്തു എഴുതിയതു്. എന്നാൽ തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ ഏതെങ്കിലും പാഷണ്ഡതയോ ശീശ്മയോ ഉള്ളതായി മരിഞ്ഞോളി കണ്ടില്ല (തോമ്മാക്രിസ്ത്യാനികളെയാണു് പ്രസ്തുത കത്തിൽ മാർപ്പാപ്പാ പരാമർശിച്ചിട്ടുള്ളതെങ്കിൽ). മരിഞ്ഞോളി താമസിച്ച 'ലാറിൻ വിഭാഗത്തിലുള്ള' സെൻറു് ജോർജു് പള്ളി ജോർഡാൻ കാറ്റലീനിയോ കൊല്ലത്തു കച്ചവടം നടത്തിയിരുന്ന വെനീഷ്യൻ വ്യാപാരികളോ പണിയിച്ചതാവണം. അന്നു കൊല്ലത്തുണ്ടായിരുന്ന ലത്തീൻകാരുടെ പിൻഗാമികളും ഇന്നവിടെയില്ല.

32. Joseph T. K. The Malabar Christian Copper Plates (Malayalam). Trivandrum; 1925 The Malabar Christians and their ancient Documents Trivandrum; 1924.

അധ്യായം രണ്ട്

ബാഹ്യകാരണങ്ങൾ മൂലമുള്ള അധഃപതനം[1]

1. പോർട്ടുഗീസ് പദ്രുവാദോ ജയിക്കുന്നു

16–ാം ശതകത്തിൽ ആരംഭം മുതൽ പോർട്ടുഗീസുകാർ ഇന്ത്യയിൽ അവരുടെ പ്രതാപം പ്രയോഗിച്ചുതുടങ്ങി. അനേകായിരങ്ങളെ അവർ ലത്തീൻ റീത്തിൽ ജ്ഞാനസ്നാനപ്പെടുത്തി. കേരളത്തിൽ കൊച്ചിയും കേരളത്തിനു വെളിയിൽ ഗോവയും അവരുടെ രാഷ്ട്രീയവും മതപരവുമായ കേന്ദ്രങ്ങളായിരുന്നു. 1534–ൽ ഗോവാ ഒരു മെത്രാസനമായിത്തീർന്നു. 1588–ൽ അതു് ഒരു അതിമെത്രാസനമായി. അതേവർഷം സ്ഥാപിക്കപ്പെട്ട കൊച്ചിരൂപത യായിരുന്നു അതിന്റെ സാമന്തരൂപത. ഈ രണ്ടു രൂപതകളും പോർട്ടുഗൽ രാജാവിന്റെ പൈതൃകാധികാരത്തിനു കീഴ്പ്പെട്ടതായിരുന്നു. ചില കടമകളോടൊപ്പം പ്രസ്തുത രൂപതകളിലെ മെത്രാന്മാരെ നാമനിർദ്ദേശം ചെയ്യാനുള്ള അധികാരവും പോർട്ടുഗൽ രാജാവിനുണ്ടായിരുന്നു.

പൊതുവെ പറഞ്ഞാൽ പോർട്ടുഗീസുകാരുടെ ദൃഷ്ടിയിൽ ഒരു യഥാർത്ഥ കത്തോലിക്കൻ ലത്തീൻ റീത്തുകാരൻ ആയിരിക്കണമായിരുന്നു. പദ്രുവാദോ ആയിരുന്ന അവരുടെ പൂജാവിഗ്രഹം. അതിനാൽ മാർത്തോമ്മാ ക്രിസ്ത്യാനികളെ ലത്തീനീകരിക്കുന്നതിനും അവരെ പദ്രുവാദോയുടെ അധീനതയിൽ കൊണ്ടുവരുന്നതിനും അവർ എല്ലാ മാർഗങ്ങളും–അന്യായവും നിയമ

---

1. ഈ അദ്ധ്യായം The Hierarchy of the Syro–Malabar Church (Prakasam publications Alleppey, 1976) എന്ന എന്റെ പുസ്തകത്തിലെ 6 മുതൽ 16 വരെ അധ്യായങ്ങളുടെ സംഗ്രഹമാണ്. അതിനാൽ പ്രധാനപ്പെട്ട ചില കാര്യങ്ങളെക്കുറിച്ചു മാത്രമേ ഇവിടെ കുറിപ്പു ചേർക്കുന്നുള്ളൂ.

വിരുദ്ധവുമായവ ഉംപ്പെടെ—പ്രയോഗിച്ചു. കൊടുങ്ങല്ലൂരിലുള്ള അവരുടെ സെമിനാരിയിൽ ഏതാനും മാർത്തോമ്മാക്രൈസ്തവ യുവാക്കളെ അവർ പരിശീലിപ്പിച്ചു. രണ്ടുപേരെ പോർട്ടുഗ ലിൽ അയച്ചു.

ആദ്യഘട്ടത്തിൽ കുറെ പരസ്പര ധാരണയുണ്ടായിരുന്നു.[2] എന്നാൽ സാവകാശം, പടിപടിയായി പോർട്ടുഗീസുകാർ കട ന്നാക്രമണം നടത്താൻ മുതിർന്നു. കൊടുങ്ങല്ലൂരിലുള്ള അവരുടെ സെമിനാരിയിൽ പരിശീലനം നേടിയവരും ലത്തീൻ റീത്തിൽ വൈദികപട്ടമേറ്റവരുമായ ഏതാനും ചില വൈദികർ അപ്പോ ഴേക്കും മാർത്തോമ്മാ നസ്രാണികളിൽനിന്നു ഉണ്ടായിക്കഴിഞ്ഞി രുന്നു. ഈ വൈദികർ പറങ്കികളുടെ പക്ഷം ചേർന്നുനിന്നുകൊ ണ്ടു തോമ്മാക്രിസ്ത്യാനികളുടെ മെത്രാപ്പോലീത്തായുടെ അഖി ലേന്ത്യാ അധികാരസങ്കല്പത്തിനെതിരായി ഗോവാ മെത്രാ പ്പോലീത്തായാണു ഭാരതസഭയുടെ മേലധികാരി എന്നു വാ ദിച്ചു.[3] കൽദായ പാത്രിയർക്കീസിനു ഭാരതത്തിലുണ്ടായിരുന്ന അധികാരം പോർട്ടുഗീസുകാർക്കു ഉസ്സഹമായിരുന്നു. എന്നാൽ മാർത്തോമ്മാ ക്രിസ്ത്യാനികളും 'തോമ്മായുടെ നിയമം' കൈവെ ടിയാൻ ഒരു തരത്തിലും ഒരുക്കമായിരുന്നില്ല. കൽദായ റീത്തും ആരാധനക്രമവും ക്രൈസ്തവീകരിച്ച ഭാരതീയ—കേരളീയ ആചാ

---

2. 1504—ൽ കേരളത്തിൽ കണ്ണുരുണ്ടായിരുന്ന പോർട്ടുഗീസുകാർ അവരോ ടൊപ്പം 2½ മാസം താമസിച്ച നാലു കൽദായ മെത്രാന്മാരോടു വള രെ കാരുണ്യപൂർവമാണു പെരുമാറിയതു. തങ്ങളുടെ ഓറഢറിയിൽ കുർബാന ചൊല്ലാൻ അവരെ അനുവദിച്ചു. അവർക്കു സമ്മാ നങ്ങളും പിന്നീടു അവരുടെ പള്ളി പുനഃസ്ഥാപിക്കാൻ സാമ്പത്തി കസഹായവും നൽകി. അവരിലൊരാളെ പിന്നീടു കൊടുങ്ങല്ലൂരു ള്ള പോർട്ടുഗീസുകാരുടെ ചാപ്പലയിനായി പ്രവർത്തിച്ചു. അവിടെ അദ്ദേഹം ലത്തീനിൽ കുർബാന ചൊല്ലിയിരുന്നു. മറെറാരു മെ ത്രാൻ (മുകളിൽപ്പറഞ്ഞ നാലുപേരിൽ ഒരാളെ തന്നെയാണോ?) പോർ ട്ടുഗീസുകാരുമായി മത്സരത്തിലായി. അവർ അദ്ദേഹത്തിൽ പാഷ ണ്ഡത ആരോപിച്ചു. അദ്ദേഹം പിന്നീടു ''പശ്ചാത്തപിക്കുകയും'' ''കുമ്പസാരിക്കുകയും'' ചെയ്തു. ചാപ്പളയിനായി പ്രവർത്തിച്ച മെ ത്രാനപോലും കൽദായറീത്തിൽ നൽകിയ ജ്ഞാനസ്നാനത്തിന്റെ സാധുതയെക്കുറിച്ചു നീതീകരണങ്ങളും നൽകേണ്ടി വന്നു. 'ഇന്ത്യയി ലെ ജനങ്ങളെ ഭരിക്കുന്നതിനായി ബാബിലോണിലെ പാത്രിയർ ക്കീസിനാൽ അയക്കപ്പെട്ടവൻ' എന്ന നിലയിലാണു അദ്ദേഹം ഇതു ചെയ്തതു.

Wicki J. S. J. Epistolae Sancti Francisci Xaverii II Rome, 1951 p.62. nota. 9;Schurhammer G. S. J. op. cit. pp. 8--24.

3. Beltrami G., op. cit., p.43 (nota 9 from p.10). The letter of Antonio do Porto to the King of Portugal, Nov. 20,1557

രങ്ങളും ചേർന്നതിനാണു് അവർ 'തോമ്മായുടെ നിയമം' എന്നു പറഞ്ഞിരുന്നതു്. കൽദായ പാത്രിയർക്കീസിനെയും അദ്ദേഹത്താൽ അയക്കപ്പെട്ട കൽദായ മെത്രാന്മാരെയും കൈവെടിയാനും മാർത്തോമ്മാക്രിസ്ത്യാനികളും സന്നദ്ധരല്ലായിരുന്നു.[4]

മാർത്തോമ്മാക്രിസ്ത്യാനികളുടെ എല്ലാക്കാര്യങ്ങളിലും, ആരാധനാപരവും സാമൂഹ്യവുമായ സവിശേഷാചരണങ്ങളിൽപ്പോലും നെസ്റ്റോറിയൻ പാഷണ്ഡതയുടെയും ശീശ്മയുടെയും ഗന്ധം പോർട്ടുഗീസുകാർക്കു് അനുഭവപ്പെട്ടു. കൽദായ മെത്രാന്മാർ അവരുടെ എതിർപ്പിനു പ്രത്യേക ശരവ്യങ്ങളായിത്തീർന്നു. സുലാക്കയുടെയും അദ്ദേഹത്തിന്റെ എതിരാളിയുടെയും പിൻഗാമികളുടെ കീഴിൽ കൽദായ സഭയിലുണ്ടായ പിളർപ്പു് (ഒന്നാമദ്ധ്യായവും ഒന്നാം ഭാഗത്തിനു കീഴിലുള്ള കുറിപ്പുകളും കാണുക) പോർട്ടുഗീസുകാർക്കു് അനുകൂലമായ വിധത്തിൽ സ്ഥിതിഗതികളെ വഷളാക്കി. നിയമപരമായി തോമ്മാക്രിസ്ത്യാനികളും, സുലാക്കായുടെ പിൻഗാമികളാൽ അയയ്ക്കപ്പെട്ട മെത്രാന്മാർക്കു കീഴിലായിരുന്നു. ആ മെത്രാന്മാർക്കു റോമൻ സ്ഥിരീകരണവും ഉണ്ടായിരുന്നു. എന്നാൽ എതിർവിഭാഗത്തിൽപ്പെട്ട പാത്രിയർക്കീസുമാർ അയച്ച ചില മെത്രാന്മാരും കേരളത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കാം. വി. സിറിൽ, നെസ്റ്റോറിയസു് തുടങ്ങിയവരെയും, ക്രിസ്തുസ്വഭാവപഠനത്തെയും സംബന്ധിക്കുന്ന ചില പുസ്തകങ്ങളും അവർ ഇവിടെ കണ്ടെത്തി. അവയിൽ പലതും പോർട്ടുഗീസുകാർക്കു ശരിയായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഇവയെല്ലാംകൂടെ

---

4. പോർട്ടുഗീസുകാരും അവർ അവരുടെ സെമിനാരിയിൽ പരിശീലിപ്പിച്ച തോമ്മാക്രിസ്ത്യാനികളായ വൈദികരും ചേർന്നു്, വിഭൂതിബുധനാഴ്ചമുതൽ മാത്രം വലിയ നോയ്മ്പു് ആചരിക്കുവാൻ നാട്ടുകാരെ നിർബന്ധിച്ചു. നോമ്പുകാലത്തു് മത്സ്യം, മുട്ട ഇവ കഴിക്കുന്നതിനും വീഞ്ഞു കുടിക്കുന്നതിനും നിർബന്ധിച്ചു. പുളിക്കാത്ത അപ്പം ഉപയോഗിച്ചല്ലാതെ വൈദികർ കുർബാന ചൊല്ലുന്നതിനെയും വിവാഹിതരായ വൈദികർ കുർബാന ചൊല്ലുന്നതിനെയും തടഞ്ഞു. ഇങ്ങനെ വന്നപ്പോഴും മാർത്തോമ്മാ ക്രിസ്ത്യാനികളും പോർട്ടുഗീസു് അധീനപ്രദേശങ്ങളിൽനിന്നു് ഓടിപ്പോയി. പോർട്ടുഗീസുകാരാൽ അയ്യേസിപ്പിക്കപ്പെടുകയും ലത്തീൻറീത്തിൽ പട്ടമേൽക്കുകയും ചെയ്ത തോമ്മാക്രിസ്ത്യാനികളായ യുവവൈദികരെ സ്വന്തം പള്ളികളിൽ വന്നു് ലത്തീൻറീത്തിൽ കുർബാന ചൊല്ലാൻ അവരുടെ മാതാപിതാക്കളും പോലും അനുവദിച്ചില്ല.
British Museum Add·ms 9353,f90
Schurhammer G· S. J. op· cit.22·
Jesuit Archives Rome· Goa 65, ff35–46
Goveas A de, Jornada do Arcebispo de Dom·
Alexio de Menezes Primas de Oriental Religioso da ordem de S· Agostino Coimbra, 1606 pp 6,7,3·

പോർട്ടുഗീസുകാർക്ക് സ്വയം നീതീകരണത്തിന് വേണ്ടുവോളം വക നൽകി. കൽദായമെത്രാന്മാരുടെ കൈകളിൽ വ്യക്തമായ പേപ്പൽ ശുപാർശകളോ തത്തുല്യമായ രേഖകളോ ഉണ്ടായിരുന്നിട്ടുകൂടി, നെസ്റ്റോറിയൻ പാഷണ്ഡതകൾ എന്ന നിലയിൽ അവർ തടവിലാക്കപ്പെടുകയോ കേരളത്തിൽനിന്ന് ബഹിഷ്കൃതരാവുകയോ ചെയ്തു. പോർട്ടുഗീസുകാർ റോമിൽ അവരുടെ സ്വാധീനം മുഴുവൻ പ്രയോഗിച്ചു. തത്ഫലമായി 16–ാം ശതകത്തിന്റെ അവസാനവും 17–ാം ശതകത്തിന്റെ ആരംഭവും ആയപ്പോഴേയ്ക്കു അവർ ഉദ്ദേശിച്ച കാര്യങ്ങൾ മിക്കതും സാധിച്ചു. മർത്തോമ്മാക്രിസ്ത്യാനികളെ നെസ്റ്റോറിയൻ പാഷണ്ഡതയിലും ശീശ്മയിലുംനിന്ന് തങ്ങൾ മാനസാന്തരപ്പെടുത്തി എന്ന തെറ്റായ ധാരണ എല്ലായിടത്തും, റോമിൽപ്പോലും, പ്രചരിപ്പിക്കാൻ പോർട്ടുഗീസുകാർക്കു കഴിഞ്ഞു.

പോർട്ടുഗീസുകാർ ഗോവയിൽ നടത്തിയ സൂനഹദോസുകളേയും മാർത്തോമ്മാക്രിസ്ത്യാനികളുടെ ഒടുവിലത്തെ കൽദായ മെത്രാപ്പോലീത്താ ആയിരുന്ന മാർ അബ്രാഹത്തിനെതിരായി അവർ ഉന്നയിച്ച ആരോപണങ്ങളേയും കുറിച്ചുള്ള പരാമർശങ്ങൾ ഇവിടെ വിട്ടുകളയുന്നു. മാർ അബ്രാഹത്തിനെതിരായി അവർ ഉന്നയിച്ച ആരോപണങ്ങളായിരുന്നു, മാർത്തോമ്മാ ക്രിസ്ത്യാനികളെ ഭരിക്കുന്നതിന് ലത്തീൻ മെത്രാന്മാരെ നേരിട്ടു നിയമിച്ചയക്കണം എന്ന തീരുമാനം സ്വീകരിക്കാൻ റോമിനെ പ്രേരിപ്പിച്ച താല്ക്കാലിക കാരണം എന്നു പറയാം. കൽദായപാത്രിയർക്കീസിനു തോമ്മാക്രിസ്ത്യാനികളുടെമേലുള്ള അധികാരം ഇങ്ങനെ റദ്ദാക്കപ്പെട്ടു.

കൽദായമെത്രാന്മാർ തോമ്മാക്രിസ്ത്യാനികളെ ഭരിക്കുന്നതു തടയണമെന്നു റോം, ഗോവയിലെ പോർട്ടുഗീസ് മെത്രാപ്പോലീത്തായോടു് ആവശ്യപ്പെട്ടു. മാർ അബ്രാഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ പിൻഗാമി നിയമിക്കപ്പെടുന്നതുവരെയുള്ള കാലത്തു തോമ്മാക്രിസ്ത്യാനികളെ ഭരിക്കാൻ ഒരു വികാരി അപ്പസ്തോലിക്കയെ നിയമിക്കാനും റോം ഗോവാ മെത്രാപ്പോലീത്തായോടു് ആവശ്യപ്പെട്ടിരുന്നു. 1597–ൽ മാർ അബ്രാഹം മരിച്ചു. അപ്പോഴും ഗോവയിലെ പോർട്ടുഗീസ് മെത്രാപ്പോലീത്തായും, ഗോവയിലെ വൈസ്രോയിയുടെ അസാന്നിദ്ധ്യത്തിൽ വൈസ്രോയിയുടെ ചുമതലകൂടി വഹിച്ചിരുന്ന ദേഹവുമായ ഡോം മെനേസിസ് കേരളത്തിലെത്തി. മാർപ്പാപ്പായിൽനിന്നു തനിക്കു് അധികാരം ലഭിച്ചിട്ടുണ്ടെന്നു് അവകാശപ്പെട്ടുകൊണ്ടു് അദ്ദേഹം തോമ്മാക്രിസ്ത്യാനികളുടെ പള്ളികളും സന്ദർശിച്ചു്, വൈദികപട്ടം നൽകുകവരെയുള്ള അധികാരപ്രയോഗങ്ങളും നടത്തി. പള്ളികളും സന്ദർശിക്കാൻ തുടങ്ങുംമുമ്പു് കേരളത്തിലെ

ആദ്യത്തെ നടപടിയെന്നനിലയിൽ അർക്കദിയാക്കോനെയും വൈദികരെയും under precept of obedience and under pain of excommunication കർബാനയിലും വൈദികനമസ്കാരത്തിലും കൽദായ പാത്രിയർക്കീസിന്റെ പേരു ചൊല്ലുന്നതിൽനിന്നു് അദ്ദേഹം വിലക്കി. precept of obedience ഉം മഹറോൻ ശിക്ഷാഭീഷണിയുംകൊണ്ടു വ്യക്തമാകുന്നതു ബന്ധപ്പെട്ടയാളുകളും കത്തോലിക്കരായിരുന്നുവെന്നല്ലേ?

പോർട്ടുഗീസു് വൈസ്രോയി എന്ന ഔദ്യോഗിക പദവി ഉപയോഗിച്ചു കേരളത്തിലെ അക്രൈസ്തവ രാജാക്കന്മാരെ ഭീഷണിപ്പെടുത്തിക്കൊണ്ടു്, അഖിലേന്ത്യാ അധികാരമുണ്ടായിരുന്ന ആർച്ചുഡീക്കനെതിരായി അദ്ദേഹം അവരെ തന്റെ പക്ഷത്താക്കി. 1599–ൽ ഉദയമ്പേരൂരിൽ സമ്മേളിക്കാൻ മഹറോൻ ശിക്ഷയിൻകീഴിൽ തോമ്മാക്രിസ്ത്യാനികളെ അദ്ദേഹം നിർബന്ധിതരാക്കി. അവരെക്കൊണ്ടു് കൽദായ പാത്രിയർക്കീസിനെ ഇടത്തൂട്ടുകാരനും ശീശ്മക്കാരനും എന്ന നിലയിൽ ശപിപ്പിച്ചു. റോം നേരിട്ടു നിയമിച്ചയയ്ക്കുന്ന മെത്രാന്മാരെ മാത്രമേ സ്വീകരിക്കൂ എന്നു തുടങ്ങി പല കാര്യങ്ങളും അവരെക്കൊണ്ടു ശപഥം ചെയ്യിച്ചു. ശെമയോൻ ദെനഹാ എന്ന കൽദായ പാത്രിയർക്കീസാണു മകളിൽപ്പറഞ്ഞവിധം ശപിക്കപ്പെട്ടതു്. റോമായോടു് പൂർണ്ണമായ ഐക്യത്തിൽ നിന്നിരുന്ന വൈദികമേലദ്ധ്യക്ഷനാണു് അദ്ദേഹം. അദ്ദേഹത്തിനു മാർപ്പാപ്പായിൽനിന്നു പാലിയം എന്ന തിരുവസ്ത്രവും ലഭിച്ചിരുന്നു.[5] റോമിൽനിന്നു മാർ അബ്രാഹത്തിന്റെ പിൻഗാമിയെ നിയമിക്കുന്നതിനു മുമ്പായിട്ടാണു് ഇതെല്ലാം സംഭവിച്ചതു്.

2. പദ്രുവാദോയുടെ കീഴിൽ എതിർപ്പു്?

പതിനാറാം നൂറ്റാണ്ടുകഴിഞ്ഞപ്പോഴും, മാർത്തോമ്മാക്രിസ്ത്യാനികളുടെ കൽദായ മെത്രാനായിരുന്ന മാർ അബ്രാഹത്തിന്റെ പിൻഗാമിയായി റോസ് എസ് ജെ നിയമിക്കപ്പെട്ടു. ഇപ്രകാരം തോമ്മാ ക്രിസ്ത്യാനികളും ലത്തീൻ അധികാരികളുടെ കീഴിൽ ആയി. താമസിയാതെ അവരുടെ മകളിൽപോർട്ടുഗീസു് പദ്രുവാദോയും പ്രതിഷ്ഠിക്കപ്പെട്ടു. തോമ്മാക്രിസ്ത്യാനികളുടെ അങ്കമാലി അതിരൂപത കേവല ശ്രൂപതയായും ഗോവയുടെ സാമന്തശ്രൂപതയും ആയി തരംതാഴ്ത്തപ്പെട്ടു. എന്നാൽ പിന്നീടു തോമ്മാക്രിസ്ത്യാനികളുടെ പരാതിയനുസരിച്ചു (സ്വാർത്ഥലക്ഷ്യത്തോടുകൂടിയാണെങ്കിലും റോസ് എസ്സ്. ജെയും ജനങ്ങളെ അനു

5. മകളിൽ പറഞ്ഞിട്ടുള്ള എന്റെ പുസ്തകത്തിലെ എട്ടും ഒമ്പതും അദ്ധ്യായങ്ങളും നോക്കുക. ഉദയമ്പേരൂർ വച്ചു നടത്തപ്പെട്ട സമ്മേളന

ക്കുലിച്ചു). 'തരംതാഴ്ത്തൽ നടന്നിട്ടില്ലാത്ത വിധത്തിൽ' അങ്കമാലി വീണ്ടും അതിരൂപതയായി ഉയർത്തപ്പെട്ടു. എന്നാൽ അതിരൂപതയുടെ പേരും ആസ്ഥാനവും കൊടുങ്ങല്ലൂരേയ്ക്കു മാറ്റപ്പെട്ടു. അവിടെ ഒരു പോർട്ടുഗീസ് കോട്ട ഉണ്ടായിരുന്നു എന്നതാണ് സ്ഥലംമാറ്റത്തിനു കാരണം. കൊടുങ്ങല്ലൂർ അതിരൂപത അങ്കമാലി അതിരൂപത സ്ഥലം മാറി ഉണ്ടായതായിരുന്നെങ്കിലും അതിനു് അങ്കമാലിയുടെ അഖിലേന്ത്യാ അധികാരം ഉണ്ടായിരുന്നില്ല. കേരളവും കേരളത്തിനു പുറത്തുള്ള ചില നിശ്ചിതസ്ഥലങ്ങളും മാത്രമാണ് കൊടുങ്ങല്ലൂരിന്റെ അധികാരപരിധിയിൽപ്പെട്ടിരുന്നതു്. കൊടുങ്ങല്ലൂർ അതിരൂപതയിൽ മെത്രാപ്പോലീത്താ ഇല്ലാതെ വരുമ്പോഴും ഗോവയിലെ പോർട്ടുഗീസ് മെത്രാപ്പോലീത്താ തന്റെ സാമന്തരൂപതകളിൽ ചെയ്യുന്നതുപോലെ അവിടെയും അഡ്മിനിസ്ട്രേറ്റർന്മാരെ നിയമിച്ചുവന്നു. തോമ്മാക്രിസ്ത്യാനികളും കൊടുങ്ങല്ലൂർ, കൊച്ചി എന്നീ പദ്ധുവാദോ രൂപതകളുടെ കീഴിലായി. രണ്ടു രൂപതകളിലും ലത്തീൻ റീത്തിൽപ്പെട്ട വിശ്വാസികളും ഉണ്ടായിരുന്നു.

റോസ് എസ്. ജെ. തോമ്മാക്രിസ്ത്യാനികളുടെ ആരാധനക്രമത്തെ ബഹുമാനിക്കുകയും അതിന്മേൽ കൈയേറ്റങ്ങളും നടത്താതിരിക്കുകയും 'തോമ്മായുടെ നിയമം' അനുസരിച്ചു് അതിരൂപതയിലെ കാര്യങ്ങളും നടത്താൻ 'അർക്കദിയാക്കോനെ' അനുവദിക്കുകയും ചെയ്തിരുന്നെങ്കിൽ കാര്യങ്ങളും സമാധാനപരമായി മുമ്പോട്ടുപോകുമായിരുന്നു. എന്നാൽ കൽദായഭാഷമാത്രം നിലനിർത്തിക്കൊണ്ടു് അദ്ദേഹം ആരാധനക്രമത്തെ ലത്തീനീകരിക്കുകയും അംഗഭംഗപ്പെടുത്തുകയും ചെയ്തു. ലത്തീൻ ആരാധനക്രമത്തിൽനിന്നുള്ള തർജമകളും അതിൽ കൂട്ടിച്ചേർത്തു. നൂറ്റാണ്ടുകളായി ആദരിക്കപ്പെട്ടുവന്ന അർക്കദിയാക്കോനെറ അധികാരങ്ങളും അദ്ദേഹം വെട്ടിച്ചുരുക്കി. ലത്തീൻ ക്രമത്തിലുള്ള വികാരി ജനറലിനു തുല്യമായി മാത്രം അദ്ദേഹത്തെ കണക്കാക്കി. കലഹങ്ങളും, അസ്വസ്ഥത, ആർച്ചുഡീക്കനെറ സഭാബഹിഷ്കരണവും പുനഃസ്വീകരണവും എന്നിവയൊക്കെയായിരുന്നു പ്രത്യാഘാതങ്ങളും. ഫ്രാൻസിസ്കൻ മിഷണറിമാർ ചില സന്ദർഭങ്ങളിൽ അർക്കദിയാക്കോനെ അനുകൂലിച്ചിരുന്നു.

ത്തെ ''വിശുദ്ധ കാനോനകളും അനുസരിച്ചു നടത്തപ്പെട്ട രൂപതാസിനഡ്'' എന്നാണ് ദോം മെനേസീസ് വിളിക്കുന്നതു്. മറ്റു കാര്യങ്ങളിലും എന്നപോലെ ഈ സൂനഹദോസിന്റെ നിർവ്വഹണത്തിലും ദോം മെനെസിസ് അനധികൃതമായിട്ടാണ് പെരുമാറിയതു്. അക്കാര്യം അവിടെ അവസാനിച്ചില്ല. ഈശോസഭക്കാരുടെ പ്രത്യേകിച്ചും ''സൂനഹദോസിൽ'' സന്നിഹിതരായിരുന്ന റോസ്, കാംപോറി എന്നിവരുടെ കത്തുകളിൽ നിന്നു താഴെ പറയുന്ന

റോസ് എസ്. ജെ സ്ഥാനത്തിനുശേഷം വന്ന രണ്ടു മെത്രാപ്പോലീത്താമാരും ഈശോസഭക്കാർ ആയിരുന്നു. അവരും മിക്ക കാര്യങ്ങളിലും റോസ് എസ്. ജെ.യുടെ നയങ്ങളുംതന്നെ പിൻതുടർന്നു. ഈശോസഭക്കാരല്ലാത്ത സന്യാസവൈദികർ കൊടുങ്ങല്ലൂർ രൂപതയിൽ ജോലിചെയ്യാൻ അവർ അനുവദിച്ചിരുന്നില്ല.

റോസ് എസ്. ജെ. യുടെ ആദ്യത്തെ പിൻഗാമിയുടെ കീഴിൽ ആരംഭിച്ച പുരുഷന്മാർക്കുവേണ്ടിയുള്ള ഒരു സന്യാസസഭയും അതിന്റെതായ പ്രശ്നങ്ങളും സൃഷ്ടിച്ചു. കാരണം അതിലെ അംഗങ്ങളും തോമ്മാക്രിസ്ത്യാനികളും ആയിരുന്നു. തോമ്മാക്രിസ്ത്യാനികളെ അനുകൂലിക്കുകയും അതിരൂപതയുടെ അതിർത്തികളിൽ ഒരു സെമിനാരി ആരംഭിക്കുകയും ചെയ്തവരായ ഡൊമിനിക്കൻ വൈദികർക്കു സ്ഥലം വിടേണ്ടിവന്നു. പോർട്ടുഗലിലും ഇന്ത്യയിലുമുള്ള പോർട്ടുഗീസ് അധികാരികളുടെ പക്കൽ സമർപ്പിക്കപ്പെട്ട പരാതികളൊന്നും ഉദ്ദേശിച്ച പ്രയോജനം ലഭിച്ചില്ല. ഈശോസഭക്കാരനായ മെത്രാപ്പോലീത്തായുടെ കോ അഡ്ജൂത്തോർ ആയി ഒരു ഡൊമിനിക്കൻ വൈദികനെ നിയമിച്ചുകിട്ടാൻ അർക്കദിയാക്കോനും വൈദികരും ശ്രമിച്ചുനോക്കി.

1652–ൽ അന്നത്തെ അർക്കദിയാക്കോനായിരുന്ന തോമ്മായുടെ പരിശ്രമഫലമായി ഒരു അഹത്തല്ലാ (യാക്കോബായ സഭയിൽനിന്നു കത്തോലിക്കാസഭയിലേക്കു തിരിഞ്ഞ ഇദ്ദേഹം കോപ്റ്റിക് പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ടയാളായിരുന്നു) മൈലാപ്പൂരിൽ എത്തിച്ചേർന്നു. മാർപ്പാപ്പായിൽനിന്നു തനിക്ക് എല്ലാ അധികാരങ്ങളും ലഭിച്ചിട്ടുണ്ടെന്ന് അദ്ദേഹം തോമ്മാക്രിസ്ത്യാനികളെ അറിയിച്ചു. പോർട്ടുഗീസുകാർ അദ്ദേഹത്തെ കപ്പലിൽ കയറ്റി കൊച്ചിവഴി ഗോവായിലേക്കു കൊണ്ടുപോയി.

കാര്യങ്ങളും വെളിപ്പെടുന്നു. ''സൂനഹദോസ് നടന്നതു ക്രമപ്രകാരമല്ല. അതിൽ ആലോചനകളും ഒന്നും നടന്നില്ല. സമ്മേളിച്ചവർക്കു മനസ്സിലാകാത്ത ഡിക്രികളും വായിച്ചു പാസ്സാക്കുക മാത്രമാണു ചെയ്തതു്. മെനെസിസിന്റെ അത്യുത്സാഹം പരിഹാസ്യമായിരുന്നു. തോമ്മാക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അംഗീകരിക്കാൻ വയ്യാത്ത പല കാര്യങ്ങളും ഡിക്രികളിൽ ഉണ്ടായിരുന്നു. റോസിന്റെ നിർബന്ധം കാരണമാണ് സമ്മേളിച്ചവർ രേഖകളിൽ ഒപ്പുവച്ചതു്. ''ഇതിനും പുറമേ (ഇതു കൂടുതൽ കഷ്ടവുമാണു്) മെനെസിസ് മേലുപറഞ്ഞ ഒപ്പുകളുള്ള കടലാസുകളും റോസിന്റെ പക്കൽ നിന്നു വാങ്ങുകയും അവ ആദ്യം എഴുതപ്പെട്ട രേഖകളിൽ നിന്നു വേർപെടുത്തി ഇഷ്ടംപോലെ പുതിയ ആശയങ്ങളും കൂട്ടിച്ചേർത്തു താൻ പരിഷ്കരിച്ചെഴുതിയ രേഖകളോടു കൂട്ടിച്ചേർക്കുകയും ചെയ്തു.'' മെനെസിസിന്റെ പ്രസ്തുത സൂനഹദോസിനെ മാർപാപ്പ അംഗീകരിക്കരുതെന്നു മേലുപറഞ്ഞ ഈശോസഭാ വൈദികർ അപേക്ഷിക്കുന്നുണ്ടു്. മെനെസിസിന്റെ നടപടികളിലെ തെറ്റുകളും തിരുത്തിക്കൊണ്ടു് തോമ്മാക്രിസ്ത്യാനികളുടെ മെത്രാനെന്ന നിലയിൽ റോസ് സംഘടി

പോർട്ടുഗീസുകാരായ ഈശോസഭക്കാർ അഹത്തള്ളായെ കൊച്ചി ക്കടലിൽ കെട്ടിത്താഴ്ത്തിക്കൊന്ന എന്നൊരു തെറ്റായ വാർത്ത പരന്നതിന്റെ ഫലമായി, ആർച്ചുഡീക്കന്റെ നേതൃത്വത്തിൽ കൊച്ചിയിലെത്തിയ തോമ്മാ ക്രിസ്ത്യാനികളും, തങ്ങളും ഈശോ സഭക്കാരനായ മെത്രാപ്പോലീത്തായുടെ കീഴിൽ ഇരിക്കുകയില്ലെന്നു് ഒരു ശപഥം ചെയ്തു അഹത്തള്ളാ എഴുതിയതെന്നു പ്രസ്താവിക്കപ്പെട്ട ഒരു കള്ളക്കത്തിന്റെ അടിസ്ഥാനത്തിൽ പന്ത്രണ്ടു വൈദികർ തോമ്മാ അർക്കദിയാക്കോന്റെമേൽ കൈവയ്ക്കുകയും അദ്ദേഹത്തെ മെത്രാപ്പോലീത്താ ആയി പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്നു ഈശോസഭക്കാർ തങ്ങളുടെയും കത്തോലിക്കാ സഭയുടെയും ശത്രുക്കളാണെന്നും അഹത്തള്ളാ റോമായുടെ കല്പന അനുസരിച്ചുവന്നതായിരുന്നെന്നും അവർ പ്രഖ്യാപിച്ചു. എല്ലാ കാര്യങ്ങളും മാർപ്പാപ്പായുടെ അംഗീകാരത്തോടുകൂടി ചെയ്തതാണെന്നു് അബദ്ധമായി ധരിച്ചുകൊണ്ടു്, ഏതാനും പേരൊഴികെ

പ്പിച്ച സുനഹദോസിനെ പരി. സിംഹാസനം അംഗീകരിക്കണം എന്നാണു് അവർ ആവശ്യപ്പെട്ടതു്. (Jesuit Archives, Rome, Goa, 15ff. 155–6, 178–9, 182–3, 196–200.) ഉദയംപേരൂർ സുനഹദോസിനെ പരിശുദ്ധ സിംഹാസനം ഒരിക്കലും അംഗീകരിച്ചിട്ടില്ല. എന്നാൽ മെനെസിസു് പരിഷ്കരിച്ചെഴുതിയ വിധത്തിലുള്ള സുനഹദോസു് നടപടികളും ഡിക്രികളും യൂറോപ്പിൽ പ്രസിദ്ധീകരിക്കപ്പെടുകയും അവയെല്ലാം ആളുകളും വിശ്വസിക്കുകയും ചെയ്തു. ഇന്നും അനേകർ അതെല്ലാം നേരെന്നു വിശ്വസിക്കുന്നു. ഇങ്ങനെ, ഉദയംപേരൂർ സുനഹദോസിൽ വച്ചോ അതിനു് അല്പം മുമ്പായിട്ടോ, മെനെസിസു്, നെസ്തോറിയൻ പാഷണ്ഡതയിൽ നിന്നും ശീശ്മയിൽ നിന്നും കേരളത്തിലെ തോമ്മാക്രിസ്ത്യാനികളെ മാനസാന്തരപ്പെടുത്തി എന്നു് ലോകം മുഴുവൻ ധരിക്കാൻ ഇടയായി.

ഇങ്ങനെയാണെങ്കിലും അക്കദിയാക്കോനായിരുന്ന കരിശിന്റെ ജോജ്ജു്, മെനെസിസിന്റെ ഉച്ഛ്രംഖല നടപടികൾക്കു് നിസ്സഹായ ശരവ്യമായിത്തീർന്ന ആ ദേഹം, 1624 ൽ ജെസ്യൂട്ടു് ജനറലിനു് ഇപ്രകാരം എഴുതി: ''ഒരു പക്ഷെ തെറ്റുകളും ഉണ്ടായിരുന്നിരിക്കാം. എന്നാൽ ഉശ്രാഠ്യപൂർവം ഉറപ്പിക്കേണ്ടതായ പാഷണ്ഡത ഒന്നുമില്ല. ഇവിടത്തെ സഭയിൽ പാഷണ്ഡത ഉണ്ടായിരുന്നെങ്കിൽ ഈശോസഭാവൈദികർക്കും മറ്റു സന്യാസവൈദികർക്കും ഇവിടെ പ്രവേശനം ലഭിക്കുമായിരുന്നില്ലല്ലോ, (Ibid 18f. 72.). മെനെസിസു് തയ്യാറാക്കിയ വിധത്തിലുള്ള ഉദയംപേരൂർ സുനഹദോസിന്റെ നടപടികളും ഡിക്രികളും പ്രസിദ്ധീകരിക്കപ്പെട്ടതിനെക്കുറിച്ചു കേട്ടതിനു ശേഷമാണു് അക്കദിയാക്കോൻ ഇങ്ങനെ എഴുതിയതു്.

ഉദയംപേരൂർ സുനഹദോസു് മെനെസിസു് പറയുംപോലെ ''വിശുദ്ധ സഭാനിയമങ്ങളും അനുസരിച്ചു നടത്തപ്പെട്ട ശ്രുതാ സുനഹദോസു്'' ആയിരുന്നെങ്കിൽ അതിനു മാർപ്പാപ്പയുടെ അംഗീകാരം നേടാൻ അദ്ദേഹം ശ്രമിച്ചതെന്തിനു്? ശ്രുതാസുനഹദോസിനെ പരിശുദ്ധ സിം

തോമ്മാക്രിസ്ത്യാനികളെല്ലാം ആർച്ചുഡീക്കന്റെ പക്ഷത്തുനിന്നു. എന്നാൽ കാലക്രമത്തിൽ അദ്ദേഹത്തിന്റെ നാലു് ഉപദേഷ്ടാക്കളിൽ മൂന്നു പേർ ഉംപ്പെടെ അനേകം പേർ അദ്ദേഹത്തെ വിട്ടുപോയി. നേതാക്കന്മാർക്കു തന്നെ അവരുടെ നിലപാടിനെക്കുറിച്ചു നല്ല നിശ്ചയമില്ലായിരുന്നു; പക്ഷെ അവരും തങ്ങളുടെ നിലപാടിനെ ന്യായീകരിക്കാൻ റോമാമാർപ്പാപ്പായുടെ അധികാരത്തെയാണു് ആശ്രയമായി എടുത്തുകാട്ടിയതു്.[6]

3. പ്രൊപ്പഗാന്താ പ്രവേശിക്കുന്നു—കർമ്മലീത്തർ

അസംതൃപ്തരായ ആളുകളെ ഈശോസഭക്കാരനായ അവരുടെ കൊടുങ്ങല്ലൂർ മെത്രപ്പോലീത്തായോടു രമ്യപ്പെടുത്തുന്നതിനു് അന്നത്തെ മാർപ്പാപ്പാ പ്രൊപ്പഗാന്താതിരുസംഘത്തിനു കീഴിൽ രണ്ടു നിഷ്പാദുക കർമ്മലീത്താ വൈദികരെ അപ്പസ്തോലിക്കു് കമ്മീസ്സറിമാരായി കേരളത്തിലയച്ചു. ആ കർമ്മലീത്തരെ അനുസരിച്ചവരിൽ പലർക്കും ഈശോസഭക്കാരനായ കൊടുങ്ങല്ലൂരെ പദ്രുവാദോ മെത്രാപ്പോലീത്തായെ അനുസരിക്കാൻ വൈമനസ്യമായിരുന്നു. പ്രസ്തുത അപ്പസ്തോലിക്കു് കമ്മീസറിമാരിൽ ഒരാളായ ജോസഫ് സെബാസ്ത്യാനി പിന്നീടു് കൊടുങ്ങല്ലൂരിന്റെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. തോമ്മാക്രിസ്ത്യാനികളെ അവരറിയാതെ ത്തീൻ റീത്തു് സ്വീകരിക്കുന്നതിനായി പ്രേരിപ്പിക്കാൻ പ്രൊപ്പഗാന്താ തിരുസംഘം ജോസഫ് സെബസ്ത്യാനിയോടു് ആവശ്യ

ഹാസനത്തിന്റെ അംഗീകാരം ആവശ്യമില്ല. തന്റെ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾക്കു് മാർപ്പാപ്പയുടെ അംഗീകാരം വഴി നിയമസാധുത്വം കിട്ടുമെന്നു് അദ്ദേഹം കരുതിക്കാണുമോ? റോസ് മെത്രാനും അദ്ദേഹം നടത്തിയ ശ്രുപതാ സൂനഹദോസിനു് പേപ്പൽ അംഗീകാരം നേടാൻ ആഗ്രഹിച്ചിരുന്നു. തോമ്മാക്രിസ്ത്യാനികളുടെ ആരാധനാക്രമത്തിനും ആചാരങ്ങൾക്കും എതിരായി നടന്ന അക്രമങ്ങൾ പേപ്പൽ അംഗീകാരം നേടാൻ അദ്ദേഹത്തെയും പ്രേരിപ്പിച്ചിരിക്കുമോ?

6. അക്കാലത്തു് തോമ്മാക്രിസ്ത്യാനികളുടെ മെത്രാപ്പോലീത്തായും ഈശോസഭക്കാരനുമായിരുന്ന ഗാർസ്യാ എസ്സ്. ജെ. 1659 ജനുവരി 3–നു് റോമിലെ പ്രൊപ്പഗാന്താതിരുസംഘത്തിനു അയച്ച കത്തിൽ ഇക്കാര്യങ്ങളെല്ലാം വിശദമായി പ്രതിപാദിച്ചിട്ടുണ്ടു് (Propaganda Archives Rome. Scritture riferit. Congr. Gener. Vol.232. ff 297sq.).

പ്പെട്ട.[7] ഏതായാലും ഭൂരിപക്ഷം ആളുകളും ചിന്താക്കുഴപ്പത്തിലാവുകയും ആർച്ചുഡീക്കനെ ഉപേക്ഷിക്കുകയും ചെയ്തു.

4. നസ്രാണികൾ പ്രൊപ്പഗാന്തായുടെ കീഴിൽ— പദ്രുവാദോ–ശീശ്മ

ഇക്കാലമായപ്പോഴേയ്ക്കും ഡച്ചുകാർ കൊച്ചി പിടിച്ചടക്കുകയും കേരളതീരത്തു് പലയിടത്തും തങ്ങളുടെ അധികാരം സ്ഥാപിക്കുകയും ചെയ്തിരുന്നു. അതിനാൽ സെബസ്ത്യാനിയ്ക്കു കേരളം വിട്ടുപോകേണ്ടിവന്നു. അദ്ദേഹം പോകുന്നതിനുമുമ്പായി തനിക്കു ലഭിച്ചിരുന്ന അധികാരമുപയോഗിച്ചു്, പ്രൊപ്പഗാന്തായുടെ കീഴിൽ, വികാരിഅപ്പസ്തോലിക്ക എന്ന സ്ഥാനത്തു തന്റെ പിൻഗാമിയായിരിക്കുന്നതിനുവേണ്ടി തോമ്മാക്രിസ്ത്യാനിയായ പറമ്പിൽ മാർ അലക്സാണ്ടർ എന്ന ദേഹത്തെ അഭിഷേചിച്ചു.

ഇങ്ങനെ സെബസ്ത്യാനിയോടുകൂടി ആരംഭിച്ച പ്രൊപ്പഗാന്തായുടെ ഭരണം പിൽക്കാലത്തു് മലബാർ വികാരിയാത്തു് അപ്പസ്തോലിക്കു് എന്നു് അറിയപ്പെട്ട പ്രദേശത്തു് നിർവ്വഹിക്കപ്പെട്ട. അതുതന്നെയാണു് ചില പുന:ക്രമീകരണങ്ങളോടെ 1845–നുശേഷം വരാപ്പുഴ വികാരിയാത്തു് ആയിത്തീർന്നതു്. കൊടുങ്ങല്ലൂരെ പദ്രുവാദോ അതിരൂപത നിത്തൽ ചെയ്യപ്പെട്ടില്ല. അങ്ങനെ കത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളിൽ കുറെപ്പേർ പദ്രുവാദോയുടെയും ബാക്കിയുള്ളവർ പ്രൊപ്പഗാന്തായുടെയും കീഴിലായി. കൊടുങ്ങല്ലൂർ അതിരൂപതയും കൊച്ചിരൂപതയുമായിരുന്ന പദ്രുവാദോയുടെ കീഴിൽ. കൊച്ചിയിലും ചേറുവാ മുതൽ കൊല്ലംവരെയുള്ള തീരപ്രദേശങ്ങളിലും ഡച്ചുകാരുടെ പ്രാബല്യം നിലനിന്നിരുന്നതുകൊണ്ടു് കൊച്ചിമെത്രാനു് കൊച്ചിയിലോ സമീപസ്ഥലങ്ങളിലോ വസിക്കാൻ കഴിഞ്ഞില്ല. അതിനാൽ കൊച്ചിയിൽ പദ്രുവാദോയുടെ കീഴിലുണ്ടായിരുന്ന തോമ്മാക്രിസ്ത്യാനികളായ കത്തോലിക്കർ അങ്ങനെ പ്രൊപ്പഗാന്തായുടെ കീഴിലായി.

---

7. Ibid. Scritture riferit. Origin Vol. 233f. 29.
തോമ്മാക്രിസ്ത്യാനികളുടെ അദ്ധ്യാപകർ, അവരെ ലത്തീൻ പഠിപ്പിക്കണമെന്നു് നടത്തിയിരുന്ന അഭ്യർത്ഥന ഉപയോഗപ്പെടുത്തുകയും അങ്ങനെ അവരുടെ റീത്തു് ലത്തീനാക്കി മാറ്റുകയും ചെയ്യണമെന്നു് പ്രൊപ്പഗാന്താതിരുസംഘം സെബാസ്ത്യാനിയോടു് ആവശ്യപ്പെട്ട (Ibid.).

അർക്കദിയാക്കോനും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന മാർത്തോമ്മാക്രിസ്ത്യാനികളിലെ ന്യൂനപക്ഷവും (ഇവർ പകുതിയടുത്തുവരും) യാക്കോബായക്കാർ (Monophysites) ആയിത്തീർന്നു. അവർ കാലക്രമത്തിൽ പശ്ചിമസിറിയൻ ആരാധനക്രമം അംഗീകരിച്ചു.[8] അവർ പിൽക്കാലത്ത് അനവധി സഭകളിലായി വീണ്ടും വീണ്ടും ഭിന്നിച്ചു. ഈ യാക്കോബായക്കാർ ഒരു മെത്രാപ്പോലീത്തായുടെ കീഴിൽ ആയിരുന്നപ്പോഴും ആ മെത്രാപ്പോലീത്താ ''അഖിലേന്ത്യാ'', ''ഇന്ത്യയുടെ കാവാടം'' ''ഇന്ത്യയുടെ തലവൻ'' ''ഇന്ത്യയുടെ മെത്രാപ്പോലീത്താ'' എന്നിങ്ങനെയുള്ള വിശേഷണങ്ങളും തന്നെക്കുറിച്ചു തന്നെ ഉപയോഗിച്ചിരുന്നു. തന്റെ അനുയായികളും എവിടെ ആയിരുന്നാലും അവരുടെമേൽ അധികാരം നടത്തുകയും ചെയ്തിരുന്നു. അവർ അന്നത്തെപ്പോലെ ഇന്നും അറിയപ്പെടുന്നതു് പുതിയവിഭാഗം (പുത്തൻ കൂറുകാർ) എന്ന പേരിലാണു്. പഴയ വിശ്വാസം നിലനിത്തിയിരുന്നവർ പഴയവിഭാഗം (പഴയ കൂറുകാർ) എന്ന പേരിലും അറിയപ്പെട്ടു. നാം ഇവിടെ തുടർന്നുപറയാൻ പോകുന്നതു് പഴയകൂറുകാരുടെ കാര്യമാണു്.

5. പ്രൊപ്പഗാന്താ—കർമ്മലീത്തരും കമ്മലീത്തരും

മാർ അലക്സാണ്ടർ ഒരു വികാരി അപ്പസ്തോലിക്കാമെത്രാൻ മാത്രമായിരുന്നെങ്കിലും ''ഇന്ത്യ ഒക്കെയുടെയും മെത്രാപ്പോലീത്താ'' എന്നു് സ്വയം വിശേഷിപ്പിച്ചു.[9] തന്റെ പിൻഗാമിയാകുന്നതിനുവേണ്ടി ഒരു കോ അഡ്ജൂത്തോരെ ലഭിക്കാൻ അദ്ദേഹം അപേക്ഷിച്ചു. ഡച്ചുകാരുടെ പ്രത്യേകാനുമതിയോടുകൂടി കേരളത്തിൽ വന്നവരായ കമ്മലീത്തരെ കോ അഡ്ജൂത്തോരെ തെരഞ്ഞെടുക്കാൻ പ്രൊപ്പഗാന്ത തിരുസംഘം ചുമതലപ്പെടുത്തി. കോ അഡ്ജൂത്തോർ അർക്കദിയാക്കോനോ മുട്ടത്തുപള്ളിയുടെ വികാരിയോ ആയിരിക്കണമെന്നായിരുന്നു നിർദ്ദേശം. ഈ രണ്ടുപേരെയും തെരഞ്ഞെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ മറേറതെങ്കിലും ഒരു ഇന്ത്യാക്കാരനെ തെരഞ്ഞെടുക്കണം. ചുമതലപ്പെടുത്തപ്പെട്ട കർമ്മലീത്തർക്കു് ഇന്ത്യയിൽ ജനിച്ച പോർട്ടുഗീസുകാരനായ റഫായേൽ ഫിഗ്രേദോവിനെയല്ലാതെ മററാരെയും കണ്ടെത്താൻ കഴിഞ്ഞില്ല.

---

8. അവർ ഈ ആരാധനക്രമത്തെ എല്ലാ ശ്രദ്ധയോടും ജാഗ്രതയോടും കൂടെ സംരക്ഷിക്കുന്നു. അവർ മാതൃഭാഷയിലേക്കു് നടത്തിയിട്ടുള്ള ഈ ആരാധനക്രമത്തിന്റെ വിവർത്തനവും വിശ്വസ്തതാപൂർണ്ണമാണു്.

9. Paulinus a S. Bartholomaeo, OCD., India Orientalis Christiana, (op. cit.), p. 263. Roz, SJ., and his successor Britto, SJ., also used this title.

ഈ തെരഞ്ഞെടുപ്പ് മാർ അലക്സാണ്ടറിനു് ഇഷ്ടമായില്ല, തനിക്കു് ഒരു വികാരി ജനറൽ ഉണ്ടായിരുന്നെങ്കിലും അദ്ദേഹം തന്റെ അനന്തരവനായ മാത്യുവിനെ അർക്കദിയാക്കോനും 'ഇന്ത്യ ഒക്കെയുടെയും കവാട'വുമായി നിയമിച്ചു.

മാർ അലക്സാണ്ടർ 1686–ൽ മരിച്ചു. അപ്പോഴേക്കും റഫായേൽ ഫിഗ്രെദോ അവകാശമനുസരിച്ചു് വികാരി അപ്പസ്തോലിക്കയായിത്തീർന്നു. മാർ അലക്സാണ്ടർ നിയമിച്ച വികാരി ജനറലിനെ മഹറോൻ ചൊല്ലുക (excommunicata) വഴി ഫിഗ്രെദോ മാർ അലക്സാണ്ടറിനു് വളരെ മനോവേദന വരുത്തിയിരുന്നു. തന്നെ തെരഞ്ഞെടുത്തവരായ കർമ്മലീത്തരെയും അദ്ദേഹം വളരെ ദു:ഖിപ്പിച്ചു. ''വലിയ മുഗളി''ന്റെ (Great Mughal) വികാരി അപ്പസ്തോലിക്കയും ഒരു ഗോവാക്കാരനുമായ കസ്റ്റോഡിയസ് ഡി പിഞ്ഞോയെക്കൊണ്ടു് ഒരു അന്വേഷണം നടത്തിച്ചശേഷം പ്രൊപ്പഗാന്താ ഫിഗ്രെദോവിനെ വികാരി അപ്പസ്തോലിക്കാ സ്ഥാനത്തുനിന്നു സസ്പെൻഡ് ചെയ്തു. ഫിഗ്രെദോ 1696–ൽ നിര്യാതനായി. അദ്ദേഹത്തിന്റെ പിൻഗാമിയാകാൻ തെരഞ്ഞെടുക്കപ്പെട്ടതു് കസ്റ്റോഡിയസ് ഡി പിഞ്ഞോ ആയിരുന്നെങ്കിലും അദ്ദേഹം കേരളത്തിലേയ്ക്കു് പോന്നില്ല. അതിനുശേഷം നിയമിക്കപ്പെട്ടയാളും കർമ്മലീത്താക്കാരനായ പീറർ പോളും ആയിരുന്നു. എന്നാൽ അപ്പോഴും കേരളത്തിൽ അല്പാതിരുന്ന അദ്ദേഹം താമസിയാതെ സൂറത്തിൽ വച്ചു മരിച്ചു. 1695 മുതൽ 1700 വരെയുള്ള ഈ ഇടക്കാലത്തു് മാത്യു അക്കദിയാക്കോൻ പ്രൊപ്പഗാന്തായുടെ കീഴിൽ മലബാർ വികാരിയായതു് ഭരിച്ചു. അതിനുശേഷം കർമ്മലീത്തനായ ആൻജെലൂസ് ഫ്രാൻസീസ് വികാരി അപ്പസ്തോലിക്കാ സ്ഥാനത്തേയ്ക്കു് താല്ക്കാലികമായി നിയമിക്കപ്പെട്ടു. ഇതു് പദ്രുവാദോയുടെ കീഴിൽ കൊടുങ്ങല്ലൂർ കൊച്ചി രൂപതകളുടെ പോർട്ടുഗീസ് മെത്രാന്മാർ തൽസ്ഥാനങ്ങളിൽ വരുന്നതുവരെയുള്ള ഒരു ക്രമീകരണമായിരുന്നു. പ്രസ്തുത കാലഘട്ടത്തിൽ മലബാർ വികാരിയത്തു് അപ്പസ്തോലിക്കു് കൊടുങ്ങല്ലൂർ കൊച്ചി രൂപതകളിൽനിന്നു് വ്യതിരിക്തമായി രൂപപ്പെട്ടിരുന്നില്ലെന്നാണു് ഇതു കാണിക്കുന്നതു്. എന്നാൽ ഈ ഉരുത്തിരിയൽ താമസിയാതെ നടന്നു.

6. പദ്രുവാദോ മുമ്പോട്ടു വരുന്നു

പദ്രുവാദോയ്ക്കു കീഴിലുള്ള കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രപ്പോലീത്താമാരെ നാമനിർദ്ദേശം ചെയ്തിരുന്നതു പോർട്ടുഗീസ് ഗവണ്മെൻറു് ആയിരുന്നു. ഇങ്ങനെയുള്ള നാമനിർദ്ദേശം സ്വീകരിച്ച ഒരു ഡിഡക്കുസു് (Didacus) പോർട്ടുഗലിൽത്തന്നെ വസിച്ചുകൊണ്ടു്, പദ്രുവാദോയുടെ കീഴിൽ കൊടുങ്ങല്ലൂർ അതി

രുപത ഭരിക്കാൻ മാത്യു അർക്കദിയാക്കോനെ നിയമിച്ചു. അർക്കദിയാക്കോൻ 1704 വരെ അതിരുപത ഭരിച്ചു. 1804–ൽ കേരളത്തിൽത്തന്നെ ഉണ്ടായിരുന്ന റിബെറിയോ എസ്സ്. ജെ. കൊട്ടങ്ങല്ലൂർ മെത്രാപ്പോലീത്താ ആയി. അദ്ദേഹം ഡച്ചുകാരുടെ അധീനത്തിലല്ലായിരുന്നു.

7. പ്രൊപ്പഗാന്താ കാർമ്മലൈറ്റ്–മാർ സൈമൺ പത്രുവാദോ—മാർ ഗബ്രിയേൽ

പ്രൊപ്പഗാന്തായുടെയും പത്രുവാദോയുടെയും കീഴിലുള്ള മെത്രാന്മാർ തമ്മിൽ നിരന്തരം കലഹങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. നേരത്തെ പറഞ്ഞതുപോലെ 1700–ൽ കർമ്മലീത്തനായ ആൻജലൂസ് ഫ്രാൻസിസ് പ്രൊപ്പഗാന്തായുടെ കീഴിൽ മലബാറിന്റെ വികാരിഅപ്പസ്തോലിക്കയായി നിയമിതനായി. എന്നാൽ പത്രുവാദോ മെത്രാന്മാർ ആരും അദ്ദേഹത്തിനു മെത്രാഭിഷേകം നൽകുകയില്ല. ആ സമയത്തു ഒരു കൽദായമെത്രനായ മാർ സൈമൺ കേരളത്തിലെത്തി. കത്തോലിക്കരും അകത്തോലിക്കരുമായ തോമ്മാക്രിസ്ത്യാനികളുടെ ശ്രമഫലമായിട്ടാണു് അദ്ദേഹം വന്നതു്. ഈ മെത്രാനിൽനിന്നു് ആൻജലൂസ് ഫ്രാൻസിസിനു് മെത്രാഭിഷേകം ലഭിച്ചു. ഈ അഭിഷേകം കഴിഞ്ഞപ്പോഴേ മാർ സൈമൺ പോണ്ടിച്ചേരിയിലേയ്ക്കു് പോകുകയോ അയയ്ക്കപ്പെടുകയോ ചെയ്തു. ഒരു പ്രഭാതത്തിൽ അവിടെയുള്ള ഒരു കിണറ്റിൽ അദ്ദേഹം മരിച്ചുകിടന്നു. 1720 ആഗസ്റ്റു് 6–ാം തീയതി അദ്ദേഹത്തിന്റെ ശവസംസ്കാരം നടത്തിയ കപ്പൂച്ചിൻ വൈദികനായ സ്പിരിറ്റോ ഡി ടൂഴ്സ് രേഖപ്പെടുത്തിയിരിക്കുന്നതു മാർ സൈമൺ വെള്ളം കോരുന്ന സമയത്തു കിണറ്റിൽ വീണുപോയി എന്നാണു്. വാല്യക്കാരനായ ബാലൻ ഉറക്കമായിരുന്നതുകൊണ്ടാണു് മെത്രാൻതന്നെ വെള്ളം കോരിയതെന്നും ഉണർന്നിരുന്നെങ്കിൽത്തന്നെ അദ്ദേഹത്തെ രക്ഷിക്കാൻ അവനു കഴിയുകയില്ലായിരുന്നെന്നും ഫാ. ടൂഴ്സ് രേഖപ്പെടുത്തിയിട്ടുണ്ടു്. മാർ സൈമണു് കേരളത്തിൽ നിൽക്കാൻ കഴിയാതെ വന്നതു് കൊച്ചിഗവണ്മെന്റു് വഴി കർമ്മലീത്തർ അദ്ദേഹത്തിനു തടസ്സങ്ങളും സൃഷ്ടിച്ചതുകൊണ്ടാണെന്നും അദ്ദേഹം രേഖപ്പെടുത്തുന്നുണ്ടു്.[10] അന്നു കൊച്ചി ഗവണ്മെന്റിനെ നിയന്ത്രിച്ചിരുന്നതു് ഡച്ചുകാരാണു്. കർമ്മലീത്തർ ഡച്ചുകാരുടെ സുഹൃത്തുക്കളായിരുന്നു.

---

10. Nagam Aiya, The Travancore State Manual, Vol. II, Trivandrum, 1906, pp. 190, 191.

മാർ സൈമന്റെ കേരളത്തിൽനിന്നുള്ള വേർപാടും അദ്ദേഹത്തിന്റെ മരണവും കത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളും കർമ്മലീത്തരും തമ്മിലുള്ള അകൽച്ച വർദ്ധിപ്പിച്ചു. റഫായേൽ ഫിഗ്രേദോവിന്റെ തെരഞ്ഞെടുപ്പോടെ പ്രകടമായിത്തീർന്നിരുന്നതാണ് അകൽച്ച.

ആൻജലൂസ് ഫ്രാൻസിസിന്റെ നിയമനം, നാം കണ്ടതുപോലെ കൊടുങ്ങല്ലൂരിന്റെ പദ്രുവാദോ മെത്രാപ്പോലീത്താ തന്റെ ശ്രുപതയിൽ വരുന്നതുവരെയുള്ള ഇടക്കാലത്തേക്കുവേണ്ടി ചെയ്ത ഒരു ക്രമീകരണമായിരുന്നു. അതിനാൽ റിബേയിരോ എസ്സ്. ജെ. കൊടുങ്ങല്ലൂരിന്റെ പദ്രുവാദോ മെത്രാപ്പോലീത്താ ആയി കേരളത്തിൽ എത്തിയപ്പോഴും ആൻജലൂസ് ഫ്രാൻസീസിനു തന്റെ സ്ഥാനം രാജിവയ്ക്കേണ്ടിവന്നു. എന്നാൽ കത്തോലിക്കരായ ഏതാനും തോമ്മാക്രിസ്ത്യാനികളുടെ അപേക്ഷയുടെയും കൂടെ ഫലമായി, ഡച്ച് അധീനതയിലുള്ള സ്ഥലങ്ങളും ഭരിക്കുന്നതിനുള്ള അധികാരം അദ്ദേഹത്തിനു നൽകപ്പെട്ടു. മറ്റു സ്ഥലങ്ങളിലെ തോമാക്രിസ്ത്യാനികൾക്ക് സ്വന്തം ഇഷ്ടമനുസരിച്ച് പദ്രുവാദോയുടെയോ പ്രൊപ്പഗാന്തായുടെയോ കീഴിലായിരിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇതു ചില സ്ഥലങ്ങളിൽ വളരെ കുഴപ്പങ്ങൾക്കു കാരണമായി. കാരണം ഒരേ ഇടവകയിൽ തന്നെ കുറെ വിശ്വാസികളും പദ്രുവാദോയുടെയും വേറെ കുറെപ്പേർ പ്രൊപ്പഗാന്തായുടെയും അധികാരം അംഗീകരിച്ചു.

അകത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളുടെ ക്ഷണം അനുസരിച്ച് കേരളത്തിൽവന്ന മാർ ഗബ്രിയേൽ എന്ന കൽദായ മെത്രാൻ 1709—നും 1720—നും ഇടയ്ക്ക് ഒരു ശീശ്മയ്ക്കു കാരണമായി. കാരണം അകത്തോലിക്കരോടൊപ്പം ഏതാനും കത്തോലിക്കരും അദ്ദേഹത്തിന്റെ അധികാരം അംഗീകരിച്ചു. ഗബ്രിയേൽ മെത്രാൻ കേരളത്തിൽ വന്നപ്പോഴും കർമ്മലീത്തർ അദ്ദേഹത്തെ അനുകൂലിച്ചുവെന്നും തെറ്റായ റിപ്പോർട്ടുകളും കാരണം ആൻജെലൂസ് ഫ്രാൻസീസ് വീണ്ടും തന്റെ പദവിയിൽ ഉറപ്പിക്കപ്പെട്ടുവെന്നും അക്കാലത്തു കേരളത്തിലുണ്ടായിരുന്ന ഏർണസ്റ്റ് ഹാൻക്സ്ൽഡൻ(അർണോസ് പാതിരി) പ്രസ്താവിക്കുന്നു.'[11]

8. പദ്രുവാദോ കർമ്മലീത്തക്കു കീഴിലെ ദുരിതങ്ങൾ

കത്തോലിക്കരായ തോമ്മാക്രിസ്ത്യാനികൾക്ക് അവരുടെ പ്രൊപ്പഗാന്താ കർമ്മലീത്താ മെത്രാന്മാക്കു കീഴിൽ വളരെ ദുരിത

11. Ferroli D., SJ., The Jesuits in Malabar, Vol. II. Bangalore, 1951, pp. 324, 325.

ങ്ങളും അനുഭവിക്കേണ്ടി വന്നു. വികാരി അപ്പസ്തോലിക്കാ മോൺ ഫ്രാൻസിസ് 1773–ൽ മരിച്ചു. തങ്ങളുടെ പതിവനുസരിച്ച് അദ്ദേഹത്തെ കബറടക്കം ചെയ്യുന്നതിനു് അനുവദിക്കപ്പെടാതിരുന്നതുകൊണ്ടു് തോമ്മാക്രിസ്ത്യാനികളും അങ്കമാലിയിൽവച്ചു് ഒരു പൊതുസമ്മേളനം നടത്തി. ഈ സമ്മേളനത്തിന്റെ ഫലമായി താഴെപറയുന്ന കാര്യങ്ങളും സമ്മതിച്ചു് എഴുതിക്കൊടുക്കാൻ കർമ്മലീത്തർ നിർബന്ധിതരായി. (1) ഭാവിയിൽ വികാരി അപ്പസ്തോലിക്കായെ കബറടക്കാൻ തോമ്മാക്രിസ്ത്യാനികളെ അനുവദിക്കണം. (2) നാട്ടുകാരായ ലത്തീൻ വൈദികരെ തോമ്മാക്രിസ്ത്യൻ വൈദികരുടെ വേഷം അണിഞ്ഞു സഞ്ചരിക്കാൻ വികാരി അപ്പസ്തോലിക്കാ അനുവദിക്കയില്ല. (3) കൊടുങ്ങല്ലൂർ (പ്രൂവാദോ) മെത്രാപ്പോലീത്താ വൈദികപട്ടം നിഷേധിച്ചവർക്കു് വികാരി അപ്പസ്തോലിക്കാ പട്ടം കൊടുക്കുകയില്ല. (4) പെരുന്നാളും പ്രദക്ഷിണങ്ങളും നടത്താനുള്ള അവകാശം കർമ്മലീത്തർ കുത്തകയാക്കുകയില്ല. (5) നാട്ടുകാരായ വിശ്വാസികളുടെ മേൽ കുറ്റം ആരോപിക്കപ്പെട്ടാൽ അവർക്കു പറയാനുള്ളതു കേൾക്കാതെ അവരെ ശിക്ഷിക്കയില്ല. വരാപ്പുഴയിലെ സെമിനാരിയിൽ ലത്തീൻ റീത്തുകാരായ വിദ്യാർത്ഥികളുംകൊപ്പം തങ്ങളുടെ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ പാടില്ല എന്നുള്ള തോമ്മാക്രിസ്ത്യാനികളുടെ ഡിമാൻഡ് കർമ്മലീത്തർ അംഗീകരിച്ചില്ല. (തോമ്മാക്രിസ്ത്യാനികൾക്കു മാത്രമായി കർമ്മലീത്തർ നടത്തിവന്നിരുന്ന സെമിനാരിയുടെ സ്ഥാനത്തു് പിൽക്കാലത്തു സ്ഥാപിക്കപ്പെട്ട ഉഭയറീത്തു് സെമിനാരിയായിരുന്ന വാരാപ്പുഴയിലേതു്). മുകളിൽപ്പറഞ്ഞ ആവശ്യങ്ങളെല്ലാം തന്നെ പ്രൊപ്പഗാന്താ തിരുസംഘം അംഗീകരിക്കുകയാണുണ്ടായതു്. സെമിനാരിയുടെ വിഷയത്തിൽ തോമ്മാക്രിസ്ത്യാനികളുടെ വികാരങ്ങളെ പ്രണപ്പെട്ടത്താതിരിക്കുന്ന എന്തെങ്കിലും പരിഹാരമാർഗ്ഗം അവലംബിക്കണമെന്നു് തിരുസംഘം നിർദ്ദേശിച്ചു. പ്രത്യേകം അടുക്കളയും കിടപ്പുമുറിയുമുള്ള പ്രത്യേക വാസസ്ഥലം തോമ്മാക്രിസ്ത്യാനികളായ വിദ്യാർത്ഥികൾക്കു നൽകുക എന്നതായിരുന്ന കണ്ടുപിടിക്കപ്പെട്ട പരിഹാരമാർഗ്ഗം. ഇതിനെത്തുടർന്നു്, തോമ്മാക്രിസ്ത്യാനികൾക്കുവേണ്ടി ആലങ്ങാട്ടു് സമാരബ്ധമായ ഒരു സെമിനാരി അടച്ചുപൂട്ടപ്പെട്ടു.

കർമ്മലീത്തർ തങ്ങളുടെ വൈദികരെ ചങ്ങലയ്ക്കിടുകയും തല്ലുകയും തടവിലാക്കുകയും ചെയ്യുന്നതിനെക്കുറിച്ചു് തോമ്മാക്രിസ്ത്യാനികൾ പ്രൊപ്പഗാന്താ തിരുസംഘത്തിനു പരാതികൾ സമർപ്പിച്ചതിന്റെ ഫലമായി തിരുസംഘം 1774–ൽ കേരളത്തിലെ കർമ്മലീത്താ വികാരി അപ്പസ്തോലിക്കായെയും കർമ്മലീത്താ മിഷനറിമാരേയും കഠിനമായി കുറ്റപ്പെടുത്തുന്ന ഒരു

കല്പന അയച്ചു. മുകളിൽപ്പറഞ്ഞതരം ക്രൂരതകളും മേലിൽ പ്രവർത്തിക്കരുതെന്നും 'അധികാരം പ്രയോഗിക്കുന്ന അധീശന്മാരെപ്പോലെ അല്ല, സ്നേഹമുള്ള പിതാക്കന്മാരെപ്പോലെയാണു് അവർ പെരുമാറേണ്ട'തെന്നും ആജ്ഞാപിക്കുകയും ചെയ്തു. [12]

പദ്രുവാദോ മെത്രാന്മാരിൽനിന്നു് തോമ്മാക്രിസ്ത്യാനികൾക്കു് വലിയ യാതനകളും സഹിക്കേണ്ടി വന്നില്ല.

9. തോമ്മാക്രിസ്ത്യാനികൾ പദ്രുവാദോയുടെ കീഴിൽ

യാക്കോബായ വിഭാഗത്തിൽപ്പെട്ട അകത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളുടെ അന്നത്തെ മെത്രാപ്പോലീത്താ മാർതോമ്മാ ആറാമൻ അഥവാ ദിവന്ന്യാസ്യോസ് ഒന്നാമന്റെ പുനരൈ

---

12. Ambrosius a S. Theresa, OCD; Hierarchia Carmelitana, iv Romae 1934. pp. 277 sq:

text of the Instruction നോടൊപ്പം ഇവിടെ ഇക്കാര്യങ്ങളും സാമാന്യം വിശദമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. Analecta OCD യിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ ഒരു പുനർമുദ്രണമാണു് പ്രസ്തുത പുസ്തകം.

മോഷണകുറ്റം ആരോപിക്കപ്പെട്ട ഒരു വൈദികനെ (കർമ്മലീത്തർ) താഴ്ന്ന ജാതിക്കാരായ പുതുക്രിസ്ത്യാനികളെക്കൊണ്ടു തല്ലിക്കുകയും ഒരു മുറിയിൽ അടച്ചു് പട്ടിണിയിട്ടു കൊല്ലുകയും അന്ത്യ കൂദാശകളും ആവശ്യപ്പെട്ടിട്ടും കൊടുക്കാതിരിക്കുകയും ചെയ്തെന്നു് തോമ്മാക്രിസ്ത്യാനികളും പരാതിപ്പെട്ടിരുന്നു. കർമ്മലീത്താമിഷനറിമാർ ഈ കേസു് അക്രൈസ്തവനായ ഒരു ജഡ്ജിയുടെ പക്കൽ സമർപ്പിക്കുകയും അദ്ദേഹം അതു വിചാരണ ചെയ്യുകയും ചെയ്തതാണു്. പ്രസ്തുത വൈദികന്റെ മരണത്തിനു് വികാരി അപ്പസ്തോലിക്കയും വൈദികരും ക്രിസ്ത്യാനികളും തന്നെയും കാരണക്കാരാണെന്നു് ആ ജഡ്ജി അഭിപ്രായപ്പെട്ടതായി വികാരി അപ്പസ്തോലിക്കയും കർമ്മലീത്താ മിഷനറിമാരും ചേർന്നു് ഈ വിഷയത്തെക്കുറിച്ചു് പ്രൊപ്പഗാന്താ തിരുസംഘത്തിനയച്ച കത്തിൽ സമ്മതിച്ചിട്ടുണ്ടു്". (Ambrosius a. S. Theresa, OCD op. cit. pp 287. sq.) ഇക്കാര്യത്തിൽ ഒരു കൈയ്യബദ്ധം കരുതപ്പെട്ട ഫ്രാൻസീസു് സാലസു് എന്ന മിഷനറി വൈദികൻ പിന്നീടു് റോമിൽ പോകുകയും വികാരി അപ്പസ്തോലിക്കായായി കേരളത്തിൽ തിരിച്ചുവരുകയും ചെയ്തു. ഇതുമിഷനറിമാരെയും മാർത്തോമ്മാ നസ്രാണികളെയും ഒരുപോലെ ദുഃഖിപ്പിച്ചു. വേറൊരു മിഷനറിയായ സെൻറു് മാർഗരറിന്റെ ജോൺ ഇവിടെ വളരെ കുഴപ്പങ്ങളുണ്ടാക്കിയതിനുശേഷം റോമിൽ പോകുകയും കേരളത്തിലെ വികാരിഅപ്പസ്തോലിക്കായായി പ്രൊപ്പഗാന്താതിരുസംഘത്തിൽ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ തെരഞ്ഞെടുപ്പു് പിന്നീടു് റദ്ദാക്കപ്പെട്ടു. ആ സന്ദർഭത്തിൽ റോമിൽ ഉണ്ടായിരുന്ന തോമ്മാക്രിസ്ത്യൻ വൈദികരായ കരിയാറിയും പാറേമ്മാക്കലും പ്രസ്തുത നാമനിർദ്ദേശം റദ്ദാക്കിക്കുവാൻ വളരെ പ്രയത്നിച്ചു. പാറേമ്മാക്കലിന്റെ 'വർത്തമാനപ്പുസ്തക'ത്തിൽ ഇക്കാര്യവും വേറെ അനവധി കാര്യങ്ങളും

കൃത്തിനുവേണ്ടി പരിശ്രമിക്കുന്നതിനായി കരിയാറ്റിൽ ജോസഫ്, തൊമ്മൻ പാറേമ്മാക്കൽ എന്ന രണ്ടു തോമ്മാക്രിസ്ത്യൻ കത്തോലിക്കാ വൈദികർ ലിസ്ബൺവഴി റോമിലേക്കു യാത്രയായി. കർമ്മലീത്താ മിഷനറിമാർ അയച്ചിരുന്ന റിപ്പോർട്ടുകളും കാരണം പ്രൊപ്പഗാന്താതിരുസംഘം അവക്കെതിരായിരുന്നു. എന്നാൽ മാർപ്പാപ്പായുടെ കല്പന അനുസരിച്ചു തിരുസംഘം ആറാം മാർത്തോമ്മായെക്കുറിച്ചു അന്വേഷണങ്ങളും നടത്തി. മടക്കയാത്രയ്ക്കിടയ്ക്കു 1782–ൽ കരിയാറ്റിൽ ലിസ്ബണിൽവച്ചു കൊടുങ്ങല്ലൂരിന്റെ പദ്രുവാദോ മെത്രാപ്പോലീത്താ ആയി അഭിഷിക്തനായി. അദ്ദേഹത്തിന്റെ റീത്തു ലത്തീൻ ആക്കിക്കൊണ്ടാണു അഭിഷേകം നടന്നതു.[13] എന്നാൽ കരിയാറ്റിൽ മെത്രാപ്പോലീത്താ തന്റെ സ്വന്തംറീത്തിലും മെത്രാപ്പോലീത്തായ്ക്കുടത്ത കർമ്മങ്ങളും നടത്തിയിരുന്നു. ലത്തീൻ റീത്തു അനുസരിച്ചുള്ള മെത്രാന്മാരുടെ കർമ്മങ്ങളുടെ ഒരു കൽദായ പരിഭാഷ അക്കാലത്തു ലിസ്ബണിൽ ഉണ്ടായിരുന്നു. പാറേമ്മാക്കൽ അതു കരിയാറ്റിന്റെ ഉപയോഗത്തിനുവേണ്ടി ക്രമപ്പെടുത്തി. (adjusted). അതു മദ്ദീനിലെ കൽദായലൈബ്രറിയിൽ 39–ാം (It was Codex 39 of the Chaldean Library, Mardin (Now dispersed) നമ്പരായിസൂക്ഷിച്ചിരുന്ന കയ്യെഴുത്തുരേഖ ആയിരുന്നു. (ആ ലൈബ്രറി ഇപ്പോഴില്ല.).....മോൺ. എഷേറിന്റെ കാറ്റലോഗിൽ കാണാവുന്നതുപോലെ, അതിന്റെ ആമുഖത്തിൽ, പാറേമ്മാക്കൽ ആവശ്യ

പ്രതിപാദിച്ചിട്ടുണ്ടു. ആ പുസ്തകത്തിന്റെ ഇംഗ്ലീഷ് തർജ്ജമ റോമിലെ 'പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു പ്രസിദ്ധീകരിച്ചിട്ടുണ്ടു. 1971ൽ Orientalia Christiana Analecta യിൽ 190–ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസ്തുത തർജ്ജമ ഈ ലേഖകൻ തന്നെ നിർവഹിച്ചതാണു.

13. '....അയാൾക്കു ലത്തീൻ റീത്തു അനുവദിക്കുകയും നിയമവിധേയമായി അതിൽ നിലനിൽക്കുകയും ചെയ്യുന്നതിനുള്ള അനുവാദത്തോടുകൂടി സ്ഥാനക്കയറ്റം നൽകുന്നു. എന്നാൽ നേരത്തേയുള്ള 'സീറോ കൽദായ' റീത്തിലേയ്ക്കു തിരിച്ചുപോകുന്നതിനെ നിരോധിച്ചിരിക്കുന്നു'. (Archi, Vatican. Acta Camerarii Sacri Collegii Cardinalium 39,f. 238;) പൗരസ്ത്യറീത്തുകാർ ലത്തീൻകാരുടെയോ, ലത്തീൻകാർ കൂടെ ഉല്പെട്ടതോ ആയ രൂപതകളിൽ മെത്രാന്മാർ ആകാൻ പാടില്ല എന്നായിരുന്ന അന്നത്തെ ചിന്താഗതി (കൊടുങ്ങല്ലൂർ രൂപതയിൽ അന്നു ലത്തീൻകാരും ഉണ്ടായിരുന്നു). കരിയാറ്റിൽ രണ്ടു റീത്തുകളിലും കർമ്മങ്ങളും നടത്തിയിരുന്നതായി മുകളിൽപ്പറഞ്ഞ വർത്തമാനപ്പുസ്തകത്തിൽ പാറേമ്മാക്കൽ രേഖപ്പെടുത്തിയിരിക്കുന്നു. പൗരസ്ത്യരും കൂടെയുള്ള പ്രദേശങ്ങളിലെ ലാറ്റിൻ രൂപതകളിൽ ലത്തീൻകാർക്കു മെത്രാന്മാരാകാൻ പാടില്ല എന്ന നിയമം ഉണ്ടായിരുന്നെങ്കിൽ ലത്തീൻകാരുടെ പ്രതികരണം എന്തായിരിക്കും? അങ്കമാലി രൂപതയുടെ രൂപാന്തരമായ കൊടുങ്ങല്ലൂർ രൂപത പൗരസ്ത്യമായിരുന്നു.

ത്തിന്റെ പേരിൽ താൻ അതു പുനഃക്രമീകരിച്ചതാണെന്നും (readjusted) റീത്തു് മാറുന്നതിനല്ലെന്നും പ്രസ്താവിക്കുകയും കരിയാറിയും അദ്ദേഹത്തിന്റെ പിൻഗാമികളും കൽദായറീത്തിലേയ്ക്കു തിരിച്ചുപോകണമെന്നു് പ്രാർത്ഥിക്കുകയും ചെയ്തു. മെത്രാഭിഷേകത്തിനു മുമ്പായി, കൊടുങ്ങല്ലൂരിന്റെ അതിമെത്രാസനസ്ഥാനം അധികാരപരമല്ല വെറും ബഹുമാനത്തിനുള്ളതാണെന്നു് പോർട്ടുഗീസുകാർ വാദിക്കുകയുണ്ടായി. എന്നാൽ കരിയാറിയും പാറേമ്മാക്കലും ഈ വാദത്തെ ശക്തിയായി എതിർത്തു.

ആറാം മാർത്തോമ്മായെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുന്നതിനു പ്രൊപ്പഗാന്താതിരുസംഘത്തിൽനിന്നു നിർദ്ദേശങ്ങളും അധികാരവും സ്വീകരിച്ചുകൊണ്ടു കരിയാറിയും പാറേമ്മാക്കലിനോടുകൂടി കേരളത്തിലേക്കു പുറപ്പെട്ടു. എന്നാൽ മാർഗമദ്ധ്യേ ഗോവയിൽവച്ചു് അദ്ദേഹം നിര്യാതനായി. അദ്ദേഹം ചതിവിൽ വധിക്കപ്പെട്ടതാണെന്നു തോമ്മാക്രിസ്ത്യാനികൾ വിശ്വസിച്ചു. എന്നാൽ ആ മരണം സ്വാഭാവികമായി സംഭവിച്ചതും ആകാം.

ഇതിനെത്തുടർന്നു പാറേമ്മാക്കൽ കൊടുങ്ങല്ലൂർ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കപ്പെട്ടു. അങ്കമാലിയിൽക്കൂടിയ പള്ളിപ്രതിനിധികളുടെ ഒരു യോഗത്തിൽ, കരിയാറിക്കും ആറാം മാർത്തോമ്മായ്ക്കും എതിരായി കമ്മലീത്തർ എഴുതിയ എല്ലാ കാര്യങ്ങളും അദ്ദേഹം പരസ്യപ്പെടുത്തി. അതിരൂപതാഭരണത്തിൽ തന്നെ സഹായിക്കുന്നതിനായി പന്ത്രണ്ടു 'കാനോനിസ്മാരു'ടെ ഒരു സമിതി അദ്ദേഹം ഏർപ്പെടുത്തി.

പാറേമ്മാക്കലിന്റെ ഭരണകാലത്തു്, ഒരു കൽദായ മെത്രാനെ ലഭിക്കുന്നതിനുവേണ്ടി കത്തോലിക്കനായ കൽദായ പാത്രിയർക്കീസിന്റെ അടുത്തേക്കു കേരളത്തിൽനിന്നു ഒരു നിവേദകസംഘം പോയി. അന്നു പാത്രിയർക്കാസിംഹാസനം ഒഴിവായിരുന്നതിനാൽ പകരം ഭരിച്ചിരുന്ന അഡ്മിനിസ്ട്രേറ്റർ.നിവേദകസംഘത്തിലെ ഒരംഗമായ പോപ്പം പണ്ടാരിയെ മെത്രാനായി വാഴിച്ചു. എന്നാൽ പാറേമ്മാക്കൽ പണ്ടാരിയെ മെത്രാനായി പ്രവർത്തിക്കാൻ അനുവദിച്ചില്ല.

1799–ൽ പാറേമ്മാക്കൽ ദിവംഗതനായി. അപ്പോഴും കാനോനിസ്മാർ അവരിൽ ഒരാളായ കട്ടക്കയത്തിനെ അഡ്മിനിസ്ട്രേറ്ററായി തെരഞ്ഞെടുത്തു. എന്നാൽ ഗോവാമെത്രാപ്പോലീത്താ അഡ്മിനിസ്ട്രേറ്ററായി വേറൊരാളെ നിയമിക്കുകയാണു ചെയ്തതു്. ഇങ്ങനെ ഒരു ഭിന്നത ഉടലെടുത്തു. പണ്ടാരി വിഘടിത പക്ഷത്തു ചേർന്നു നിൽക്കുകയും ചിലർക്കു വൈദികപട്ടം നൽകുകയും ചെയ്തു. 1800–ൽ തോമ്മാക്രിസ്ത്യാനിയായ ജോർജ്ജു് ശങ്കൂരിക്കൽ അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെട്ടപ്പോഴും ഭിന്നത ശമിച്ചു. 1801–ൽ ശങ്കൂരിക്കൽ നിര്യാതനായി.

പണ്ടാരി കേരളത്തിൽനിന്നു മൈസൂപ്പെട്ടേമിയായിലേയ്ക്കും അവിടെനിന്നു കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കും പോയി. അവിടെവച്ച് അദ്ദേഹം ചരമമടഞ്ഞു.

10. പദ്രുവാദോയും പ്രൊപ്പഗാന്തായും— പ്രൊപ്പഗാന്താ തനിയെ— സി.എം.ഐക്കാർ—റോക്കോസ്

കരിയാറനി കൊട്ടങ്ങല്ലൂർ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെട്ടതിനെത്തുടർന്നു തോമ്മാക്രിസ്ത്യാനികളായ കത്തോലിക്കരെല്ലാം പദ്രുവാദോയുടെ കീഴിൽ വന്നിരുന്നു. അവർ പിന്നീട് പഴയതുപോലെ പദ്രുവാദോയുടെയും പ്രൊപ്പഗാന്തായുടെയും കീഴിലായി, 1838—ൽ പദ്രുവാദോയുടെ കീഴിലുള്ള കൊട്ടങ്ങല്ലൂർ കൊച്ചിരൂപതകൂം നിർത്തൽ ചെയ്യപ്പെട്ടപ്പോഴും അവർ എല്ലാം പ്രൊപ്പഗാന്തായുടെ കീഴിലായി. അവരുടെ അഭ്യർത്ഥന അനുസരിച്ചും അദ്ദേഹത്തിൻെറ വ്യക്തിയോഗ്യത പരിഗണിച്ചും അന്നത്തെ വികാരി അപ്പസ്തോലിക്കാ മെത്രാപ്പോലീത്താ ആയി ഉയർത്തപ്പെട്ട പ്രസ്തുത സ്ഥാനം പിന്നീട് അദ്ദേഹത്തിൻെറ പിൻഗാമികൾക്കും ലഭിച്ചു.

പ്രൊപ്പഗാന്തായുടെ കീഴിൽ 1855—ൽ പുരുഷന്മാർക്കുവേണ്ടിയുള്ള ഒരു സന്യാസസമൂഹം ആരംഭിക്കുകയായി. അതു ഇന്നു കാർമ്മെലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (C.M.I.) എന്നു അറിയപ്പെടുന്നു. അതിലെ ആദ്യവൈദികർ കർമ്മലീത്താമിഷനറിമാരാൽ കർമ്മലീത്താ ചൈതന്യത്തിൽ പരിശീലിപ്പിക്കപ്പെട്ട സി. എം. ഐ വൈദികർ അവരുടെ ആശ്രമങ്ങളിൽ ചിലതിനോട് അനുബന്ധിച്ചു സെമിനാരികളും നടത്തിയിരുന്നു. അതേസമയം മുകളിൽ പരാമർശിച്ചിട്ടുള്ള വരാപ്പുഴയിലെ സെമിനാരിയും നിലനിന്നുവന്നു. പദ്രുവാദോയുടെ കീഴിൽ ആലുവായിലും ഒരു സെമിനാരി പ്രവർത്തിക്കുന്നുണ്ടായിരുന്നു. (1868—ൽ ആരംഭിച്ച അതിൻെറ പ്രവർത്തനം 1886 ആയപ്പോഴേക്കും നിന്നുപോയി). പണ്ഡിതരായ വൈദികർ വൈദികാർത്ഥികളെ (വ്യക്തിപരമായി)പഠിപ്പിക്കുന്ന സമ്പ്രദായവും നിലനിന്നിരുന്നു.

ഏതാണ്ടു ഇക്കാലത്തു് ഒരു ഇടവകവൈദികൻ ആരംഭിച്ച പൗരസ്ത്യസമ്പ്രദായത്തിലുള്ള ഒരു സന്യാസാശ്രമം അധികകാലം നിലനിന്നില്ല. പ്രസ്തുത വൈദികനും വികാരി അപ്പസ്തോലിക്കയുമായി അഭിപ്രായഭേദമുണ്ടായി. അതിനാൽ ആ വൈദികൻ വേറെ ചിലയാളുകളോടുചേർന്നു കത്തോലിക്കാകൽദായ പാത്രിയർക്കീസിനെ സമീപിച്ചു തങ്ങൾക്കു ഒരു കൽദായമെത്രാനെ നൽക

കണമെന്നു് ആവശ്യപ്പെട്ടു. പ്രസ്തുത വൈദികൻ താമസിയാതെ ചരമഗതി പ്രാപിച്ചെങ്കിലും അദ്ദേഹത്തിന്റെ അനുയായികൾ പ്രയത്നം തുടർന്നു. ആൻറണി തൊണ്ടനാട്ടു് എന്ന വൈദികൻ പിന്നീടു് ആ ഉദ്യമത്തിനു നേതൃത്വം നൽകി.

1861—ൽ തൊണ്ടനാട്ടു് ആൻറണിയച്ചൻ (റോമായുടെ വിലക്കു വകവയ്ക്കാതെ) പാത്രിയക്കീസിനാൽ അയയ്ക്കപ്പെട്ട മാർ റോക്കോസു് എന്ന മെത്രാനെ കേരളത്തിൽ കൊണ്ടുവന്നു. കത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും റോക്കോസിനെ ആദരിച്ചു. കാരണം, മാർപ്പാപ്പായുടെ ആജ്ഞയനുസരിച്ചാണു പാത്രിയക്കീസു് തന്നെ അയച്ചിരിക്കുന്നതെന്നു അദ്ദേഹം പ്രഖ്യാപിച്ചു'.[14] കർമ്മലീത്താക്കാരനായ വികാരി അപ്പസ്തോലിക്കാ തന്റെ സ്ഥിതിയുടെ ദൗർബല്യം മനസ്സിലാക്കിക്കൊണ്ടു തന്റെ കീഴിലുള്ള തോമ്മാക്രിസ്ത്യാനികൾക്കുവേണ്ടി ഒരു വികാരി ജനറലിനെ നിയമിച്ചു. റോക്കോസിനെ നേരിടാനാണു് ഇങ്ങനെ ചെയ്തതു്. സി. എം. ഐ. സഭയുടെ സുപ്പീരിയർ ആയിരുന്ന ദൈവദാസനായ ചാവറ കുര്യാക്കോസു് ഏലിയാസു് അച്ചനായിരുന്നു ഈ വികാരി ജനറൽ. മഹറോൻ ചൊല്ലപ്പെട്ട റോക്കോസു് തന്റെ പാത്രിയർക്കീസിന്റെ പക്കലേക്കു തിരിച്ചുപോവുകയും അങ്ങനെ കുഴപ്പങ്ങൾ അവസാനിക്കുകയും ചെയ്തു.

തൊണ്ടനാട്ടു് ആൻറണിയച്ചൻ റോക്കോസിനെ അനുഗമിച്ചു. നെസ്തോറിയൻ പാത്രിയക്കീസിൽനിന്നു അഭിഷേകം സ്വീകരിച്ചുകൊണ്ടു 'മാർ അബ്ദീശോ' ആയി അദ്ദേഹം തിരിച്ചുവന്നു. വികാരി ജനറൽ ചാവറയച്ചനാൽ കത്തോലിക്കാസഭയിലേക്കു പ്രത്യാനീതനായെങ്കിലും അദ്ദേഹം വീണ്ടും വിഘടിക്കുകയും മേലൂസു് എന്ന കൽദായമെത്രാന്റെ കൂട്ടത്തിൽ ചേരുകയും ചെയ്തു. അക്കാര്യങ്ങളെക്കുറിച്ചു പിന്നീടു്.

തോമ്മാക്രിസ്ത്യാനികളുടെ വികാരിജനറലിനെ മെത്രാനാക്കാവുന്നതല്ലേ എന്നുള്ള പ്രൊപ്പഗാന്താതിരുസംഘത്തിന്റെ ചോദ്യത്തിനു കർമ്മലീത്തക്കാരനായ വികാരി അപ്പസ്തോലിക്കാ കൊടുത്ത മറുപടി നിഷേധാത്മകമായിരുന്നു. റോക്കോസിനെതിരെ സുധീരം അടരാടിയ ആ മഹാത്മാവുപോലും കാര്യമായ കഴിവുകൾ ഇല്ലാത്ത ഒരു വ്യക്തിയായി ചിത്രീകരിക്കപ്പെട്ടു.[15]

തന്റെ അന്ത്യദിനങ്ങളിൽ (+1871) അദ്ദേഹം കർമ്മലീത്തനായിരുന്ന അന്നത്തെ വികാരി അപ്പസ്തോലിക്കായുടെ അതൃപ്തിക്കു പാത്രമാവുകപോലും ചെയ്തു. തോമ്മാക്രിസ്ത്യാനികളായ കത്തോലിക്കർക്കു ഒരു പ്രത്യേക മെത്രാനെ ലഭിക്കുവാൻ അദ്ദേഹം

14. Pope Pius IX, Encyclical letter to the Chaldeans 'Verum haud'.
15. Archives of the S. Oriental Congregation, Rome Ponenza, Dec 1886, N. 26; Scritture riferit. nei Congr. Caldei, 1862–1866, Vol. I, ff. 738–743; Scritture riferit. Malabaresi, 1862–

ചെയ്ത പ്രയത്നങ്ങളും വെളിപ്പെട്ടതാണു പ്രസ്തുത അതുപ്തീക്ഷ കാരണം.

11. പഴുവാദോയും പ്രൊപ്പഗാന്തായും

1857–ൽ 64–ൽ മായി കൊടുങ്ങല്ലൂർ, കൊച്ചി പഴുവാദോ ശ്രുപതകളും പുനഃസ്ഥാപിക്കപ്പെട്ടപ്പോൾ കത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളും വീണ്ടും പഴുവാദോയുടെയും പ്രൊപ്പഗാന്താ യുടെയും കീഴിലായി വിജിക്കപ്പെട്ടു. കർമ്മ ചീത്താക്കാരനായ പ്രൊപ്പഗാന്താ വികാരി അപ്പസ്തോലിക്കായുടെകീഴിൽ സ്വീകരിക്കുവേണ്ടി ഒരു സന്യാസസമൂഹം ആരബ്ധമായി. അതാണ് ഇന്നു കോൺഗ്രിഗേഷൻ ഓഫ് ദി മദർ ഓഫ് കാമ്മൽ (c.m.c.) എന്ന പേരിൽ അറിയപ്പെടുന്നതു്.

12. മേലൂസ്–നെസ്തോറിയന്മാർ

1784–ൽ ചില തോമ്മാക്രിസ്ത്യാനികളുടെ അഭ്യർത്ഥന അനുസരിച്ചു കൽദായ പാത്രിയർക്കീസ് (റോമിന്റെ നിരോധനം വകവയ്ക്കാതെ) മാർ മേലൂസിനെ കേരളത്തിലേക്കു് അയച്ചു. അദ്ദേഹത്തിനു അധികം അനുയായികളും ഉണ്ടായില്ല. അദ്ദേഹം കൊണ്ടുവന്ന ഒരു മാർ യാക്കോബ്, പ്രധാനമായും ഒരു തോമ്മാക്രിസ്ത്യീയവൈദികനായ എമ്മാനുവൽ നിധീരിയുടെ പരിശ്രമഫലമായി മാനസാന്തരപ്പെടുകയും തിരിച്ചുപോവുകയും ചെയ്തു. മകളിൽ പറയപ്പെട്ട അബ്ദീശോ മേലൂസിന്റെ കൂടെ കൂടി. മാർ മേലൂസ് തിരിച്ചുവിളിക്കപ്പെട്ടപ്പോൾ അദ്ദേഹം തന്റെ അനുയായികളെ അബ്ദീശോയുടെയും ഒരു കൽദായ കോർ എപ്പിസ്കോപ്പാ ആയ അഗസ്റ്റിന്റെയും ചുമതലയിൽ ഏൽപ്പിച്ചു. അബ്ദീശോ 1900–ൽ ചരമമടഞ്ഞു. കുറെ ബുദ്ധിമുട്ടുകൾക്കുശേഷം അദ്ദേഹത്തിന്റെ അനുയായികളും ഒരു 'നെസ്തോറിയൻ' മെത്രാനെ വരുത്തി. പിന്നീടു അവർ ഭിന്നിച്ചു ഭൂരിപക്ഷം പേരും ഒടുവിൽ കത്തോലിക്കരായിത്തീരുകയും ചെയ്തു ബാക്കിയുള്ള, ഏതാണ്ടു് 1500 കുടുംബങ്ങളും ഇപ്പോൾ നെസ്തോറിയൻമാരാണു്. അവർ രണ്ടു കക്ഷികളായി ഭിന്നിച്ചു നിൽക്കുന്നു. 'നെസ്തോറിയന്മാർ' ആചരിക്കുന്ന കൽദായറീത്തു് ആണു് അവരും പിൻതുടരുന്നതു് അവരുടെ മെത്രാപ്പോലീത്താ 'മലബാറിന്റെയും ഇന്ത്യയുടെയും മെത്രാപ്പോലീത്താ' എന്നു സ്വയം വിശേഷിപ്പിക്കുന്നു ഇന്ത്യയുടെ ഏതു ഭാഗത്തുമുള്ള തന്റെ അനുയായികളുടെ മേൽ അദ്ദേഹം അധികാരം നടത്തുന്നു.

1877, ff. 38 sq See also Scritture Origin. 1865–1866, ff. 596–597 where we see that the Vicar Ap. had written in praise of the merits of this Vicar General saying that he saw worthy to be made bishop in case his dignity as Vicar General would not be sufficent to make Roccos go back.

13. അപേക്ഷകളും സന്ദർശകരും

മാർ മേലൂസ് കേരളത്തിലുണ്ടായിരിക്കുമ്പോഴംതന്നെ, കേരളത്തിലെ തോമ്മാക്രിസ്ത്യാനികളും, തങ്ങൾക്കു പ്രത്യേകമായി ഒരു മെത്രാനെ ലഭിക്കുന്നതിനുവേണ്ടി റോമിലേക്കു നേരിട്ട് എഴുതി. കർമ്മലീത്താക്കാരനായ വികാരി അപ്പസ്തോലിക്കാ പരാതിക്കാർക്കെതിരേ കർശനനടപടികളും സ്വീകരിച്ചു. പ്രസ്തുത നീക്കത്തിനു നേതൃത്വം വഹിച്ച ഏഴുവൈദികരെ സി. എം. ഐ സന്യാസസമൂഹത്തിൽനിന്നു അദ്ദേഹം ബഹിഷ്ക്കരിച്ചു. റോമിലേക്കു നേരിട്ടെഴുതുന്നതു ഒരു 'പിടിക്കപ്പെട്ട പാപം' ആണെന്നും ആ പാപത്തിനു മോചനം നൽകാൻ കുമ്പസാരക്കാരൻ പ്രത്യേക അനുവാദം വാങ്ങിച്ചിരിക്കണമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.[16]

സി. എം. ഐ സഭയുടെ അന്നത്തെ സുപ്പീരിയറും (അന്നു അദ്ദേഹം പ്രിയോർ എന്നു വിളിക്കപ്പെട്ടിരുന്നു) വളരെ വിഷമങ്ങളും സഹിക്കേണ്ടിവന്നു. റോമിലേയ്ക്കു അപേക്ഷ അയച്ചവർക്കെതിരായും വികാരി അപ്പസ്തോലിക്കായെ അനുകൂലിച്ചുകൊണ്ടും മാർപ്പാപ്പായ്ക്കു സമർപ്പിക്കാൻ തയ്യാറാക്കിയ ഒരു അപേക്ഷയിൽ ഒപ്പിടാൻ ഫാ. മാർസലീൻ ബെർനാർഡി എന്ന കർമ്മലീത്താ മിഷനറി അദ്ദേഹത്തെ നിർബ്ബന്ധിച്ചു. അതിനാൽ അദ്ദേഹം 1876–ൽ മാപ്പ്പാപ്പായ്ക്കു നേരിട്ടു താഴെപറയുന്ന കേബിൾ സന്ദേശം അയച്ചു:

'His Holiness the Pope , Rome Reply Prepaid–Ten words–Vicars–Monks Priests and People Forward Several Petitions for Separate Bishop–Therefore Archbishop ruins our Convents–Persecute us Severly—Can't Suffer–Appoint us any Bishop Except Verapoly and Quilon Till Decision- +Prior'[17]

('റോമിൽ പരിശുദ്ധ മാർപ്പാപ്പായ്ക്ക്–പത്തുവാക്കിലുള്ള മറുപടിയ്ക്കു പണം ഒടുക്കിയിരിക്കുന്നു–വികാരിമാരും സന്യാസിമാരും വൈദികരും ജനങ്ങളും പ്രത്യേക മെത്രാനുവേണ്ടി അനേകം അപേക്ഷകൾ അയച്ചു. അതുകൊണ്ടു മെത്രാപ്പോലീത്താ ഞങ്ങളുടെ സന്യാസാശ്രമങ്ങൾ നശിപ്പിക്കുന്നു–ഞങ്ങളെ കഠിനമായി പീഡിപ്പിക്കുന്നു–സഹിക്കാൻ വയ്യ–അന്തിമതീരുമാനം ഉണ്ടാകുന്നതുവരെ ഞങ്ങളെ ഭരിക്കാൻ വരാപ്പുഴ കൊല്ലം മെത്രാന്മാരല്ലാത്ത വേറെ ഒരു മെത്രാനെ നിയമിക്കുക–+പ്രിയോർ')

മെത്രാപ്പോലീത്താ എന്നു ഇവിടെ പറഞ്ഞിട്ടുള്ളതു ad honorem മെത്രാപ്പോലീത്താ ആയിരുന്ന വികാരി അപ്പസ്തോലി

16. Ibid. Scritture riferit. Malabaresi, 1878–1889, f. 143.

17. Ibid. Scritture riferit. Malabaresi, 1892–1877, f. 400.

ക്കായെ ഉദ്ദേശിച്ചാണു്. വരാപ്പുഴ വികാരി അപ്പസ്തോലിക്കാ എന്നനിലയിൽ അദ്ദേഹത്തിന്റെ ആസ്ഥാനം വരാപ്പുഴ ആയിരുന്നു (പഴയ മലബാർ അപ്പസ്തോലിക്കു് വികാരിയാത്തിന്റെ ഒരു ശ്രേഷ്ഠാന്തരമായിരുന്ന വരാപ്പുഴ വികാരിയാത്തു്). വരാപ്പുഴ, കൊല്ലം മെത്രാന്മാർ കർമ്മലീത്തരും ആയിരുന്നു. പഴയ മലബാർ അപ്പസ്തോലിക്കു് വികാരിയാത്തു് വിഭജിച്ചു് 1845 മുതൽ കൊല്ലം വരാപ്പുഴ, മംഗലാപുരം, വികാരിയാത്തുകളും ആക്കിയിരുന്നു.

പ്രൊപ്പഗാന്താ തിരുസംഘം രണ്ടു് അപ്പസ്തോലിക്കു് വിസിറർ (സന്ദർശകൻ)മാരെ കേരളത്തിലേക്കു് അയച്ചു. ബോംബെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ലിയോ മെവുറീൻ എസ്. ജെ. ആയിരുന്നു ആദ്യത്തെയാൾ. രണ്ടാമത്തെയാൾ ഇഗ്നേഷ്യസ് പെഴ്സിക്കോ ഒ. എഫ്. എം. (കപ്പുച്ചിൻ). ലിയോ മെവുറീൻ എസ്സ്. ജെ. കേരളത്തിലുണ്ടായിരുന്ന കാലത്താണു് മുകളിൽ പറഞ്ഞിട്ടുള്ളതായ മാർ യാക്കോബിന്റെ മാനസാന്തരം നടന്നതു്. കേരളത്തിലെ കർമ്മലീത്താഭരണം ഏതെങ്കിലും വിധത്തിൽ തുടരുന്നതിനെ ലിയോ മെവുറീൻ പ്രതികൂലിക്കുകയും ഇഗ്നേഷ്യസ് പേഴ്സിക്കോ അനുകൂലിക്കുകയും ചെയ്തു. ഒരു ജെസ്യൂട്ടു് മെത്രാനെയും തോമ്മാക്രിസ്ത്യാനിയായ ഒരു കോഅഡ്ജൂത്തോരെയും നിയമിക്കാൻ റോമിൽ ശുപാർശ ചെയ്യണമെന്നും തോമ്മാക്രിസ്ത്യാനികളും ലിയോ മെവുറീനോടു് അഭ്യർത്ഥിച്ചു.

ഈ കഴപ്പങ്ങൾക്കിടയ്ക്കു് കർമ്മലീത്തനായ വികാരി അപ്പസ്തോലിക്കാ വി. ഫിലിപ്പുനേരിയുടെ നാമത്തിൽ പുരുഷന്മാർക്കു വേണ്ടിയുള്ള ഒരു സന്യാസസമൂഹം സ്ഥാപിച്ചു. എന്നാൽ അതിന്റെ പ്രവർത്തനം അധികകാലം നിലനിന്നില്ല.

14. ഒടുവിലത്തെ പ്രൊപ്പഗാന്താ കർമ്മലീത്തർ–സഭയുടെ സ്ഥിതി

1877–ൽ പ്രൊപ്പഗാന്താ തിരുസംഘം തോമ്മാക്രിസ്ത്യാനികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്തുകയോടുകൂടി, കർമ്മലീത്തനായ ഫാ. മർസലീൻ ബെർനാഡിയെ കർമ്മലീത്തനായ വികാരി അപ്പസ്തോലിക്കായുടെ കോഅഡ്ജൂത്തോരായി നിയമിച്ചു. കോഅഡ്ജൂത്തോരുടെ സമ്മതം കൂടാതെ തോമ്മാക്രിസ്ത്യാനികളെക്കുറിച്ചു് ഒന്നും ചെയ്യാൻ വികാരി അപ്പസ്തോലിക്കായ്ക്കു് കഴിയുമായിരുന്നില്ല. തോമ്മാക്രിസ്ത്യൻ വൈദികരിൽനിന്നു് ഒരു വികാരി ജനറാളിനെയും നാലു ഉപദേഷ്ടാക്കളെയും സ്വീകരിക്കാൻ പ്രൊപ്പഗാന്താതിരുസംഘം കോഅഡ്ജൂത്തോരോടു് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അദ്ദേഹം അതു ചെയ്തില്ല.[18] കേരളത്തിൽ ഭരിച്ച കർമ്മലീത്താ വികാരി അപ്പസ്തോലിക്കാമാ

18. Ibid. Ponenza, Eec. 1886, N. 26.

രിൽ ഒരാൾ ഒഴികെ എല്ലാവരും നിഷ്പാദുകകർമ്മലീത്തർ ആയിരുന്നു. 1821 മുതൽ 1827 വരെ ഭരിച്ച മിലെസ് പ്രെൻഡെർഗാസ്റ്റ് മാത്രം സപാദുക കർമ്മലീത്തനും.

അപ്പസ്തോലിക്ക് ഡെലഗേറ്റുകളുടെ റിപ്പോർട്ടുകളിൽ നിന്നു താഴെ ഉദ്ധരിക്കുന്ന ഭാഗങ്ങൾ കർമ്മലീത്താ ഭരണത്തിനു കീഴിൽ തോമ്മാക്രിസ്ത്യാനികളുടെ അവസ്ഥ എന്തായിരുന്നു എന്നതിനെക്കുറിച്ച് ഒരു ഏകദേശരൂപം നൽകും.

'നാട്ടുകാരായ വൈദികർക്ക് ദൈവശാസ്ത്രത്തിൽ വളരെ പരിമിതമായ അറിവുമാത്രം നൽകുക എന്നതായിരുന്നു സമ്പ്രദായം. സ്വദേശി വൈദികർ എല്ലാക്കാര്യത്തിലും എല്ലാവിധത്തിലും യൂറോപ്യൻ മിഷനറിമാരെക്കാൾ കുറഞ്ഞവരായിരിക്കണം എന്ന തത്ത്വം അനുസരിച്ചാണ് ഇങ്ങനെ ചെയ്തത്. സാന്മാർഗ്ഗിക ദൈവശാസ്ത്രം സംബന്ധിച്ച് വളരെ കഷ്ടമായ ഒരു മാനുവൽ (ചെറിയ പുസ്തകം) അല്ലാതെ ഒന്നും അവരെ പഠിപ്പിക്കുന്നില്ല. താത്ത്വികഭാഗങ്ങൾ ഒന്നുംതന്നെ പഠിപ്പിക്കുന്നില്ലെന്നു പറയാം. ഏറ്റവും കൂടിയാൽ അല്പം വേദപാഠം പഠിപ്പിക്കും.

'മിഷനറിമാർ പറയുമായിരുന്നു: 'അറിവ് അവർക്കുവേണ്ടിയുള്ളതല്ല, നാം അവരെ എന്തെങ്കിലും പഠിപ്പിച്ചാൽ, അവർ അതു പഠിച്ചിട്ട് അഹങ്കാരികളായിത്തീരുകയും നമ്മെ ബഹുമാനിക്കാതിരിക്കുകയും ചെയ്യേക്കാം' ഒരു നല്ല കാരണം തന്നെ. (അടിവര ഡെലഗേറ്റിന്റേതു).

'സ്വന്തം പഠനംകൊണ്ടു നേടിയ അറിവിലും നല്ലപെരുമാറ്റത്തിലും വൈദിക ചൈതന്യത്തിലും, ഇന്നു വികാരിയാത്തിൽ പ്രവർത്തിക്കുന്ന കർമ്മലീത്തരായ യൂറോപ്യൻ മിഷനറിമാരേക്കാൾ ഔന്നത്യമുള്ള അനേകം പേർ നാട്ടുകാരായ വൈദികരുടെ കൂട്ടത്തിലുണ്ട്. വരാപ്പുഴ വികാരിയാത്തു തങ്ങളുടെ സന്യാസസഭയുടെ വകയാണെന്നും തങ്ങൾ അതു ഒരിക്കലും കൈവിട്ടുകയില്ലെന്നും പല കർമ്മലീത്തരും വ്യക്തമായിപ്പോലും പറയുന്നു'.[19]

കൊടുങ്ങല്ലൂർ പദ്രുവാദോ ഭരണത്തിന്റെ കീഴിൽ ഉണ്ടായിരുന്ന തോമ്മാക്രിസ്ത്യാനികളെക്കുറിച്ച് നമുക്ക് വിശേഷവിധിയായി ഒന്നും പറയാനില്ല. പാരേമ്മാക്കലിന്റെ ഭരണത്തിനുശേഷം പദ്രുവാദോ കേവലം നിഷ്ക്രിയമായിരുന്നു. കൊച്ചി പദ്രുവാദോ ഭരണത്തിന്റെ കീഴിലുണ്ടായിരുന്ന തോമ്മാക്രിസ്ത്യാനി

19. Ibid. Scritture riferit. Malabaresi, Vol. II, f. 663 Leittere dei Delegati Ap.; Ibid. Lettere Dei Delegati Ap f. 1428; Ibid. Ponenza, Dec. 1886; also Ibid. Acta Vol. 17/1865, f. 551; Vol. 20/1889 f. 91.

കളും അധികവും പ്രൊപ്പഗാന്താ കർമ്മലീത്തരുടെ അന്വേഷണത്തിൽ കഴിഞ്ഞു വന്നു.

15. പ്രൊപ്പഗാന്താ തനിയെ—രണ്ടു കർമ്മലീത്തരർ

ഒരു പ്രത്യേകമെത്രാനെ ലഭിക്കുന്നതിനുള്ള പരിശ്രമം തോമ്മാക്രിസ്ത്യാനികളും തുടർന്നുവന്നു. സ്വന്തം ജാതിയിലും റീത്തിലുംപെട്ട ഒരു മെത്രാനെ ലഭിക്കണമെന്നു് വ്യക്തമായി ആവശ്യപ്പെടാനും അവർ മടിച്ചില്ല. 1886—ൽ കൊടുങ്ങല്ലൂർ പദ്രുവാദോ രൂപത നിർത്തൽ ചെയ്യപ്പെട്ടു. തത്ഫലമായി തോമ്മാക്രിസ്ത്യാനികളെല്ലാം വാരാപ്പുഴ മെത്രാപ്പോലീത്താ ആയിരുന്ന പ്രൊപ്പഗാന്താ വികാരി അപ്പസ്തോലിക്കായുടെ കീഴിലായി.

കൊടുങ്ങല്ലൂർ പദ്രുവാദോ അതിരൂപത നിർത്തലാക്കപ്പെട്ടപ്പോഴും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ എന്ന സ്ഥാനിക പദവി ad honorem ഡാമനിലെ പോർട്ടുഗീസു് മെത്രാനു നൽകപ്പെട്ടു. പ്രസ്തുത പദവി പിന്നീടു് ഗോവാമെത്രാപ്പോലീത്തായ്ക്കു് നൽകപ്പെട്ടു—'കിഴക്കൻ ഇന്ത്യകളുടെ പാത്രീയക്കീസു്' എന്ന സ്ഥാനം നേരത്തെതന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. തോമ്മാക്രിസ്ത്യാനികളുടെ മെത്രാപ്പോലീത്തായും 'ഇന്ത്യ മുഴുവന്റെയും കവാടവുമായ അങ്കമാലി മെത്രാപ്പോലീത്തായുടെ ആസ്ഥാനത്തിനുശേഷാന്തരം വന്നു് ഉണ്ടായതാണല്ലോ കൊടുങ്ങല്ലൂർ ഭദ്രാസനം. പോർട്ടുഗീസുകാരനായ പാത്രീയക്കീസിന്റെ പദവിയിലെ 'കിഴക്കൻ ഇന്ത്യകളും' എന്ന ഭാഗം, മറ്റൊരു വിധത്തിലാണെങ്കിലും തോമാക്രിസ്ത്യാനികളുടെ മെത്രാപ്പോലീത്തായുടെ പദവിയിലുണ്ടായിരുന്ന 'അഖിലേന്ത്യാ തന്നെയല്ലേ?

കേരളത്തിലെ ലത്തീൻ കത്തോലിക്കരും തോമ്മാക്രിസ്ത്യൻ കത്തോലിക്കരും കർമ്മലീത്തക്കാരനായ വാരാപ്പുഴ മെത്രാപ്പോലീത്തായുടെ ഭരണത്തിലായിരുന്നില്ലേ. ആദ്യപടി എന്നനിലയിൽ 1887—ൽ പ്രൊപ്പഗാന്താ തിരുസംഘം രണ്ടുകൂട്ടരെയും റീത്തു് അടിസ്ഥാനത്തിൽ വേർതിരിച്ചു. തോമ്മാക്രിസ്ത്യാനികളെ രണ്ടു് അപ്പസ്തോലിക്കു് വികാരിയാത്തുകളുടെ കീഴിലാക്കി. മോൺ. ലെവീഞ്ഞു് എസ്സു്. ജെ. മോൺ മെഡ്ലിക്കോട്ടു് എന്നിവരെ പ്രസ്തുത വികാരിയാത്തുകളുടെ അധിപന്മാരായി നിയമിക്കുകയും ചെയ്തു. ഇന്ത്യയിലെ അന്നത്തെ ഡെലഗേറ്റു് അപ്പസ്തോലിക്കു് ഇടപെട്ടില്ലായിരുന്നുവെങ്കിൽ മുകളിൽ പറഞ്ഞവയ്ക്കു പകരം രണ്ടു് കർമ്മലീത്തർ നിയമിക്കപ്പെടുമായിരുന്നു. അദ്ദേഹം പ്രൊപ്പഗാന്താ തിരുസംഘത്തിനു് താഴെപറയുന്ന കേബിൾ സന്ദേശം അയച്ചു;

'For goodness'sake (per carita) impede before (presso) His Holiness Execution Nomination Vicars for Syrians Marcelline Polycarp, Otherwise Schism Certain.'

(സിറിയൻ ക്രിസ്ത്യാനികളുടെ വികാരി അപ്പസ്തോലിക്കാമാരായി മാർസലീൻ, പൊളിക്കാർപ്പ് എന്നിവരെ പരിശുദ്ധ പിതാവു നിയമിക്കുന്നതിനുമുമ്പ്, അപകടം ഒഴിവാക്കാൻവേണ്ടി ഇടപെടുക. അല്ലെങ്കിൽ ശീശ്മ നിശ്ചയം)

ഇവിടെ പറയുന്ന മാർസലിൻ തോമ്മാക്രിസ്ത്യാനികളുടെ പ്രത്യേക ചുമതല വഹിച്ചിരുന്ന കോ അഡ്ജൂത്തോർ ആണ്. പ്രൊപ്പഗാന്താ കോൺഗ്രിഗേഷൻ ഇങ്ങനെ മറുപടി അയച്ചു: 'പരിശുദ്ധ പിതാവു സുറിയാനിക്രിസ്ത്യാനികളുടെ വികാരി അപ്പസ്തോലിക്കായായി കമ്മലീത്താക്കാരിൽ ആരെയും നിയമിച്ചിട്ടില്ലെന്നു പ്രഖ്യാപിക്കാൻ അങ്ങയെ അധികാരപ്പെടുത്തുന്നു.'[20]

മുകളിൽപ്പറഞ്ഞ രണ്ടു വികാരി അപ്പസ്തോലിക്കാമാരും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു വളരെ പ്രോത്സാഹനം നൽകി. മോൺ. ലെവീഞ്ഞു് എസ്സ്. ജെ. ഒരു വൈദികനെ അദ്ദേഹത്തിന്റെ പ്രൊട്ടസ്റ്റന്റ് ആശയങ്ങളുടെ പേരിൽ സഭയിൽനിന്നു ബഹിഷ്ക്കരിച്ചു. അദ്ദേഹം മേലൂസിന്റെ അനുയായികളുടെ കൂടെ കൂടുകയും അവരുടെ അക്ക്ദിയാക്കോനായിത്തീരുകയും ചെയ്തു, അദ്ദേഹത്തിന്റെ അനുയായികളിൽ ചിലർ അവരവരുടെ സ്ഥലത്തുള്ള അകത്തോലിക്കാവിഭാഗങ്ങളിൽ ചേർന്നു.

മോൺ. ലെവീഞ്ഞു് എസ്സ്. ജെ. യുടെ കീഴിൽ രണ്ടു സന്യാസിനീസഭകളും ആരബ്ധങ്ങളായി....ക്ളാരിസ്റ്റും വിസിറ്റേഷനും. ഈ കാലത്തിനിടയ്ക്കു സി. എം. ഐ. സെമിനാരികളെല്ലാം നിർത്തലാക്കപ്പെട്ടു. പണ്ഡിതരായ വൈദികർ വ്യക്തിപരമായി വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന സമ്പ്രദായം നേരത്തെ നിർത്തലാക്കപ്പെട്ടിരുന്നു.

---

20. Ibid. Acta. Vol 18/1887, f 259; Lettere Dei Delegati Ap. Vol. 20/1877 f. 316.

The Ponenza cited above of Dec. 1886 No. 26. മോൺ. മാർസലീനെക്കുറിച്ചു പറയുന്നു. 'ഒരു വികാരി ജനറലിനെയും നാലു കൗൺസിലർമാരെയും നാമനിർദ്ദേശം ചെയ്യണമെന്നുള്ള കല്പന അദ്ദേഹം നടപ്പിലാക്കിയില്ല. എന്നുമാത്രമല്ല, കോഅഡ്ജൂത്തോർ, വികാരി അപ്പസ്തോലിക്കയായ മോൺ. മെല്ലാനോയെ വളരെ ആശ്രയിച്ചിരുന്നതു കാരണം സുറിയാനിക്കാർക്കു അദ്ദേഹത്തിന്റെ ഭരണത്തെക്കുറിച്ചു സംശയമായിരുന്നു. അദ്ദേഹത്തിനു് ഇന്നു് ആ ജനങ്ങളുടെ മേൽ സ്വാധീനമില്ല, അദ്ദേഹത്തെ കൊണ്ടു് അവർക്കു നന്മയൊന്നും ലഭിക്കുന്നുമില്ല.

16. പ്രൊപ്പഗാന്താ തനിയെ–അവരുടെ സ്വന്തം

ഒടുവിൽ, 1896–ൽ കത്തോലിക്കരായ തോമ്മാക്രിസ്ത്യാനികൾക്കു പ്രൊപ്പഗാന്താ അധികാരത്തിൻകീഴിൽ സ്വന്തംനാട്ടിലും വീത്തിലും ഉള്ള മൂന്നു വികാരി അപ്പസ്തോലിക്കാമാർ നൽകപ്പെട്ടു: ഫാ. ഗിൽ എസ്സ്. ജെ. ഇതിനെക്കുറിച്ചു പറയുന്നു.

'മൂന്നു നൂറ്റാണ്ടുകാലം യൂറോപ്യൻ മിഷനറിമാർ അവരുടെ ലത്തീൻ മെത്രാന്മാരോടുകൂടി പാവപ്പെട്ട തോമ്മാക്രിസ്ത്യാനികളെ വലയ്ക്കുകയും ദുഃഖിപ്പിക്കുകയും ചെയ്തു. ഒടുവിൽ 13–ാം ലെയോ മാർപ്പാപ്പാ ഇതുകൊണ്ടു സഹികെട്ടിട്ടു കടുത്ത എതിർപ്പിനെ അവഗണിച്ചുകൊണ്ടു ഭാരതീയരായ മൂന്നു സുറിയാനി മെത്രാന്മാരെ നിയമിച്ചു.[21]

ഇതിനു മുമ്പു പറഞ്ഞിട്ടുള്ള, മിഷനറിമാർ നമ്മുടെ വൈദികരെ ചങ്ങലയിടുകയും തല്ലുകയും തടവിലിടുകയും ചെയ്ത സംഭവങ്ങളൊന്നും ഫാ. ഗിൽ എസ്സ്. ജെ അറിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല.

പദ്രുവാദോയുടെയും പ്രൊപ്പഗാന്തായുടെയും കീഴിൽ കേരളത്തിൽ വന്നു പ്രവർത്തിച്ച ലത്തീൻ മെത്രാന്മാരുടെയും മിഷനറിമാരുടെയും കൂട്ടത്തിൽ തോമ്മാക്രിസ്ത്യാനികളോടു കാരുണ്യം കാണിച്ചിട്ടുള്ള പലരും ഉണ്ടായിരുന്നുവെന്നു കൃതജ്ഞതാപൂർവം ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

17. വൈദികപരിശീലനം

ഈ അദ്ധ്യായത്തിൽ ഇതുവരെ പ്രതിപാദിച്ച വസ്തുതകൾ, ഇന്ത്യയിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭയിൽ 15–ാം

---

21. Catholic Herald of India, Calcutta, Janu·30. 1924. 1878 ഡിസംബർ 23–ാം തീയതി, തോമ്മാക്രിസ്ത്യാനികളുടെ വിസിറ്റർ അപ്പസ്തോലിക്ക ആയിരുന്ന ലീയോ മെഗ്രീൻ S. J. റിപ്പോർട്ടു ചെയ്തതിലെ ഒരുഭാഗം താഴെ ചേർക്കുന്നു: 'നാട്ടുകാരായ വൈദികർക്കു മിഷനറിമാർക്കു ഒപ്പമിരിക്കുന്നതിനും മെത്രാനോടൊപ്പമിരുന്നു ഭക്ഷണം കഴിക്കുന്നതിനും ഉണ്ടായിരുന്ന വിലക്കു കുറെക്കാലത്തേക്കു റദ്ദാക്കിയതിനുശേഷം ഇപ്പോഴും വീണ്ടും നടപ്പിലാക്കിരിക്കുന്നു.' Archive. of the S. Oriental Congregation, Rome, Scritture riferits Malabare' 1878–1899 f. 867.

തോമ്മാക്രിസ്ത്യാനികളായ വൈദികർക്കു ജെസ്യൂട്ടു മിഷനറിമാരിൽ നിന്നും ഇതേ അനുഭവം ഉണ്ടായിട്ടുണ്ടു. ഇക്കാര്യം അവർ 1645ൽ മാതൃഭാഷയായ മലയാളത്തിൽ പോർട്ടുഗീസു വൈസ്രോയിക്കു സമർപ്പിച്ച പരാതിയിൽ നമുക്കു കാണാം. ഈ പരാതിയുടെ ഒരു കോപ്പി മിലാനിലുള്ള 'ബ്രീബ്ലിയോത്തെക്കാ അംബ്രോസിയാനാ'യിൽ സൂക്ഷിച്ചിട്ടുണ്ടു. M. S. Y. 116sup.

നൂറ്റാണ്ടിനുശേഷം സംഭവിച്ച അധഃപതനം എത്ര വലുതായിരുന്നു എന്നു വ്യക്തമാക്കുന്നുണ്ട്, ഈ അദ്ധ്യായം ഉപസംഹരിക്കുന്നതിനുമുമ്പു തോമ്മാക്രിസ്ത്യാനികളുടെ സഭയ്ക്കു അധഃപതനം വരുത്തുന്നതിൽ ഏറ്റവും ദൂരവ്യാപകമായ സ്വാധീനം ചെലുത്തിയ ഒരു കാര്യത്തെക്കുറിച്ചു കൂടെ പരാമർശിക്കേണ്ടിയിരിക്കുന്നു. തോമ്മാക്രിസ്ത്യാനികളുടെ വൈദികവിദ്യാർത്ഥികളെ ലത്തീൻകാരായ വൈദികവിദ്യാർത്ഥികളോടൊപ്പം പരിശീലനം നൽകിയ കാര്യമാണിതു്. ഈ അദ്ധ്യാപനം കർമ്മലീത്തരാണു നടത്തിയിരുന്നതു്. കർമ്മലീത്തരായ മെത്രാന്മാരുടെ ഭരണം അവസാനിച്ചിട്ടും ആ അദ്ധ്യാപനം നിലനിന്നു. ആദ്യം വാരാപ്പുഴയും പിന്നീടു പുത്തൻപള്ളിയിലുമായിട്ടാണു ഈ സെമിനാരി നടത്തപ്പെട്ടതു്. ഈ ക്രമീകരണത്തോടൊപ്പം പണ്ഡിതവൈദികർ വൈദികാർത്ഥികളെ പരിശീലിപ്പിക്കുന്ന പഴയ കേരളീയ സമ്പ്രദായം നിർത്തലാക്കപ്പെടുകയും ചെയ്തു. പിന്നീടു പുത്തൻപള്ളി സെമിനാരിക്കുവേണ്ടി കേരളത്തിലെ സി. എം. ഐ. സെമിനാരികളും നിർത്തലാക്കപ്പെട്ടു ഈ നടപടികളുടെയെല്ലാം ആകെക്കൂടിയുള്ള ഫലം മാർത്തോമ്മാക്രിസ്ത്യാനികളുടെ പൈതൃകപാരമ്പര്യത്തിനു മാരകമായ ആഘാതമേറ്റു എന്നുള്ളതായിരുന്നു. അടുത്ത അദ്ധ്യായത്തിൽ ഇക്കാര്യം കൂടുതൽ വിശദീകരിക്കും. മോൺ. ലെവീഞ്ഞു്, മോൺ. മെഡ്ലിക്കോട്ടു് എന്നിവരുടെ ഭരണകാലത്തു കുറെ വൈദികവിദ്യാർത്ഥികൾ സിലോണിലുള്ള കാൻഡിസെമിനാരിയിൽ അയയ്ക്കപ്പെട്ടു. ഇതിനെക്കുറിച്ചും അടുത്ത അദ്ധ്യായത്തിൽ പറയാം.

കർമ്മലീത്താ ഭരണകാലത്തു കുറെ വിദ്യാർത്ഥികൾ റോമിലെ പ്രൊപ്പഗാന്താകോളജിൽ അയയ്ക്കപ്പെടുകയുണ്ടായി. അങ്ങനെ പഠിച്ചുവരെല്ലാം സ്വന്തം സഭയോടും റീത്തിനോടും കൂറുള്ളവരായിരുന്നു എന്നതു് ഇന്നു നമുക്കു ആശ്ചര്യകരമായിത്തോന്നാം. ഉദാഹരണത്തിനു കരിയാറ്റിൽ അട്ടേഹം 12—ാം വയസ്സിൽ പ്രൊപ്പഗാന്താകോളജിൽ ചേർന്നയാളാണു്. പിൽക്കാലത്തു കൊടുങ്ങല്ലൂരിന്റെ പട്ടുവാദോ മെത്രാപ്പോലീത്താ ആയിത്തീർന്ന അട്ടേഹം സ്വന്തം സഭയോടും റീത്തിനോടും അഗാധമായ മമത പുലർത്തിയിരുന്നു. എന്നാൽ അടുത്ത അദ്ധ്യായത്തിൽ നാം കാണാൻപോകുന്നതുപോലെ ഇന്നു സ്ഥിതിഗതികൾ ആകെ മാറിയിരിക്കുന്നു.

ഉപസംഹാരം

പൊതുവെ പറഞ്ഞാൽ ലത്തീൻകാരായ മെത്രാന്മാർ തോമ്മാക്രിസ്ത്യാനികൾക്കു വളരെ നന്മകൾ ചെയ്തിട്ടുണ്ടു്. എന്നാൽ അതെല്ലാം അവരുടെ കൽദായ—പൗരസ്ത്യപൈതൃകത്തെ ബലികഴിച്ചുകൊണ്ടായിരുന്നു. ശ്ലൈഹിക കാലംമുതൽ ക്രൈസ്തവരായിരുന്ന ഒരു ജനസമൂഹത്തിന്റെമേൽ ആണു തങ്ങൾ ഏർപ്പെട്ട

ത്തപ്പെട്ടിരിക്കുന്നതെന്നും ആ ജനങ്ങൾക്കു സ്വന്തമായ ചില പാരമ്പര്യങ്ങളും മനോഭാവങ്ങളും ഉണ്ടെന്നും അവർ തങ്ങളുടെകീഴിൽ വന്നുപെട്ടതു പോർട്ടുഗീസ് ജേതാക്കൾ സ്വീകരിച്ച നിയമവിരുദ്ധ നിലപാടുമൂലമുണ്ടായ കുഴപ്പങ്ങളാൽ മൂലമാണെന്നും പ്രസ്തുതമെത്രാന്മാർ മനസ്സിലാക്കിയിരുന്നെന്നു തോന്നുന്നില്ല. അവർ എല്ലാ കാര്യങ്ങളും അവരുടെ യൂറോപ്യൻ മനോഭാവത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി. തങ്ങളുടെ ഭരണീയരായ തോമ്മാക്രിസ്ത്യാനികളോടു പുതുക്രിസ്ത്യാനികളോടു് എന്നപോലെയാണു് അവർ പെരുമാറിയതു്. ആരാധനാക്രമപരവും മറ്റുമായ അവരുടെ പാരമ്പര്യങ്ങളോടു യാതൊരു ബഹുമാനവും കാണിച്ചില്ല. അവർ തോമ്മാക്രിസ്ത്യാനികളുടെ ആരാധനാക്രമത്തെ ലത്തീനീകരിക്കുകയും അംഗഭംഗപ്പെടുത്തുകയും ചെയ്തു. അവരുടെ ആദ്ധ്യാത്മികജീവിതവും വൈദികാധികാരക്രമപരമായ അച്ചടക്കവും പൂർണമായും ലത്തീൻ രീതിയിലാക്കി. തോമ്മാക്രിസ്ത്യാനികളും അവരുടെ പൈതൃകപാരമ്പര്യങ്ങളിലേയ്ക്കു മടങ്ങിപ്പോകാൻ ചെയ്ത ഏതു പരിശ്രമത്തെയും അവർ ഇടത്തുട്ടം ശീശ്മയുമായി മുദ്രകുത്തി. ഒരു മാർത്തോമ്മാക്രിസ്ത്യാനി മെത്രാനായാൽ അയാളും ജനങ്ങളെ ശീശ്മയിലേക്കു നയിക്കും എന്നായിരുന്നു ഒരു പ്രൊപ്പഗാന്താമെത്രാൻ പ്രൊപ്പഗാന്താതിരുസംഘത്തിനു നൽകിയ റിപ്പോർട്ടു്.

പദ്രുവാദോ മെത്രാന്മാർക്കു പോർട്ടുഗീസ് ഗവണ്മെൻറിന്റെ പിന്തുണയുണ്ടായിരുന്നു. പ്രൊപ്പഗാന്താ മെത്രാന്മാർക്കു പ്രൊപ്പഗാന്താസംഘത്തിന്റെ പൂർണമായ വിശ്വാസം ലബ്ധമായിരുന്നു. പാവം തോമ്മാക്രിസ്ത്യാനികൾ! വത്തിക്കാനിൻനിന്നു് അയയ്ക്കപ്പെട്ട സന്ദർശകർ പലരും ഇവിടെ വന്നെങ്കിലും ലെയോ മെവുറീൻ, ഇഗ്നേഷ്യസ് പേഴ്സിക്കോ എന്നീ സന്ദർശകരുടെ വരവിനുശേഷമേ കേരളത്തിലെ സ്ഥിതികളെക്കുറിച്ചു പ്രൊപ്പഗാന്താതിരുസംഘത്തിനു വസ്തുനിഷ്ഠമായി എന്തെങ്കിലും ബോദ്ധ്യമായുള്ള എന്നാണു തോന്നുന്നതു്. തിരുസംഘത്തിന്റെ 1886 ഡിസംബറിലെ 'പൊണെൻസാ'യിൽ (N.23f.12) നാം വായിക്കുന്നു:

'1865 വരെ ഈ പരിശ്രുതിരുസംഘം, ഒരു ഏതദ്ദേശീയ മെത്രാനുവേണ്ടിയുള്ള കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ അഭ്യർത്ഥനകളെ അനുകൂലിക്കാൻ എതിർപ്പില്ലെങ്കിലും തീർച്ചയായും വൈമനസ്യമുള്ളതായിട്ടാണു കാണപ്പെട്ടതു്. എന്നാൽ അന്നുവരെ കേരളത്തിലെ കാര്യങ്ങളെക്കുറിച്ചു കർമ്മലീത്താക്കാരായ വൈദികരും വികാരി അപ്പസ്തോലിക്കമാരും കൊടുത്ത റിപ്പോർട്ടുകളല്ലാതെ തിരുസംഘത്തിനു മറ്റു അറിവുകൾ ഒന്നുമില്ലായിരുന്നു എന്നു പറയേണ്ടതു ന്യായം മാത്രമാണു്. ആദ്യം

മോൺ. മെവുറീനും പിന്നീട് മോൺ. പെഴ്സിക്കോയുമാണ കർമ്മലീത്തരിൽനിന്നു സ്വതന്ത്രമായിട്ടുള്ള ഒരു രീതിയിൽ കേരളത്തിലെ കാര്യങ്ങളും തിരുസംഘത്തെ അറിയിച്ചതു്.'22

അതിനുശേഷം അപ്പസ്തോലിക് ഡെലഗേറുകളായ അലിയാർഡിയും അജ്ജുത്തിയും വന്നു. അവർ തോമ്മാക്രിസ്ത്യാനികളുടെ ആവശ്യത്തിനു പരിപൂർണമായ പിന്തുണ നൽകി. ലത്തീൻ ഭരണകാലത്തു ഭാരതത്തിലെ തോമ്മാശ്ലീഹായുടെ സഭയിൽ ഉണ്ടായതും അതിന്റെ അധഃപതനത്തിനു കളമൊരുക്കിയതുമായ എല്ലാ ദൗർഭാഗ്യങ്ങളുടെയും ഭിന്നതകളുടെയും ശിശ്മകളുടെയും മൂലകാരണം അതിന്റെ പാരമ്പര്യങ്ങളുടെമേൽ നടന്ന കയ്യേറ്റങ്ങളും സ്വന്തം റീത്തിൽപ്പെട്ട മെത്രാനുവേണ്ടി തോമ്മാക്രിസ്ത്യാനികളും നടത്തിയ അഭ്യർത്ഥനകൾക്കു ലഭിച്ച നിരാകരണവുമാണു്.

തോമ്മാക്രിസ്ത്യാനികളും പലപ്പോഴും അനുചിതമായും സത്യവിരുദ്ധമായും പെരുമാറി എന്ന വസ്തുത ഇവിടെ മറച്ചുവയ്ക്കുന്നില്ല. പലപ്പോഴും അവർ നൈരാശ്യത്തിലേയ്ക്കു വലിച്ചിഴക്കപ്പെട്ട എന്നതാണു പരമാർത്ഥം. ലത്തീൻ ഭരണത്തിൻകീഴിൽ, ബാഹ്യകാരണങ്ങളാൽ തങ്ങളുടെ സഭയ്ക്കു് അധഃപതനം സംഭവിച്ചുകൊണ്ടിരുന്ന കാലത്തു്, കേരളത്തിലെ കത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളും, വൈദികരും അവൈദികരും ഒരുപോലെ, ചുരുക്കം അപവാദങ്ങളും ഒഴിച്ചുനിർത്തിയാൽ, തങ്ങളുടെ സഭയുടെയും റീത്തിന്റെയും നന്മയ്ക്കുവേണ്ടി ഊർജ്ജസ്വലമായ സമരം നടത്തിയിരുന്നുവെന്നു കാണാം. വളരെ ദുർബലവും പരിതാപകരമാംവിധം ദുർബലവും ആക്കപ്പെട്ടുവെങ്കിലും തോമ്മാശ്ലീഹാ സ്ഥാപിച്ച പ്രാചീനമായ ഭാരതസഭയുടെ തുടർച്ചയായ സ്വന്തം സഭയ്ക്കു് ഒരു യഥാർത്ഥ നവീകരണത്തിനു വേണ്ട സംഭാവനകളും നൽകാൻ പര്യാപ്തമായ വിധത്തിൽ മഹത്തായ ചില നേട്ടങ്ങളും അവർ കൈവരിച്ചു.

അതുകൊണ്ടാണു് ഈ അദ്ധ്യായത്തിൽ ഈ വിഷയത്തിൽ നാം ശ്രദ്ധ കേന്ദ്രീകരിച്ചതു്. അതേ കാരണത്താൽ, അടുത്ത അദ്ധ്യായത്തിൽ ഇതേ സഭയെക്കുറിച്ചു തന്നെ പ്രതിപാദിക്കാം.

---

22. Archives of the S.Oriental Congregation, Rome, Ponenza 1886,N.23.

കുറിപ്പു്:

അകത്തോലിക്കരായ തോമ്മാക്രിസ്ത്യാനികൾ

മാർത്തോമ്മാക്രിസ്ത്യാനികളിൽ ഏതാണ്ടു പകുതിപ്പേർ യാക്കോബായക്കാർ ആയിത്തീരുകയും കാലക്രമത്തിൽ പാശ്ചാത്യസിറിയൻ ആരാധനക്രമം സ്വീകരിക്കുകയും ചെയ്തുവെന്നും, പിന്നീടു് അവർ അനേകം സഭകളും അവാന്തരസഭകളുമായി വേർപിരിഞ്ഞുപോയെന്നും ഈ അദ്ധ്യായത്തിന്റെ നാലാം വിഭാഗത്തിൽ നാം പറഞ്ഞിട്ടുണ്ടു്. ഈ സഭകളെക്കുറിച്ചു് ഇവിടെ ചുരുക്കമായി പറയാം.

(a) 1772–ൽ ഒരു വൈദേശിക യാക്കോബായ മെത്രാനായ മാർ ഗ്രിഗറി, കേരളീയ യാക്കോബായക്കാരുടെ അന്നത്തെ തലവനായിരുന്ന മാത്തോമ്മാ ആറാമനു് മാർ ദിവന്നാസ്യോസു് ഒന്നാമൻ എന്നപേരിൽ മെത്രാഭിഷേകം നൽകുവാൻ നിർബന്ധിതനായി (ഈ അദ്ധ്യായം 9–ാം വിഭാഗം.). പിന്നീടു് മാർ ഗ്രിഗറി ദിവന്നാസ്യോസു് ഒന്നാമന്റെ എതിരാളിയായിരുന്ന വൈദികനെ മാർ സിറിൽ ഒന്നാമൻ എന്ന പേരിൽ മെത്രാനായി അഭിഷേചിച്ചു. എങ്കിലും ഈ മാർ സിറിലിനു് ദിവന്നാസ്യോസിന്റെ സ്വാധീനപരിധിയ്ക്കു വെളിയിലുള്ള അഞ്ഞൂർ അഥവാ തൊഴിയൂർ എന്ന സ്ഥലത്തേയ്ക്കു് മാറിത്താമസിക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ കീഴിലുള്ള അഞ്ഞൂർ അഥവാ തൊഴിയൂർ സഭ സ്വതന്ത്ര യാക്കോബായ സഭ എന്നു് അറിയപ്പെട്ടു.

(b) 1815–ൽ ഒരു റമ്പാൻ ഇട്ടൂപ്പു് ഗവണ്മെന്റു് സഹായത്തോടെ മാർ ദിവന്നാസ്യോസു് ഒന്നാമന്റെ മൂന്നാമത്തെ പിൻഗാമിയെ സ്ഥാനഭ്രഷ്ടനാക്കുകയും അന്നത്തെ തൊഴിയൂർ മെത്രാനിൽനിന്നു് ദിവന്നാസ്യോസു് രണ്ടാമൻ എന്നപേരിൽ മെത്രാൻപട്ടം ഏൽക്കുകയും ചെയ്തു. ആംഗ്ലിക്കൻ(സി. എം. എസ്സു്. ചർച്ച മിഷനറി സൊസൈറ്റി) മിഷനറിമാർ സാവകാശമായി യാക്കോബായക്കാരുടെയിടയിൽ സ്വാധീനമുറപ്പിച്ചു. ദിവന്നാസ്യോസു് ദ്വിതീയന്റെ രണ്ടാമത്തെ പിൻഗാമിയായ ദിവന്നാസ്യോസു് നാലാമൻ 1836–ൽ അവരോടു് തെറ്റിപ്പിരിഞ്ഞു. എന്നാൽ യാക്കോബായക്കാരിൽ ഒരു നല്ലപങ്കു് ആംഗ്ലിക്കൻ സഭയിൽ ചേർന്നു. അവർ ഇന്നു് ''സൗത്തു് ഇന്ത്യൻ യുണൈറ്റഡു് ചർച്ചി'' ലെ അംഗങ്ങളാണു്.

(c) മാർ ദിവന്നാസ്യോസു് അഞ്ചാമന്റെ പ്രതിയോഗിയായ മാർ മാത്യു അത്തനേഷ്യസിന്റെ കീഴിൽ കുറെ യാക്കോബായക്കാർ ആംഗ്ലിക്കൻ സമ്പ്രദായത്തിലുള്ള കുറെ പരിഷ്കാരങ്ങളും യാക്കോബായ സഭയിൽ നടപ്പിലാക്കുന്നതിനനുകൂലമായ ഒരു നിലപാടു സ്വീകരിച്ചു. ഇക്കൂട്ടർ 1876–ൽ യാക്കോബായ

പാത്രീയക്കീസിനാൽ സഭാബഹിഷ്കൃതരായി. ഈ വിഭാഗത്തിൽപ്പെട്ടവർ ഇന്നും മാർത്തോമ്മാസഭക്കാർ എന്നും അറിയപ്പെടുന്നു.

(d) 1960–ൽ മാർത്തോമ്മാസഭയിൽനിന്നു ഭിന്നിച്ചു കുറേയാളുകൾ ''സെൻറ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ'' എന്നൊരു വിഭാഗമായി.

(e) യാക്കോബായ സഭയിൽത്തന്നെ നിലകൊണ്ടവർ 1911–ൽ രണ്ടുകക്ഷിയായിത്തിരിഞ്ഞു. അവരിൽ ഒരു കൂട്ടർ യാക്കോബായ പാത്രീയർക്കീസിനെ അനുകൂലിക്കുന്നവരും മറേറകൂട്ടർ എതിർക്കുന്നവരും ആയിരുന്നു. രണ്ടാമത്തെ വിഭാഗക്കാർ അവർക്കു ഒരു കതോലിക്കോസിനെ വാഴിച്ചു. 1958–ൽ വിരുദ്ധഗ്രൂപ്പുകാർ പാത്രിയക്കീസുമായി ഒരു അനുരഞ്ജനം നടത്തി. എന്നാൽ താമസിയാതെ വേറൊരു ഭിന്നത രൂപമെടുത്തു. ഇന്നു യാക്കോബായ വിഭാഗത്തിൽ രണ്ടു കാതോലിക്കോസുമാർ ഉണ്ടു: ഒരാൾ പാത്രിയർക്കീസിൻെറ പക്ഷത്തും മറെറയാൾ എതിർ പക്ഷത്തും. രണ്ടു കാതോലിക്കോസുമാരുടെയും കീഴിൽ അനേകം മെത്രാപ്പോലീത്താമാരുണ്ടു.

II

ഈ അധ്യായത്തിൻെറ പന്ത്രണ്ടാം വിഭാഗത്തിൽ മാർ മേലൂസിനെയും കേരളത്തിലെ നെസ്തോറിയന്മാരെയും കുറിച്ചു നാം പറഞ്ഞു. മാർ മേലൂസു സൃഷ്ടിച്ച ഭിന്നതയുടെ തുടർച്ച എന്ന നിലയിൽ ഈ ''നെസ്തോറിയന്മാർ'' കത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളിൽനിന്നു അകന്നു നിന്നു. വൈദേശിക ''നെസ്തോറിയന്മാർ'' എന്ന നിലയിൽ രണ്ടു പാർട്ടികളായി അവർ ഇന്നു വിഭജിക്കപ്പെട്ടിരിക്കുന്നു. അവരിൽ ഒരു കക്ഷിയ്ക്കു ഒരു മെത്രാപ്പോലീത്തായും ഒരു മെത്രാനും ഉണ്ടു. മറെറ കക്ഷിക്കു ഒരു മെത്രാപ്പോലീത്താ ഉണ്ടു.

മാർ ഗബ്രിയേലിൻെറ ശീശ്മ (7–ാം വിഭാഗം) പോലും പണ്ടാരിയുടെ പിന്തുണനേടിയ ഛിദ്രം (8–ാം വിഭാഗം) മാർ റോക്കോസ് മൂലമുണ്ടായ ഭിന്നത (10–ാം വിഭാഗം) എന്നിവയൊന്നും ഇപ്പോൾ നിലനിൽക്കുന്നില്ല. മോൺസിഞ്ഞോർ ലെവീഞ്ഞു എസ്സു. ജെ. യാൽ സഭോത്ഭൂഷനാക്കപ്പെട്ട വൈദികൻെറ അനുയായികൾ (15–ാം വിഭാഗം) മുമ്പു പറഞ്ഞിട്ടുള്ളതുപോലെ അവരവരുടെ സ്ഥലങ്ങളിലുള്ള അകത്തോലിക്കാ വിഭാഗങ്ങളിൽ ചേർന്നു.

അധ്യായം മൂന്ന്

ഉയർച്ച—യഥാർത്ഥമോ?

1. ഉയർച്ച–പൗരസ്ത്യതിരുസ്സംഘം—സീറോ–മലബാർ

കഴിഞ്ഞ അധ്യായത്തിൽ പ്രസ്താവിച്ചതുപോലെ 1896—ൽ കേരളത്തിലെ കത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളെ, പ്രൊപ്പഗാന്താ തിരുസംഘത്തിനു കീഴിലായി, സ്വന്തം രീതിയിലും നാട്ടിലുംപെട്ട മൂന്നു വികാരി അപ്പസ്തോലിക്കാമാർ നൽകപ്പെട്ടു. തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ അപ്പസ്തോലിക് വികാരിയാത്തുകളുടെ ചുമതല ഏല്പിക്കപ്പെട്ട ഇവർ സ്ഥാനിക മെത്രാന്മാരായിരുന്നു. സുറിയാനിക്കാർക്ക് പ്രത്യേക മെത്രാനെ അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് റോമിലേയ്ക്ക് എഴുതിയതിന്റെ പേരിൽ കമ്മലീത്താസഭയിൽനിന്നു ബഹിഷ്കരിക്കപ്പെട്ട ഏഴു വൈദികരിൽ പ്രമുഖനായിരുന്ന എറണാകുളം വികാരി അപ്പസ്തോലിക്കാ ആയി നിയമിക്കപ്പെട്ടതു്. 1911—ൽ മുൻപറഞ്ഞവയ്ക്കു പുറമെ കോട്ടയം അപ്പസ്തോലിക് വികാരിയാത്തും രൂപീകരിക്കപ്പെട്ടു.[1] 1917ൽ ഈ വികാരിയാ

---

1. ഈ നാലാമത്തേതു് 'തെക്കുംഭാഗർ'ക്കുവേണ്ടിയുള്ളതായിരുന്നു. അവർ ഒരു ന്യൂനപക്ഷമാണു്. ഇവർ മറ്റു വിഭാഗങ്ങളിലുള്ള ക്രിസ്ത്യാനികളുമായി വിവാഹബന്ധത്തിൽ ഏർപ്പെടുകയില്ല. പാരമ്പര്യമനുസരിച്ചു് കേരളത്തിൽ അവരുടെ ആഗമനം A. D. നാലാം നൂറ്റാണ്ടിലാണു്. മോൺ. ലെവീഞ്ഞു് എസ്സു്. ജെ. (കഴിഞ്ഞ അദ്ധ്യായം) യുടെ രണ്ടു വികാരി ജനറൽമാരിൽ ഒരാൾ തെക്കുംഭാഗക്കുവേണ്ടിയുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് ആരംഭിച്ച വിസിറ്റേഷൻ സന്യാസിനീസഭ തെക്കുംഭാഗക്കുമാത്രം വേണ്ടിയുള്ളതായിരുന്നു. ഇവർ സുവിശേഷ പ്രചാരണം നടത്തുന്നില്ല. മറ്റു വിഭാഗങ്ങളിലുള്ള അകത്തോലിക്കരുടെ പുനരൈക്യത്തിനുവേണ്ടി അവർ പ്രവർത്തിക്കു

ത്തുകളെല്ലാം പൗരസ്ത്യസഭകൾക്കായുള്ള തിരുസംഘത്തിനു കീഴിലായി. 1923–ൽ എറണാകുളം അതിരൂപതയും മറ്റു വികാരിയാത്തുകളും സാമന്തരൂപതകളുമായി ഒരു വികാരിയാത്തു് രൂപീകരിക്കപ്പെട്ടു. ഈ ഹയരാക്കിക്കു സീറോമലബാർ ഹയരാക്കി അഥവാ സീറോമലബാർ സഭ എന്ന പേരും ലഭിച്ചു. മുൻ അധ്യായത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ തോമ്മാശ്ലീഹാ സ്ഥാപിച്ച സഭയുടെ തുടർച്ചയാണു്.

ആനുഷംഗികമായി ഇവിടെ പറയട്ടെ: കൽദായക്കാരെ കുറിച്ചുള്ള ഭയം കാരണമായിട്ടാണു് സീറോ–മലബാർ എന്ന പുതിയ പേരു് ഉണ്ടാക്കിയതും 'കൽദായ' എന്ന വാക്കു് മറച്ചുവച്ചതും. എന്നാൽ ഇപ്പോഴും കൽദായ എന്ന വാക്കു്വീണ്ടും പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നു. (ഭരണാധികാരപരമായിട്ടല്ല. ആരാധനക്രമപരമായിമാത്രം). സീറോ–മലബാർ എന്നും chalde—malabar എന്നും ഒരേ അർത്ഥത്തിൽ ഇന്നു പ്രയോഗിക്കപ്പെടുന്നുണ്ടു്. ഇനിയുള്ള ഭാഗത്തു് സീറോ മലബാർ എന്ന വാക്കുതന്നെയാണു് ഈ ലേഖകൻ ഉപയോഗിച്ചിരിക്കുന്നതു്. പ്രസ്തുത വാക്കുതന്നെ ഉപയോഗിച്ച ശീലിച്ചിട്ടുള്ളവക്കു ചിന്താക്കുഴപ്പം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണതു്. (കൽദായ എന്ന പദത്തിന്റെ അർത്ഥവിശദീകരണത്തിനു് ഒന്നാം അധ്യായം ഒന്നാം സെക്കാക്ഷൻ 5–ാം വകുപ്പു നോക്കുക).

1956ൽ സീറോ മലബാർ സഭ രണ്ടു മെത്രാപ്പോലീത്താമാരുടെ കീഴിലായി രൂപപ്പെട്ടത്തപ്പെട്ടു–ഒരാൾ എറണാകുളത്തെയും മറെറയാൾ ചങ്ങനാശ്ശേരിയിലെയും. ഈ രണ്ടു മെത്രാപ്പോലീത്താമാരുടെ കീഴിലായി ഇപ്പോൾ ഒമ്പതു് residential മെത്രന്മാരും,വേണ്ടുവോളം വൈദികരും,(അവരിൽ അനേകംപേർ മതപരവും മതേതരവുമായ ബിരുദങ്ങളും ഉള്ളവരാണു്.) ഇരുപതു ലക്ഷത്തിലധികം വിശ്വാസികളും ഉണ്ടു്. ഉത്തരഭാരതത്തിലും മദ്ധ്യഭാരതത്തിലുമായി ഏഴു മിഷൻ രൂപതകളും ഉണ്ടു്. ആ രൂപതകളിലെ മെത്രാന്മാർ അതതുപ്രദേശത്തുള്ള ലത്തീൻ മെത്രാപ്പോലീത്താമാർക്കു കീഴിലാണു്. പ്രസ്തുത മിഷൻ രൂപതകളുടെ അതിർത്തിക്കുള്ളിലെ ലത്തീൻകാരായ വിശ്വാസികളും പ്രസ്തുത മിഷനറിമെത്രാന്മാരുടെ അധികാരപരിധിയിൽ വരും.

ന്നമില്ല. തെക്കുംഭാഗക്കാരായ അകത്തോലിക്കാ ക്രിസ്ത്യാനികളും ഉണ്ടു്. ആദ്യത്തെ ചങ്ങനാശേരി വികാരി അപ്പസ്തോലിക്കാ ഒരു തെക്കുംഭാഗനായിരുന്നു. അതിൽ അദ്ദേഹത്തിനു കീഴിലുള്ള വിശ്വാസികളിൽ ഭൂരിപക്ഷമായ വടക്കുംഭാഗക്കു് വളരെ അതൃപ്തി ഉണ്ടായിരുന്നു. അതിനാൽ 1911ൽ കോട്ടയം വികാരിയാത്തു് രൂപീകരിച്ചു് അദ്ദേഹത്തെ അങ്ങോട്ടുമാററി. Pro Gente Suddistica).

സീറോ—മലബാർ ഹൈരാക്കിയുടെ ഭരണാധീന പ്രദേശം കേരളത്തിന്റെ മൂന്നിലൊരു ഭാഗത്തോളംമാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നു. എന്നാൽ ഇന്നു് അതു കേരളം മുഴുവനിലേയ്ക്കും കേരളത്തിനോടു ചേർന്നുള്ള കുറെ സ്ഥലങ്ങളിലേയ്ക്കുമായി വ്യാപിച്ചിട്ടുണ്ടു്.

ലത്തീൻ ഭരണകാലത്തു് നിലവിൽ വന്ന സന്യാസസഭകൾക്കു പുറമേ, വേറെ പല സഭകളും ഇന്നു സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ഏതാനും സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളും ഉണ്ടു്. എല്ലാംതന്നെ ലത്തീൻ സമ്പ്രദായത്തിലുള്ളവയാണു്. ചിലതിനു് പൊന്തിഫിക്കൽ പദവി ലഭിച്ചിട്ടുണ്ടു്. സി. എം. ഐ. സഭ പൊന്തിഫിക്കൽ ആനുകൂല്യം ഉള്ളതാണു്.

സീറോ മലബാർ റീത്തിലുള്ളവരുടെയിടയിൽ വൈദികത്വത്തിലേയ്ക്കും സന്യാസജീവിതത്തിലേയ്ക്കുമുള്ള ദൈവവിളികൾ ധാരാളമാണു്. അവരുടെ കൂട്ടത്തിൽ ഒരു കർദ്ദിനാളും പരിശുദ്ധപിതാവിന്റെ നയതന്ത്രകാര്യാലയത്തിൽ ജോലിചെയ്യുന്നവരും ഉണ്ടു്. സർവ്വകലാശാലാതലത്തിലുള്ള കോളേജുകൾ ഉൾപ്പടെ എല്ലാതരത്തിലുമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളും ആസ്പത്രികൾ ഉൾപ്പടെ അനവധി ജീവകാരുണ്യസ്ഥാപനങ്ങളും നടത്തുന്നുണ്ടു്. അൽമായർ വിദ്യാഭ്യാസപരമായി വളരെ ഉർയന്ന നിലവാരത്തിൽ എത്തിയിരിക്കുന്നു. എന്നാൽ ഈ പുരോഗമനമെല്ലാം പാശ്ചാത്യസമ്പ്രദായത്തിലുള്ളതാണു്.

2. യഥാർത്ഥമായ ഉന്നതിയാണോ?

അസാധാരണമായ അളവിലുള്ള ഒരു പുരോഗതിയാണു് നാം പരാമർശിക്കുന്ന സഭയിൽ നമുക്കു കാണാൽ കഴിയുന്നതു്. ഈ പുരോഗതി അതിൽത്തന്നെ ശ്ലാഘനീയമാണു്. യൂറോപ്യന്മാരായ ലത്തീൻ ഭരണമേധാവികൾ നമുക്കെതിരായി പറയുകയും എഴുതുകയും ചെയ്തിട്ടുള്ളതെല്ലാം നുണയാണെന്നു് ഇതു വ്യക്തമാക്കുന്നു.

എന്നാൽ ഈ പുരോഗതി യഥാർത്ഥമാണോ? അതായതു് അതു നമ്മുടെ പൂർവ്വകാലപാരമ്പര്യങ്ങൾക്കു് അനുരൂപമാണോ? നമുക്കു ഉണ്ടാകേണ്ടിയിരുന്ന പുരോഗതി ഇതു തന്നെയാണോ? മറു വാക്കുകളിൽപ്പറഞ്ഞാൽ, നമ്മുടെ ഭൂതകാലത്തോടും വ്യക്തിത്വത്തോടും ഐക്യം പുലർത്തുന്ന പുരോഗതിയാണോ ഇതു്? ആധുനികകാലത്തിനു് അനുസൃതമായ അനുരൂപണം നടക്കുമ്പോൾ അതു് ഭൂതകാലത്തിന്റെ വേരുകളിൽ ഉറച്ചുനിന്നിട്ടുണ്ടോ? താഴെ കൊടുക്കുന്ന വിശദീകരണം ഈ ചോദ്യങ്ങൾക്കുള്ള മറുപടി നൽകും.

(a) ആത്മഹത്യാപരമായ ആശയങ്ങൾ

''ഇന്ത്യയുടെ മുഴുവൻ ഏക റീത്തു്.'' ''സീറോമലബാർ സഭയുടെ അധികാരപരിധി ഒട്ടും വികസിപ്പിക്കണ്ട (ഇതിനകം നൽകിയിട്ടുള്ള മിഷൻ രംഗങ്ങളും ഒഴികെ).

'നാം റീത്തിന്റെ കാര്യം പറഞ്ഞു് ഒറ്റപ്പെടൽ സമ്പ്രദായക്കാരായി കഴിയുന്നതെന്തിനു്?'

'ലത്തീൻറീത്തുകാരോടു നമുക്കു യോജിച്ചുപോയിക്കൂടേ?'

'പൗരസ്ത്യ അഥവാ സിറിയൻ ആദ്ധ്യാത്മികതയെക്കുറിച്ചു പറയുന്നതിൽ യാതൊരർത്ഥവുമില്ല.'

'പൗരസ്ത്യവിഷയങ്ങളിൽ വിശേഷപഠനം നടത്തിയതുകൊണ്ടു് എന്താണു പ്രയോജനം?'

സുറിയാനി അഥവാ കൽദായഭാഷ പഠിക്കുന്നതുകൊണ്ടു് എന്തെങ്കിലും പ്രയോജനമുണ്ടോ?'

'ഹൈന്ദവ ആരാധനാരീതികളുടെയും ഹൈന്ദവചിന്താപദ്ധതികളുടെയും ചുവടുപിടിച്ചുള്ള ഒരു ഭാരതീയ ആരാധനക്രമമാണു് ആവശ്യമായിട്ടുള്ളതു്.'

'ഹിന്ദുക്കളുടെ വിശുദ്ധ ഗ്രന്ഥങ്ങളും ആരാധനക്രമത്തിനിടയിൽ എന്തുകൊണ്ടു വായിച്ചുകൂടാ?'

ഇവയും ഇവയ്ക്കു തുല്യമായ മറ്റു് ആശയങ്ങളും സ്പഷ്ടമായും ഇതേ വാക്കുകളിലോ ഈ ആശയങ്ങളും ഉൾക്കൊള്ളുന്ന മറ്റു വാക്കുകളിലോ സീറോ മലബാർ റീത്തിലെ വൈദികാദ്ധ്യക്ഷന്മാരിൽനിന്നു് ഇന്നു കേൾക്കുന്നുണ്ടു്. സീറോ മലബാർ സഭയ്ക്കു് അതിന്റെ ഭൂതകാലത്തോടു യോജിച്ച വിധത്തിലുള്ള പുരോഗതിയ്ക്കു് എന്നല്ല നിലനിൽപിനുതന്നെ ഇത്തരം ആശയങ്ങളും ഘാതകങ്ങളാണെന്നു തീർച്ചയാണു്. ഈ ആശയങ്ങളും സ്നേഹികവും പൗരസ്ത്യവുമായ സീറോ–മലബാർ സഭയെ അതിന്റെ ശത്രുക്കളെന്നും ആഗ്രഹിച്ചതും നടപ്പിലാക്കാൻ പരിശ്രമിച്ചതുമായ സ്ഥിതിയിലേക്കു നയിക്കാൻ പര്യാപ്തമാണു്. സീറോ മലബാർ വൈദികാദ്ധ്യക്ഷന്മാർതന്നെ അവരുടെ പക്ഷത്തുള്ളതുകൊണ്ടു് ഇന്നു് അവർക്കു് അവരെത്തന്നെ അഭിനന്ദിക്കാൻ കഴിയും,

(b) ലത്തീൻ മനോഭാവം

ചുരുക്കം അപവാദങ്ങളൊഴിച്ചാൽ, നമ്മുടെ വൈദികരും വൈദികാദ്ധ്യക്ഷന്മാരും ലത്തീൻ മനോഭാവം ഉള്ളവരാണു്.

ലത്തീൻ കണ്ണാടിയിൽക്കൂടെയല്ലാതെ എന്തിനെയെങ്കിലും വീക്ഷിക്കാൻ അവർക്കു കഴിവില്ല. ആ കണ്ണാടി കൈവെടിയാൻ അവർക്കു ഇഷ്ടവുമല്ല. ഈ മനോഭാവം ഒരു പൗരസ്ത്യസഭയുടെ വേരു മുറിക്കുന്നതാണെന്നു പറയേണ്ടതില്ലല്ലോ. സീറോ മലബാർ സഭയ്ക്ക് അതിന്റെ ഭൂതകാലത്തോടു വിശ്വസ്തത പുലർത്തണമെങ്കിൽ ഒരു പൗരസ്ത്യ സഭയായിരിക്കാതെ നിവൃത്തിയില്ല.

ഈ സ്ഥിതിവിശേഷത്തിന്റെ പ്രധാന കാരണം നമ്മുടെ വൈദികർക്കു സെമിനാരികളിൽ ലഭിക്കുന്ന പരിശീലനമാണ്. അതുകൊണ്ടു നമ്മുടെ വൈദികരുടെ പരിശീലനത്തെക്കുറിച്ച് അടുത്തതായി പറയാം. ആ പരിശീലനത്തിന്റെ പരിണതഫലങ്ങളായ വേറെ ചില കാര്യങ്ങളെക്കുറിച്ചു അതിനുശേഷവും.

(c) വൈദിക പരിശീലനം

1962 വരെ നമ്മുടെ വൈദികരെ ലത്തീൻകാരായ ആചാര്യന്മാരാണ്, ലത്തീൻ വൈദികരോടൊപ്പമാണ്, പരിശീലിപ്പിച്ചിരുന്നതു്. ആലുവായിലെ സെമിനാരി പൗരസ്ത്യറീത്തുകാർക്കും ലത്തീൻ റീത്തുകാർക്കും പൊതുവായിട്ടുള്ള കേന്ദ്രസെമിനാരിയായിരുന്നു. (പുത്തൻപള്ളിയിൽ ഉണ്ടായിരുന്നതും രണ്ടാം അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുള്ളതുമായ പൊതുസെമിനാരി മാറ്റി സ്ഥാപിച്ചതാണിതു്). അവിടെ സീറോ മലബാറുകാരെ അല്പം കൽദായഭാഷയും കൽദായ ആരാധനക്രമത്തിലെ ചില പ്രാഥമിക കാര്യങ്ങളും ആരാധനക്രമപരമായ പാട്ടുകളും പഠിപ്പിച്ചിരുന്നു. അവരുടെ ചരിത്രം, പാരമ്പര്യങ്ങൾ, ആരാധനക്രമത്തിന്റെ വിശദാംശങ്ങൾ, ആചാരങ്ങൾ, പ്രാചീനമായ ആധ്യാത്മിക ഭരണക്രമീകരണം, പ്രാചീന ആധ്യാത്മികത എന്നിവയെ ഒന്നും സംബന്ധിച്ചു അദ്ധ്യാപനം ഉണ്ടായിരുന്നില്ല. എന്നാൽ അവയൊക്കെയാണു സീറോ–മലബാർ വൈദികരുടെ പരിശീലനത്തിലെ അടിസ്ഥാനമായിരിക്കേണ്ടതു്. ഈ സെമിനാരി കർമ്മലീത്തരുടെ കീഴിലായിരുന്നു ഇന്നു് അതു് ഒരു ബിരുദാനാധികാരമുള്ള സ്ഥാപനം ആണു്. കേരളത്തിലെ പൗരസ്ത്യ, ലത്തീൻ ഹൈരാർക്കികളുടെ കീഴിലും ആണു്. അതു പൗരസ്ത്യതിരുസംഘത്തെ ആശ്രയിച്ചിരുന്നു. ഇന്നു് അതു പൗരസ്ത്യതിരുസംഘത്തിന്റെയും പ്രൊപ്പഗാന്താ തിരുസംഘത്തിന്റെയും ആശ്രയത്തിലാണു്. സീറോ മലബാർ വീക്ഷാകോടിയിൽനിന്നു നോക്കിയാൽ അവിടത്തെ പഠനം പിന്നോക്കം പോയിട്ടേ ഉള്ളൂ. എങ്കിലും ചില സീറോ–മലബാർ വൈദികാദ്ധ്യക്ഷന്മാർ തങ്ങളുടെ സ്വന്തമായ വടവാളർ സെമിനാരിയെക്കാൾ അധികമായി ഇതിനെയാണു് ഇഷ്ടപ്പെടുന്നതു്.

കൂടുതൽ സമർത്ഥരെന്നു കരുതപ്പെടുന്ന വൈദികവിദ്യാർത്ഥികൾ പണ്ട് സിലോണിലെ കാണ്ടിസെമിനാരിയിലോ റോമിലെ പ്രൊപ്പഗാന്താ കോളേജിലോ മറ്റെവിടെയെങ്കിലുമോ അയയ്ക്കപ്പെട്ടിരുന്നു. ഇന്നു കാണ്ടിയുടെ പകരം പൂനാ ആയി എന്നേ വ്യത്യാസമുള്ളൂ. പുറത്തുപോകുന്നവർക്ക് ആലുവായിൽ ലഭിക്കുന്നതുപോലും പഠനം ലഭിക്കുന്നില്ല. എങ്കിലും അവർക്കാണ് എവിടെയും എന്തിലും മുൻഗണന. ഈ സ്ഥിതിവിശേഷം നമ്മുടെ സഭയുടെ അധഃപതനത്തെ ത്വരിപ്പിക്കയില്ലേ?

കോട്ടയം നഗരത്തിന്റെ പ്രാന്തപ്രദേശമായ വടവാതൂരിൽ 1962–ൽ പുതുതായി ഒരു സെമിനാരി സ്ഥാപിക്കപ്പെട്ടു. ഇതു സീറോ മലബാർ റീത്തിൽ പെട്ടവർക്കുവേണ്ടിയും സീറോ മലബാർ ഹൈരാർക്കിയുടെ കീഴിലും ഉള്ളതാണ്. ഇതു പൗരസ്ത്യതിരുസംഘത്തെ ആശ്രയിക്കുന്നു. അതിന്റെ ആദ്യകാലത്തെ ഡയറക്ടർമാരും പ്രൊഫസർമാരും മുകളിൽപ്പറഞ്ഞവിധത്തിലുള്ള പരിശീലനം ലഭിച്ചവരാണെങ്കിലും വിദ്യാർത്ഥികൾക്ക് ഒരു സീറോ മലബാർ അനുരൂപണം നൽകാൻ അവർക്കു കഴിഞ്ഞിരുന്നു. ഈ സ്ഥിതിവിശേഷം ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിലും അതിനെതിരായ കാറ്റുകളും വീശിത്തുടങ്ങിയിട്ടുണ്ട്. 'ലത്തീൻ ആകുന്നിടത്തോളം കാത്തലിക് ആകും' എന്ന ആശയം സെമിനാരിയെ ആക്രമിച്ചു തുടങ്ങിയിരിക്കുന്നു. 1977 വരെ ധാർമ്മിക ദൈവശാസ്ത്രത്തിലെ പ്രൊഫസർമാരിൽ ഒരാൾ ഒരു ലത്തീൻ വൈദികനായിരുന്നു. ഒരു സീറോ മലബാർ സെമിനാരിയിൽ ധാർമ്മികദൈവശാസ്ത്രം പഠിപ്പിക്കുന്നയാൾ സീറോമലബാർ സഭയുടെ പാരമ്പര്യങ്ങളിലും ആചാരങ്ങളിലും അധിഷ്ഠിതമായ പൗരോഹിത്യം സംബന്ധിച്ച ചിട്ടകളിൽ ശരിക്കും അവഗാഹം നേടിയ ആളായിരിക്കണം. പൗരോഹിത്യപരമായ ഇത്തരം ചിട്ടകൾക്കു ധാർമ്മികദൈവശാസ്ത്രത്തിൽ വളരെ വലിയ ഒരു പങ്കു വഹിക്കാനുണ്ട്. ഒരു റീത്തിന്റെയോ റീത്തിൽ അധിഷ്ഠിതമായ സഭയുടെയോ ആചാരപാരമ്പര്യങ്ങൾക്കു ധാർമ്മിക ദൈവശാസ്ത്രത്തിൽ വലിയ പ്രാധാന്യമൊന്നുമില്ല എന്നാണു ചിലരുടെ ധാരണ എന്നു തോന്നുന്നു. എന്നാൽ അത്തരം ആചാരങ്ങളും പാരമ്പര്യങ്ങളും പുനരുജ്ജീവിപ്പിക്കണം എന്നാണു രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അഭിപ്രായം. ഈ സെമിനാരി റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിനോടു അനുബന്ധിപ്പിച്ചിട്ടുള്ളതാണ്: എന്നാൽ കൽദായ ഭാഷയെക്കുറിച്ചു യാതൊന്നും അറിയാതെ സീറോമലബാർ വിദ്യാർത്ഥികൾ അവിടെനിന്നു ബി. ഡി. ബിരുദം എടുത്തു പുറത്തുവന്നിരിക്കുന്നു. 1962–നുശേഷം പ്രാദേശിക ഭാഷയായ മലയാളം ആരാധനക്രമത്തിൽ ഉപയോഗിക്കുന്നതുകൊണ്ടു കൽദായ (സുറിയാനി) ഭാഷയുടെ പഠനം മിക്കവാറും അവഗണിക്കപ്പെട്ടിരി

ക്കയാണു്. ചിലയിടങ്ങളിൽ നിരോധിക്കപ്പെട്ടിട്ടുപോലും ഉണ്ടു്. ചില മൈനർ സെമിനാരികളിൽ ഇപ്പോഴും അതു പഠിപ്പിക്കപ്പെടുന്നുണ്ടു്. എന്നാൽ അർഹമായ ഗൗരവവും മികവും ആ പഠനത്തിനില്ല. ഇതു വളരെ വിചിത്രവും അതേസമയം ഗർഹണീയവുമായ ഒരു കാര്യമാകുന്നു; കാരണം പാശ്ചാത്യരാജ്യങ്ങളിലുള്ള പലയാളുകളും ഇന്നു സുറിയാനിഭാഷ ആവേശപൂർവം പഠിച്ചുകൊണ്ടിരിക്കുകയാണു്. ആ ഭാഷയിലെ സാഹിത്യത്തിൽ ഉള്ളടങ്ങിയിട്ടുള്ള നിധികളം അഭിഗമ്യങ്ങളാകുന്നതിനുവേണ്ടിയാണു് അങ്ങനെ ചെയ്യുന്നതു്. സ്വന്തമായ നല്ല പാരമ്പര്യങ്ങളെക്കുറിച്ചുള്ള അവബോധം നഷ്ടപ്പെട്ട ഒരു സഭയെയാണു നാമിന്നു അഭിമുഖീകരിക്കുന്നതു്. ഭൂതകാലത്തിനേറതായി അലംപമെങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ അതും നശിപ്പിക്കാൻ അതു് ഒരുമ്പെട്ടിരിക്കുന്നതായി തോന്നുന്നു. അകത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളുടെ ഒരു കേന്ദ്രമാണു കോട്ടയം. അതിനാൽ സുറിയാനിഭാഷയും സാഹിത്യവും സുറിയാനിയിലുള്ള മതവിജ്ഞാനീയവും സന്യാസവിജ്ഞാനീയം തുടങ്ങിയവയെല്ലാം വേണ്ടവിധം പഠിപ്പിക്കുകയാണെങ്കിൽ വടവാതൂർ സെമിനാരിക്കു അകത്തോലിക്കാ തോമ്മാക്രിസ്ത്യൻ വൈദികരെ അങ്ങോട്ടു് ആകർഷിക്കുവാൻ കഴിയും. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയിൽ ഇക്കാര്യത്തിനൊന്നും യാതൊരു സാദ്ധ്യതയുമില്ല. അടുത്ത കാലത്തു ലത്തീൻകാരായ വിദ്യാർത്ഥികൾക്കു കൂടെ ഈ സെമിനാരിയിൽ പ്രവേശനം നൽകിയപ്പോൾ ഈ സെമിനാരി അതുമൂലം യഥാർത്ഥ 'കത്തോലിക്കാ' സ്ഥാപനമായി എന്നു ചിലർ പ്രസ്താവിച്ചു എന്നാണു കേൾക്കുന്നതു്.

കർമ്മലീത്തർക്കു കേരളത്തിൽ ഒരു പഠനകേന്ദ്രം ഉണ്ടായിരുന്നതു് ഇപ്പോൾ ബാംഗ്ലൂരിലേക്കു മാറിയിരിക്കുന്നു. അവരുടെ ഏതാനും വിദ്യാർത്ഥികൾ പൂനായിലും ഉണ്ടു്. മുമ്പു് അവരുടെ കുറെ വിദ്യാർത്ഥികൾ മംഗലാപുരത്തെ ലത്തീൻ സെമിനാരിയിലും കാണ്ടിയിലെ സെമിനാരിയിലും പഠിച്ചിരുന്നു. ബാഗ്ലൂരിലുള്ള അവരുടെ പഠനകേന്ദ്രം ഒരു ഫാക്കൽറ്റി ആണു്. ഡിഗ്രികോഴ്സിനുള്ള വിഷയങ്ങളിൽ കൽദായ (സുറിയാനി) ഭാഷ, സിറിയൻ ദൈവശാസ്ത്രം മുതലായവ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. എന്നാൽ എത്രപേർ ഇതെല്ലാം കാര്യമായി എടുക്കുന്നുണ്ടു്? ആ സ്ഥാപനത്തിൽ ഇന്നു നിലനിൽക്കുന്ന ഭ്രമം ഭാരതവൽക്കരണത്തിനുള്ളതാണു്. അവിടത്തെ ഭാരതവൽക്കരണത്തിന്റെ സമ്പ്രദായം താഴെ പറയുന്ന ഒരുദാഹരണത്തിൽ നിന്നു തന്നെ മനസ്സിലാക്കാം. അവിടെയുള്ള ചിലർ ഒരു 'ഇൻഡ്യൻ കുർബാന'യ്ക്കു രൂപം കൊടുത്തു. മേലധികാരികളുടെ അംഗീകാരം കൂടാതെ തന്നെ അതവിടെ പ്രയോഗത്തിലാക്കുകയും

ചെയ്തു. മറ്റു മതപഠനകേന്ദ്രങ്ങളിലെ വിദ്യാർത്ഥികളെക്കുറിച്ചു വിശേഷവിധിയായി ഒന്നും പറയാനില്ല. എന്തെന്നാൽ അവർ ശ്രുപതാ സെമിനാരിയൻമാരെപ്പോലെയോ സി. എം. ഐ വിദ്യാർത്ഥികളെപ്പോലെയോ പഠിപ്പിക്കപ്പെടുകയാണു്. കുറേപ്പേർ മുകളിൽപ്പറഞ്ഞ സി. എം. ഐ ഫാക്കൽറ്റിയിലാണു്. കുറേപ്പേർ കേരളത്തിനു വെളിയിലുള്ള ലത്തീൻ സെമിനാരികളിലും സീറോമലബാർ മിഷൻ ശ്രുപതകളിൽപ്പെട്ടവർ ഇങ്ങനെ കേരളത്തിനു പുറത്തു പഠിക്കുന്നവരാണു്.

വൈദികർ ഗ്രുപ്പട്ടസ്വീകരണത്തിനു ശേഷമുള്ള പഠനങ്ങൾ റോമിലോ മറ്റു സ്ഥലങ്ങളിലോ നടത്തുന്നു. കുറെപ്പേർ റോമിലെ പൊന്തിഫിക്കൽ ഓറിയൻറൽ ഇൻസ്റ്റിറ്റ്യൂട്ടിലാണു്. എന്നാൽ അവരുടെ കൂട്ടത്തിൽ എത്രപേർ മനസ്സുകൊണ്ടു യഥാർത്ഥത്തിൽ പൗരസ്ത്യ സീറോമലബാർ റീത്തുകാരാകുന്നുണ്ടു്? റോമിലും മറ്റു സ്ഥലങ്ങളിലും വൈദികത്വാനന്തരപഠനം നടത്തുന്നവരിൽ അനേകംപേർ പൗരസ്ത്യവിരുദ്ധ ചിന്താഗതിക്കാരായിത്തീരുന്നുണ്ടു്. ലത്തീൻകാരുടെയിടയിൽ തങ്ങളുടെ പൗരസ്ത്യവ്യതിരിക്തത വെളിപ്പെടുത്താൻ അവർ ലജ്ജിക്കുന്നു.

മുകളിൽപ്പറഞ്ഞ തരത്തിലുള്ള പഠനത്തിൻറെയും പരിശീലനത്തിൻറെയും പരിണാമം പരിതാപകരമാണു്. പലർക്കും അവരുടെ തനതായ ഒരുതരം 'സാർവദേശീയവീക്ഷണം' ഉണ്ടായിട്ടുണ്ടു്. വിഭിന്നങ്ങളായ റീത്തുകളെയും ആരാധനക്രമങ്ങളെയും അവർ നിരാകരിക്കുന്നു. പൊതുവേ പറഞ്ഞാൽ അവർ പൗരസ്ത്യ കാര്യങ്ങളെ പഴഞ്ചനെന്നും നിരുപയോഗമെന്നും പഴിക്കുന്നു. ലത്തീൻ സമ്പ്രദായത്തിലുള്ള കാര്യങ്ങളും, അവയെക്കുറിച്ചു് അവർക്കു വലിയ വിവരമില്ലെങ്കിലും, അവർക്കു് ആദർശഭ്രതങ്ങളാണു്, ആ വിലമതിപ്പു വാക്കിൽ മാത്രമാണെങ്കിലും. കൽദായഭാഷയും ആരാധനക്രമവും വൈദേശികമായതുകൊണ്ടു് അവയെ ഉപേക്ഷിക്കണമെന്നാണു ചിലർ പറയുന്നതു്. എന്നാൽ പൂർണമായും വൈദേശികമായ പലതിനെയും അവർ മുറുകെ പിടിക്കുന്നുമുണ്ടു്. പണ്ടു കൽദായകേരളീയരെ മെത്രാന്മാരായി അഭിഷേകം ചെയ്യാതിരുന്നതുകൊണ്ടു് അവരുടെ ഭാഷയും ആരാധനക്രമവും ബഹിഷ്ക്കരിക്കണമെന്നു ചിലർ. എന്നാൽ ഇപ്പറയുന്നവർ ഇംഗ്ലീഷ് ഭാഷയെയും ഇംഗ്ലീഷ് വിദ്യാഭ്യാസസമ്പ്രദായത്തെയും ഇംഗ്ലീഷ് ചികിത്സാരീതിയെയും ബഹിഷ്ക്കരിക്കുമോ? ഇംഗ്ലീഷുകാർ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നൽകാൻ വൈമനസ്യം കാണിച്ചില്ലേ? കൽദായഭാഷയും ആരാധനക്രമവും ഇക്കൂട്ടർ വിചാരിക്കുന്നതുപോലെ നമുക്കു് അന്യമാണോ? (ഒന്നാം അദ്ധ്യായം നോക്കുക). നമ്മുടെ പൂർവികർ കൽദായഭാഷയെ ദിവ്യത്വമുള്ള ഒന്നായിട്ടാണു കരുതിയിരുന്നതു്. കൽദായഭാഷ

യിൽ പറയപ്പെട്ടിട്ടില്ലാത്ത ഒന്നും വിശ്വസിക്കാൻ അവർ തയ്യാറായിരുന്നില്ല.2 ഈ ഭാഷയുടെ ഒരു രൂപഭേദത്തിലാണു ക്രിസ്തു സംസാരിക്കുകയും തന്റെ വെളിപാടു് നിർവഹിക്കുകയും ചെയ്തതു് എന്നുള്ളതുകൊണ്ടാണു് അവർ ഈ ഭാഷയ്ക്കു ദിവ്യത്വം കൽപ്പിച്ചതു്. കൽദായ ആരാധനക്രമത്തെ സംബന്ധിച്ചാണെങ്കിൽ, തോമ്മാശ്ലീഹായോടു ബന്ധപ്പെട്ടതിനാൽ അവർ അതിനെ എങ്ങനെ സ്നേഹിച്ചിരുന്നുവെന്നു നാം കണ്ടു. ക്രിസ്തു തന്റെ വെളിപാടു നിർവഹിച്ച അതേ വാക്കുകളിലും form—ലും നിന്നാണു് ഈ ആരാധനക്രമം ഉണ്ടായതു് എന്നു് ഇവിടെ പറഞ്ഞുകൊള്ളട്ടെ. സീറോ മലബാർ റീത്തുകാർ ഈ ഭാഷയെയും ആരാധനക്രമത്തെയും ശരിക്കും പഠിക്കുകയും പോഷിപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ അതു് എത്ര അഭിമാനകരമായേനെ! എന്നാൽ ഇക്കാര്യങ്ങളെക്കുറിച്ചൊക്കെ ചിന്തിക്കാൻ ആർക്കാണു ക്ഷമയുള്ളതു്?

മേലൂസിന്റെയും റോക്കോസിന്റെയും പ്രവർത്തനങ്ങളാണു സീറോമലബാർകാരുടെയിടയിൽ ഒരു കൽദായ വിരുദ്ധമനോഭാവം ഉണ്ടാക്കിയതു്. എന്നാൽ നമ്മുടെയിടയിൽ തന്നെയുള്ളചിലരല്ലേ മേലൂസിനെയും റോക്കോസിനെയും ഇങ്ങോട്ടു് ആനയിച്ചതു്? മുകളിൽ നാം പരിചിന്തിച്ച രീതിയിലുള്ള വൈദിക പരിശീലനത്തിന്റെ പരിണതഫലമായ മറ്റു ചില കാര്യങ്ങളെക്കുറിച്ചു് ഇനി പറയാം.

(d) ആരാധനക്രമം

മുൻകാലങ്ങളിൽ ഇവിടെ ഭരിച്ചിരുന്ന വൈദേശികമെത്രാന്മാർ നമ്മുടേതായ കൽദായ ആരാധനക്രമത്തെ പരിതാപകരമാംവിധം ലത്തീനീകരിക്കുകയും അംഗഭംഗപ്പെടുത്തുകയും ചെയ്തുവെങ്കിലും ഇന്നത്തെ സീറോ മലബാർ വൈദികാദ്ധ്യക്ഷന്മാർ പ്രസ്തുത ആരാധനക്രമത്തെ അതിന്റെ ശരിയായ പൂർവരൂപത്തിലേക്കു പ്രത്യാനയിക്കാൻ അനുകൂലികളായിരുന്നില്ല. 1929—ൽ അവർ ലത്തീൻ പട്ടംകൊടുക്കൽ ശുശ്രൂഷക്രമത്തിന്റെ ഒരു കൽദായ പരിഭാഷ അംഗീകാരത്തിനായി പരിശുദ്ധ സിംഹാസനത്തിനു സമർപ്പിച്ചു. (അതു് അന്നു അവർ ലത്തീനിൽത്തന്നെ ഉപയോഗിച്ചു വന്നതാണു്). എന്നാൽ പീയൂസു് XI—ാമൻ മാർപ്പാപ്പാ 1934 ഡിസംബർ 1—ാം തീയതി താഴെ കാണും വിധം പ്രസ്താവിച്ചുകൊണ്ടു് അതിനു് അംഗീകാരം നിഷേധിച്ചു:

'പൗരസ്ത്യരുടെയിടയിൽ ലാറ്റിനിസം പ്രോത്സാഹിപ്പിക്കപ്പെടാവുന്നതല്ല. കത്തോലിക്കരാക്കാനാണു്, ലത്തീനീകരിക്കാ

2. Nunes Baretto, S.J.Dec. 1, 1561–Wichi J, SJ, Documenta Indica, Vol. II, Romae, 1964, p. 416.

നല്ല പരിശുദ്ധ സിംഹാസനം ആഗ്രഹിക്കുന്നതു്. ഭാഗികമായ ഉപായങ്ങളും ഉദാരങ്ങളോ സഫലങ്ങളോ അല്ല. ഏറ്റവും പ്രാചീനമായ pontifical പരിഷ്ക്കരിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയമിക്കണം.'

മാർപ്പാപ്പായുടെ ഈ ഇടപെടലിന്റെ ഫലമായി പ്രാചീനകൽദായ പട്ടംകൊടുക്കൽ ശുശ്രൂഷക്രമത്തിന്റെ ഒരു പരിഷ്കൃതരൂപം സീറോ മലബാർ വൈദികാദ്ധ്യക്ഷന്മാർക്കു നൽകപ്പെട്ടു. പിന്നീടു പൗരസ്ത്യതിരുസംഘം കുർബാനക്രമത്തെ അതിന്റെ ശരിയായ പൂർവരൂപത്തിൽ പുനഃസ്ഥാപിച്ചു. (കലണ്ടർ, പ്രാപ്രിയാ,തിരുവസ്ത്രങ്ങളും എന്നിവയോടുകൂടി). 12–ാം പീയൂസ് മാർപ്പാപ്പാ ഇതിനു് അംഗീകാരം നൽകി. പൗരസ്ത്യ തിരുസംഘത്തിലെ കർദ്ദിനാളന്മാരുടെ പ്ലീനറി സമ്മേളനം വിശദമായ ചർച്ചകളും നടത്തിയതിനുശേഷമാണു് ഈ അംഗീകാരം നൽകപ്പെട്ടതു്. സീറോമലബാർ വൈദികാദ്ധ്യക്ഷന്മാരുടെ ശുപാർശകളും പ്രസ്തുതസമ്മേളനം കണക്കിലെടുത്തിരുന്നു. ഈ അംഗീകൃതരൂപം1962–ൽ കുർബാനക്രമത്തിന്റെ മലയാള പരിഭാഷയോടുകൂടി നടപ്പിൽ വന്നു. ആരാധനാക്രമത്തിലെ മറ്റു ഘടകങ്ങളിലും ഈ പുനഃസ്ഥാപനം നടത്തുന്നതിനുള്ള നിർദ്ദേശം പൗരസ്ത്യതിരുസംഘം നൽകി. ഇതെല്ലാം പൂർവികപാരമ്പര്യത്തിലേക്കുള്ള ഒരു പ്രത്യാഗമനമായിരുന്നു. പൂർവിക പാരമ്പര്യത്തിൽ നിന്നു് ആരെങ്കിലും അനധികൃതമായി അകന്നുപോയിട്ടുണ്ടെങ്കിൽ അവരെല്ലാം ആ തെറ്റു തിരുത്തി ഇപ്രകാരം തന്നെ ചെയ്യണമെന്നു പിന്നീടു രണ്ടാം വത്തിക്കാൻ കൗൺസിൽ ആവശ്യപ്പെടുകയും ചെയ്തു.

എന്നാൽ 1967–നുശേഷം കർമ്മവിധികം (ഉദാ: കുരിശുവരയ്ക്കൽ),പ്രതീകങ്ങളും, അടയാളങ്ങളും മുതലായവയെല്ലാം ലത്തീനീകരണത്തിനും അംഗഭംഗപ്പെടുത്തലിനും വിധേയമായി. മാർപ്പാപ്പാ അംഗീകരിച്ച കുർബാനപുസ്തകത്തിൽപ്പോലും മാറ്റം വരുത്തി.[3] പണ്ഡിതനായ ഒരു അൽമായന്റെ നിർദേശമനുസരി

---

3. ഏതാനും ഉദാഹരണങ്ങൾമാത്രം ഇവിടെ പറയാം: പ്രധാനമായും ലത്തീൻ സമ്പ്രദായത്തിലുള്ള 'സ്വർഗസ്ഥനായ പിതാവേ' റോമൻ റീത്തു് അനുസരിച്ചുള്ള മാമ്മോദീസാ വിശ്വാസപ്രമാണവും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രാർത്ഥനകളുടേയും ചില കമ്മങ്ങളുടേയും ക്രമം ഭേദപ്പെടുത്തിയിരിക്കുന്നു. ക്രിസ്തു ബലി സ്വീകരിക്കുന്നു എന്ന ആശയം (വി. എഫ്രേം അനുകൂലിച്ചിട്ടുള്ള ആശയമാണിതു്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ക്രിസ്തു ബലി സമർപ്പിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു.) ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ പൗലോസിന്റെ വാക്കുകളും അനുസരിച്ചു സ്വീകരിക്കപ്പെട്ടിരുന്ന 'സ്വർഗ്ഗവാസികളുടെ സമാധാനമായ ക്രിസ്തു' എന്നതു് 'സ്വർഗ്ഗവാസികളുടെ സന്തോഷമായ ക്രിസ്തു' എന്നു മാറ്റപ്പെട്ടിരിക്കുന്നു. 'സമാധാനം നിങ്ങളോടുകൂടെ'

ച്ചാണ്. ഇങ്ങനെയൊക്കെ ചെയ്തതെന്നു രണ്ടു വൈദികാദ്ധ്യക്ഷന്മാരെങ്കിലും പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുതപണ്ഡിതൻ തീർച്ചയായും ആരാധനക്രമത്തിൽ പണ്ഡിതനായിരുന്നില്ലല്ലോ. മാറ്റം വരുത്തിയ ഭാഗങ്ങളും പല നൂറ്റാണ്ടുകളായി ഉപയോഗത്തിൽ ഇരുന്നതാണ്. അവയുടെ ലത്തീൻ, ഇംഗ്ലീഷ്, മലയാളം പരിഭാഷകളും കേരളത്തിൽ ഉണ്ടായിരുന്നു. മാർപ്പാപ്പായുടെ അംഗീകാരം ലഭിക്കുകയും മലയാളം കുർബാനയിൽ ചൊല്ലപ്പെടാൻ തുടങ്ങുകയും ചെയ്തതിനുശേഷം മാത്രമേ അവയിൽ മാറ്റങ്ങളും വരുത്തേണ്ട ആവശ്യം ശ്രദ്ധയിൽപ്പെട്ടുള്ളൂ എന്നതു പരിതാപകരമാണ്.

എന്നുള്ള കാമ്മികന്റെ ആശംസയ്ക്കു മറുപടിയായിട്ടുള്ള 'നിന്നോടും നിന്റെ അരൂപിയോടുംകൂടെ' എന്നതു് വിട്ടുകളഞ്ഞിരിക്കുന്നു. കൽദായ പാരമ്പര്യമനുസരിച്ച് ആ ഭാഗം കാമ്മികന്റെ വൈദിക ധർമ്മത്തെ സൂചിപ്പിക്കുന്നതാണ്. 'പരിശുദ്ധനായ പിതാവു് ഏകനാകുന്നു; പരിശുദ്ധനായ പുത്രൻ ഏകനാകുന്നു; പരിശുദ്ധാത്മാവു് ഏകനാകുന്നു' എന്ന സ്തോത്രം 'പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവം മാത്രമാകുന്നു പരിശുദ്ധൻ' എന്നും തന്നിഷ്ടപ്പടി മാറ്റം ചെയ്യപ്പെട്ടിരിക്കുന്നു. പൗരസ്ത്യതിരുസംഘത്തിലെ കർദ്ദിനാളന്മാരുടെ പ്ലീനറി സമ്മേളനം ചർച്ച ചെയ്തതിനുശേഷം 12—ാം പീയൂസ് മാർപ്പാപ്പാ അംഗീകരിച്ച ഭാഗങ്ങളെയാണ് പിന്നീടു് ഇങ്ങനെയെല്ലാം മാറ്റിയിട്ടുള്ളതു് എന്ന മാത്രമേ ഞാൻ ഇവിടെ പറയുന്നുള്ളൂ.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം മെത്രാന്മാർക്ക് എന്തെങ്കിലും സ്വാതന്ത്ര്യം ലഭിച്ചിട്ടുണ്ടെങ്കിൽ അതു് അവരുടെ സഭയുടെ ആരാധനാക്രമപരവും മറ്റുമായ പ്രാചീനപാരമ്പര്യങ്ങളെ തകർത്തുകളയുന്നതിനുവേണ്ടിയുള്ളതല്ല. അവയെ തിരിച്ചു കൊണ്ടുവരുന്നതിനും ദൈവപരമായി വികസിപ്പിച്ചെടുക്കുന്നതിനും വേണ്ടിയുള്ളതാണ്. (Vatican II, decree on the Catholic Oriental Churches, N. 6.)

തോമ്മാക്രിസ്ത്യാനികളുടെ ആരാധനാക്രമത്തിൽ പോർട്ടുഗീസുകാർ ഏർപ്പെടുത്തിയ തിരുത്തലുകളെയും മാറ്റങ്ങളെയുംകുറിച്ചു ലെക്ചിൻ എം. ഒ. പി. 200 വർഷങ്ങൾക്കുമുമ്പു രേഖപ്പെടുത്തിയിട്ടുണ്ട്. 'പൗരസ്ത്യരുടെ വിശ്വാസാചാരങ്ങളെ അനേകംആളുകൾ തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചിട്ടുണ്ടെന്നുള്ള കാര്യത്തിൽ ഇന്നു് കാര്യവിവരം ഉള്ളവർ ഏകാഭിപ്രായക്കാരാണ്. പൗരസ്ത്യസഭകളുടെ ദൈവശാസ്ത്രോഷയും വിശ്വാസങ്ങളും അവർക്കു തീർത്തും അപരിചിതമായിരുന്നു എന്നതാണ് അതിനു കാരണം.' op. cit. Vol. II. Col.1098. ഏതെങ്കിലും ഒരു മാർപ്പാപ്പാ അംഗീകരിച്ച ആരാധനാക്രമത്തിന്റെ പാഠത്തെ പോർട്ടുഗീസുകാർ ഭേദപ്പെടുത്തിയിട്ടുള്ളതായും തോന്നുന്നില്ല.

മുകളിൽപ്പറഞ്ഞ വിധത്തിലുള്ള മാറ്റങ്ങളോടും തിരുത്തലുകളോടും ലത്തീനീകരണങ്ങളോടും കൂടിയ കുർബാന, മുകളിൽപ്പറഞ്ഞവിധം മാപ്പാപ്പാ അംഗീകരിച്ച കുർബാനയ്ക്കുപകരം ഇന്നു് എല്ലായിടത്തും പ്രചരിക്കയാണ്. ഈ കുർബാനയുടെ മലയാളംപാഠം അംഗീകാരത്തിനായി പൗരസ്ത്യ തിരുസംഘത്തിനു സമർപ്പിച്ച സീറോ മല

ലത്തീൻ രീതിയിലുള്ള കർമ്മങ്ങളും (തൈലം പൂശൽ പോലുള്ളവ) പട്ടം കൊടുക്കൽ ശ്രൂഷയിൽ (എല്ലായിടത്തുമില്ലെങ്കിലും) ഏർപ്പെടുത്തിയിരിക്കുന്നു. ലത്തീൻ pontificals ന്റെ കൽദായ തർജ്ജമയ്ക്ക് അംഗീകാരം നിരസിച്ചുകൊണ്ടാണ് 'പൗരസ്ത്യരുടെയിടയിൽ ലത്തീൻ സമ്പ്രദായങ്ങളും പ്രോത്സാഹിപ്പിക്കാൻ പാടില്ല' എന്നു XI–ാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചതു് എന്നു നാം ഓർക്കണം. സൈഥര്യലേപനം നൽകാനുള്ള അവകാശം തങ്ങളുടെ കയ്യിൽനിന്നു വിട്ടുപോകാതെ സൂക്ഷിക്കാൻ മെത്രാന്മാർക്കു പ്രത്യേക താല്പര്യം ഉള്ളതുപോലെ തോന്നുന്നു.

പുതിയ കൃതികളും—ഇന്ത്യൻ കുർബ്ബാന, മിനി കുബ്ബാന, അനുഷ്ഠാനക്രമം, കാനോനാനമസ്ക്കാരം തുടങ്ങിയവ—ഇവയെല്ലാം ഭ്രതകാലത്തോടു യാതൊരുവിധ യോജിപ്പും ഇല്ലാതെയും ലത്തീൻ സമ്പ്രദായങ്ങളും നിറഞ്ഞവിധത്തിലും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഏറിയ തോതിലോ കുറഞ്ഞ തോതിലോ അവ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. പുനഃസ്ഥാപിക്കപ്പെട്ട പൗരസ്ത്യ സമ്പ്രദായത്തിലുള്ള തിരുവസ്ത്രങ്ങൾക്കു പകരം ഗോത്തിക്കു് സമ്പ്രദായത്തിലോ അല്ലാതെയോ ലത്തീൻ രീതിയിലുള്ള തിരുവസ്ത്രങ്ങൾ ചില സ്ഥലങ്ങളിൽ ഉപയോഗിക്കപ്പെടുന്നു. ജനങ്ങളുടെ നേരേ തിരിഞ്ഞുനിന്നു കുർബ്ബാന ചെല്ലുന്ന സമ്പ്രദായവും നടപ്പിലായിട്ടുണ്ടു്. ചിലർ പ്രാദേശികഭാഷയായ മലയാളത്തിൽ പുതിയ കൃതികളും വേണമെന്നു താല്പര്യമുള്ളവരാണെങ്കിലും ലത്തീനിലുള്ള വൈദികനമസ്കാരത്തെയാണു് ഇഷ്ടപ്പെടുന്നതു്. ആശ്ചര്യപ്പെടാനില്ല, കൽദായ രീതിയിലുള്ള വൈദികനമസ്കാരത്തെ വിലമതിക്കണമെങ്കിൽ ഒരാൾ കൽദായ ഭാഷ തൃപ്തികരമായി അറിഞ്ഞിരിക്കണം. ബൈബിളിന്റെ

ബാർ മെത്രാൻ, പരസ്യമായി പ്രസ്താവിക്കുകയുണ്ടായി, 'പൗരസ്ത്യതിരുസംഘത്തിന്റെ കാർഡിനൽ പ്രീഫെറ്റു് ആ പാഠം ആരെക്കൊണ്ടും പരിശോധിപ്പിക്കാതെ പരീക്ഷണാർത്ഥം അംഗീകരിച്ചു' എന്നു്. പിന്നീടു് പ്രതിഷേധങ്ങളും ഉണ്ടായെങ്കിലും കാർഡിനൽ പ്രീഫെക്റ്റു് തന്റെ മനസ്സുമാറിയില്ല. മാർപ്പാപ്പാ അംഗീകരിച്ച കുർബാനയെക്കുറിച്ചു് ഒരു കൂട്ടം അൽമായർ കാർഡിനൽ പ്രീഫെക്റ്റിന്റെ പക്കൽ പരാതി സമർപ്പിച്ചതിനുശേഷമാണു് സീറോമലബാർ മെത്രാന്മാർ ഈപുതിയ കുർബാനയുടെ പാഠം തയ്യാറാക്കിയതു്. കാർഡിനൽ പ്രീഫെക്റ്റു് അംഗീകരിച്ച കുർബാനയുടെ പാഠത്തെ പിന്താങ്ങുകയും പ്രശംസിക്കുകയും ചെയ്യുന്ന സീറോമലബാർ വൈദികമേലദ്ധ്യക്ഷന്മാരുണ്ടു്. വൈദികരും ജനങ്ങളും സാധാരണയായി ഇത്തരം കാര്യങ്ങളെക്കുറിച്ചു് ഒന്നും അറിയാറില്ല. സ്വന്തം പാരമ്പര്യങ്ങളെക്കുറിച്ചു യാതൊരു ബോധവും ഇല്ലാത്തവർക്കു് മലയാള ഭാഷയിൽ പൊതിഞ്ഞതെന്തും രുചികരമായിരിക്കും. എങ്കിലും അധികാരത്തിലിരിക്കുന്നവർക്കു് കാര്യങ്ങൾ നേരെയാക്കാൻ ചുമതലയുണ്ടു്.

സുറിയാനിയിലുള്ള പ്രശീത്താ തർജമ കൽദായ ആരാധനാക്രമത്തിൽ ധാരാളമായി സ്ഥാനം നേടിയിട്ടുള്ളതാണു്. അതിവിടെ തീർത്തും അവഗണിക്കപ്പെട്ടിരിക്കുന്നു. ബൈബിളിന്റെ പ്രശീത്താ രൂപഭേദവും കൽദായ ആരാധനക്രമവും നമ്മുടെ സീറോ മലബാർ പൈതൃകത്തിന്റെ പ്രധാന ഭാഗമാണു്.

ദുഃഖവെള്ളിയാഴ്ച ദിവ്യകാരുണ്യ സ്വീകരണത്തെ പ്രോത്സാഹിപ്പിക്കുന്ന സീറോ—മലബാർകാർ ആ ദുഃഖവെള്ളിയാഴ്ച കുർബ്ബാന ചൊല്ലുന്നതിനുവേണ്ടി വാദിക്കാത്തതെന്താണു്?

കൽദായ ആരാധനക്രമം അതിന്റെ ചിന്താപദ്ധതികളിലും പദസമ്പത്തിലും വേദപുസ്തകപരമോ സെമിറ്റിക്കോ ആണു്. ഈ ചിന്താസമ്പ്രദായങ്ങളും പദസമൂഹവും സെമിറ്റിക്കു് ആയതുകൊണ്ടു് അവ വൈദേശികവും പഴഞ്ചനും ആണു് എന്ന ഭാവത്തിൽ ഇന്ത്യൻ ചിന്താധാരകളുടെയും പദസമൂഹത്തിന്റെയും അടിസ്ഥാനത്തിൽ ഒരു പുതിയ ആരാധനക്രമത്തിനു രൂപം കൊടുക്കണമെന്നും എങ്കിൽ മാത്രമേ ഇന്നു രൂപം കൊണ്ടുവരുന്ന നവീനഭാരതീയ സംസ്കാരത്തിനു് അതു അനുരൂപമായിരിക്കുകയുള്ളു എന്നും ചിലർ വാദിക്കുന്നു. അങ്ങിനെയാണെങ്കിൽ ബൈബിളും ഭാരതീയമായ ചിന്താപദ്ധതികളും അനുസരിച്ചും പദസമ്പത്തുപയോഗിച്ചും മാറ്റി എഴുതേണ്ടിവരും. സെമിറ്റിക്കു് ചിന്താരീതികളും ശബ്ദസഞ്ചയവും ഉപയോഗിച്ചാണല്ലോ ബൈബിളും എഴുതിയിരിക്കുന്നതു്! അല്ലെങ്കിൽ ബൈബിളും വേണ്ടെന്നു വയ്ക്കണം.

പുതിയ രചനകളുടെ കാര്യത്തിലേയ്ക്കു് വീണ്ടും വരാം. വലിയ നോയമ്പിലേയ്ക്കുള്ള വൈദികനമസ്കാര പുസ്തകത്തിന്റെ ആമുഖത്തിൽ പറഞ്ഞിട്ടുണ്ടു്, അതിലെ സങ്കീർത്തനഭാഗങ്ങളുടെ തർജ്ജമ സുറിയാനിയിലെ പ്രശീത്താപാഠത്തെ ആസ്പദമാക്കിയുള്ളതാണെന്നു്. എന്നാൽ വാസ്തവം അങ്ങിനെയല്ല. ഇങ്ങിനെയാണു് കാര്യങ്ങളും നടക്കുന്നതു്. ആരോഗ്യകരമായ പാരമ്പര്യങ്ങളിന്മേൽ നിലനിൽക്കുന്ന ഒരു സഭയ്ക്കു് ഇത്തരം കാര്യങ്ങളോടു് സഹിഷ്ണുത കാണിക്കാൻ സാദ്ധ്യമല്ല. ഇതുമാത്രമല്ല ആരാധനക്രമപരമായ രചനകളും പലതും ഓർക്കാപ്പുറത്തു പ്രത്യക്ഷപ്പെടുന്നു. അവ മിക്കപ്പോഴും ഏകവ്യക്തി പ്രകടനങ്ങളായിരിക്കും. അവയെ അംഗീകരിപ്പിക്കാൻ വളഞ്ഞവഴികളും സ്വീകരിക്കപ്പെടാറും ഉണ്ടു്. ഇങ്ങിനെ ആവേശം പിടിച്ചു നടക്കുന്നവർ സ്വന്തം ഉപയോഗത്തിനു് ആ രചനകളും സ്വീകരിക്കാൻ വലിയ താല്പര്യം കാണിക്കാറുമില്ല. പഴയതിന്റെ അംശമായി എന്തെങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രചാരം തടഞ്ഞിരിക്കുന്നു. ആരാധനക്രമത്തിലെ എല്ലാ ഘട

കങ്ങളുടെയും പരിഷ്കരണത്തിനുവേണ്ടി കമ്മീഷനുകളെ പണിയെടുക്കുന്നു. പേപ്പൽ അംഗീകാരം കിട്ടിക്കഴിഞ്ഞ കാര്യങ്ങളെപോലും വീണ്ടും പരിഷ്കരിക്കാനാണു പരിശ്രമം. പ്രസ്തുത കമ്മീഷനുകളിലെ സജീവാംഗങ്ങളെ അധികവും മുകളിൽ പറഞ്ഞതുപോലെ വൈദേശികപരിശീലനം നേടിയ വൈദികർ ആയിരിക്കും. സ്വന്തം പാരമ്പര്യങ്ങളും കൽദായ ഭാഷയും അറിയാവുന്നവർക്ക് ഇത്തരക്കാരുടെ കൂട്ടത്തിൽനിന്നുകൊണ്ട് കാര്യമായിട്ടൊന്നും ചെയ്യാൻ സാധിക്കുന്നില്ല. വിശ്വാസത്തിന്റെ നിയമത്തെ എന്നപോലെ പ്രാർത്ഥനയുടെ നിയമത്തെ ആദരിക്കാത്ത ഒരു സഭയാണ് നമുക്കുള്ളതു്. ആരാധനക്രമം പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും നിയമമാണല്ലോ. കാലത്തിനൊപ്പം മാറുന്ന സാമൂഹ്യാചാരങ്ങളെപ്പോലെ ആരാധനക്രമത്തെ കണക്കാക്കുന്നതു ശരിയല്ല. നാം മുകളിൽ പറഞ്ഞതൊന്നും വത്തിക്കാൻ കൗൺസിൽ ആവശ്യപ്പെട്ടതനുസരിച്ചുള്ള, പ്രാചീന പാരമ്പര്യങ്ങളിലേയ്ക്കുള്ള തിരിച്ചുപോക്കല്ല. എന്നാൽ കാര്യങ്ങളെ അഭിമാനത്തിന്റെ പ്രശ്നങ്ങളായിത്തീരുമ്പോൾ, അവ രണ്ടാം വത്തിക്കാൻ കൗൺസിലിനും റോമിൽനിന്നുള്ള ആധികാരിക നിർദ്ദേശങ്ങളെക്കും എതിരാണെങ്കിൽപ്പോലും അവയെ തിരുത്തിയെടുക്കുവാൻ എളുപ്പമല്ല. വളരെ കുറച്ചുപേരെങ്കിലും ഈ നവീകരണങ്ങളെ ശക്തിയായി എതിർക്കുന്നുണ്ട് എന്നുള്ളതു് ആരോഗ്യകരമായ ഒരു ലക്ഷണമാണു്; പൂർവികരുടെ പാരമ്പര്യങ്ങളിലേക്കു ഒരു തിരിച്ചുപോക്കു് എന്ന നിലയിൽ ഒരു യഥാർത്ഥ നവീകരണം ഭാവിയിൽ ഉണ്ടായേക്കാം എന്ന പ്രതീക്ഷ (?)യ്ക്കു് ഇതു വക നൽകുന്നു.

പുതിയ പള്ളികളുടെ നിർമ്മിതിയിൽ, മതപരമായ വാസ്തുശില്പത്തിന്റെ പരിശുദ്ധിയും രീത്തിനനുസരിച്ചു പള്ളിക്കമ്മിറ്റിക്കാർക്കു് ആവശ്യമായ സൗകര്യങ്ങളും പരിഗണിക്കപ്പെടുന്നില്ല എന്നു് ഇവിടെ പറയേണ്ടിയിരിക്കുന്നു. തിരുക്കർമ്മങ്ങളുടെ പാട്ടുകളിൽ സിനിമാഠ്യൂണുകൾ കയറിക്കൂടിയിരിക്കുന്നുവെന്നും പരാതിയുണ്ടു്.

(ഩ) നോയ്മ്പും ഉപവാസവും

നോയ്മ്പും ഉപവാസവും സംബന്ധിച്ചു കടമയെക്കുറിച്ചുള്ള പഴയ ധാരണകൾ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഈ വിഷയത്തിൽ ഉപയുക്തമായ ഉദ്ബോധനം ഇന്നു വിശ്വാസികൾക്കു ലഭിക്കുന്നില്ല. ചാവുദോഷത്തിൻ കീഴിൽ കല്പന എന്ന ലത്തീൻ രീത്തിലെ നിയമസംവിധാനം അനുസരിച്ചുള്ള ആശയത്തിന്റെ അംഗീകാരം ഒഴിവുകൊടുക്കൽ ആവശ്യമാക്കുന്നു. ഈ ഒഴിവുകൊടുക്കൽ നോയ്മ്പിനെയും ഉപവാസത്തെയും വെറുമൊരു ഉപചാരമാക്കി

മാറ്റിയിരിക്കുന്നു. ഇതു് തപസ്സും പ്രായശ്ചിത്തവും സംബന്ധിച്ച ആവശ്യബോധത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടു്. തപസ്സും പ്രായശ്ചിത്തവും കുറയ്ക്കാവുന്നിടത്തോളം കുറച്ചു് ലത്തീൻകാർക്കൊപ്പമാക്കി എന്നതാണു പരമാർത്ഥം. ഈ വിഷയത്തിൽ ആരാധനക്രമപരമായ അർത്ഥത്തിലുള്ള വൈരൂദ്ധ്യംപോലും അവഗണിക്കപ്പെട്ടിരിക്കുന്നു. തപസ്സു്, പ്രായശ്ചിത്തം, സാമാന്യം ദീർഘമായ പ്രാർത്ഥനകൾ, സസ്യഭക്ഷണം, ജീവിതത്തിൽ ലാളിത്യം തുടങ്ങിയ കാര്യങ്ങൾ സവിശേഷമായ രീതിയിൽ ഇന്ത്യയുടെ ഹൃദയത്തെ സ്പർശിക്കും. അവയെല്ലാം യാഥാസ്ഥിതികഹിന്ദുക്കളുടെ സ്വഭാവമാണല്ലോ. യൂറോപ്പിന്റെയും അമേരിക്കയുടെയും കുറെ ഭാഗങ്ങളിൽ ആധിപത്യം നേടിയിട്ടുള്ള ഭൗതികവീക്ഷണം ഇടവകക്കാരും സന്യാസസഭക്കാരുമായ സീറോ—മലബാർ വൈദികരിൽ ഒരു വിഭാഗത്തെയും സ്വാധീനിച്ചിട്ടുണ്ടു്. ഈ വിഷയത്തിൽ വിദേശപ്പണത്തിനും അതിന്റെ പങ്കു് ഇല്ലായ്കയില്ല. 'നവീകരണ'ത്തിനും 'പുരോഗതി'ക്കും വേണ്ടിയുള്ള ആവേശത്തിൽ ചില സന്യാസവൈദികർ അവരുടെ നിലയും സീറോ—മലബാർ സഭയിൽ തങ്ങൾക്കുണ്ടായിരിക്കേണ്ട സ്ഥാനവും വിസ്മരിച്ചിരിക്കുന്നതായി തോന്നുന്നു. തപസ്സിനും പ്രായശ്ചിത്തത്തിനും അർഹമായ പരിഗണന നൽകാതെ ബാഹ്യമായ പ്രവർത്തനങ്ങളെ അവർ മുറുകെ പിടിക്കുന്നു. അവരിൽപ്പലരും ഭാരതവൽക്കരണത്തിനുവേണ്ടി വാദിക്കുന്നവരാണെങ്കിലും ഭാരതീയർ തപസ്സിനെയും പ്രായശ്ചിത്തത്തെയും അങ്ങേയറ്റം ആദരിക്കുന്നവരാണെന്ന വസ്തുത അവർ മറന്നുകളയുന്നതായി തോന്നുന്നു.[4] മതാത്മകജീവിതം കൈവരിക്കുന്നതിനുള്ള ശരിയായ വഴിയും ലാഘവബുദ്ധിയോടുകൂടിയതും ആയിത്തീരണമെന്നല്ല രണ്ടാം വത്തിക്കാൻ കൗൺസിൽ ആഗ്രഹിച്ചതു് എന്നു എടുത്തു പറയേണ്ടിയിരിക്കുന്നു. സന്യാസജീവിതം സംബന്ധിച്ച പ്രതിജ്ഞകളിലും അവ സംബന്ധിച്ച സംരക്ഷണ സംവിധാനങ്ങളിലും കൗൺസിൽ യാതൊരയവും വരുത്തിയിട്ടില്ല.

യാക്കോബായക്കാരായ തോമ്മാക്രിസ്ത്യാനികളും എല്ലാവരും തന്നെ, തങ്ങളുടെപൂർവ്വികന്മാർ ചെയ്തിരുന്നതുപോലെ നോയ്മ്പും

4. എന്നാൽ അവർ ഉദ്ദേശിക്കുന്നതു് ഏതു് ഇന്ത്യൻ ആണെന്നു മനസ്സിലാക്കാൻ വിഷമമുണ്ടു്. കേരളീയ ഇന്ത്യനുണ്ടു്, തമിഴ് ഇന്ത്യനുണ്ടു്, ആന്ധ്രാ, കണ്ണാടക, ഗുജറാത്തി, കൊങ്കണ, ബംഗാളി എന്നു തുടങ്ങി പലതരം ഇന്ത്യൻ ഉണ്ടു്. ഇവരെല്ലാം ഇന്ത്യന്മാരാണു്. എന്നാൽ 'ടിപ്പിക്കൽ' ഇന്ത്യനല്ല. എല്ലാ ഇന്ത്യക്കാർക്കും പൊതുവായിട്ടുള്ള ഒരു ഘടകം ആക്കെങ്കിലും എളുപ്പം കണ്ടുപിടിക്കാൻ സാധിക്കുമോ? അതിനുശേഷമല്ലേ ഭാരതീയവൽക്കരണം ആരംഭിക്കാൻ പറ്റൂ. അങ്ങനെയൊരു ഭാരതീയ ആരാധനക്രമം ഉണ്ടായാൽ സീറോ മലബാർ സഭപോലുള്ള ഒരു അപ്പസ്തോലിക സഭയുടെ വ്യക്തിത്വത്തെ നിലനിർത്താൻ അതിനു സാധിക്കുകയില്ല.

ഉപവാസവും അനുഷ്ഠിക്കുന്നുണ്ട്. അവരുടെ മെത്രാന്മാർ ദീവസം ഏഴു പ്രാവശ്യം പ്രാർത്ഥിക്കുന്നു. ഒരിക്കലും മാംസം ഭക്ഷിക്കുകയോ വീഞ്ഞു കുടിക്കുകയോ ചെയ്യുന്നില്ല.

A Lenten Cook-book for the Orthodox Christians, Lenten Farourites for Orthodox Christians എന്നീ പുസ്തകങ്ങളും റഷ്യൻ ഓർത്തഡോക്സ് വിഭാഗത്തിൽപ്പെട്ടവരുടെ പ്രസിദ്ധീകരണങ്ങളാണ്. (വാഷിങ്ടണിലെ സെന്റ് നെക്ടാറിയോസ് പ്രസ്സിൽ നിന്നാണ് അതു പ്രസിദ്ധീകരിച്ചിരിക്കുന്നതു്. റഷ്യൻ ഓർത്തഡോക്സ് സഭയിൽപ്പെട്ട ആളുകളും പാശ്ചാത്യജീവിതസമ്പ്രദായത്തിന്റെ മദ്ധ്യത്തിൽ ജീവിച്ചിട്ടും, അവരുടെ സഭ ആവശ്യപ്പെടുന്ന രീതിയിൽ നോയമ്പ് ആചരിക്കാൻ കഴിയുന്നുണ്ട് എന്നതിനു തെളിവു നൽകുന്നുണ്ട്. ലത്തീൻകാരുടെ രീതിയിൽ തന്നെ നോയമ്പും ഉപവാസവും അനുഷ്ഠിക്കുന്നവർ 'നാം ലത്തീൻകാരുടെ കൂടെയല്ലേ ജീവിക്കുന്നതു്' എന്നു ചോദിക്കുന്നതു കേട്ടിട്ടുണ്ട്. എന്നാൽ പൗരസ്ത്യറീത്തുകാർ ലത്തീൻകാരോടൊപ്പം ജീവിക്കുമ്പോഴും അവരുടെ തനതായ വ്യക്തിത്വം പുലർത്തേണ്ടതല്ലേ? അല്ലെങ്കിൽ ലത്തീൻമെത്രാന്മാരുടെ അധികാരസീമയുള്ളിടത്തു സുറിയാനി മെത്രാന്മാരുടെയും അധികാരസീമ നിലനിൽക്കുന്നതെന്തിനാണ്? പൗരസ്ത്യരുടെയിടയിൽ ജീവിക്കുന്ന ലത്തീൻകാർ പൗരസ്ത്യരെ അനുകരിക്കുന്നുണ്ടോ? നോയമ്പിലും ഉപവാസത്തിലും നിന്നുള്ള ഔദ്യോഗികമായ ഒഴിവാക്കലുകളും ഉപയോഗപ്പെടുത്തുന്ന വിഷയത്തിൽ ബിഷപ്പ്സ് ഹൗസുകളും വൈദികരും മുൻപന്തിയിലാണെങ്കിൽ അൽമേനികളുടെയിടയിൽ തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും ചൈതന്യം നിലനിർത്താൻ പ്രയാസമായിരിക്കുമെന്നാണു തോന്നുന്നതു്.

(f) ഇരുറീത്തുസമ്പ്രദായം

ഉദാരമായി നൽകപ്പെടുന്ന രണ്ടു റീത്തുസമ്പ്രദായവും മൂന്നു റീത്തുസമ്പ്രദായവും ഉദാരമായിത്തന്നെ സ്വീകരിക്കപ്പെടുന്നുണ്ട്. ലത്തീൻ വൈദികരെക്കാൾ അധികമായി ഇതിനെ ഉപയോഗിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്യുന്നതു സീറോ മലബാർ വൈദികരാണ്.[5] ഐക്യവും ഉപവിയും വളർത്തുന്നതിനുവേണ്ടി

5. ആരാധനാക്രമം എന്നതു് അതു് അനുശീലിക്കുന്നവർ രൂപീകരിച്ചതായിരിക്കണം. സ്വന്തം ആരാധനാക്രമത്തിൽ രൂപീകരണം ലഭിച്ച ഒരാൾക്കു് വേറൊരു ആരാധനാക്രമം ഉപയോഗിക്കാൻ ബുദ്ധിമുട്ടുണ്ടാകും. അതു് യാന്ത്രികമായിട്ടും വസ്ത്രം മാറുന്നതുപോലെയും അനുവേപ്പെടും. ഉദാഹരണത്തിനു് 'ഡൊമിനിക്കൻ' രൂപീകരണം ലഭിച്ച ഒരാളുടെ കാര്യമെടുക്കുക. അയാൾക്കു് ഒരു ഫ്രാൻസിസ്കനാകാൻ സാധിക്കുമോ? ഫ്രാൻസിസ്കൻ വേഷം ധരിക്കാനും ഫ്രാൻസിസ്കന്മാരെപ്പോലെ പെരുമാറാനും സാധിച്ചേക്കാം. ഡൊമിനിക്കൻ 'രൂപീകരണ'ത്തിന്റെ കാലത്തു് അയാൾ ഉൾക്കൊണ്ടിട്ടുള്ള ചൈതന്യമോ?

വ്യത്യസ്ത റീത്തുകളിൽപ്പെട്ട വൈദികർ ഒരുമിച്ചു മതകർമ്മങ്ങളും നടത്തുന്നതു പ്രോത്സാഹിപ്പിക്കപ്പെടുന്നു. ഇതു് എപ്പോഴും സംഭവിക്കുന്നതു തക്കതായ കാരണത്തോടുകൂടിയാണോ എന്നതാണു പ്രശ്നം. തക്കതായ കാരണമില്ലെങ്കിൽ, ഒരു വൈദികൻ സ്വന്തം റീത്തിൽ കുർബാന അർപ്പിക്കുകയും മറ്റുള്ളവർ സഹകരിക്കുകയും എല്ലാവരും ഒരേ അപ്പത്തിലും വീഞ്ഞിലുംനിന്നു കുർബാന സ്വീകരണം നടത്തുകയും ചെയ്യുന്നതല്ലേ നല്ലതു്? ഇങ്ങനെയാകുമ്പോൾ ഒരു റീത്തിൽപ്പെട്ടവർക്കു് ഇതര റീത്തുകളുടെ സമ്പ്രദായങ്ങളും കണ്ടറിയാനും ആദരിക്കാനും കഴിയും.

(g) ലത്തീൻ റീത്തിലേക്കു കൂട്ടത്തോടെയുള്ള നിഷ്ക്രമണം

ഇന്ത്യയിലും കേരളത്തിൽത്തന്നെയുമുള്ള ലത്തീൻ മിഷനുകളിലും രൂപതകളിലും സന്യാസസഭകളിലുമായി നൂറുകണക്കിനു സീറോ മലബാർ റീത്തുകാർ ജോലിചെയ്യുന്നുണ്ടു്. Servizio Informazioni per Le Chiese Orientali N. 365 Febr–March 1976 (34 Via Della Conciliazione, Roma) N. 365 Febr–March 1976 അനുസരിച്ചു 1935 മുതൽ 1976 വരെയുള്ള കാലത്തു് ഇങ്ങനെ സീറോ—മലബാർ റീത്തിൽനിന്നു ലത്തീൻ റീത്തിലേക്കു പോയിട്ടുള്ളതു് 2000 വൈദികരും 7000 കന്യാസ്ത്രീകളും 700 സഹോദരന്മാരുമാണു്. സെമിനാരി വിദ്യാർത്ഥികളും സന്യാസാർത്ഥികളുമായിട്ടുള്ള അസംഖ്യംപേർ ഇതിനു പുറമെയുണ്ടു്. മെത്രാന്മാരും സന്യാസാശ്രമാധിപന്മാരുമായിട്ടുള്ള പലരും ഇക്കൂട്ടത്തിൽപ്പെട്ടും. ഈ രീതിയിൽ ലത്തീൻ റീത്തിലേക്കു പോകുന്നവർ പൊതുവെ സീറോ മലബാർ റീത്തിന്റെ പുരോഗതിക്കും പ്രചാരത്തിനും എതിരാണു്. ഇവർക്കു, മെത്രാന്മാർക്കും ആശ്രമാധിപന്മാർക്കും പ്രത്യേകിച്ചു, നാട്ടിലുള്ള അവരുടെ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും അനുഭാവവും സഹകരണവും ലഭിക്കുന്നു. അതിനാൽ സാജനങ്ങളിൽനിന്നു കൂടുതൽ ആളുകളെ അവരുടെ പ്രവർത്തനരംഗങ്ങളിലേക്കു കൊണ്ടുപോകാനും മറ്റു സഹായങ്ങളും നേടാനും അവർക്കു കഴിയുന്നു. ലത്തീൻകാർ അവരുടെ മിഷൻ രംഗങ്ങളിലേക്കു് അർത്ഥികളെ തെരഞ്ഞെടുക്കുന്ന റിക്രൂട്ടിംഗ് കേന്ദ്രങ്ങളും പലതും കേരളത്തിൽത്തന്നെയുണ്ടു്. ഈ രംഗത്തു സീറോ മലബാർ റീത്തുകാർ അവരെ ഉദാരമായി സഹായിക്കുന്നുണ്ടു്. കേരളത്തിനു പുറത്തു നടക്കുന്ന ഇത്തരം പ്രവർത്തനങ്ങളിലും നമ്മുടെ ആളുകളും ഉദാരമായി സഹകരിക്കുന്നു. എന്നാൽ ഇതു് ഉദാരതയോ, യഥാർത്ഥ കത്തോലിക്കതയോ അല്ല, പിന്നെയോ ആത്മഹത്യയ്ക്കുള്ള വിദൂര സഹകരണമാണു്. ഒരു സവിശേഷ റീത്തിലുള്ള സഭ മറ്റൊരു സവിശേഷറീത്തിലുള്ള സഭയുടെ,അടിമത്തമനോഭാവമുള്ള പോഷകഘടകമാക്കപ്പെടുകയും

ആയിത്തീരുകയും ചെയ്തിരിക്കുന്ന വിചിത്രവും അനന്യവുമായ പ്രതിഭാസമാണു് നാം ഇവിടെ കാണുന്നതു്. സ്വന്തം വ്യക്തിത്വത്തെയും കത്തോലിക്കാസഭയിൽ തനിക്കുള്ള ഔത്യത്തെയുംകുറിച്ചു് അവബോധമുള്ള, ഒരു പ്രത്യേക റീത്തിൽപ്പെട്ട ഏതെങ്കിലും സഭ, മറെറാരു റീത്തിൽപ്പെട്ട എല്ലാത്തരം ആളുകൾക്കും സന്യാസസംഘങ്ങൾക്കുംവേണ്ടി സ്വയം ഒരു ദൈവവിളിച്ചന്തയാക്കാൻ തയ്യാറാകുമോ? സീറോ മലബാർകാരായ ആളുകൾ മെത്രാന്മാർ ഉൾപ്പെടെ, സ്വന്തം നാട്ടിൽ വേദപ്രചാരണം നടത്തുന്നതിനുവേണ്ടി ലത്തീൻ റീത്തിൽ ചേരുന്നതു് എന്തിനാണു്? അവർക്കു സ്വന്തം റീത്തിൽത്തന്നെ ആ പ്രവർത്തനം ചെയ്യാവുന്നതല്ലേ? ഇന്ത്യയിലെ മിഷൻ ക്ഷേത്രകളിൽ ചിലതു സീറോ മലബാർ റീത്തിൽപ്പെട്ടവയാകുന്നു. അവയുടെ മെത്രാന്മാരും സീറോ മലബാർ റീത്തുകാരാണു്. അതേസമയം വേറെ ചില മിഷൻ ക്ഷേത്രകളുണ്ടു്. അവ ലത്തീൻ റീത്തിൽപെട്ടവയത്രെ. അവയുടെ മെത്രാന്മാർ ജനനംകൊണ്ടു സീറോ മലബാർ റീത്തുകാരും ആചരണംകൊണ്ടു ലത്തീൻ റീത്തുകാരും ആകുന്നു. ഈ സ്ഥിതിവിശേഷം വളരെ വിചിത്രംതന്നെ. കത്തോലിക്കാസഭയുടെ മടിത്തട്ടിൽ ഇത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടാവുന്നതാണോ? സീറോ—മലബാർ റീത്തുകാർക്കു് സ്വന്തം റീത്തിൽ മിഷൻപ്രവർത്തനം നടത്താൻ കഴിയുമെന്നിരിക്കെ, അതേ സ്ഥലത്തു് ലത്തീൻ റീത്തിൽ അവർ എന്തിനു മതപ്രചാരണം നടത്തണം? ഇന്നത്തെ സീറോ മലബാറിയൻ യുവാക്കൾ ഇന്നത്തെ ലത്തീൻ മിഷനുകളിൽ ആകൃഷ്ടരാകുവാൻ ഈ സ്ഥിതിവിശേഷം കാരണമാകുന്നില്ലേ? സുവിശേഷപ്രചാരണാവേശം മാത്രമാണു് ഈ രംഗത്തെല്ലാം പ്രവർത്തിക്കുന്നതു് എന്നു പറയാൻ വിഷമമുണ്ടു്.

'അധികമായിട്ടുള്ള ദൈവവിളികെ'ക്കുറിച്ചു ചിലർ പറയാറുണ്ടു്. ഈ ദൈവവിളികൾ സീറോ—മലബാർ സഭയുടെതന്നെ വളർച്ചയ്ക്കുവേണ്ടി ഉപയോഗപ്പെടുത്താവുന്നതല്ലേ? ലത്തീൻ മിഷനുകൾക്കു് ആവശ്യമായ ദൈവവിളികൾ ഇല്ലെങ്കിൽ അവ സീറോ മലബാർ റീത്തുകാരെ ഏല്പിക്കട്ടെ. ഇതാണു് യുക്തിസഹവും കൂടുതൽ കത്തോലികവും. മിഷൻ പ്രവർത്തനമെന്നാൽ ലത്തീനീകരണമല്ല, ഒരു പൗരസ്ത്യസഭയുടെ ചെലവിൽ ലത്തീൻസഭയെ മഹത്ത്വീകരിക്കാനുള്ള പ്രക്രിയയുമല്ല. രണ്ടുകൂട്ടർക്കും സുവിശേഷപ്രചാരണകാര്യത്തിൽ കത്തോലിക്കാസഭയിൽ തുല്യാവകാശമില്ലേ? ദൈവവിളിയുടെ തുല്യവിതരണത്തിന്മേൽ ബലംകൊടുക്കുന്ന ലത്തീൻകാരാൽ സീറോ—മലബാർ റീത്തുകാർ വഞ്ചിതരാകാതിരിക്കട്ടെ. ലത്തീൻകാർ സീറോ മലബാർ റീത്തിലുള്ള ദൈവവിളികളെ ലത്തീൻറീത്തിലേക്കു്

ആഗിരണം ചെയ്യാതെ മിഷൻരംഗങ്ങളെ ദൈവവിളികളുടെ സംഖ്യയ്ക്ക് ആനുപാതികമായി വിതരണം ചെയ്യട്ടെ.

ലത്തീൻ സന്യാസസഭകൾക്ക് സീറോ മലബാർ മിഷൻ പ്രോവിൻസുകൾ ആരംഭിക്കാൻ പാടില്ലേ? ചിലർ കേരളത്തിലും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും സന്യാസഭവനങ്ങൾ സ്ഥാപിക്കുന്നുണ്ട്. ചിലർ കേരളത്തിൽ പ്രോവിൻസുകൾ സ്ഥാപിക്കുന്നുണ്ട്. എന്നാൽ ഇതു ലത്തീൻ റീത്തിലേക്ക് കൂടുതൽ ദൈവവിളികൾ ഉറപ്പാക്കാനുള്ള ഒരു മാർഗ്ഗമാണ്. കേരളത്തിലെ സന്യാസഭവനങ്ങളിൽ അവർ ഏതു റീത്താണ് അനുസരിക്കുന്നതു്? 'സീറോ—മലബാർ' റീത്തു് എന്നു ചിലർ പറയും. എന്നാൽ അവർക്ക് അവരുടെ അർത്ഥികളെ സീറോ—മലബാർ റീത്തിൽ പരിശീലിപ്പിക്കാൻ കഴിയുമോ? കഷ്ടം. സീറോ മലബാർ റീത്തിന്റെ ഇന്നത്തെ സ്ഥിതി എന്താണു്? പ്രസ്മൃത സമ്പ്രദായത്തിന്റെ ഫലം അനാശാസ്യഘടകങ്ങളുടെ കൂടിക്കഴയലും ലത്തീൻ റീത്തിന്റെ മേധാവിത്വവുമായിരിക്കും. ലത്തീൻ സന്യാസസഭകൾക്ക് കേരളത്തിൽ സന്യാസഭവനങ്ങൾ തുടങ്ങാൻ അവസരം നൽകുന്ന സീറോ മലബാർ റീത്തുകാർക്ക് അതിനു ചില കാരണങ്ങളെല്ലാം ഉണ്ടായിരിക്കും. എന്നാൽ അതുവഴി അവർ സ്വന്തം സഭയ്ക്ക് വലിയ ദോഷമാണു ചെയ്യുക.

(ജന്മനാ സീറോ മലബാർ റീത്തുകാരായ ചില സന്യാസവൈദികരും സന്യാസിനികളും ലത്തീൻ റീത്തു് അനുസരിക്കുകയും ഇന്ത്യയ്ക്കുത്തും പുറത്തും ലത്തീൻകാരായ വൈദികാദ്ധ്യക്ഷന്മാർക്ക് കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഇവരിൽ ചിലർക്ക് അതതു സ്ഥലങ്ങളിൽ സ്വന്തം ഭവനങ്ങൾ ഉണ്ട്. അവർക്ക് അവരുടെ പൗരസ്ത്യ പൈതൃകത്തെ സംബന്ധിച്ച് എന്തെങ്കിലും പരിഗണനയുള്ളതായി തോന്നുന്നില്ല. ഇതെല്ലാം സുവിശേഷപരമായ ആവേശംകൊണ്ടുള്ള കാര്യങ്ങളാണോ?)

ഈ കാര്യങ്ങളെല്ലാം യൂറോപ്യൻ കന്യാസ്ത്രീമഠങ്ങളിൽ സന്യാസിനിമാരായി സേവനംചെയ്യാൻ നാട്ടിൽനിന്നയക്കപ്പെട്ടുന്ന അസംഖ്യം യുവതികളുടെ (അതുയധികമല്ലാത്ത യുവാക്കളുടെ പ്രശ്നം നമുക്ക് വിടാം) പ്രശ്നത്തിലേക്ക് നമ്മെ നയിക്കുന്നു. ചില യൂറോപ്യൻ സന്യാസസമൂഹങ്ങൾ ഇത്തരം യുവതികളെക്കൊണ്ട് കേരളത്തിലും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും അവരുടെ ഭവനങ്ങൾ ആരംഭിക്കുന്നു. എന്നാൽ യൂറോപ്പിൽ എത്തിയ അനേകം യുവതികൾ അനുഭവിക്കുന്ന മനോവേദനയെക്കുറിച്ച് ആരു ചിന്തിക്കുന്നു? പലയാളുകളും മഠങ്ങൾ ഉപേക്ഷിച്ചുപോയി, വളരെ കഷ്ടപ്പെട്ട എന്തെങ്കിലും തൊഴിൽ കണ്ടെത്തിയിരിക്കുന്നു. കുറെ പണം സമ്പാദിച്ചിട്ട് അഥവാ എന്തെങ്കിലും പഠനം

നടത്തിയിട്ട് മാന്യമായ (?) രീതിയിൽ നാട്ടിലേക്കുപോരാൻ ശ്രമിക്കുകയാണു് അവർ ചെയ്യുന്നതു്. കേരളത്തിലെ നാട്ടിൻ പുറങ്ങളിൽ ജനിച്ചു വളർന്ന പെൺകുട്ടികളും യൂറോപ്യൻ നാഗരികജീവിതത്തിന്റെ നടുച്ചുഴിയിലേക്കു വലിച്ചെറിയപ്പെട്ടിരിക്കുന്നു എന്നതു കാര്യമായ വിചിന്തനംകൂടാതെ തള്ളിക്കളയാവുന്ന ഒരു വസ്തുതയല്ല. എന്നാൽ കേരളത്തിൽ ആരു് ഇതിനെക്കുറിച്ചു ചിന്തിക്കുന്നു?

ഈ പെൺകുട്ടികളെ (ആൺകുട്ടികളെയും) അയയ്ക്കുന്നവരും സ്വീകരിക്കുന്നവരും അവരെ പരിഗണിക്കുന്നതു് ഇന്ത്യക്കാരായി മാത്രമാണു്. സഭയുടെ ഒരു പൗരസ്ത്യറീത്തിലെ അംഗങ്ങളാണവർ എന്ന കാര്യം ഓർക്കാറില്ല. ഇങ്ങനെ പോകുന്നവർക്കു് പലപ്പോഴും (മിക്കപ്പോഴും അവരുടെ അറിവുകൂടാതെ തന്നെ) റീത്തു മാറുന്നതിനുള്ള പ്രത്യേകാനുവാദം ലഭിക്കാറുണ്ടെന്നുള്ളതു ശരി. എന്നാൽ ഇതു അവരിലോ അവരെ അയയ്ക്കുന്നവരിലോ എന്തെങ്കിലും വൈകാരികപ്രതികരണം ഉണ്ടാക്കുന്നില്ല. കാരണം റീത്തു ഭേദങ്ങൾക്കു കത്തോലിക്കാസഭ നൽകുന്ന പ്രാധാന്യം എത്രയാണെന്നു് അവർ അറിയുന്നില്ല. പൗരസ്ത്യ റീത്തുകളും കത്തോലിക്കാസഭയിൽ ഉള്ളയിടത്തെല്ലാം (ഭൂമി മുഴുവനിലും) നിലനിർത്തുകയും ആചരിക്കുകയും ചെയ്യുന്ന വിഷയത്തിൽ സഭയ്ക്കുള്ള താല്പര്യവും അവർ മനസ്സിലാക്കുന്നില്ല. പ്രസ്തുത അർത്ഥികളെ സ്വീകരിക്കുന്നവർക്കു് അവരെ ഇഷ്ടംപോലെ രൂപപ്പെടുത്താനും ഇന്ത്യയിലെങ്ങും ഭവനങ്ങളും തുറക്കാനും സീറോ–മലബാർമെത്രാന്മാർക്കു കീഴിലുള്ള ഭവനങ്ങളിൽ ലത്തീൻ റീത്തു് ഏർപ്പെടുത്താനും ഈ അജ്ഞത സഹായകമാണു്.

അവരെ അയയ്ക്കുന്ന ആളുകൾക്കു് ഇതിൽ ഒട്ടും ഉൽഖമില്ല. ഇന്ത്യയിലെ ലത്തീൻ രൂപതകളിലേക്കും മിഷനുകളിലേക്കും സന്ന്യാസഭവനങ്ങളിലേക്കും സ്വീകരിക്കപ്പെടുന്ന സീറോ–മലബാർ റീത്തുകാരുടെ കഥയും ഇതുതന്നെയാണു്. കേരളീയർ അല്ലെങ്കിൽ മലയാളികൾ എന്ന പേരുമായി മുമ്പോട്ടുപോകുന്നു. സ്വന്തം പൗരസ്ത്യറീത്തിനേറെതായ സവിശേഷതകളും അവർ അമർത്തിക്കളയുന്നു. ഇതിൽവച്ചെല്ലാമുള്ള കഷ്ടനഷ്ടങ്ങൾ സഹിക്കുന്നതു പാവം സീറോ–മലബാർ സഭയാണു്.

ലത്തീൻ റീത്തിലേക്കു പോകുന്നവരുടെ മാതാപിതാക്കൾ, ബന്ധുക്കൾ, സ്നേഹിതർ തുടങ്ങിയവരുടെ സ്ഥിതിയെന്താണു്? പുറത്തേയ്ക്കു പോകുന്നവർ ഈ റീത്തിലോ ആ റീത്തിലോ എന്നതു് അവർക്കു പ്രധാനമല്ല. സ്വന്തം ചരിത്രത്തെയും റീത്തിനെയും കുറിച്ചു് അവർക്കു് ഒന്നും അറിഞ്ഞുകൂടാ.

കത്തോലിക്കാ പൗരസ്ത്യ സഭകളെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഡിക്രി അനുസരിച്ച് പൗരസ്ത്യ റീത്തുകളെയും പൗരസ്ത്യസഭാഘടകങ്ങളെയും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എത്ര പ്രധാനമാണെന്നതു് അവർക്കു അജ്ഞാതമാണു്. വ്യത്യസ്ത റീത്തുകളിലുള്ള വ്യത്യസ്ത സഭാഘടകങ്ങളുടെ സംരക്ഷണത്തിനും വളർച്ചയ്ക്കും, അത്യധികമായ ശ്രദ്ധ നല്കപ്പെടണമെന്നും അതിനായി വേണ്ടിവന്നാൽ പുതിയ ഇടവകകളും പുതിയ രൂപതകളും സ്ഥാപിക്കണമെന്നുമാണു് കൗൺസിൽ ഡിക്രി ആവശ്യപ്പെടുന്നതു്. വൈദികരാണു് സുപ്രധാനമായ ഈ വിഷയത്തിൽ ജനങ്ങൾക്കു് ഉദ്ബോധനം നൽകേണ്ടതു്. എന്നാൽ വൈദികരുടെ മനോഭാവം എന്താണെന്നു് മുകളിൽ നാം കണ്ടു. മറുവശത്തുനിന്നുള്ള സമർത്ഥമായ പ്രചാരണവും മെച്ചപ്പെട്ട ഒരു ജീവിതനിലവാരത്തിനു വേണ്ടിയുള്ള താല്പര്യവും പലരെയും സംബന്ധിച്ചു് ശക്തിയായ പ്രലോഭനം സൃഷ്ടിക്കുന്നു. ചില ഉദാഹരണങ്ങളിൽ മാതാപിതാക്കൾക്കുണ്ടാകുന്ന സാമ്പത്തികാശ്വാസത്തെക്കുറിച്ചു് പറയേണ്ടതുമില്ല. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പലതരം ആഘോഷങ്ങൾ നടത്തുന്നതിനുംവേണ്ടി കേരളത്തിൽ നിർലോഭമായും അനാവശ്യമായും ചെലവഴിക്കപ്പെടുന്ന ധനം സാമ്പത്തികക്ലേശമുള്ളവരെ സഹായിക്കുന്നതിനുവേണ്ടി വിനിയോഗിക്കാൻ യാതൊരു തടസ്സവുമില്ല. എന്നാൽ കേരളത്തിൽ ഇത്തരം കാര്യങ്ങളെക്കുറിച്ചു് ആരു ചിന്തിക്കുന്നു? ഇതിന്റെ ഫലം മുകളിൽ പറഞ്ഞതുപോലെ, സീറോമലബാർ സഭയിൽനിന്നുള്ള ചോർച്ചയാണു്.

(h) കുടിയേറ്റക്കാർ

സീറോമലബാർ സഭയുടെ പരിമിതമായ അതിർത്തിക്കു പുറത്തു്, ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ ആയിരക്കണക്കിനു് സീറോമലബാർ റീത്തുകാരുണ്ടു്, പ്രത്യേകിച്ചും ബോംബെ, മദ്രാസ്, ബാംഗ്ലൂർ തുടങ്ങിയ വൻനഗരങ്ങളിൽ.[6] ബോംബെയിൽ മാത്രം അവരുടെ സംഖ്യ ഇരുപതിനായിരത്തിനും മുപ്പതിനായിരത്തിനും മദ്ധ്യേ വരുമെന്നു് അനൗദ്യോഗികമായി കണക്കാക്കിയിരിക്കുന്നു. അവരെല്ലാം ഇപ്പോൾ അതതു സ്ഥലത്തുള്ള ലത്തീൻ രൂപതകൾക്കു കീഴിലാണു് രണ്ടു് സീറോമലബാർ വൈദികരെ അടുത്തകാലത്തു് ബോംബെയിലേയ്ക്കു് അയച്ചിട്ടുണ്ടു്. എന്നാൽ സ്ഥലത്തെ ലത്തീൻ മെത്രാൻ അനുഭവം

---

6. ഇന്ത്യയ്ക്കു് പുറത്തുള്ളവരുടെ കാര്യം ഇവിടെ വിട്ടുകളയുന്നു. എന്നാൽ അവർക്കും സ്വന്തം റീത്തിലുള്ള വൈദികരുടെയും മെത്രാന്മാരുടെയും ശുശ്രൂഷ ലഭിക്കണം.

കാണിച്ചാൽപ്പോലും ഈ രണ്ടു വൈദികർക്ക് അവിടെ എന്തു ചെയ്യാൻ കഴിയും? മറ്റു സ്ഥലങ്ങളിലുള്ളവരുടെ കാര്യമോ? നാട്ടിലുള്ള അൽമായർക്ക് സ്വന്തം റീത്തിനെക്കുറിച്ച് ഒരറിവുമില്ല. നഗരങ്ങളിൽ അവരുടെ മതാത്മകജീവിതം ലത്തീൻ സമ്പ്രദായത്തിലാണ്. ലത്തീൻ രീതിയിലുള്ള മതകർമ്മങ്ങളിൽ മാത്രമാണല്ലോ അവർ പങ്കെടുക്കുന്നത്. ഞായറാഴ്ചകളിൽ ലത്തീൻ പള്ളികളിൽ കുർബാന കാണുകയും കുർബാന കൈക്കൊള്ളുകയും ചെയ്യുന്ന അവർക്ക് ലത്തീൻ പള്ളികളിലും ലത്തീൻ വൈദികർക്കു കീഴിലും ഒരു അന്യതാബോധം തോന്നുന്നില്ല. ഇതിന്റെ ഫലം പൂർണ്ണമായ ലത്തീനീകരണമാണ്. അതിനാൽ കേരളത്തിൽ ഇന്നു നാമമാത്രമായി നിലനിൽക്കുന്നതും ഭാവിയിൽ എന്നെങ്കിലും പുനരുജ്ജീവിക്കാൻ സാദ്ധ്യതയുള്ളതു(?)മായ സ്വന്തം പാരമ്പര്യങ്ങളിൽനിന്ന് അവർ പൂർണ്ണമായും വിച്ഛേദിക്കപ്പെടുന്നു.

പള്ളികളിൽ പോകാതെ കഴിയുന്നയാളുകളുടെ മതവിശ്വാസം തന്നെ നഷ്ടപ്പെട്ടേക്കും. അവരുടെ കാര്യങ്ങൾ നോക്കാൻ വൈദികരും വൈദികാദ്ധ്യക്ഷന്മാരുമുണ്ടെങ്കിൽ വലിയ താത്പര്യമില്ലാത്തവരും പള്ളികളിൽപ്പോകുന്നതിനു ധാർമ്മികമായി നിർബ്ബന്ധിതരാകും. ഈ നീക്കത്തിനു ലത്തീൻ മെത്രാന്മാർ അനുകൂലമല്ലെന്നു നിശ്ചയമാണ്; പ്രത്യേകിച്ചും അവരുടെ ഭരണാധീന പ്രദേശങ്ങളിൽ പൗരസ്ത്യ റീത്തുകളുടെ അധികാരപരിധിവരുന്നതു്. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിലും പോൾ ആറാമൻ മാർപ്പാപ്പായും, ലത്തീൻ ഭരണപ്രദേശങ്ങളിലുള്ള പൗരസ്ത്യ റീത്തുകാരുടെ അവകാശസംരക്ഷണത്തിനുവേണ്ടി വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.[7] വേണ്ടിവന്നാൽ അത്തരം സ്ഥലങ്ങളിൽ പൗരസ്ത്യറീത്തിൽ രൂപതകൾതന്നെ സ്ഥാപിക്കണമെന്നു നിർദ്ദേശമുണ്ട്. വാസ്തവത്തിൽ കുടിയേറ്റക്കാരായ പൗരസ്ത്യ റീത്തുകാരുടെ മേൽനോട്ടം അവരുടെ വൈദികരും മെത്രാന്മാരുംതന്നെ നിർവഹിക്കുക എന്നതു് അക്രൈസ്തവരുടെയിടയിൽ മിഷൻ പ്രവർത്തനം നടത്തുന്നതിനെക്കാൾ പ്രധാനമാണ്. സീറോ മലബാർ മിഷൻ രൂപതകളിലുള്ള ലത്തീൻ റീത്തുകാർ സ്ഥലത്തെ സീറോമലബാർ അധികാരികൾക്കു കീഴായിരിക്കുന്നതുപോലെ പ്രസ്തുത സീറോ–മലബാർ റീത്തുകാർ ലത്തീൻ അധികാരപരിധിയിലായിരി

---

7. Vatican II: Decree on the Catholic Oriental Churches, N. 4; Decree on the Pastoral Office of bishops, 23/3 Pope Paul VI, Apostolic Constitution, Regiminis Ecclesiae Universae, dated Aug. 15,1967, N.44.

ക്കണം എന്നാണു ലത്തീൻ മെത്രാന്മാരുടെ അഭിപ്രായം എന്നു തോന്നുന്നു. മിഷൻ രംഗങ്ങളും ഒഴികെ ഒരിടത്തേയ്ക്കും സീറോ—മലബാർ സഭയുടെ അധികാരപരിധി വ്യാപിപ്പിക്കേണ്ടതില്ല എന്നുള്ള കേരളത്തിലെ സീറോമലബാർവൈദികാദ്ധ്യക്ഷന്മാരുടെ അഭിപ്രായം ഇവിടെ പരാമർശിക്കേണ്ടതാണു്. രണ്ടു റീത്തിലെയും വൈദികാദ്ധ്യക്ഷന്മാർ തമ്മിൽ ഇക്കാര്യത്തിൽ ഒരു പരസ്പരധാരണ ഉണ്ടാക്കിയിട്ടുണ്ടോ? ഇപ്പോഴും ലത്തീൻ മിഷൻരൂപതകളിൽ സീറോമലബാർകാരായ വിശ്വാസികൾക്കു ലഭിക്കുന്നതരം പെരുമാറ്റം സീറോമലബാർ മിഷൻ രൂപതകളിലുള്ള ലത്തീൻകാരായ വിശ്വാസികൾക്കു ലഭിക്കട്ടെ; ലത്തീൻ വിഭാഗത്തിലുള്ളവരുടെ പ്രതികരണം അപ്പോൾ എന്തായിരിക്കും? സ്വന്തം റീത്തിലുള്ള കൂടിയേറ്റക്കാരുടെ നന്മയെ ഓർത്തു് മിഷൻ രൂപതകളിലെ സ്ഥലപരമായ അധികാരംവഴി നൽകപ്പെട്ടിട്ടുള്ള സമത്വത്തെക്കുറിച്ചു സീറോമലബാർ റീത്തുകാർ കരുതലോടെയിരിക്കണം.

ഇന്ത്യയുടെ പലഭാഗങ്ങളിലും പുറത്തും (കുവൈറ്റു്, മലേഷ്യാ....) ഉള്ള അകത്തോലിക്കരായ തോമ്മാക്രിസ്ത്യാനികൾക്കു് അവരുടെ കാര്യങ്ങളും അന്വേഷിക്കുന്നതിനു് സ്വന്തം വൈദികരും മെത്രാന്മാരും ഉണ്ടു് എന്ന വസ്തുതയും ഇവിടെ ഓർക്കേണ്ടതാണു്. അവർ നാട്ടിൽ സ്വന്തം റീത്തിൽ പരിശീലനം നേടിയിട്ടുള്ളതുകൊണ്ടു് പുറത്തുപോയാലും ഒരുമിച്ചു നിൽക്കുകയും റീത്തിന്റെ സവിശേഷതകളും പരിരക്ഷിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നുണ്ടു്. സീറോമലബാർ റീത്തുകാർക്കു് അനുകരിക്കാൻ കൊള്ളാവുന്ന ഒരു മാതൃകയാണിതു്. ദീർഘമായ ലത്തീൻ ഭരണവും സ്വന്തം വൈദികരുടെ ലത്തീൻമനോഭാവവും കാരണം സീറോ—മലബാർ റീത്തുകാരായ അൽമായർ പൊതുവേയും പുറംരാജ്യങ്ങളിലേയ്ക്കു കൂടിയേറിയ വിശിഷ്യവിഭാഗം പ്രത്യേകിച്ചും അവരുടെ റീത്തിലോ സഭയുടെ താത്പര്യങ്ങളിലോ യാതൊരു താത്പര്യവും കാണിക്കുന്നില്ല. അവരുടെ പൂർവ്വികന്മാർ എത്ര വ്യത്യസ്തരായിരുന്നു! സ്വന്തം പാരമ്പര്യങ്ങളെ കുറെയെല്ലാം അറിയുകയും അവയെ സ്നേഹിക്കുകയും ചെയ്യുന്ന ചുരുക്കം ആളുകളും മാത്രമാണു് അവയുടെ പുനരുജ്ജീവനത്തെ സംബന്ധിച്ചു് അല്പമെങ്കിലും പ്രതീക്ഷയ്ക്കു വക നൽകുന്നതു്.

അകത്തോലിക്കരായ തോമ്മാക്രിസ്ത്യാനികളുടെ വൈദികർ നാട്ടിൽനിന്നു പുറത്തുപോയി കൂടിയേറ്റക്കാരായ സ്വജനങ്ങളുടെ കാര്യങ്ങളും അന്വേഷിക്കുന്നതു് എവിടെയും അലഞ്ഞു നടക്കുന്നതിനുള്ള നിയമവിരുദ്ധമായ ലൈസൻസു് നൽകുന്ന 'ശീശ്മയുടെ ഉത്തമ ദുസ്സ്വാതന്ത്ര്യ'മായി വിലയിരുത്തുന്ന ആളുകളും ഉണ്ടു്. എന്നാൽ മേൽപ്പറയപ്പെട്ട അകത്തോലിക്കാക്രിസ്ത്യാനികളും ആ

രീതിയിലല്ല ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. ഇടയൻ ആടുകളെ അനുഗമിക്കുകയും ഹിതമായ ഭക്ഷണം അതിനു നൽകുകയും ചെയ്യണം എന്നതാണു അവരുടെ ആശയം.

'ഒരു ഭൂപ്രദേശം, ഒരു അധികാരപരിധി' എന്നതാണ് ലത്തീൻ മെത്രാന്മാരുടെയും സീറോമലബാർ മെത്രാന്മാരിൽ ചിലരുടെയും മനസ്സിൽ നിറഞ്ഞു നിൽക്കുന്ന ആശയം എന്നു തോന്നുന്നു. സഭാഭരണനിയമം per se territorial ആണു എന്ന ലത്തീൻ ആശയത്തിന്റെ പരിണതഫലമാണിത്. പൗരസ്ത്യമായ ആശയഗതി അനുസരിച്ച സഭാഭരണസംവിധാനം per se വ്യക്തിപരമാണ്. അതിനാൽ വ്യത്യസ്ത ആചാരക്രമങ്ങളും റീത്തുകളുമുള്ള സമൂഹങ്ങൾക്കു അതതിന്റെ അധികാരികളുടെ കീഴിൽ ഒരേ സ്ഥലത്തു കഴിഞ്ഞുകൂടാൻ കഴിയും. ഒരു സമൂഹത്തിലെ ജനസംഖ്യ വളരെയധികമാവുകയോ വളരെ അകന്ന സ്ഥലങ്ങളിൽ താമസമാവുകയോ ചെയ്യുന്നതുമൂലം ഒരാൾക്കു അതിന്റെ മേൽനോട്ടം വഹിക്കാൻ പ്രയാസമായി വരുമ്പോൾ അതിനെ പ്രാദേശികാടിസ്ഥാനത്തിൽ വിഭജിക്കുകയും വെവ്വേറെ വൈദികാദ്ധ്യക്ഷന്മാർക്കു കീഴിലാക്കുകയും ചെയ്യുന്നു. ഇങ്ങനെ വിഭജിക്കപ്പെടുന്നത് ഒരു പ്രദേശത്തുള്ള എല്ലാ സമൂഹങ്ങളുമല്ല, ഒരു സമൂഹം മാത്രമാണ്. ആറാം പൗലോസ് മാർപ്പാപ്പാ 1976 ആഗസ്റ്റ് 18-നു പൊതുജനങ്ങൾക്കു സന്ദർശനം നൽകിയപ്പോൾ ശ്രുതകളെക്കുറിച്ചു പറഞ്ഞ കാര്യങ്ങൾ ഈ അർത്ഥത്തിൽ നമുക്ക് എടുക്കാമല്ലോ. ഒസ്സർവത്തോരെ റൊമാനോയുടെ 1976 ആഗസ്റ്റ് 19-ലെ ഇറ്റാലിയൻ ഭാഷയിലുള്ള ആഴ്ചപ്പതിപ്പിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നതനുസരിച്ചു പരിശുദ്ധ പിതാവു പറഞ്ഞു: 'ശ്രുതയെന്നാൽ ജനവർഗപരവും ഭൂമിശാസ്ത്രപരവുമായ ഒരതിർത്തിയാണ്. യൂജീനിയസ് പത്തൊമ്പതാമൻ (പിന്നീടു 12-ാം പീയൂസ് മാർപ്പാപ്പാ) സഭാഭരണപരമായ നിയമങ്ങളുടെ വ്യക്തിപരവും പ്രദേശപരവുമായ സ്വഭാവങ്ങളെക്കുറിച്ചുള്ള തന്റെ പ്രബന്ധത്തിൽ സഭാഭരണപരമായ നിയമങ്ങളുടെ പ്രദേശപരമായ സ്വഭാവം നാടുവാഴിത്തത്തിന്റെ സ്വാധീനഫലമാണെന്നു പ്രസ്താവിച്ചിട്ടുണ്ട്.[8] ഈ വിഷയത്തിന്റെ ഒടുവിലുള്ള കുറിപ്പിൽ ഇക്കാര്യത്തെക്കുറിച്ചു കൂടുതലായി പറയാം.

ഇവിടെ പരാമർശിക്കപ്പെടുന്ന സീറോ-മലബാർ 'കുടിയേറ്റക്കാർ' സ്വന്തം മാതൃരാജ്യത്തിലെ കുടിയേറ്റക്കാരാണെന്നു

---

8. E Pacelli, La Personalita E la Territorialita Delle Leggi Specialmente Nel Diritto Canonico, "Studio Storico-Giuridico," Roma, 1912, p.6.

ഇവിടെ ഓർക്കേണ്ടതാണു്. ഈ രാജ്യം മുഴുവൻ ഒരു കാലത്തു അവരുടെ സഭയുടെ അധീനസ്ഥലമായിരുന്നു. ലത്തീൻ മിഷനറിമാർ അനുവർത്തിച്ച നിയമവിരുദ്ധ നയങ്ങളാണു് ആ അധീനമേഖലയെ ദക്ഷിണേന്ത്യയുടെ ഒരു കോണിലേക്കു ചുരുക്കിക്കളഞ്ഞതു്. ഈ കൂടിയേറ്റക്കാരുടെ ശരിയായ മേലന്വേഷണം സംബന്ധിച്ച സീറോ—മലബാർ ഹൈരാർക്കിക്കു വളരെ വലുതായ ഒരു കടമയുണ്ടു്. ലത്തീൻ ഹൈരാക്കിക്കു് ഒരു കൂട്ടുത്തരവാദിത്വവുമുണ്ടു്. പൗരസ്ത്യ റീത്തിൽപ്പെട്ടവരുടെ അവകാശങ്ങളെ അവഗണിക്കുന്നതിൽനിന്നു അവർ പിൻമാറുകയെങ്കിലും ചെയ്യണം. രണ്ടാം വത്തിക്കാൻ കൗൺസിലും പോംപ ആറാമൻ മാർപ്പാപ്പായും പ്രസ്തുത അവകാശങ്ങളെ കൂടുതൽ ബലപ്പെടുത്തിപ്പറഞ്ഞിട്ടുള്ളതുകൊണ്ടു പ്രസ്തുത കടമ കൂടുതൽ പ്രകടമാണു്. ഇരു റീത്തുസമ്പ്രദായം പ്രശ്നത്തിനു പരിഹാരമല്ല. റീത്തു് എന്നാൽ കുർബാന മാത്രമല്ലല്ലോ. ആരാധനക്രമപരമായ എല്ലാ നിഷ്ഠകളും, ആധ്യാത്മിക ഭരണക്രമീകരണങ്ങളും ആധ്യാത്മിക ജീവിതത്തോടു ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സ്ഥാപനങ്ങളും മതവിജ്ഞാനീയവും എല്ലാം ഉൾപ്പെട്ടതാണു റീത്തു്. ചുരുക്കത്തിൽ ഒരു പ്രത്യേക സഭാഘടകത്തിന്റെ മതാത്മകസംസ്കാരത്തിന്റെ ആകെത്തുകയാണു റീത്തു്; അഥവാ ആ സഭാഘടകം തന്നെയാണു്.

നാം ഇവിടെ പറഞ്ഞ കാര്യങ്ങളെ servatis servandis ഇന്ത്യയ്ക്കു പുറത്തുള്ള സീറോ—മലബാർകാരായ കുടിയേറ്റക്കാരെ സംബന്ധിച്ചും ബാധകമാണു്. ഇന്ത്യയ്ക്കുള്ളിലെന്നപോലെ പുറത്തും സ്വന്തം റീത്തു് ആചരിക്കാൻ അവർക്കു അന്യാധീനപ്പെടുത്താൻ വയ്യാത്ത അവകാശമുണ്ടു്. മറ്റൊരു റീത്തിൽ ചേരാൻ അവരെ നിർബന്ധിക്കാൻ ആർക്കും ഒരിടത്തും അവകാശമില്ല. അന്യറീത്തുകാരുടെ മദ്ധ്യത്തിൽ തലമുറകളോ ജീവിച്ചാലും സ്വന്ത റീത്തു നിലനിർത്താൻ അവർക്കു കഴിയണം.

(i) റീത്തുപ്രശ്നം പൊതുസംരംഭങ്ങളിൽ

മറ്റു റീത്തുകാരോടു സഹകരിച്ചു ചില സംരംഭങ്ങളിൽ ഏർപ്പെടുമ്പോഴും സീറോ—മലബാർ റീത്തുകാരായ ചിലർ സ്വന്തം റീത്തിന്റെ താൽപര്യങ്ങൾക്കു ഹാനി വരുത്തുകയാണു്. ബഹു റീത്തു സെമിനാരികളുടെ പ്രവർത്തനവും ഇതിൽനിന്നു വ്യത്യസ്തമല്ല. അറിഞ്ഞോ അറിയാതെയോ അവർ ചൂഷണം ചെയ്യപ്പെടുന്നു എന്നതാണു വാസ്തവത്തിൽ സംഭവിക്കുന്നതു്. ചിലപ്പോൾ അവരെ പ്രശംസിക്കുകയും ബഹുമാനിക്കുകയും ഒക്കെ ചെയ്യാറുണ്ടു്. എളുപ്പം ചൂഷണത്തിനു വഴങ്ങാത്തവരെയും സ്വന്തം റീത്തിന്റെയും സഭയുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ

ജാഗ്രത കാണിക്കുന്നവരെയും മൂരാച്ചികളും സങ്കുചിത മനസ്കരുമായി മുദ്ര കുത്തുന്നു. അവരെ കരുതലോടെ അകറ്റിനിർത്തുന്നു. ഇതുകാരണം മറ്റുള്ളവർ കൂട്ടത്തിൽ 'വിശാലമനസ്കരും' 'ഉദാരാശയരും' കൂട്ടത്തിൽ 'കാത്തോലികരും' ആകുന്നു. ഇതിന്റെ ഫലം ലത്തീൻകാർക്കു കൂട്ടത്തിൽ നേട്ടവും സീറോമലബാർകാർക്കു കൂട്ടത്തിൽ നഷ്ടവുമാണ്. ഒരുമിച്ചുള്ള ഉദ്യമങ്ങളിൽ കരുത്തന്മാർ ദുർബലന്മാരെ അതിജീവിക്കും.

(j) സാമൂഹ്യവും മതപരവുമായ ആചാരങ്ങൾ

കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളും കേരളീയവും ഭാരതീയവുമായ മത–സാമൂഹ്യാചാരങ്ങളെ ക്രൈസ്തവീകരിച്ചു അനുഷ്ഠിച്ചു വന്നു. അവയെല്ലാം ഇന്നു ഉപേക്ഷിക്കപ്പെട്ടിരിക്കയാണ്. നമ്മുടെ പൂർവികർക്കു് അവയെല്ലാം 'തോമ്മായുടെ നിയമ'ത്തിന്റെ ഭാഗങ്ങളായിരുന്നു. പ്രസ്തുത ആചാരസംഹിത അവരുടെ തനിമയുടെ ഘടകവും കുലീനതയുടെ അടയാളവും ആയിരുന്നു. ക്രിസ്തുമതം വ്യത്യസ്ത ജനതകളുടെയിടയിൽ നിലവിലിരിക്കുന്ന നല്ല കാര്യങ്ങളെ നശിപ്പിക്കുകയല്ല, ഉയർത്തുകയും ഉദാത്തമാക്കുകയും ചെയ്യുകയാണു ചെയ്യുന്നതു് എന്നതിനു തെളിവും ആയിരുന്നു അതു്. ഇങ്ങനെയുള്ള ഉപേക്ഷിക്കപ്പെട്ട ആചാരങ്ങളുടെ സ്ഥാനത്തു ലത്തീൻ ആചാരങ്ങളും സ്വീകരിക്കപ്പെടുന്നു എന്നതാണു ദയനീയമായിട്ടുള്ളതു്. സീറോ–മലബാറുകാർ ശ്രദ്ധിച്ചാൽ പഴയ കാര്യങ്ങളെ പ്രതീകാത്മകമായിട്ടെങ്കിലും നല്ലവണ്ണം നിലനിർത്താൻ കഴിയും.

(k) മിഷൻ രൂപതകളിലെ ആരാധനക്രമം

വിവിധങ്ങളായ സീറോ–മലബാർ മിഷനുകളിൽ ആരാധനക്രമം എന്തു രൂപമാണു കൈക്കൊള്ളുവാൻ പോകുന്നതെന്നു നമുക്കു കാത്തിരുന്നു കാണേണ്ടിയിരിക്കുന്നു. അവിടങ്ങളിൽ പുതുതായി ക്രിസ്തുമതം അവലംബിക്കുന്നവർക്കു് കൽദായ ആരാധനക്രമത്തിലും കൽദായ രീതിയിലുള്ള ദൈവശാസ്ത്രത്തിലും ആദ്ധ്യാത്മികതയിലും പരിശീലനം ലഭിക്കുമോ? അങ്ങനെ ലഭിക്കുന്നില്ലെങ്കിൽ സീറോമലബാർ മിഷനുകളും എന്തിനു് എന്നു ചിന്തിക്കേണ്ടതുണ്ടു്. കേരളത്തിനു പ്രത്യേകമായിട്ടുള്ള കാര്യങ്ങളും, ഉദാ: കേരളത്തിലെ ക്രൈസ്തവീകരിച്ചെടുത്ത സാമൂഹ്യമതാചാരങ്ങളും, മിഷൻ രംഗങ്ങളിലേക്കു കൊണ്ടുപോകേണ്ടതില്ല. അതിനു പകരമായി അതതു സ്ഥലങ്ങളിലുള്ള ആചാരങ്ങളെ ക്രൈസ്തവീകരിച്ചു് എടുക്കുകയാണു വേണ്ടതു്. അങ്ങനെ 'കൽദായ' എന്നതു് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള സാംസ്കാരിക

സവിശേഷതകൾക്ക പൊതുവായുള്ള ഒന്നാക്കിത്തീർക്കാം. മിഷൻ രംഗങ്ങളിലുള്ള വൈദികരിൽ കൂടുതൽ ബുദ്ധിമാന്മാരായവർക്ക കൽദായ ഭാഷയും സാഹിത്യവും പഠിക്കുന്നതിനുള്ള സൗകര്യം നൽകണം. ആരാധനക്രമത്തിൽ അതതു പ്രദേശത്തെ ഭാഷകളും ഉപയോഗിക്കുകയും വേണം. (ഒന്നാം അധ്യായം ഒന്നാം ഭാഗത്തിൽ 1,5,6 ഉപവിഭാഗങ്ങളും കാണുക).

സീറോമലബാർ മിഷനറി മെത്രാന്മാർക്ക കീഴിൽ ലത്തീൻ റീത്തിൽപ്പെട്ട വിശ്വാസികളുമുണ്ട്. പ്രസ്തുത മെത്രാന്മാർക്ക് ഈ വിശ്വാസികളുടെ റീത്തുപരമായ ആവശ്യങ്ങളെക്കുറിച്ചു ശ്രദ്ധിക്കാനും എല്ലാ വിധത്തിലും അവ നിർവഹിച്ചു കൊടുക്കാനും കടമയുണ്ട്. അവർ ലത്തീൻ മനോഭാവമുള്ളവരാണെങ്കിൽ നവാഗതരെ തുറന്ന രീതിയിൽത്തന്നെ ലത്തീൻ സമ്പ്രദായത്തിൽ ആക്കുകയില്ലേ? ഈ സീറോമലബാർ മിഷനറി മെത്രാന്മാർ അതതു പ്രദേശത്തെ ലത്തീൻ മെത്രാപ്പോലീത്താമാർക്ക സാമന്തന്മാരാണെന്ന വസ്തുത ഗൗരവപൂർവം പരിഗണിക്കപ്പെടേണ്ടതുമാണ്.

ഉയർച്ച, യഥാർത്ഥമല്ല–മങ്ങിയ പ്രതീക്ഷയോ?

സീറോമലബാർ സഭയുടെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചു മുകളിൽ കൊടുത്തിട്ടുള്ള വിശദീകരണം മുകളിൽ ഉന്നയിക്കപ്പെട്ട ചോദ്യത്തിനു മറുപടി ആകുമെന്നു തോന്നുന്നു. അതായതു്, വൈദിക മേലദ്ധ്യക്ഷന്മാർ, വൈദികർ, സന്യാസിനീസന്യാസിമാർ, പ്രേഷിത രംഗങ്ങളും, വിദ്യാഭ്യാസപരവും മറ്റുമായ സ്ഥാപനങ്ങളും, ദൈവവിളികളും എന്നിവയെല്ലാം ചേർന്നു് ഇന്നു ദൃശ്യമാകുന്ന പുരോഗതി യഥാർത്ഥമാണോ? അതു് അതിന്റെ പൂർവ്വകാല ചരിത്രത്തോടു് ഐക്യം പുലർത്തുന്നതാണോ? പ്രാചീനമൂല്യങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടു് ആധുനിക കാലത്തിന്റെ ആവശ്യങ്ങളിൽ അധിഷ്ഠിതമായ പുരോഗതിയാണോ അതു നേടിയിട്ടുള്ളതു്? നേടിയ പുരോഗതി ഈ അർത്ഥത്തിൽ യഥാർത്ഥമല്ല എന്നാണു് എനിക്കു തോന്നുന്നതു്. അതു പൂർവകാലചരിത്രത്തിനു് അനുരൂപമല്ല. വേണ്ടിയിരുന്നതുപോലെയല്ല അതു സംഭവിച്ചിട്ടുള്ളതു്. നമ്മുടെ സഭ അതിന്റെ പൂർവകാലത്തോടുള്ള ഐക്യം നഷ്ടപ്പെടുത്തിയിരിക്കുന്നു; അഥവാ പൂർണ്ണമായി നഷ്ടപ്പെടുത്തിവരുന്നു. സീറോമലബാർ സഭയുടെ ചരിത്രം അറിഞ്ഞിട്ടില്ലാത്തവരുടെ കണ്ണുകളെ മഞ്ഞിപ്പിക്കുന്ന ഒരു ദൃശ്യമാണു് ഇന്നു കാണാനുള്ളതു്. യഥാർത്ഥത്തിൽ ഈ സഭയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അധഃപതനത്തെ അതു മറച്ചുവയ്ക്കുന്നു. ഈ സഭയെ അതാക്കിത്തീർത്ത, അതിനു തനിമ നൽകിയ, പാരമ്പര്യങ്ങ

DHARMARAM COLLEGE LIBRARY
BANGALORE-29

ളുടെ നാശവും അതിനു പൂർണ്ണമായും അന്യമായ ആശയങ്ങളുടെ കടന്നുകയറ്റവും ആണു് ഈ അധഃപതനത്തിനു കാരണമായതു്.

ലത്തീൻ ഭരണത്തിനുകീഴിൽ ഈ അധഃപതനം ബാഹ്യകാരണങ്ങൾമൂലം സംഭവിച്ചുകൊണ്ടിരുന്നപ്പോൾ, സഭയ്ക്കുള്ളിൽനിന്നു് ശക്തിയായ എതിർപ്പുണ്ടായിക്കൊണ്ടിരുന്നു. എന്നാൽ ഇന്നു് അധഃപതനം സംഭവിക്കുന്നതു് ഉള്ളിൽനിന്നുള്ള കാരണങ്ങൾ മൂലമാകയാൽ അത്തരം എതിർപ്പുകളൊന്നും അനുഭവപ്പെടുന്നില്ല. ആ സഭയുടെ ഏതാനും അംഗങ്ങളിൽ പ്രാചീനപാരമ്പര്യങ്ങളുടെ പുളിച്ച മാവു് അൽപമായി അവശേഷിക്കുന്നുണ്ടെന്നുമാത്രം. ഇതു സഭയെ മുഴുവൻ പുളിപ്പിക്കുമോ? അങ്ങനെ സംഭവിക്കാതെ വന്നാൽ നമ്മുടെ സഭയിൽ പ്രാചീനമായ കൽദായ—മലബാർ സംസ്കാരത്തിന്റെ അവ്യക്തമായ ഒരു വികൃതാനുകരണം മാത്രമേ അവശേഷിക്കയുള്ള. പ്രസ്തുത വികൃതാനുകരണത്തിനു്, ഭാരതത്തിലെ തോമ്മാക്രിസ്ത്യാനികളുടെ പ്രാചീനവും അപ്പസ്തോലികവുമായ സഭയുടെ അഭിമാനമുള്ള പിൻതുടർച്ചയായിരിക്കാൻ യാതൊരർഹതയും ഉണ്ടായിരിക്കയില്ല. എന്നാൽ ഈ സഭ അതിന്റെ അധികാരപരിധിയെ മുറുകെ പിടിച്ചാൽ പ്രത്യേകതയുള്ള ഒന്നായി കുറെക്കാലത്തേക്കുകൂടെ നിലനിൽക്കുമെന്നാണു തോന്നുന്നതു് (എത്ര കാലത്തേക്കു് എന്നു നിശ്ചയിക്കാൻ വയ്യ). അങ്ങനെ നിലനിന്നാൽ ആ സഭയെ അതിന്റെ പ്രാക്തനമായ മഹത്വത്തിലേക്കു നയിക്കുകയും ഭൂതകാലത്തിനു അനുരൂപമായ യഥാസ്ഥാനവീകരണത്തിനു അതിനെ വിധേയമാക്കുകയും ചെയ്യുന്നതാക്കം ആവിർഭവിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം, അവർ ആ സഭയുടെ തനിമ വീണ്ടെടുക്കുമെന്നും ആധുനികകാലത്തിന്റെ ആവശ്യങ്ങളോടു പൊരുത്തപ്പെടുന്ന യഥാസ്ഥാപുരോഗതി അതിനു നേടിക്കൊടുക്കുമെന്നും നമുക്കു പ്രത്യാശിക്കാം. അങ്ങനെ സംഭവിച്ചില്ലെങ്കിൽനാനാത്വത്തിൽ ഏകത്വത്തെയും ഏകത്വത്തിൽ നാനാത്വത്തെയും പ്രോത്സാഹിപ്പിക്കുന്ന കത്തോലിക്കാസഭയ്ക്കു് അതൊരു വലിയ നഷ്ടമായിരിക്കും. ഇന്നത്തെ ഭാരതത്തിൽ ക്രിസ്തുമതത്തിനുള്ള ഒരു സാധുകരണമാകാൻ സാധിക്കുന്ന ക്രിസ്തുമതത്തിന്റെ കൽദായ—മലബാർ പ്രകടന വിധത്തോടുകൂടിയ ഒരു പ്രാചീനസഭ ഇന്ത്യയ്ക്കു നഷ്ടപ്പെടും.

ഈ കാര്യങ്ങളെല്ലാം വൈദികപരിശീലനത്തെ ആശ്രയിച്ചാണിരിക്കുന്നതു്. പ്രാചീനപാരമ്പര്യങ്ങളെ സ്നേഹിക്കാനും അനുവർത്തിക്കാനും വൈദികരെ പരിശീലിപ്പിക്കണം. കാലപ്രവാഹത്തിൽ നിരുപയോഗങ്ങളായിത്തീരുന്ന അംശങ്ങളെ ഉപേക്ഷിച്ചു കാലാനുയോജ്യമായ അംശങ്ങളും അംഗീകരിച്ചുകൊണ്ടു പ്രസ്തുതപാരമ്പര്യങ്ങൾക്കു വീറുകൊടുത്തു വളർത്താനും വൈദികർക്കു പരിശീലനം ലഭിക്കണം. ഇത്തരം കാര്യങ്ങളും പല

റീത്തുകളിൽ പെട്ടവർ ഒരുമിച്ചു താമസിക്കുന്ന സെമിനാരിയിൽ നിർവഹിക്കുക എന്നതു് അസാദ്ധ്യമല്ലെങ്കിൽ അതിദുഷ്ക്കരമെങ്കിലുമാണു്. ചുരുങ്ങിയ പക്ഷം വൈദികരുടെയിടയിലെ പ്രമുഖ ബുദ്ധിജീവികളെങ്കിലും കൽദായഭാഷയും സാഹിത്യത്തിനും അപരിചിതരായിരിക്കരുതു്. ഇതിനു സെമിനാരി വിദ്യാഭ്യാസകാലത്തുതന്നെ സംവിധാനമുണ്ടാകണം.

പ്രാചീന പാരമ്പര്യങ്ങളെക്കുറിച്ചുള്ള പഠനം സൺഡേസ്കൂളിൽത്തന്നെ ആരംഭിക്കേണ്ടതാണു്. വൈദിക സന്യാസാന്തസ്സുകളിലേയ്ക്കുള്ള ദൈവവിളികളുടെ നഴ്സറികളും സൺഡേസ്കൂളുകളാണല്ലോ. സ്കൂളുകളിലെയും കോളജുകളിലെയും മതപഠനക്ലാസ്സുകളിൽ പ്രസ്തുത പഠനം തുടരണം. ഇപ്രകാരം അഭ്യസ്തവിദ്യരായ അൽമായരെയും ഇത്തരം കാര്യങ്ങളിൽ തത്പരരാക്കാൻ കഴിയും. ഈ വിഷയത്തിൽ അവരുടെ സമുദായാഭിമാനത്തെ ലാഭകരമായി ചൂഷണം ചെയ്യണം.

സീറോമലബാർ സഭയ്ക്കു സ്വന്തമായി ഒരു മതപാഠ്യപദ്ധതി ഉണ്ടാകണം. സ്വന്തം ചരിത്രം, ആരാധനക്രമം, സഭാഭരണസംവിധാനം, ആദ്ധ്യാത്മികത തുടങ്ങിയവയെ സംബന്ധിച്ച കാര്യങ്ങളും അതിൽ ഉൾപ്പെട്ടിരിക്കണം. പൗരസ്ത്യ റീത്തുകാർക്കും ലത്തീൻ റീത്തുകാർക്കും പൊതുവായ ആരാധനാകേന്ദ്രമോ ഭരണകേന്ദ്രമോ ഉണ്ടായിരിക്കുന്നതു രണ്ടു കൂട്ടർക്കും ദോഷകരമാണു്. അല്ലെങ്കിൽ മുന്നനുഭവങ്ങളും കാണിക്കുന്നതുപോലെ പൗരസ്ത്യറീത്തുകാരുടെ ലത്തീനീകരണത്തിൽ അതു കലാശിക്കും.

സീറോമലബാർ റീത്തുകാരായ കത്തോലിക്കർക്കു് അകത്തോലിക്കരായ മാർത്തോമ്മാക്രിസ്ത്യാനികളോടു് ഒരു പ്രത്യേക പരിഗണന വേണ്ടതല്ലേ? സീറോ മലബാർ സഭയുടെ ഇന്നത്തെ സ്ഥിതി കണ്ടാൽ, കത്തോലിക്കാസഭയിൽ വന്നാലും തങ്ങളുടെ പ്രാചീന പാരമ്പര്യങ്ങളും നിലനിർത്താൻ കഴിയുമെന്നു് അവർക്കു ധൈര്യം തോന്നുമോ? പൗരസ്ത്യറീത്തുകളുടെയെല്ലാം സംരക്ഷണത്തിനും വികാസത്തിനുംവേണ്ടി നിലകൊള്ളുന്ന കത്തോലിക്കാസഭയുടെ സൽപ്പേരു നിലനിർത്തുന്നതിനു സീറോമലബാർകാരായ നമുക്കു് ഒരു വലിയ ചുമതലയില്ലേ? കത്തോലിക്കരായ പൗരസ്ത്യക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളെ നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നതു സംബന്ധിച്ച വാഗ്ദാനങ്ങളും പാലിക്കാതെ വിശ്വാസവഞ്ചന കാണിക്കുന്നവർ എന്നു മാർപ്പാപ്പാമാരെ കുറ്റപ്പെടുത്താൻ അകത്തോലിക്കരായപൗരസ്ത്യക്രൈസ്തവർക്കു് അവസരം നൽകുകയാണു് സീറോമലബാർ ക്രിസ്ത്യാനികളും ഇന്നു ചെയ്യുന്നതു്. Looking East എന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപരും ഡയറക്ടറുമായ ആർച്ചുപ്രീസ്റ്റു് ജോൺ.ജെ.മോവ

റിന്റെ താഴെ പറയുന്ന വാക്കുകളും സ്വന്തം വാക്കുകളായി ത്തന്നെ ഞാൻ ഇവിടെ ചേർക്കാം. (പോർട്ടുഗലിൽ 'ഫാത്തിമ' യിലുള്ള ബൈസന്ററയിൻ സെൻററിന്റെ പ്രസിദ്ധീകരണമാണു Looking East). Looking East 9—ാം വാല്യം 15—ാം ലക്കം(1974) ത്തിൽ അദ്ദേഹം എഴുതി:

'ലെയോ പതിമൂന്നാമൻ മുതൽ പോപ്പ് ആറാമൻ വരെയുള്ള റോമാമാർപ്പാപ്പാമാരെല്ലാം പൗരസ്ത്യസഭകളുടെ അവകാശങ്ങളെ അനുകൂലിച്ചുകൊണ്ടും ലത്തീനീകരണത്തെ എതിർത്തുകൊണ്ടും സംസാരിച്ചിട്ടുണ്ട്. ഓരോ റീത്തിന്റെയും സ്വന്തമായ സമ്പ്രദായങ്ങളിൽനിന്നു പഴയകാലങ്ങളിൽ ആളുകൾ വ്യതിചലിച്ചിട്ടുണ്ടെങ്കിൽ അവയിലേക്കു തിരിച്ചുപോകണമെന്നു രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ ആവശ്യപ്പെടുന്നു. ഈ വാക്കുകളും പ്രമാണങ്ങളുമെല്ലാം നിരർത്ഥകതത്വങ്ങളാണോ? അതോ ആത്മാർത്ഥതയിൽനിന്നു രൂപം കൊടുത്തതാണോ? പൗരസ്ത്യസഭകളുടെ വൈദികാദ്ധ്യക്ഷന്മാർ, അവർ പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസം നേടിയവരാണെങ്കിൽ കൂടി, തങ്ങളുടെ സഭകളുടെ റീത്തുകളും അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നു എന്നു ഉറപ്പു വരുത്താൻ മനസ്സാക്ഷിയനുസരിച്ചു കടപ്പെട്ടവരാണു. ഇക്കാര്യത്തിൽ പരാജയപ്പെട്ടാൽ മനുഷ്യനു ദൈവത്തിന്റെ ദാനമായ സാർവത്രികസഭയെ 'ഐക്യത്തിന്റെ തുറമുഖ'വും രക്ഷയുടെ ഭവനവും ആയി കാണുന്നതിനുള്ള ദൈവനിർദ്ദിഷ്ടമായ സ്വന്തം കടമയെ അവർ വഞ്ചിക്കുകയായിരിക്കും ചെയ്യുന്നതു. ആ സഭയിൽ എല്ലാ മനുഷ്യരും അവരുടെ വൈവിധ്യത്തിന്റെ പൂർണതയിൽ തുല്യതയുള്ളവരായിരിക്കണം. അവർ പാശ്ചാത്യരാകട്ടെ പൗരസ്ത്യരാകട്ടെ, അവരെ ലത്തീനീകരിക്കാൻ ശ്രമിക്കുന്നവർ അനുരഞ്ജനമല്ല, വിനാശമാണു ചെയ്യുന്നതു. അവർ യോജിപ്പിക്കുകയല്ല, ആഗിരണം ചെയ്യുകയാണു. അവർ സേവിക്കുകയല്ല, അധികാരപ്രയോഗം നടത്തുകയാണു. അങ്ങനെ ചെയ്യുന്നവർ വൈദികരായാലും മെത്രാന്മാരായാലും ഐക്യത്തിന്റെ അപ്പസ്തോലന്മാരായിട്ടല്ല; അനൈക്യത്തിന്റെ പിണിയാളുകളായിട്ടാണു വർത്തിക്കുന്നതു. ആ നിലയിൽ ക്രൈസ്തവൈക്യത്തിനു വേദനാകരവും യഥാർത്ഥവുമായ പ്രതിബന്ധമായി അവർ വർത്തിക്കുന്നു.'

ഘടനയിലും റീത്തിലും ലത്തീനീകരണം നടത്തുന്നതോടൊടി പ്രാചീനപാരമ്പര്യങ്ങളുടെ അടിത്തറപോലും ഇളക്കിയിട്ടു അവയുടെ സ്ഥാനത്തു തോന്നിയ വിധമുള്ള രചനകളും നിർമ്മിതികളും പ്രതിഷ്ഠിക്കുകയാണെങ്കിൽ അതിനെക്കുറിച്ചു എന്താണു പറയുക?

നവാഗതർ

ഈ അദ്ധ്യായത്തിന്റെ അവസാനത്തിലെ കുറിപ്പ് ആരംഭിക്കുന്നതിനുമുമ്പു സീറോമലബാറുകാർക്കു അത്യന്തം ഹർഷദായകമായ ഒരു സംഭവവികാസത്തെക്കുറിച്ചു ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. 1930—ൽ രണ്ടു യാക്കോബായ തോമ്മാക്രൈസ്തവ വൈദിക മേലദ്ധ്യക്ഷന്മാരും—മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മാർ തെയോഫിലോസ് മെത്രാനും—കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. അവരെയും അവരുടെ അനുയായികളെയും ചേർത്തു സീറോമലങ്കര റീത്തു രൂപീകരിച്ചിരിക്കുന്നു. അവരുടെ സ്വന്തമായിരുന്ന പാശ്ചാത്യ സുറിയാനി ആരാധനക്രമവും റീത്തും ചേർന്നതിനാണു സീറോമലങ്കര എന്ന പേരു നൽകപ്പെട്ടിരിക്കുന്നതു്. മലങ്കര എന്ന വാക്കു മലബാർ എന്നതിന്റെ മറ്റൊരു രൂപമാകുന്നു. ഇതിനു മുമ്പും വ്യക്തികളുടെ പുനരൈക്യം നടന്നിട്ടുണ്ടു്. 1921 വരെ അങ്ങനെ പുനരൈക്യപ്പെട്ടവരെ സീറോ മലബാർ റീത്തിലേക്കു സ്വീകരിക്കുകയാണു ചെയ്തിട്ടുള്ളതു്. 1921—നുശേഷം പുനരൈക്യപ്പെട്ടവരെ സീറോ മലങ്കര റീത്തോടുകൂടി സ്വീകരിച്ചു. ഇപ്പോൾ സീറോമലങ്കര റീത്തോടുകൂടിയ സഭയും അതിനു സ്വന്തമായ ഹൈരാർക്കിയും ഉണ്ടു്.9

---

9. യാക്കോബായ തോമ്മാക്രിസ്ത്യൻ മെത്രാനായിരുന്ന മാർത്തോമ്മാ ആറാമനു് കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുന്നതിനു് വേണ്ട നടപടികൈക്കായിട്ടു് കരിയാറ്റിൽ, പാറേമ്മാക്കൽ എന്ന രണ്ടു കത്തോലിക്കാ തോമ്മാക്രൈസ്തവ വൈദികർ റോമിനു പോയകാര്യം രണ്ടാം അദ്ധ്യായം ഒമ്പതാം ഖണ്ഡത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്ത ആയി വാഴിക്കപ്പെട്ട കരിയാറ്റിൽ, മാർ തോമ്മാ ആറാമനെ കത്തോലിക്കാ സഭയിലേയ്ക്കു സ്വീകരിക്കുന്നതിനുള്ള അധികാരങ്ങളോടെ കേരളത്തിലേയ്ക്കു തിരിച്ചു. എന്നാൽ മാർ ഗ്രീഗോറിയോസ് ഗോവയിൽ വച്ചു് അദ്ദേഹം നിര്യാതനായി. തുടർന്നു് പാറേമ്മാക്കൽ കൊടുങ്ങല്ലൂർ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി. 1799—ൽ പാറേമ്മാക്കലിന്റെ മരണത്തിനുശേഷം മാർത്തോമ്മാ ആറാമൻ പോപ്പ് പന്ത്രോമെത്രാന്റെ സാന്നിദ്ധ്യത്തിൽ കത്തോലിക്കാ സഭയിൽ ചേർന്നു. പന്ത്രോമെത്രാനും അനുയായികളും അന്നു് സഭയിൽനിന്നു ഭിന്നിച്ചു നിന്നിരുന്നതുകൊണ്ടു് മാർത്തോമ്മാ മെത്രാനെ സഭയിലേയ്ക്കു് സ്വീകരിച്ചയച്ചതു് യഥാർത്ഥ അർഹതയുള്ളവർ ആയിരുന്നില്ല. അതിനാൽ ആറു മാസങ്ങൾക്കുശേഷം അദ്ദേഹം യാക്കോബായ സഭയിലേക്കു തിരിച്ചുപോയി. അദ്ദേഹത്തിന്റെ മുൻഗാമികളും പിൻഗാമികളുമായ പലരും കത്തോലിക്കരാകാൻ ശ്രമിച്ചിട്ടുണ്ടു്. എന്നാൽ ഈ പ്രയത്നത്തിൽ വിജയിച്ചതു് മാർ ഈവാനിയോസും മാർ തെയോഫിലോസും ആണു്.

കുറിപ്പു്:

ഒരു ഭൂവിഭാഗം, ഒരധികാരപരിധി

സീറോമലബാർ സഭയ്ക്കു കേരളത്തിൽ ഇപ്പോഴുള്ള രൂപതാതിർത്തികളും ഒഴിവാക്കിക്കൊണ്ടു് ഇന്ത്യയിലെ ലാക്കി എല്ലാ പ്രദേശങ്ങളിലും ഒരു രൂപതാപ്രദേശത്തു് ഒരു മെത്രാന്റെ മാത്രം അധികാരം എന്ന രീതി നടപ്പിലാക്കണമെന്നാണു് ഇന്ത്യയിലെ ലത്തീൻ വൈദികമേലദ്ധ്യക്ഷന്മാരുടെയും സീറോ–മലബാർ വൈദികമേലദ്ധ്യക്ഷന്മാരിൽ ചിലരുടെയും അഭിപ്രായം. ഒരേ സ്ഥലത്തു് ഒന്നിലധികം രൂപതകളും പ്രവർത്തിച്ചാൽ മെത്രാന്മാർ തമ്മിൽ കലഹങ്ങളും ഉണ്ടാകാൻ ഇടയുണ്ടെന്നു് അവർ ഭയപ്പെടുന്നു. ഒരു റീത്തിലെ പള്ളിയുടെ സമീപം വേറൊരു റീത്തിലെ പള്ളി പണിയാൻ ശ്രമിക്കുമ്പോൾ തർക്കങ്ങൾക്കു കൂടുതൽ സാദ്ധ്യതയുണ്ടെന്നു് അവർ കരുതുന്നു. എന്നാൽ ലത്തീൻകാരും പൗരസ്ത്യരും സ്വന്തം റീത്തിനു പ്രത്യേകമായുള്ള ദൈവശാസ്ത്രത്തിലും ആദ്ധ്യാത്മികതയിലും പരിശീലിപ്പിക്കപ്പെടുകയും അതനുസരിച്ചുള്ള പ്രാർത്ഥനകളും മതകർമ്മങ്ങളും നടത്താൻ പഠിക്കുകയുമാണെങ്കിൽ ഈ ഭയത്തിനു കാരണം (ഭയത്തിനു കാരണം ഉണ്ടെന്നതു നിഷേധിക്കാവതല്ല) സാവകാശം ഇല്ലാതായിക്കൊള്ളും. അപ്പോൾ ഒരോ റീത്തിലും പെട്ടവർ അവരവരുടെ പള്ളികളിൽ പോയി പ്രാർത്ഥിക്കുന്നതിൽ സന്തോഷം കണ്ടെത്തും. എന്നാൽ മുകളിൽ പ്പറഞ്ഞ പഠനപരിശീലനങ്ങൾ ഇല്ലാത്തതുകൊണ്ടു് ഇന്നത്തെ സ്ഥിതി എന്താണു്? ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും കുർബാന കാണുന്നതിനു ഏതെങ്കിലും പള്ളിയിൽ പോകണം എന്നു് ആളുകൾക്കുണ്ടു്. അതു് ഏതു റീത്തിൽപ്പെട്ട പള്ളിയിലായാലും ഒരു വിരോധവുമില്ല. ഇതിന്റെ ഫലമായി ലത്തീൻകാർ പൗരസ്ത്യറീത്തിൽപ്പെട്ട പള്ളികളിലും മറിച്ചു പൗരസ്ത്യറീത്തുകാർ ലത്തീൻ പള്ളികളിലും പോകാൻ ഇടവരുന്നു. ഓരോ പള്ളികളിലെ വൈദികരുടെ തന്ത്രപ്രയോഗങ്ങളും ഇതിൽ ഒരു പങ്കു വഹിക്കുന്നുണ്ടു്. ഇതുമൂലം മുകളിൽപ്പറഞ്ഞ വിഷമങ്ങളും ഉണ്ടാകുന്നു. ദേവാലയ കർമ്മങ്ങളുടെ സമയം കുറയ്ക്കുന്ന വിഷയത്തിൽ മത്സരം ഉണ്ടാകുന്നു.

വിദ്യാഭ്യാസത്തിനും ആതുരശുശ്രൂഷയ്ക്കുമുള്ള സ്ഥാപനങ്ങളും അടുത്തടുത്തുവരുന്നതുമൂലമുള്ള വിഷമങ്ങളെക്കുറിച്ചും നാം കേൾക്കാറുണ്ടു്. എന്നാൽ ഈ പരാതി കാര്യമാക്കേണ്ടതില്ല. ഒരു സ്ഥലത്തു് ഒരേ തരത്തിലുള്ള രണ്ടു സ്ഥാപനങ്ങൾ ഉണ്ടെന്നുവച്ചു് അതിൽ ഒരു സ്ഥാപനത്തിനും യഥാർത്ഥത്തിൽ ഒരു ദൗർബ്ബല്യവും സംഭവിച്ചിട്ടില്ല.

ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലുള്ള ലത്തീൻ മെത്രാന്മാർ പൗരസ്ത്യറീത്തുകളിലെ വൈദികരെയും മെത്രാന്മാരെയും അവരുടെ കൂടിയേറ്റക്കാർക്കു കൂടിയേറ്റ സ്ഥലങ്ങളിൽ സ്വന്തം റീത്തിൽ ആദ്ധ്യാത്മിക ശുശ്രൂഷ ചെയ്യാൻ അനുവദിക്കാതിരിക്കുന്നതിനുവേണ്ടി പറയുന്ന കാരണങ്ങളും മുകളിൽപ്പറഞ്ഞവയൊക്കെയാണു്. എന്നാൽ മുകളിൽപ്പറഞ്ഞതുപോലെ ചെയ്യുന്നതിനു ബന്ധപ്പെട്ടവരെല്ലാം ശ്രമിക്കുകയാണെങ്കിൽ ഒരു യഥാർത്ഥ ഉപവിയും വൈവിദ്ധ്യവും ഉണ്ടാകും. ഇതാണു കത്തോലിക്കാസഭ നിബ്ബന്ധമായി ആവശ്യപ്പെടുന്നതും. മനുഷ്യസ്വഭാവം ഇപ്പോഴത്തെ സ്ഥിതിയിൽ ആയിരിക്കുന്നിടത്തോളംകാലം കുറെയെല്ലാം കലഹങ്ങളും തെറ്റുധാരണകളും അനിവാര്യമാണു്. ഒരു ശ്രുപതാപ്രദേശത്തു് ഒരു മെത്രാന്റെമാത്രം അധികാരമാണുള്ളതെങ്കിലും അവ ഉണ്ടാകാതിരിക്കുകയില്ല. ഒരേ മെത്രാന്റെ കീഴിൽ ഒരേ റീത്തിൽ കഴിയുന്നവർ വിഭിന്ന സമുദായങ്ങളിൽപ്പെട്ടവരായാലോ? അപ്പോഴും അവർ തമ്മിലുള്ള സംഘർഷം അവർ വിഭിന്ന റീത്തുകളിലും ശ്രുപതകളിലും ആണെങ്കിൽ ഉള്ളതിനെക്കാൾ തീഷ്ണമായിരിക്കും. അതിന്റെ അധീനപ്രദേശത്തു മുഴുവൻ ഒരേ അധികാരത്തിനുകീഴിൽ ഒരു സമുദായം മാത്രമുള്ളതായി ഒരു ശ്രുപത ഇന്ത്യയിൽ എവിടെയെങ്കിലും ഉണ്ടാകുമോ? കേരളത്തിലെ പഴയ കൊച്ചി ശ്രുപതതന്നെ ഒന്നാന്തരം ഉദാഹരണം. ഏതാനും ചെറിയ സമുദായങ്ങൾക്കുപുറമെ കരുത്തേറിയ രണ്ടു സമുദായങ്ങളും ആ ശ്രുപതയിൽ ഉണ്ടായിരുന്നു. ഈ സമുദായങ്ങൾ മൂന്നു നൂറ്റാണ്ടിലേറെക്കാലം ഒരേ റീത്തിൽ ഒരേ ശ്രുപതയിൽ കഴിഞ്ഞതാണെങ്കിലും ശ്രുപത ഭാരതീകരിക്കപ്പെട്ടപ്പോൾ അതു ആലപ്പുഴയും കൊച്ചിയുമായി വിഭജിക്കപ്പെട്ടു. പ്രസ്തുത പ്രബല സമുദായങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു ഈ വിഭജനം. ഒരു ശ്രുപതയുടെ അതിർത്തിക്കുള്ളിൽ മറേറ സമുദായത്തിന്റെ വക പള്ളിയുണ്ടെങ്കിൽ ആ സമുദായത്തിന്റെ മെത്രാനു് ആ പള്ളിയുടെമേൽ അധികാരവും ഉണ്ടു്. ഒരു പ്രദേശത്തു് ഒരു മെത്രാന്റെമാത്രം അധികാരം എന്ന വാദം ഉന്നയിക്കുന്നവരുടെ കണ്ണു തുറപ്പിക്കാൻ പര്യാപ്തമാണു് ഈ സംഭവം. യൂറോപ്പിലെ സമാനമായ വ്യത്യാസങ്ങളും (ഇന്ത്യയിലെപ്പോലെ കൃത്യമായും ജാതിയടിസ്ഥാനത്തിലുള്ള ഭേദഭാവങ്ങളല്ല) പരിചയമുള്ള യൂറോപ്യന്മാർക്കു് ഇന്ത്യയിലെ ഈ സ്ഥിതിവിശേഷം ശരിക്കു മനസ്സിലാകുന്നില്ല എന്നു പറയുന്നതു്, അഥവാ അങ്ങനെ ഭാവിക്കുന്നതു വളരെ ഗുർഗ്രഹമായിരിക്കുന്നു. യൂറോപ്യൻ പരിശീലനം ലഭിച്ച കുറെയേറെ ഭാരതീയരും ഇതേ സമ്പ്രദായക്കാരാണു്.

ഒരേ സ്ഥലത്തു നിലനിൽക്കുന്ന വ്യത്യസ്ത റീത്തുകൾക്കും ശ്രുപതകൾക്കും ത്രിത്വദൈവം തന്നെ മാതൃകയായിരിക്കേണ്ടതാണു്.

ത്രിത്വത്തിലെ ഓരോ ആളും മറ്റു് ആളുകളിൽനിന്നു വ്യത്യസ്തരാണു്. എങ്കിലും ഒരു ദൈവമേ ഉള്ളൂ. എന്തെന്നാൽ മൂന്നാളുകൾക്കുള്ളതു് ഏകമായ ദൈവത്വമാണു്. ഇതിനു പുറമെ, വ്യക്തിത്വങ്ങളുടെ വേർതിരിവു നിലനിർത്തിക്കൊണ്ടു തന്നെ ഓരോരുത്തരും മറ്റു രണ്ടു വ്യക്തികളിലും ചേർന്നും ഇരിക്കുന്നു. ഒരേ സ്ഥലത്തുള്ള വ്യത്യസ്ത റീത്തുകൾക്കും ഇതുപോലെ ഐക്യം പുലർത്താൻ കഴിയും. ഓരോ റീത്തും വൈദികർ, മെത്രാന്മാർ, അധികാരാതിർത്തി, പള്ളികൾ എന്നിവയോടുകൂടി തനതായ വ്യക്തിത്വം നിലനിർത്തണം. അതതിനുചിതമായ ദൈവശാസ്ത്രം, ആദ്ധ്യാത്മികത തുടങ്ങിയവയിൽ മുറുകെ പിടിക്കണം. ഇത്തരത്തിലുള്ള വ്യത്യസ്തത നിലനിർത്തിക്കൊണ്ടു പലതായിരിക്കുമ്പോൾതന്നെ റോമാ മാർപ്പാപ്പായുടെ പരമാധികാരത്തിനുകീഴിൽ വിശ്വാസത്തിലും ഉപവിയിലും അവർക്കു് ഒന്നായിരിക്കാൻ കഴിയും.

മുകളിൽപ്പറഞ്ഞ കാര്യങ്ങളുടെ വെളിച്ചത്തിൽ Regiminis Ecclesiae Universae എന്ന Apostolic Constitution നിലെ 44–ാം ഭാഗം (dated Aug. 15.1967 of Pope Paul VI) നമുക്കു വായിച്ചുനോക്കാം. പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘം താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യണമെന്നു് അതിൽപ്പറയുന്നു:

'ലത്തീൻപ്രദേശങ്ങളിൽത്തന്നെ, പൗരസ്ത്യറീത്തുകളിലെ വിശ്വാസികളുടെ, ശരിയ്ക്കും സംഘടിതരൂപം പ്രാപിച്ചിട്ടില്ലാത്ത വിശ്വാസികളുടെ, സമൂഹത്തിന്റെ കാര്യങ്ങൾ നിരന്തരമായ ശ്രദ്ധയോടുകൂടിയും വേണ്ടിവന്നാൽ ഒരു സന്ദർശകനെ നിയമിച്ചും ശരിയായി നിർവഹിക്കണം. വിശ്വാസികളുടെ സംഖ്യയും സാഹചര്യങ്ങളും ആവശ്യപ്പെടുന്നപക്ഷം ഒരു ഹയരാർക്കിതന്നെ സ്ഥാപിച്ചു് അവരുടെ ആത്മീയാവശ്യങ്ങൾ നിർവഹിക്കണം.'

യൂറോപ്പു്, ഇംഗ്ലണ്ടു്, അമേരിക്കൻ ഐക്യനാടുകൾ, കാനഡാ, തെക്കേ അമേരിക്ക, ആസ്ട്രേലിയാ എന്നീ രാജ്യങ്ങളിൽ അതതു സ്ഥലത്തെ ലത്തീൻകാരായ മെത്രാന്മാർ പൊതുവെ എതിർക്കുന്നുണ്ടെങ്കിൽപ്പോലും ചില പൗരസ്ത്യവിഭാഗങ്ങളിൽപ്പെട്ടവരുടെയെങ്കിലുമായ കത്തോലിക്കർക്കു സ്വന്തം വൈദികരും മെത്രാന്മാരും ഉണ്ടു്. പൗരസ്ത്യറീത്തുകാരുടെ അവകാശങ്ങളുടെ കാര്യത്തിൽ ഇന്ത്യ ഈ സമ്പ്രദായത്തിനു് ഒരു അപവാദമാകണമോ? ഇന്ത്യ അവരുടെ മാതൃഭൂമിയാണു്. പണ്ടു് ഇന്ത്യയിലെ ക്രൈസ്തവസഭ മുഴുവൻ കേരളീയനായ 'ഇന്ത്യയൊക്കെയുടെയും മെത്രാപ്പോലീത്തായും കവാടവുമായ' വൈദിക മേലദ്ധ്യക്ഷന്റെ ആദ്ധ്യാത്മിക നേതൃത്വത്തിനു കീഴിലായിരുന്നു എന്നും ഓർക്കണം. രണ്ടാം വത്തിക്കാൻ കൗൺസിലും പോൾ ആറാമൻ മാപ്പാ

പ്പായും വിവിധ പൗരസ്ത്യ റീത്തുകളെ സംബന്ധിച്ചോ വിവിധ രാജ്യങ്ങളെ സംബന്ധിച്ചോ എന്തെങ്കിലും ഭേദഭാവം കാട്ടിയിട്ടില്ലെന്നോർക്കണം. കേരളത്തിലെ ചില വൈദിക മേലദ്ധ്യക്ഷന്മാർ കേരളത്തിലെ സീറോ—മലബാർ കാരുടെ അപൗരസ്ത്യവൽക്കരണത്തിനു നൽകുന്ന പ്രോത്സാഹനം ഒരു രഹസ്യകാര്യമാണോ? അവരെ പൗരസ്ത്യരല്ലാതാക്കുകയാണെങ്കിൽ പൗരസ്ത്യറീത്തിന്റെയും അതിന്റെ അധികാരപരിധിയുടെയും പ്രശ്നം സ്വയം ഇല്ലാതായിക്കൊള്ളുമല്ലോ.

വൈദികരുടെപ്പോലെ ഇറ്റലിയിലുള്ള ഇറ്റലിക്കാർ വടക്കേ അമേരിക്കയിലും മറ്റു സ്ഥലങ്ങളിലും കുടിയേറിയിട്ടുള്ള ഇറ്റലിക്കാരോടു സാംസ്കാരികമായ ഐക്യദാർഢ്യം പുലർത്താൻ ശ്രമിക്കുന്നില്ലേ? സീറോ—മലബാർ 'കുടിയേറ്റക്കാ'രുടെ കാര്യത്തിൽ പ്രശ്നം റീത്തു സംബന്ധവും സഭോദ്ധരണപരവുമായ ഐക്യദാർഢ്യമാണ്. ഈ ഐക്യം സാംസ്കാരികൈക്യത്തെക്കാൾ വളരെ കൂടുതൽ പ്രധാനമാണ് OPUS JUSTITIAE PAX.

വിഷയ സൂചിക

അപേക്ഷകളും സന്ദർശകരും: 64. അപ്പസ്തോലിക്ക് വിസിറേറർമാർ–65. ഒടുവിലത്തെ പ്രൊപ്പഗാന്താകമ്മലീത്തർ–65. കർമ്മലീത്തേതരർ–67.

അധ:പതനം: 43. പോർട്ടുഗീസ് പദ്രുവാദോ–43.

ആത്മഹത്യാപരമായ ആശയങ്ങൾ: 78. ലത്തീൻ മനോഭാവം–78. ആലുവാ സെമിനാരി–79. വടവാതൂർ സെമിനാരി–80. ധർമ്മാരാം–81. പുത്തൻപ്പള്ളി സെമനാരി–70. വൈദികപരിശീലനം–69.

ആരാധനക്രമം: 83. പട്ടം കൊടുക്കൽക്രമം–83. കർബാനക്രമം–84. മാറങ്ങൾ–84. പുതിയ കൃതികൾ–86. ബൈബിൾ–87. അനുരൂപണം–87.

ഉയർച്ച: 75. പൗരസ്ത്യതിരുസ്സംഘം–75. അപ്പസ്തോലിക് വികാരിയാത്തുകൾ–75. സിറോമലബാർസഭ–76. മിഷൻരൂപതകൾ–76.

ഉന്നതസ്ഥിതിയിൽ: 28. കവാടം–28. മാർയാക്കോബ് മെത്രാപ്പോലീത്താ–30.

കൽദായബന്ധം: 13. ആരാധനക്രമം–15. ജോസഫ് അന്ദ്രേയുടെ മാൻ–16. തോമ്മായുടെ നിയമം–17.

കൽദായസഭ:27. നെസ്തോറിയൻ–27. സുലാക്കാ–28.

കൽദായമെത്രാന്മാർ: 61. റോക്കോസ്–62. മേലൂസ്–63.

കർമ്മലീത്തേതരും കർമ്മലീത്തരും: 53. കോ അഡ് ഇത്തോർ–53.

കാതോലിക്കോസ്: 22. സ്വയം ഭരണാധികാരം–28.

കുടിയേറ്റക്കാർ: 95. പുറത്തുള്ള പൗരസ്ത്യർ–95. മതജീവിതം–96. റീത്ത്–99.

ജസ്വീത്തർ: കാമ്പോറി എസ്. ജെ.–30. റോസ് എസ്. ജെ.–31

നോയമ്പ്: 35. എട്ടുനോയമ്പ്–35. സ്നേഹസദ്യ–36. ഉപവാസം–88.

പദ്രുവാദോയുടെ കീഴിൽ; 58. കരിയാറ്റി–59. മെത്രാപ്പോലീത്തയാകുന്നു (1782)–59. മരണം–60. തൊമ്മൻ പാറേമ്മാക്കൽ–59. അഡ് മിനിസ്ട്രേറ്റർ–60. മരണം(1799)–60. പോത്തം പണ്ടാരി–60. ജോർജ്ജ് ശങ്കുരിക്കൽ–60. കായോനിസ്റ്റർ–60.

പദ്രുവാദോയും പ്രൊപ്പഗാന്തായും:63. നെസ്തോറിയന്മാർ–63.

പദ്രുവാദോ മുമ്പോട്ട്–54. ഡിഡക്ലസ്–54.

പാത്രിയർക്കീസന്മാർ: 25. തെയോഡേഷ്യസ്–25. തിമോത്തി ഒന്നാമൻ–25. മെത്രാപ്പോലീത്തായുടെ തിരഞ്ഞെടുപ്പ്–25. ഉന്നതപദവി–26. തോമ്മാശ്ലീഹായുടെ ശവകുടീരം–26.

പേർഷ്യൻ സാമ്രാജ്യം: 22. സെലൂഷ്യാ–സ്റ്റെസി ഫോൺ–22. അട്ടായി–മാറി–22.

ഭരണസംവിധാനം: 20. നേതൃത്വം–20. 16–ാം നൂറ്റാണ്ടുവരെ–21. മെത്രാസനങ്ങൾ–21. ജറുസലേമിലെ സഭ–21.

ഭരണവും ക്രിസ്ത്യീയജീവിതവും: 32. ആർച്ച് ഡീക്കൻ–32. ജോസഫ് സെബസ്ത്യാനി–34. ഇടവകയോഗങ്ങൾ–34. മല്പാന്മാർ–34. 'ക്രിസ്ത്യൻറിപ്പബ്ലിക്ക്''–35.

പ്രൊപ്പഗാന്താ: 51. അപ്പസ്തോലിക്ക് കമ്മിസറിമാർ–51. ശീശ്മ–52. പറമ്പിൽ മാർ അലക്സാണ്ടർ–52. വരാപ്പുഴവികാരിയാത്ത്–52. യാക്കോബായക്കാർ–53. ''ഇന്ത്യയുടെ മെത്രാപ്പോലീത്താ''–53. പുത്തൻ കൂറുകാർ–53. പഴയകൂറുകാർ–53. കാർമ്മലൈറ്റ്–55. മാർ സൈമണിന്റെ മരണം–55. ഭരിതങ്ങൾ–56. അങ്കമാലി സമ്മേളനം–57.

മാർത്തോമ്മാക്രിസ്ത്യാനികൾ: 11. ഏറ്റവും പ്രാചീനം–11. തോമാസഭകളിൽ ഒന്ന്–12. 'തോമസഭകൾ'–12. ബന്ധങ്ങൾ–13.

മാർ അബ്രാഹം: 32. മരണം (1597)–32.

മൂസിരിസ്: 30

യാക്കോബായക്കാർ: 73. സ്വതന്ത്ര യാക്കോബായസഭ–73. സൗത്ത് ഇന്ത്യൻ യുണൈറ്റഡ് ചർച്ച്–73. മാർത്തോമ്മ സഭ–74. സെൻറ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇന്ത്യ–75. യാക്കോബായസഭ–74.

ലത്തീനീകരണം: 43. റോമിന്റെ നിർദ്ദേശം–46. ഡോം മെനേസിസ്–46. ദീഷണി–47. ഉദയമ്പേരൂർ സൂനഹദോസ്–47. ശെമയോൻദെഹ–47. എതിർപ്പ്–37. കൊട്ടങ്ങല്ലൂർ അതിരൂപത–48. ആരാധനക്രമം ലത്തീനീകരിക്കുന്നു–48. അഹത്തള്ളാ–49.

സഭാനേതൃത്വം: 23. ഈശോയാഹ്ബ്–23. സവിശേഷപദവി–24. കടാടവും മെത്രാപ്പോലീത്തായും–25.

സന്യാസസഭകൾ: സി. എം. ഐ. സഭ–61. ചാവറ കുര്യക്കോസ് ഏലിയാസച്ചൻ–62. മാർ അബ്ദിശോ–62, കോൺഗ്രിഗേഷൻ ഓഫ് ദി മദർ ഓഫ് കാർമ്മൽ–63. ക്ലാരിസ്റ്റുകൾ വിസിറ്റേഷൻസ്–68.

സാമൂഹ്യരാഷ്ട്രീയപദവി: 39. നസ്രാണികൾ–40. ജോൺ മരിഞ്ഞോളി–41.

സുമേറിയൻ ദ്രാവിഡബന്ധം: 17. സിന്ധുനദീതട സംസ്കാരം–18. 'ഹെന്തോ'–31. വില്യം ഫോക്സ്വെൽ ആംബ്രോസ്–18. വെർണർ കെല്ലർ–18. ഊർ–19. ഊരാൺമ–19.

സുറിയാനിഭാഷ: അറമായ–13. സൈറസ്–14. പാശ്ചാത്യസുറിയാനി–14. പൗരസ്ത്യസുറിയാനി–14.

റീത്തുപ്രശ്നം: ഇരുറീത്ത്–90. ലത്തീൻറീത്തിലേക്ക്–91. കൗൺസിൽ ഡിക്രി–95. പ്രശ്നം–99. ആചാരങ്ങൾ–100. ആരാധനമിഷൻ രൂപതകളിൽ–100. ഉയർച്ച–101. മതപാഠ്യപദ്ധതി–103. ജോൺ ജെ. മോഹറ്റ്–103.

CMI Works
00071096
K100 P752



ഭാരതത്തിലെ പൗരസ്ത്യ സഭാപിതാവു് എന്ന സംജ്ഞയ്ക്കു് അർഹനാണു് വിശ്രുദ്ധിയിലും വിജ്ഞാനത്തിലും സമുന്നതനും സന്ന്യാസശ്രേഷ്ഠനുമായ ബ. ഫ്രാസിഡച്ചൻ 1899 ഒക്ടോബർ മൂന്നാം തീയതി അദ്ദേഹം ആർപ്പൂക്കരയിൽ ജനിച്ചു. സി. എം. ഐ. സന്ന്യാസസഭയിൽചേർന്നു് 1927 ൽ വൈദികപട്ടം സ്വീകരിച്ചു. 1928-ൽ ഉപരിപഠനത്തിനായി റോമിൽ പോവുകയും തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും കാനൻ നിയമത്തിലും ഡോക്ടറേറ്റു് ബിരുദങ്ങളും നേടുകയും ചെയ്തു. 24 വർഷം ചെത്തിപ്പുഴയിൽ ദൈവശാസ്ത്രം പഠിപ്പിച്ചു. 1952-ൽ റോമിലെ പൗരസ്ത്യതിരുസ്സംഘത്തിന്റെ 'ആലോചനക്കാര'നായി നിയമിതനായി. 1954-ൽ പണ്ഡിതനായ കർദ്ദിനാൾ ടിസ്സറാങ്കിന്റെ വലംകൈയായി പ്രവർത്തിക്കാൻ റോമിലേക്കു് വിളിക്കപ്പെട്ടു. റോമിലെ മലബാർ കോളജിന്റെ റെക്ടർ സ്ഥാനവും അലങ്കരിച്ചിട്ടുണ്ടു്. പല ഔദ്യോഗിക കമ്മീഷനുകളിലും അംഗമായിരുന്ന ഫ്രാസിഡച്ചൻ. വത്തിക്കാൻ കൗൺസലിന്റെ വിദഗ്ധസംഘത്തിലെ അംഗമായിരുന്ന ഇദ്ദേഹം. ഫ്രാസിഡച്ചൻ നിരവധി ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടു്. സേവനരംഗങ്ങളോ, ബഹുമുഖങ്ങളും. സത്യമാണെന്നു് ബോദ്ധ്യംവന്ന കാര്യങ്ങളും സധൈര്യം വെട്ടിത്തുറന്നു പറയുക, ആദർശധീരതയോടെ ജീവിക്കുക എന്നിവ ഫ്രാസിഡച്ചന്റെ ജീവിതശൈലിയാണു്. എൺപത്തിരണ്ടിലേയ്ക്കുത്തിയിരിക്കുന്ന ഫ്രാസിഡച്ചൻ വിശ്രമജീവിതത്തിനായി ഈവർഷം (1981) ചെത്തിപ്പുഴയിൽ തിരിച്ചെത്തുമ്പോളും റോമിലെ പൊന്തിഫിക്കൻ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസ്സറായിരുന്നു.

പൗരസ്ത്യസഭാംഗങ്ങളെ ഇരുത്തിച്ചിന്തിപ്പിക്കാൻ പര്യാപ്തമാണു് ഈ ഗ്രന്ഥം. ധീരനായ ഒരു സഭാസ്നേഹിയുടെ ശക്തമായ ആഹ്വാനമാണു് ഇതിൽ കാണുക. എന്റെ വന്ദ്യഗുരുഭൂതനായ ഫ്രാസിഡച്ചനു് ആയുസ്സും ആരോഗ്യവും നേരുകയും ഭാരതത്തിലെ പൗരസ്ത്യസഭയുടെ ചൈതന്യസ്രോതസ്സായി തുടരാൻ ദൈവം അനുഗ്രഹിക്കട്ടെ എന്നു് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഡോ. സേവ്യർ കുടപ്പുഴ

Rs 5-

